# ആത്മോപദേശശതകം

Malayalam Language

**ATMOPADESA SATAKAM**

(A Hundred Verses of Advice for Self-Realization))

Contemplative Writing

**SWAMI MUKTANANDA YATI**

Published By

**ONE-WORLD**
School of Vedanta
Chethikode. P.O
Ernakulam- 682315.

Phone : 9539746366, 9645828032
email : oneworldcommunion@gmail.com
web site : www.gurudhaamam.org

Cover : One-World Graphics
Type : Nitya Chetana
Proof : Sabari Chetana
Printed at : Don Bosco, Ernakulam
First Edition : 2002
Upto Fourth Edition : 2011, Copies - 5000
Fifth Edition : Sep - 2014, Copies : 2000

© Rights Reserved

Rs. 160

ശ്രീനാരായണ ഗുരുവിന്റെ

# ആത്മോപദേശശതകം


മനനാവിഷ്ക്കാരം

സ്വാമി മുക്താനന്ദ യതി



ONE-WORLD
SCHOOL OF VEDANTA
KANJIRAMATTOM, EKM - 682315
PH : 0484-2749819, 9539746366



## സ്വാമി മുക്താനന്ദ യതി

**1967** ൽ തൃശൂർ ജില്ലയിലെ കുണ്ടലിയൂരിൽ ജനിച്ചു. ചെറുപ്പത്തിൽതന്നെ മോക്ഷേച്ഛു ആയിരുന്നു. സ്കൂളിൽ പഠിക്കുമ്പോൾതന്നെ ഒരു സത്യാന്വേഷിയായി അലയുക പതിവായിരുന്നു. സഞ്ചാരത്തിനിടയിലും പഠനം തുടർന്നു. സാമ്പത്തികശാസ്ത്രത്തിൽ ബിരുദവും ആംഗലേയസാഹിത്യത്തിൽ ബിരുദാനന്തരബിരുദവും എടുത്തു. ജേർണലിസത്തിൽ പി.ജി ഡിപ്ലോമ നേടി. കുറച്ചുകാലം പത്രപ്രവർത്തകനായി ജോലി ചെയ്തു. അപ്പോഴേക്കും ഗുരുസവിധത്തിൽ അണയാനുള്ള തൃഷ്ണ അദമ്യമായി. അതിനാൽ ജോലിയും ഗാർഹികതയും കളഞ്ഞു. ഗുരു നിത്യചൈതന്യ യതിയുടെ ശിഷ്യത്വം സ്വീകരിച്ചു. ഗുരുവിന്റെ നിർദ്ദേശപ്രകാരം **1993**ൽ നാരായണഗുരുകുലത്തിൽ ചേർന്നു. ഊട്ടിയിലെ ഫേൺഹിൽ നാരായണഗുരുകുലത്തിൽ ഗുരു നിത്യചൈതന്യയതിയുടെ സമീപവർത്തിയായി ഗുരുസേവ ചെയ്യുവാനും അദ്ധ്യാത്മശാസ്ത്രങ്ങൾ വിചാരം ചെയ്യുവാനും സൗഭാഗ്യവും നിയോഗവും ഉണ്ടായി. 2000ൽ എറണാകുളം കാഞ്ഞിരമറ്റത്ത് നിത്യനികേതനം ആശ്രമം സ്ഥാപിച്ചു. പ്രഭാഷണങ്ങളും ഗ്രന്ഥരചനയും തുടരുന്നു. ഇപ്പോൾ തൊടുപുഴയ്ക്കടുത്തുള്ള ഇലവീഴാപ്പൂഞ്ചിറയിൽ ലോകത്തിലെ പുരാതനമായ ആദ്ധ്യാത്മികപൈതൃകം സത്യകുതുകികൾക്ക് പങ്കുവയ്ക്കാനായി ഒരു അന്താരാഷ്ട്ര വേദാന്തധ്യാനകേന്ദ്രത്തിന്റെ പ്രവർത്തനത്തിൽ വ്യാപൃതമായിരിക്കുന്നു.

# അവതാരിക

അറിവുണർന്ന്, അറിവിലമർന്ന്, അറിവു മാത്രമായ ഒരു ബ്രഹ്മവിത്തിന്റെ – ശ്രീനാരായണഗുരുവിന്റെ ആത്മാമന്ത്രണങ്ങളാണ് മനനാനുകൂലമായ മൃഗേന്ദ്രമുഖം വൃത്തത്തിൽ വിരചിതമായ നൂറു ശ്ലോകങ്ങളടങ്ങുന്ന ആത്മോപദേശശതകം. ഗുരുവിന്റെ കൃതികളിൽ ഏറ്റവും പ്രധാനം ഈ കൃതിതന്നെ. ഗുരു ഇതിൽ സ്വയം ചില തിരുത്തലുകൾ വരുത്തിയിട്ടുള്ളതിനാൽ ഗുരുവിന് ഇതിനോടു പ്രത്യേക താത്പര്യം ഉണ്ടായിരുന്നു എന്നൂഹിക്കാം. അറിവ് എന്ന കേന്ദ്രസ്ഥിതനായ സൂര്യനിൽനിന്നു വികിരണം ചെയ്യുന്ന കിരണമാണ് ഇതിലെ ഓരോ ശ്ലോകവും.

അറിവ് എന്ന ഒന്നു മാത്രമേ സത്യമായിട്ടുള്ളൂ. വേറെ പലതും ഉണ്ടെന്നു തോന്നിക്കുന്നത് അറിവിന്റെതന്നെ ഒരു 'വേല'യാണ്. വ്യക്തി അറിവിൽനിന്നും ഭിന്നനല്ല. ലോകത്തിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. പക്ഷേ, വ്യക്തിയും അറിവും ഒന്നുതന്നെ എന്നു പറയുന്നതും ലോകവും അറിവും ഒന്നുതന്നെ എന്നു പറയുന്നതും ഒരേ അർത്ഥത്തിലല്ല എന്നു മറക്കരുത്. വ്യക്തി എന്നിവിടെ പറഞ്ഞത് ജീവാത്മാവ് എന്ന അർത്ഥത്തിലും അറിവ് എന്നു പറഞ്ഞത് പരമാത്മാവ് എന്ന അർത്ഥത്തിലുമാണ്. ഇവ തമ്മിലുള്ള അഭേദം തത്ത്വമസി (പരമസത്യം നീയാകുന്നു), അഹം ബ്രഹ്മാസ്മി (ഞാൻ ബ്രഹ്മമാകുന്നു), ശിവോƒഹം (ഞാൻ ശിവനാകുന്നു) മുതലായ മഹാവാക്യങ്ങളാൽ സൂചിതമാകുന്നതുതന്നെ. എന്നാൽ ലോകവും അറിവും ഒന്നെന്നു പറയുന്നത് അറിവല്ലാതെ വേറെ ഒന്നും ഇല്ലെന്നും ഉള്ളതായി തോന്നുന്നത് അറിവിൽ നിലീനമായ ഒരു പ്രത്യേക ശക്തിയുടെ ഫലമായിട്ടാണെന്നും ഉള്ള അർത്ഥത്തിലാണ്. സർവം ഖല്വിദം ബ്രഹ്മ (ഈ കാണായതെല്ലാം ബ്രഹ്മമാകുന്നു) എന്ന മഹാവാക്യത്തിൽനിന്ന് ഈ അർത്ഥത്തിൽ എത്തിച്ചേരാം.

അദ്വൈതത്തിന്റെ നിലപാടിൽനിന്നു വ്യക്തിബന്ധങ്ങളും സമൂഹസംവിധാനവും ശരിയായ നിലയിൽ മനസ്സിലാക്കുവാൻ പറ്റുന്ന വിധത്തിലാണ് ആത്മോപദേശശതകം സംവിധാനം ചെയ്തിട്ടുള്ളത്. ഒരേ സമയം താത്ത്വികവും പ്രായോഗികവുമായ സമീപനങ്ങൾ ഇതിൽ കാണാം.

മലയാളത്തിലെ ഭഗവദ്ഗീത എന്നു വിശേഷിപ്പിക്കപ്പെട്ട ഈ കൃതിക്കു മലയാളത്തിൽ ഇരുപതിൽപരം വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്. ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതിൽനിന്നും വ്യത്യസ്തമായ ഒന്നാണു സ്വാമി മുക്താനന്ദ യതിയുടെ മനനാവിഷ്കാരം എന്ന വ്യാഖ്യാനം. സാധാരണക്കാരെ ഗുരുവരുളിയ ഉപനിഷദുക്തിരഹസ്യങ്ങളിലേയ്ക്കു കൈപിടിച്ചാനയിക്കുക എന്ന ലക്ഷ്യമാണ് ഈ വ്യാഖ്യാനത്തിനുള്ളത്. ഓരോ പദ്യവും പദം തിരിച്ച് അന്വയക്രമത്തിൽ പദാർത്ഥം പറഞ്ഞ് താത്പര്യാർത്ഥം വിവരിക്കുക എന്ന സമ്പ്രദായമാണ് ഇവിടെ അനുവർത്തിച്ചിട്ടുള്ളത്. കഴിയുന്നത്ര ലളിതവും അതുകൊണ്ടുതന്നെ സുഗ്രഹവുമായ ഭാഷയാണു ഉപയോഗിച്ചിട്ടുള്ളത്. ഈ കൃതി ആദ്യമായി പരിചയപ്പെടുന്നവർക്കുപോലും ഒട്ടൊക്കെ ഉള്ളിലേക്കു കടക്കാൻ സഹായിക്കുന്നതാണു വ്യാഖ്യാനം.

ഉദാഹരണത്തിന് “പരയുടെ പാലു നുകർന്ന” എന്നു തുടങ്ങുന്ന പതിനഞ്ചാം പദ്യത്തിന്റെ വ്യാഖ്യാനം പകർത്താം: “കാലം ചലനമാണ്. ചലനം മാറ്റമാണ്. മാറ്റം ശരീരത്തിന്റെയും മനസ്സിന്റേയും പ്രകൃതമാണ്. ചലനത്തിന് വശപ്പെട്ടിരിക്കുന്നത് അജ്ഞാനാവസ്ഥയിലാണ്. ചലനത്തിൽ ജീവന് ബന്ധനം അനുഭവപ്പെടുന്നു. ബന്ധനം ദുഃഖമാണ്. ജ്ഞാനമാണ് ജീവനെ നിശ്ചലമായ ആത്മാവിൽ പ്രതിഷ്ഠിക്കുന്നത്. നിശ്ചലത ആനന്ദമാണ്. അനുഭൂതിയാണ്. പരമമായ അനുഭൂതിയിൽ അമർന്നിരിക്കുന്ന ജ്ഞാനികൾക്ക് കാലബോധം ഒരു പീഢനമായി അനുഭവപ്പെടാറില്ല. ആത്മാനുഭൂതി ആനന്ദത്തിന്റെ നിറഞ്ഞുകവിയലാണ്. ആത്മാനുഭൂതിയാണ് പരയുടെ പാല്. അത് അമൃതാണ്. മൃത്യുവിൽനിന്നും ജീവനെ തരണം ചെയ്യിക്കുന്ന രസായനം. എല്ലാവർക്കും അത് അനായാസേന പ്രാപ്യമല്ല. ഭാഗ്യവാന്മാർക്കേ അതനുഭവിക്കുവാൻ കഴിയുന്നുള്ളൂ. ഭാഗ്യം ഈശ്വരകൃപയാണ്.

അത് മനുഷ്യപ്രയത്നത്തിന്റെ ഫലമായി മാത്രം ലഭിക്കുന്നതല്ല. കൃപയ്ക്ക് പാത്രീഭവിക്കാൻ പ്രത്യേകിച്ചു കാരണം ആവശ്യമില്ല. എന്നാൽ അന്വേഷിക്കുന്നവനേ ഈശ്വരകൃപ തിരിച്ചറിയാൻ കഴിയുകയുള്ളൂ.

ആത്മാനുഭൂതിദശയിൽ ഒരു പതിനായിരം വർഷംപോലും ഒരു നിമിഷം എന്നപോലെ അനുഭവപ്പെടും. എന്നാൽ അജ്ഞാനത്താൽ കാലബോധം ഒരുവനിൽ നിറഞ്ഞിരിക്കുമ്പോൾ ഒരു നിമിഷംതന്നെ ഒരായിരം വർഷങ്ങൾപോലെ ഭാരമുള്ളതായിത്തീരും. കാലം മനസ്സിന്റെ സൃഷ്ടിയാണ്. മനസ്സിൽ സുഖമുണ്ടാകുമ്പോൾ കാലത്തിന് നീളം കുറയും. സമയം പാഞ്ഞുപോകുന്ന അനുഭവമായിരിക്കും. ദുഃഖമുണ്ടാകുമ്പോൾ കാലത്തിനു നീളം കൂടും. സമയം ഇഴഞ്ഞുനീങ്ങുന്നതുപോലെ അനുഭവപ്പെടും. സുഖദുഃഖങ്ങൾ ആപേക്ഷികങ്ങളാണ്. ഈ സത്യം ആധുനിക ശാസ്ത്രം പറയുന്നതിനുമുമ്പേ ഗുരു പറഞ്ഞുകഴിഞ്ഞു.

ആത്മോപദേശശതകവ്യാഖ്യാനങ്ങളുടെ ഇടയിൽ തികച്ചും മാന്യമായ ഒരു സ്ഥാനം സ്വാമി മുക്താനന്ദ യതിയുടെ മനനാവിഷ്കാരത്തിന് അവകാശപ്പെടാം. സ്വാമി ഈ വഴിക്കുള്ള ശ്രമങ്ങൾ തുടരുമാറാകട്ടെ.

ഏപ്രിൽ, 2002 ഡോ. ടി. ഭാസ്കരൻ

അമേയ. കലൂർ

# മുഖക്കുറി

ഞാനൊരു കഥ വായിച്ചിട്ടുണ്ട്. യുവത്വത്തിലേക്ക് കാലൂന്നി നിൽക്കുമ്പോഴാണ് അതു വായിക്കാനിടയായത്. ആ കഥ വായിച്ചപ്പോൾ ഞാനാകെ അസ്വസ്ഥനായി. വീട്ടിൽ നിന്നും ഇറങ്ങിനടന്നു. കാരണം ആ കഥ വെറുമൊരു കഥ മാത്രമായിരുന്നില്ല; അന്തരാർത്ഥങ്ങളുടെ ഒരു കലവറ തന്നെയായിരുന്നു. എന്നോടുതന്നെയുള്ള ഒരുതരം ചോദ്യംചെയ്യലായിരുന്നു അത്. ആ കഥ ഞാൻ നിങ്ങളോടു പറയുകയാണ്. ഒരുപക്ഷേ, നിങ്ങളിൽ പാകംവന്ന ഒരു മനസ്സുണ്ടെങ്കിൽ ഈ കഥ നിങ്ങളെ ചോദ്യം ചെയ്യും. ഇത്രയും നാളും നിങ്ങൾ ധരിച്ചിരുന്ന പൊയ്മുഖങ്ങൾ പിച്ചിച്ചീന്തിക്കളയും. നിങ്ങളുടെ ആത്മാവിന്റെ ശാലീനസൗമ്യതയിൽ ഒരുവേള ചെലവഴിക്കാനായി ഉള്ളം തുടിച്ചുപോകും. ഇനി കഥ പറയട്ടെ........

ഒരിക്കൽ ഒരു സിംഹക്കുഞ്ഞ് ജനിയ്ക്കാനിടവന്നത് ഒരു ആട്ടിൻപറ്റത്തിലായിരുന്നു. തള്ളസിംഹം ഇരപിടിക്കാനായി ഒരു കുന്നിൽനിന്നും എടുത്തുചാടിയപ്പോൾ നിലത്തുവീഴുകയും അവിടെക്കിടന്നു പ്രസവിക്കുകയുമായിരുന്നു. കുഞ്ഞിനെ പ്രസവിച്ച ഉടനെ തള്ളസിംഹം ചത്തുപോയി. ആ സിംഹക്കുഞ്ഞിന്റെ കണ്ണുകൾ തുറന്നിട്ടുപോലും ഉണ്ടായിരുന്നില്ല. അത്രയും ചെറിയ കുഞ്ഞായിരുന്നു. ആട്ടിടയൻ ആ സിംഹകുഞ്ഞിനെ ആട്ടിൻപറ്റങ്ങളുടെ കൂടെ കൂട്ടി. ആട്ടിൻക്കൂട്ടത്തിലെ തള്ളയാടുകളുടെ മുല കുടിച്ച് ആ സിംഹക്കുഞ്ഞ് വളർന്നു വലുതായി. ആടുകൾ ആ സിംഹത്തെ തങ്ങളെപ്പോലെ കരുതി. ആടുകൾ കരയുന്നതുപോലെ സിംഹവും കരയും. ആടുകൾ പുല്ലു തിന്നുന്നതുപോലെ ആ സിംഹവും പുല്ലുതിന്നും. അവർ ഒരുമിച്ചു കളിച്ചു രസിക്കും. സിംഹത്തിന്റെ ആകാരത്തെക്കുറിച്ച് ആടുകൾക്കോ ആടുകളുടെ ആകാരഭേദത്തെക്കുറിച്ചു സിംഹത്തിനോ ഒരു സംശയവും ഉണ്ടായിരുന്നില്ല. അങ്ങനെ കാലങ്ങൾ ഒരുപാടു കഴിഞ്ഞുപോയി.

ഒരിക്കൽ വൃദ്ധനായ ഒരു സിംഹം ആട്ടിൻപറ്റങ്ങളുടെ അടുത്തുകൂടെ കടന്നുപോകാനിടയായി. അപ്പോൾ ആട്ടിൻക്കൂട്ടത്തിൽ ഒരു സിംഹം കളിച്ചുരസിക്കുന്നതുകണ്ട് വൃദ്ധനായ സിംഹം അത്ഭുതം കൂറി. അതോടൊപ്പം രോഷവും തോന്നി. ആട്ടിൻക്കൂട്ടത്തിലെ സിംഹം ആടിനെപ്പോലെ കരയുന്നതു കണ്ടാണ് ആ വൃദ്ധസിംഹം അത്ഭുതപ്പെട്ടത്. മാത്രമല്ല അത് പുല്ല് തിന്നുകയും ചെയ്യുന്നു. വൃദ്ധനായ സിംഹത്തെ കണ്ടപ്പോൾ മറ്റ് ആടുകൾ പേടിച്ചോടാൻ തുടങ്ങി. അപ്പോൾ ആട്ടിൻപറ്റത്തിലെ സിംഹവും ഭയന്നുവിറച്ചോടാൻ തുടങ്ങി. വൃദ്ധനായ സിംഹത്തിന് അപ്പോൾ ലജ്ജയും രോഷവും ഒരുമിച്ചു വന്നു. തന്റെ കുലത്തിനുതന്നെ മാനഹാനി വരുത്തിവയ്ക്കുന്നതാണല്ലോ ഇവന്റെ പ്രവൃത്തി എന്ന് ആ വൃദ്ധസിംഹം ഓർത്തു. വൃദ്ധനായ സിംഹം ആട്ടിൻക്കൂട്ടത്തിന്റെ കൂടെ ഓടിപ്പോകുന്ന സിംഹത്തെപ്പിടിച്ച് ബലമായി ഒരു തടാകക്കരയിലേക്കു കൊണ്ടുപോയി. പേടിച്ചു വിറപൂണ്ട കണ്ണുകളോടെ, തന്നെ വെറുതേ വിടണമെന്നു പറഞ്ഞ് ആ പാവം സിംഹം കേണു. എന്നാൽ വൃദ്ധനായ സിംഹം, തന്റെ വർഗ്ഗത്തിനു വന്നുചേർന്ന അപമാനകരമായ അധഃപതനത്തെ മാറ്റിയെടുക്കണമെന്ന നിശ്ചയത്തോടുകൂടി തടാകക്കരയിലെ സ്വച്ഛമായ ജലത്തിനരികിൽ ആടുകളുമായി മാനസികതാദാത്മ്യം പൂണ്ട സിംഹത്തെ കൊണ്ടുപോയി നിറുത്തി. എന്നിട്ടു ഗർജ്ജിച്ചുകൊണ്ടു പറഞ്ഞു: "എടാ വിഡ്ഢി! നീ എന്റെ മുഖത്തേക്കൊന്നു നോക്കൂ; എന്നിട്ട് ആ തടാകത്തിലെ ജലത്തിൽ നിന്റെ പ്രതിച്ഛായ ഒന്നു കാണൂ."

തടാകത്തിലെ തെളിഞ്ഞ ജലത്തിൽ പ്രതിഫലിച്ച മുഖം കണ്ടപ്പോൾ പെട്ടെന്നായിരുന്നു പൂർവികമായ തന്റെ സ്വത്വത്തിന്റെ നിശ്ചയം ഒരു വെളിപാടുപോലെ ആ സിംഹത്തിൽ ജനിച്ചത്. ആട്ടിൻപറ്റത്തിലകപ്പെട്ട സിംഹത്തിന്റെ ഉള്ളിൽനിന്നും അപ്പോൾ ഒരു ഗർജ്ജനം അണപൊട്ടി. ആ ഗർജ്ജനം ദിഗന്തങ്ങളെ ഭേദിക്കുന്ന മുഴക്കമായിരുന്നു. അതു വീണ്ടും വീണ്ടും ഗർജ്ജിച്ചു. ആ സിംഹം തന്റെ സ്വരൂപത്തെ തിരിച്ചറിഞ്ഞു. അതിന്റെ പൂർവികമായ സ്മരണകൾ ഉണർന്നുവന്നു. വൃദ്ധനായ സിംഹം ഇതെല്ലാം കണ്ടു നിൽക്കുകയായിരുന്നു. വൃദ്ധനായ സിംഹത്തിന്റെ

കാരുണ്യത്തിനു കൊച്ചുസിംഹം നന്ദി പറഞ്ഞു: "അങ്ങില്ലായിരുന്നുവെങ്കിൽ എന്റെ മുഴുവൻ ജീവിതവും ആ ആട്ടിൻപറ്റത്തിന്റെ കൂടെ പുല്ലുതിന്നു തുലച്ചുകളയേണ്ടിവരുമായിരുന്നേനേ. അങ്ങെനിക്കു പുതിയൊരു ജീവിതം തന്നിരിക്കുന്നു." വൃദ്ധനായ സിംഹം ചെറിയ സിംഹത്തെ മറ്റു സിംഹങ്ങളുടെ അടുത്തേക്കു കൊണ്ടുപോയി.

നമ്മുടെ ജീവിതവും ഇതുപോലെയാണ്. നാം നമ്മുടെ ആത്മസ്വത്വത്തെ മറന്നുപോയിരിക്കുകയാണ്. പലപല താദാത്മ്യങ്ങളാൽ ആട്ടിൻപറ്റത്തിലകപ്പെട്ട സിംഹക്കുഞ്ഞിനെപ്പോലെയാണ് നാം വളരുന്നത്. കുടുംബമായി ജീവിച്ചുപോരുന്ന നാം പലതരത്തിലുള്ള സാമൂഹികവും രാഷ്ട്രീയവും മതപരവുമായ ബന്ധങ്ങളാലും ബന്ധനങ്ങളാലും സ്വതസിദ്ധമായ നമ്മുടെ സ്വരൂപം മറന്നുപോയിരിക്കുന്നു. ആ സ്വരൂപത്തിന്റെ മഹിമാതിശയം മനസ്സിലാക്കാതെ കൊച്ചുകൊച്ചു തുരുത്തുകളിൽ സ്വാർത്ഥമായ ജീവിതം നയിക്കുന്നവരാണ് ഏറെപേരും.

മാനവരാശിയുടെ ഭൂതകാലം രോഗാതുരമായിരുന്നു. അനാരോഗ്യകരമായിരുന്നു. ഭ്രാന്തമായിരുന്നു. കഴിഞ്ഞ രണ്ടായിരത്തിഅഞ്ഞൂറ് വർഷങ്ങളിൽ ഒരയ്യായിരം യുദ്ധങ്ങളെങ്കിലും മാനവരാശി ചെയ്തിട്ടുണ്ട്. ഇത് തികച്ചും അവിശ്വസനീയമായി തോന്നാം. മാനവരാശി അടിമുടി മനുഷ്യത്വരഹിതമായിരുന്നു. മൂഢമായിരുന്നു. സങ്കുചിതമായ ആശയങ്ങളും മനുഷ്യനെ പലതായി പിളർക്കുകയാണ് ചെയ്തത്. സമൂഹം അവനിൽ ദുരിതവും നരകവും സൃഷ്ടിക്കുകയാണ് ചെയ്തത്. അതിനാൽ അവനൊരിക്കലും ബോധവാനാകാൻ കഴിയുന്നില്ല. ഒരിക്കലും പൂർണനാകുവാനും കഴിയുന്നില്ല. സദാചാരത്തിന്റെ മൂടുപടമണിഞ്ഞ് ഏതൊരു വശത്തെയാണോ അവൻ നിഷേധിക്കുന്നത് ആ വശം അവനെതിരെ പക പോക്കിക്കൊണ്ടിരിക്കുന്നു.നാം അടിച്ചമർത്തിയ വശം അതിജീവിക്കുവാനായി ഉപായങ്ങളും വിഴികളും തിരഞ്ഞുകൊണ്ടിരിക്കും. അതോടെ നമ്മളാകെ യുദ്ധഭൂമിയായി മാറും. അങ്ങനെയായിരുന്നു ചരിത്രത്തിലെ മുഴുവൻ മാനവരാശിയും.

ഇതുവരെ നമുക്ക് യഥാർത്ഥ മനുഷ്യനെ സൃഷ്ടിക്കാനായിട്ടില്ല. നരസമാനനായ ഒരു ജീവിയെയാണ് നാം സൃഷ്ടിച്ചിട്ടുള്ളത്. അത് എല്ലാംകൊണ്ടും വികലമായ ഒരു ജീവിയാണ്. അവനെ അവന്റെ പൂർണതയിൽ പുഷ്പിതനാകാൻ അനുവദിച്ചിട്ടില്ല. അവൻ വ്യക്തിത്വത്തിന്റെ പകുതിമാത്രമാണ്. പകുതി എല്ലായ്പ്പോഴും ഖിന്നനും പിരിമുറുക്കമുള്ളവനുമാണ്. അവന് ആനന്ദിക്കുവാൻ കഴിയുന്നില്ല. ഒരു പൂർണമനുഷ്യനു മാത്രമേ ആനന്ദിക്കുവാൻ കഴിയുകയുള്ളൂ. പൂർണനാകുന്നതിലെ പരിമളത്തിൽനിന്നാണ് ആഘോഷം സംഭവിക്കുന്നത്.

കുറേക്കാലം സാമൂഹികപരിമിതികളിൽ താദാത്മ്യം പൂണ്ടു ജീവിക്കേണ്ടിവന്ന ഈയുള്ളവന് ആത്മാവിന്റെ നിരതിശയദർപ്പണത്തിൽ എന്റെ തനിമയുള്ള മുഖം കാണിച്ചുതന്ന മഹാകാരുണികനാണ് ഗുരു നിത്യചൈതന്യയതി. ആ ഗുരുവിലൂടെയാണ് ഞാൻ എന്റെ സ്വത്വത്തിന്റെ ഇനിമയുള്ള പ്രതലം ആദ്യമായി നുണഞ്ഞത്. ഈ പുസ്തകം എഴുതുമ്പോൾ എല്ലാവർക്കും അവരുടെ സ്വത്വത്തെ തിരിച്ചറിയാനുള്ള കണ്ണാടിയായിരിക്കണം ഇതിലെ ഓരോ വാക്കും എന്ന് പ്രാർത്ഥനാപൂർവം അഭിലഷിക്കുകയാണ്. ഈ അഞ്ചാം പതിപ്പിൽ ഒട്ടുമിക്ക ശ്ലോകങ്ങളും ആശയവിപുലീകരണം ചെയ്തിട്ടുണ്ട്. വായനയുടെ സുഗമത നഷ്ടപ്പെടുത്താതെയാണ് അത് ചെയ്തിരിക്കുന്നത്. മാത്രമല്ല പുസ്തകത്തിന്റെ അന്ത്യത്തിൽ പദസൂചിക തയ്യാറാക്കി ചേർത്തിട്ടുമുണ്ട്. സെലക്ടീവ് റീഡിംഗിന് ഇതു സഹായിക്കും. ഈ പുസ്തകം തയ്യാറാക്കിയതിനു ശേഷം ഏകദേശം അമ്പതു മണിക്കൂർ ദൈർഘ്യമുള്ള ആത്മോപദേശശതകത്തിലെ ഓരോ ശ്ലോകവും സൂക്ഷ്മതയോടെ പരിശോധിക്കുന്ന ഒരു പ്രഭാഷണം തലയോലപ്പറമ്പിൽ വച്ചു നടത്തുകയുണ്ടായി. അതിന്റെ റെക്കോഡ് ചെയ്ത സീഡി തയ്യാറായിട്ടുണ്ട്. ആത്മോപദേശശതകത്തെ കൂടുതൽ ആഴത്തിൽ അറിയുവാൻ ആഗ്രഹിക്കുന്നവർക്ക് ഇവിടെനിന്നും അത് ലഭിക്കുന്നതായിരിക്കും. ഇതിന്റെ രചനയിൽ ആദ്യന്തം സഹായിച്ച നിത്യയ്ക്കും പ്രൂഫ് റീഡ് ചെയ്ത ശബരിയ്ക്കും സ്നേഹാനുഗ്രങ്ങൾ  നേരുന്നു.

ഹൃദയപൂർവം

സ്വാമി മുക്താനന്ദ യതി

കാഞ്ഞിരമറ്റം

ആഗസ്റ്റ് 2014

# ആത്മദർശനപ്രവേശിക

ആത്മോപദേശശതകം ഒരു ശാസ്ത്രമാണ്. ആ ശാസ്ത്രം ആധുനികശാസ്ത്രം പോലെയുള്ള ഒരു ശാസ്ത്രമല്ല. ആനുഭൂതികജ്ഞാനമുള്ള ഒരു ഋഷിയുടെ ഹൃത്താരിൽ വിളഞ്ഞ അദ്വൈതമകരന്ദമാണത്. അതിനൊരു സമഗ്രതയുണ്ട്. സമഗ്രതയെന്നു പറയാൻ കാരണം, അതിന്റെ പരിധിയിൽ വരാത്ത ഒന്നുംതന്നെയില്ല. ഗണനയിൽപെടുന്നതും ഗണനയിൽനിന്നു കവിഞ്ഞതും ഉൾക്കൊള്ളാൻ പോരുന്ന അനന്തവിശാലതയാണ് ആത്മോപദേശശതകത്തെ സമഗ്രമാക്കുന്നത്. പൂമ്പാറ്റകൾ പറന്നുനടക്കുന്നതുകണ്ട് കൗതുകമൂറുന്ന ഒരു കൊച്ചുകുഞ്ഞിന്റെ ബോധതലവും നിർവാണത്തിന്റെ ധ്യാനവിഹായസ്സിൽ അനുഭൂതി നുണഞ്ഞുകൊണ്ടിരിക്കുന്ന ഒരു യോഗിയുടെ ബോധതലവും ഈ ശാസ്ത്രത്തിൽ ഒരേപോലെ ഇടം കണ്ടെത്തുന്നുണ്ട്. പ്രത്യക്ഷഗോചരമായ ഈ പ്രപഞ്ചവും ഗണിതശാസ്ത്രത്തിന്റെ കാല്പനികമായ സൂക്ഷ്മതലങ്ങളും ആദ്ധ്യാത്മികതയുടെ അനുഭൂതിസാന്ദ്രിമയും ആത്മോപദേശശതകത്തിന്റെ വിചാരവ്യാപ്തിയിൽ അന്തർഭൂതങ്ങളാണ്. വ്യാസനും ന്യൂട്ടനും ഹൈസൻ ബർഗും കണാദനും ക്രിസ്തുവും നബിയും ബുദ്ധനും എല്ലാം ആത്മോപദേശസാഗരത്തിലെ തേജോതരംഗങ്ങളാണ്.

മാത്രമല്ല, ആത്മോപദേശശതകത്തിനു വ്യക്തമായൊരു ലക്ഷ്യവും പ്രതിപാദനരീതിയുമുണ്ട്. ഇതിൽ അവതരിപ്പിക്കുന്ന വിഷയം നമുക്കു പരിചയമില്ലാത്തതല്ല. ആ വിഷയം അദ്ധ്യാത്മമാണ്. ഞാൻതന്നെയാണ്. ഞാനെന്നു പറഞ്ഞാൽ ശരീരത്തെ മാത്രം അടിസ്ഥാനമാക്കിയുള്ള ഞാനല്ല. ശരീരവും മനസ്സും ആത്മാവും ഒന്നായിരിക്കുന്ന ഞാൻ. സോക്രട്ടീസും ഉപനിഷ

ത്തിലെ ഋഷിയും ഊന്നിയൂന്നിപ്പറഞ്ഞ പ്രമേയം: "നീ നിന്നെ അറിയുക. ആ അറിവ് നിന്നെ സ്വതന്ത്രനാക്കും." അങ്ങനെ ഞാൻ എന്നെ പ്രമേയമാക്കി അന്വേഷണം ആരംഭിക്കുമ്പോൾ അതിൽ പ്രപഞ്ചത്തെ സംബന്ധിച്ചും ഈശ്വരനെ സംബന്ധിച്ചും ഉള്ള പഠനങ്ങൾ സ്വാഭാവികമായി അന്തർഭവിക്കുന്നു.

ഏതൊരു ജിജ്ഞാസുവിനും അന്വേഷണവുമായി മുന്നോട്ടു പോകുമ്പോൾ മൂന്നു ചോദ്യങ്ങളെ ആത്യന്തികമായി അഭിമുഖീ കരിക്കേണ്ടി വരും.

1 ഈ ലോകം എവിടെനിന്നുണ്ടായി?
2 ഞാൻ ആരാണ്?
3 എന്തിനു ജീവിക്കണം?

ഈ മൂന്നു ചോദ്യങ്ങൾക്കും ഉത്തരം നൽകാൻ പര്യാപ്തമാ കുമ്പോഴേ ഒരു ശാസ്ത്രത്തിന് സമഗ്രത അവകാശപ്പെടാൻ കഴി യുകയുള്ളൂ. ഇവിടെ ഓരോ ചോദ്യത്തിനും മറ്റു ചോദ്യങ്ങളുടെ ഉത്തരങ്ങളെ കണ്ടെത്താനുള്ള ഉത്തരവാദിത്തവുമുണ്ട്. ഓരോ ചോദ്യവും ശാസ്ത്രീയമായ വിചാരപദ്ധതിയിലൂടെ വികസിത മായിട്ടുണ്ട്. ഒന്നാമത്തെ ചോദ്യത്തിന് ഉത്തരം നല്കുന്നത് സത്താശാസ്ത്രം (ontology). രണ്ടാമത്തേത് ജ്ഞാനശാസ്ത്രം (epistemology). മൂന്നാമത്തേത് മൂല്യശാസ്ത്രം (axiology). ഈ മൂന്നു ശാസ്ത്രങ്ങളിലും പെടാതെ ഒരു ശാസ്ത്രത്തിനും നില യുറപ്പിക്കാൻ കഴിയില്ല. എന്നാൽ ഗുരുവാകട്ടെ, ഈ മൂന്നു ശാസ്ത്ര ത്തേയും "ബ്രഹ്മവിദ്യ" (The Science of the Absolute) എന്ന സമ്പൂർണ്ണ സമന്വയതന്ത്രത്തിന്റെ പരിഗണയിൽ കൊണ്ടുവന്നി ട്ടാണ് സകല ദാർശനികസമസ്യകളേയും പരിഹരിക്കുന്നത്.

ആത്മാവിനെ സംബന്ധിക്കുന്ന ഈ ശാസ്ത്രത്തെ ശാസ്ത്രോ ചിതമായി പറഞ്ഞുതരുന്ന ശാസ്ത്രജ്ഞൻ ശ്രീനാരായണ ഗുരുവാണ്. ഗുരു ആത്മാമൃതം നുകർന്ന ഋഷിവര്യനാണ്. പരമ പുരുഷാർത്ഥമായ മുക്തിയെ സൂര്യതുല്യം ആത്മധാരയാക്കി മാറ്റിയ മഹാമനീഷിയുമാണ്. സ്വയം മുക്തനായ ഗുരു മാനുഷ്യ കത്തെ മുഴുവനും മുക്തിയിലേക്കു നയിക്കാനാണ് ആത്മോപദേ ശശതകം രചിച്ചത്. അപ്പോൾ മുക്തിയാണ് ഈ ശാസ്ത്രം പഠി

ക്കുന്നതിന്റെ പ്രയോജനം. എന്തിൽ നിന്നുള്ള മുക്തിയാണ്? അജ്ഞാനത്തിൽനിന്നുള്ള മുക്തി. പരവശതയിൽനിന്നുള്ള മുക്തി. ക്ലേശങ്ങളിൽനിന്നുള്ള മുക്തി. അജ്ഞാനംകൊണ്ടാണ് നമുക്ക് ജീവിതം ബന്ധനംപോലെ തോന്നുന്നതും ദുഃഖംകൊണ്ട് ചങ്ക് തകർന്നുപോകുന്നതുമെല്ലാം. ബന്ധനം അനുഭവിക്കുന്ന തുകൊണ്ടാണ് ഒരാൾക്ക് മുക്തി വേണമെന്നു തോന്നുന്നത്. മുക്തിയ്ക്കുവേണ്ടിയാണ് ആത്മോപദേശശതകം പഠിക്കുന്നത്. അതുകൊണ്ട് ആത്മോപദേശശതകം ഒരു മോക്ഷശാസ്ത്രമാണ്. ബന്ധനത്തിൽനിന്നുള്ള മോക്ഷമാണത്. ദുഃഖത്തിൽ നിന്നുള്ള മോക്ഷമാണത്. പ്രാപഞ്ചികതയിൽനിന്നുള്ള മോക്ഷമാണത്.

നാം ഈ ലോകത്തിൽ ജീവിക്കുമ്പോൾതന്നെ ഇന്ദ്രിയങ്ങളി ലൂടേയും മനസ്സിലൂടേയും ലോകവിഷയങ്ങളെ അനുഭവിച്ചുകൊ ണ്ടിരിക്കുന്നുണ്ട്. ഇന്ദ്രിയങ്ങൾക്കൊണ്ടും മനസ്സുകൊണ്ടും ബന്ധ പ്പെടുന്ന വിഷയങ്ങൾ നമ്മെ ബന്ധിക്കുന്നു. ഇഷ്ടരൂപത്തിലും അനിഷ്ടരൂപത്തിലും ഉദാസീനരൂപത്തിലും നമ്മെ സ്വാധീനി ക്കുന്നു. ലോകത്തിൽ ജീവിക്കുന്നതോടൊപ്പംതന്നെ നാം ഈ ലോകത്തിന്റെ ഭാഗവുമാണ്. എന്നാൽ നമ്മുടെ മുമ്പിലുള്ള നാമ രൂപാത്മകമായ ലോകത്തെ നാം അറിയുന്നത് നമ്മിൽനിന്നും അന്യമായ ഒരു വസ്തുപോലെയാണ്. നാം ഈ ലോകത്തെ അനുഭവിക്കുന്നത്, ജ്ഞാതാവായും കർത്താവായും ഭോക്താ വായും വിഭജിതമായാണ്. നമ്മിൽനിന്നും അന്യമായ ലോകത്തെ വീണ്ടുംവീണ്ടും ഭുജിക്കുവാൻ വ്യഗ്രതപ്പെട്ടുകൊണ്ടിരിക്കുന്ന ഒന്നാണ് ജീവൻ. ജീവൻ എപ്പോഴും പൂർണ്ണതയ്ക്കുവേണ്ടിയാണ് ശ്രമിക്കുന്നത്. ജീവൻ ജഗത്തിനെയാണ് അതിന്റെ തൃഷ്ണയെ ഒടുക്കുവാനായി ഭുജിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ ജീവൻ ജഗത്തിനെ തൃഷ്ണാനിവൃത്തിക്കായി ഭുജിക്കുമ്പോൾ വീണ്ടും വീണ്ടും ബന്ധനത്തിലേക്കു പോവുന്നു. എന്നാൽ ഭോഗതൃഷ്ണ യുടെ മറുപുറമായ വൈരാഗ്യം വ്യക്തിയിൽ ജനിക്കുമ്പോൾ ഈ ജീവൻതന്നെ ജഗത്തിൽനിന്നുള്ള മുക്തി ആഗ്രഹിക്കുകയും ചെയ്യുന്നു. അപ്പോൾ ആ മുക്തിക്ക് ഹേതുവായിട്ടാണ് ഈശ്വ രൻ വരുന്നത്. ഈശ്വരൻ സർവതന്ത്രസ്വതന്ത്രനാണ്. ജ്ഞാന സ്വരൂപനാണ്. അനന്തനാണ്.

ഈശ്വരൻ ജഗത്തിന്റെയും ജീവന്റെയും സ്രഷ്ടാവാണ്. സംഹർത്താവും ഈശ്വരൻതന്നെ. സൃഷ്ടികർത്താവും സംഹർത്താവുമായ ഈശ്വരൻ സൃഷ്ടിപ്രക്രിയ എന്ന ലീലയെ (play) ജീവനിലൂടെ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. പ്രപഞ്ചം എന്ന നാമരൂപാത്മകലീലയെ ജീവൻ എന്ന പ്രാതിഭാസികത യിലൂടെ അവതരിപ്പിക്കുന്നതാണ് ആകെ ജഗത്തിന്റെ പൊതു വായ ആവിഷ്കാരതന്ത്രം. ഇവിടെ പ്രപഞ്ചത്തിന് ആത്യന്തിക മായ നിലനില്പില്ല. വെളിച്ചം വരുമ്പോൾ ഇരുള് പോകുന്നതു പോലെ പ്രപഞ്ചവും ജ്ഞാനാഗമനത്തോടെ മാഞ്ഞുപോകും. അപ്രത്യക്ഷമാകും.

ജീവൻ ബന്ധനസ്ഥനായിരിക്കുമ്പോൾ ആ ജീവനെ മുക്തി യിലേക്ക് ആനയിക്കുന്ന ഒരു പ്രതിപാദനതന്ത്രമായിരിക്കണം ശാസ്ത്രത്തിൽ ഉണ്ടായിരിക്കേണ്ടത്. ശാസ്ത്രത്തിന് അവലം ബിക്കാവുന്ന രീതീവിധാനം (methodology) ജീവനെ ആത്മോന്മു ഖമാക്കിയെടുക്കുക മാത്രമാണ്; അല്ലെങ്കിൽ ഈശ്വരോന്മുഖ മാക്കിത്തീർക്കുകയാണ്. ഏതൊരറിവുകൊണ്ടാണോ നമുക്ക് ഈ ജഗത്ത് ബന്ധനം എന്നതുപോലെ തോന്നിച്ചത് ആ അറിവാണ് വിവേകബുദ്ധി. ബന്ധകാരണമായ ജഗത്തിനെ നിരാകരിക്കേ ണ്ടത് ജീവന്റെ മോക്ഷസിദ്ധിക്ക് അവശ്യംവേണ്ട ഒരു പ്രക്രിയ യാണ്. അതിനുവേണ്ട വലിയൊരു അറിവിനെ ഗുരു പറഞ്ഞുത രികയാണ് ആത്മോപദേശശതകത്തിലൂടെ ചെയ്യുന്നത്.

ആത്മോപദേശശതകത്തിൽ ഗുരു നടത്തിയിരിക്കുന്ന ചിട്ടയായ അവതരണം അന്യാദൃശമെന്നേ പറയാനൊക്കുകയുള്ളൂ. പ്രതി പാദനത്തിലും ഭാഷയുടെ സൂക്ഷ്മമായ പ്രയോഗത്തിലും ഗുരു അവലംബിച്ചിട്ടുള്ള നിഷ്ക്കർഷ ആത്മോപദേശശതകത്തെ ലോകമിസ്റ്റിക് സാഹിതിയുടെ അഗ്രിമസ്ഥാനത്ത് പ്രതിഷ്ഠിക്കു ന്നു. ഒന്നാമതായി നാം അന്വേഷിച്ച് കണ്ടെത്തേണ്ട ഒരു ഉണ്മയു ണ്ട്. അതിനെ 'കരു' എന്നാണ് വിളിക്കുന്നത്. കരു പ്രപഞ്ചത്തിന്റെ സത്തയാണ്. എന്നു പറഞ്ഞാൽ, ഈ പ്രപഞ്ചത്തിന് കാരണമായി രിക്കുന്നത് എന്തോ അതാണ് കരു. കരു പ്രപഞ്ചകാരണമാണ്. പര മമായ കാരണം. പരമകാരണമായിരിക്കുന്നത് സത്തയാണ്. പരമകാ രണമായ സത്ത നമ്മിൽ കണ്ടെത്തുമ്പോൾ അതിനെ ആത്മസത്ത

എന്നു പറയും. പരമകാരണമായ അതിനെ പ്രാപഞ്ചികതയുടെ അടിസ്ഥാനമായറിയുമ്പോൾ ബ്രഹ്മസത്ത എന്നു പറയും. അപ്പോൾ ആദ്യമേതന്നെ സത്തയായ ഒരു സത്യത്തെ എടുത്തുകാണിക്കുന്നു. അതിനെ കരു എന്നു വിളിച്ചിരിക്കുന്നു. കരു കാര്യങ്ങൾക്കെല്ലാം കാരണമാണ്. കാര്യങ്ങൾ നാമരൂപാത്മകമായ പ്രപഞ്ചംതന്നെയാണ്.

കരുവിന്റെ സ്വഭാവം അറിവിലും ഏറിയ തരത്തിലുള്ളതാണ്. അത് അകത്തും പുറത്തും ഒരുപോലെ സത്താസമാന്യമായി വർത്തിക്കുന്നു. അത് അറിവിലും ഏറിയ അറിവാണ്. ഐന്ദ്രിയപ്രാധാന്യമുള്ള സാധാരണ അറിവിൽനിന്നും അതീതമായ ഒരറിവാണ്. അറിവിലും ഏറിയ അറിവാണ് കരുവിനെ അറിയുമ്പോൾ നമുക്കുണ്ടാകുന്നത്. അന്വേഷണത്തിലൂടെ വികസിപ്പിച്ചെടുക്കേണ്ട ഒരുതരം അന്തർജ്ഞാനത്തിലൂടെയാണ് (intuition) ഇതു സാധിതമാകുന്നത്. അപ്പോൾ കരു ഇന്ദ്രിയവിഷയമല്ല. ഇന്ദ്രിയവിഷയമായിരിക്കുന്നതൊക്കെ സാധാരണ അറിവാണ്.

കണ്ണുകൊണ്ടു കാണുന്ന ദൃശ്യം സാധാരണ അറിവാണ്. കാതുകൊണ്ട് കേൾക്കുന്ന ശബ്ദം സാധാരണ അറിവാണ്. മൂക്കുകൊണ്ട് മണക്കുന്ന ഗന്ധം സാധാരണ അറിവാണ്. നാക്കുകൊണ്ട് രുചിക്കുന്ന രുചി സാധാരണ അറിവാണ്. ത്വക്കുകൊണ്ട് സ്പർശിച്ചറിയുന്ന സ്പർശം സാധാരണ അറിവാണ്. ഇനി ഈ ഇന്ദ്രിയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ചിന്തിച്ചറിയുന്നതും സാധാരണ അറിവുതന്നെയാണ്. സാധാരണ അറിവുകൾക്കൊക്കെ ദേശകാലപരിമിതമായ മാനം ഉണ്ടായിരിക്കും. ഏതെങ്കിലും ഒരു ദേശത്തുവച്ചുമാത്രമേ ഇന്ദ്രിയത്തിനു ഒരറിവിനെ സ്വീകരിക്കാൻ കഴിയുകയുള്ളൂ. അതുപോലെതന്നെ അതിനൊരു കാലപരിക്ലിപ്തിയും ഉണ്ടായിരിക്കണം. അതുകൊണ്ട് ഇന്ദ്രിയങ്ങളിലൂടെ അറിയുന്ന അറിവുകളൊക്കെ പരിമേയങ്ങളാണ്.

കരുവാകട്ടെ അപരിമേയമാണ്. അളക്കാനാവാത്തതാണ്. അളക്കാനാവാത്തതുകൊണ്ടുതന്നെ അത് ഇന്ദ്രിയദ്വാരാ അറിയാവുന്നതുമല്ല. അപരിമേയമായ ഒന്നിനെ ചിന്തകൾക്കും ഉൾക്കൊള്ളാനാവുകയില്ല. അതുകൊണ്ടാണ് അതിനെ അറിവിലുമേറിയ

അറിവെന്നു പറയുന്നത്. ഈ അറിവിലുമേറിയ അറിവായ കരുവിനെ എങ്ങനെയാണ് നാം അറിയേണ്ടത്? ഒരേ സമയംതന്നെ ഈ കരു അറിയുന്നവന്റെ അകത്തും അതേപോലെതന്നെ പുറത്തുമാണ് സ്ഥിതിചെയ്യുന്നത്. സൂക്ഷ്മരൂപത്തിൽ അകത്തും സ്ഥൂലരൂപത്തിൽ പുറത്തും സ്ഥിതി ചെയ്യുന്നു. സൂക്ഷ്മരൂപത്തിൽ പ്രവർത്തിക്കുന്നതാണ് മനസ്സ്. സ്ഥൂലരൂപത്തിൽ പ്രവർത്തിക്കുന്നതാണ് പഞ്ചഭൂതാത്മകമായ ഈ പ്രപഞ്ചം.

അപ്പോൾ ഒരേ കരുവിനുതന്നെ രണ്ടു തരത്തിൽ പ്രതിഭാസിക്കുവാൻ കഴിയുന്നു. അതിലാണ് ജീവൻ എന്നും വ്യാമോഹിതനായിത്തീരുന്നത്. ഒരു കരു സ്ഥൂലമായും സൂക്ഷ്മമായും ജീവനെ വട്ടം ചുറ്റിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ വരുമ്പോൾ നമ്മുടെ ജീവിതത്തിന് തെറ്റുകൾ പറ്റാനിടവരുന്നു. ഏകമായ കരുവിനെ അറിയാതെ, കരുവിന്റെ സ്ഥൂലസൂക്ഷ്മങ്ങളായ ദ്വിമുഖങ്ങളെയാണ് നാം അറിയുന്നത്. കരുവിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സ്ഥൂലവും സൂക്ഷ്മവുമായ, അകവും പുറവുമായ രണ്ടു വശങ്ങളെ മാത്രമാണ് ജീവിതാനുഭവങ്ങളിൽനിന്ന് നമുക്ക് അറിയുവാൻ കഴിയുന്നുള്ളൂ. അതുകൊണ്ട് കരുവിനെ അറിയണം എന്ന് ഗുരു ഉറപ്പിച്ചു പറയുന്നു. കരുവിനെ ഒരേസമയം തന്നെ അകത്തും പുറത്തുമിരിക്കുന്ന സത്തയായിട്ടറിയണം. അത് അറിവിലുമേറിയ അറിവാണ്. കരു ഒരു വിഷയമല്ല. കരു വിഷയാതീതബോധമാണ്. ഇതാണ് ആത്മോപദേശശതകത്തിന്റെ പ്രമേയമായി വരുന്നത്. സാധാരണ അറിവിൽനിന്നും അതീതമായ ഒരറിവിനെ മനുഷ്യൻ അന്വേഷിക്കുവാൻ തുടങ്ങുന്നതോടെ ആ വ്യക്തി സത്യാന്വേഷിയായിത്തീരുന്നു. ആ വ്യക്തി ആത്മജിജ്ഞാസുവായിത്തീരുന്നു.

അങ്ങനെയൊരു സത്യാന്വേഷി കണ്ണുകൾ അഞ്ചും ഉള്ളടക്കി ശാസ്ത്രം വളരെ സമഗ്രമായി വിചാരം ചെയ്തറിയേണ്ടതുണ്ട്. കണ്ണുകൾ എന്നു പറഞ്ഞാൽ ഇന്ദ്രിയങ്ങൾ. ദൃശ്യങ്ങൾ മാത്രം കാണുന്ന കണ്ണിനെയല്ല ഇവിടെ വിവക്ഷിക്കുന്നത്. അഞ്ചിന്ദ്രിയങ്ങളേയും കൂടിയാണ് കണ്ണുകൾ എന്ന് ഗുരു നാമകരണം ചെയ്തിരിക്കുന്നത്. ഉള്ളടക്കണമെന്നു പറയുവാൻ കാരണം ഇന്ദ്രിയങ്ങൾ

എപ്പോഴും പുറംലോകത്താണ് മേഞ്ഞുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് പുറംലോകത്തുനിന്നും ഇന്ദ്രിയമനസ്സുകളെ ഉള്ള ടക്കണം. വെറുതേ ബലം പ്രയോഗിച്ച് നിയന്ത്രിക്കുക എന്നല്ല. ആദ്യം അതിനുവേണ്ടിയാണ് കരുവിന്റെ സ്ഥിതിവിശേഷത്തെ ക്കുറിച്ച് പറഞ്ഞുതന്നത്. ഇന്ദ്രിയങ്ങളിൽ വ്യാപരിച്ചുകൊണ്ടിരി ക്കുന്ന ജീവോർജ്ജത്തെ കരുവിലേക്കു തിരിക്കണം. താത്പര്യ ങ്ങളെ മുഴുവൻ ആത്മഗതപ്രിയമാക്കണം.

പാശ്ചാത്യതത്ത്വചിന്തയിൽ പ്ലേറ്റോയും അരിസ്റ്റോട്ടിലും സമാന്തരമായി ഒഴുകിക്കൊണ്ടിരിക്കുന്ന രണ്ടു നദികളെപ്പോലെ യാണ്. ഇവർ തമ്മിലുള്ള ബന്ധം ഗുരുവിന്റേതും ശിഷ്യന്റേതു മാണ്. എന്നാലും ദാർശനികമായ ഒരു പിണക്കം ഇവർക്കിടയി ലുണ്ട്. ചരിത്രത്തിലൂടെ ഇവർ ഒഴുകിയൊഴുകി രണ്ടു വാദങ്ങളെ സമ്പുഷ്ടമാക്കി. പ്ലേറ്റോയുടെ ചിന്തകളാണ് ആശയവാദത്തി ലേക്ക് (idealism) വഴിമാറിയത്. അരിസ്റ്റോട്ടിലിന്റെ തത്ത്വചിന്ത ഭൗതികവാദത്തെ (materialism) കരുപ്പിടിപ്പിച്ചു. ഈ രണ്ടു വാദ ങ്ങളും പരസ്പരം സംഘട്ടനത്തിൽവരെ ഏർപ്പെട്ടിട്ടുണ്ട്. ഇപ്പോ ഴും ഏർപ്പെടുന്നുണ്ട്.

പാശ്ചാത്യചിന്തയിലെ അതികായന്മാരെന്നു വിശേഷിപ്പിക്കാ വുന്ന ഡോ. ജോൺസണും ബിഷപ്പ് ബെർക്കിലിയും ഒരിക്കൽ പ്രഭാതസവാരിയിൽ കണ്ടുമുട്ടി. ബെർക്കിലിയാകട്ടെ കടുത്ത ആശ യവാദിയാണ്. ലോകം ഒരു ആശയമാണെന്നാണ് ബെർക്കിലിയുടെ വാദം. ഡോ. ജോൺസൺ ഭൗതികവാദിയും. കാണപ്പെടുന്ന ലോക ത്തിനപ്പുറത്ത് ഒരു സത്യവും ഇല്ല എന്ന വാദമാണ് ഭൗതികവാദം. അവർ സംസാരിച്ചു വന്നപ്പോൾ അതൊരു തർക്കമായി പരിണമി ച്ചു. തർക്കം മൂത്തപ്പോൾ ഡോ. ജോൺസൺ വലിയൊരു കല്ലെ ടുത്ത് ബെർക്കിലിയുടെ കാലിൽ നോക്കി ഒരേറു കൊടുത്തു. കാലു ചതഞ്ഞ് ചോരയൊലിക്കാൻ തുടങ്ങി. ബെർക്കിലി വാവിട്ടു നില വിളിച്ചു. അപ്പോഴും കോപം അടങ്ങാതെ ഡോ. ജോൺസൺ ചോദിച്ചു: ‘‘ഈ കല്ലും ചോരയും ആശയമാണോ?’’ ബെർക്കിലി കരഞ്ഞുകൊണ്ടുതന്നെ പറഞ്ഞു: ‘‘കല്ലും ചോരയും ആശയമാ ണ്.’’ ‘‘പിന്നെ നിങ്ങൾ എന്തിനാണ് കരയുന്നത്?’’ ഡോ. ജോൺ സൺ ചോദിച്ചു. ‘‘അതും ആശയമാണ്.’’ ബെർക്കിലി പറഞ്ഞു.

ഇങ്ങനെയാണ് idealism വും materialismവും ഒരിക്കലും ചേരാതെ ശണ്ഠകൂടികൊണ്ടിരിക്കുന്നത്. ആധുനികശാസ്ത്ര മായ physics ഭൗതികവാദത്തിന്റെ സന്തതിയാണ്. എന്നാൽ ഇന്നി വിടെ കണ്ടുവരുന്ന metaphysics ആകട്ടെ ആശയവാദത്തിൽ നിന്നും ജനിച്ചതാണ്. ഇവയ്ക്കു രണ്ടിനും ഒന്നിച്ചിരിക്കാൻ കഴി യുന്ന ഒരിടം നടരാജഗുരുവാണ് വളരെ വ്യക്തതയോടുകൂടി ശാസ്ത്രോചിതമായി പറഞ്ഞുതന്നിട്ടുള്ളത്. അതിനു സഹായ കമായ ദാർശനികപിൻബലം ശ്രീനാരായണഗുരുവിന്റെ ആത്മോ പദേശശതകത്തിൽ നിന്നും ദർശനമാലയിൽനിന്നുമാണ് നടരാ ജഗുരുവിനു കിട്ടിയത്. ഗുരുദേവന്റെ ആത്മോപദേശശതകത്തിൽ ആശയവാദവും ഭൗതികവാദവും പിണക്കങ്ങളില്ലാത്ത ഒരു ഭൂമി കയിൽ സംഗമിക്കുന്നത് ഓരോ ശ്ലോകത്തിലൂടേയും കടന്നു പോകുമ്പോൾ നമുക്കു കാണാനാകും.

# 1



**അറിവിലുമേറിയറിഞ്ഞിടുന്നവൻ ത-**
**ന്നുരുവിലുമൊത്തു പുറത്തുമുജ്ജ്വലിക്കും**
**കരുവിനു കണ്ണുകളഞ്ചുമുള്ളടക്കി-**
**ത്തെരുതെരെ വീണുവണങ്ങിയോതിടേണം.**

| | | |
|---|---|---|
| അറിഞ്ഞിടുന്നവൻ തൻ | - | അറിയുന്നവന്റെ |
| ഉരുവിലും | - | അകത്തും |
| ഒത്തു പുറത്തും | - | തത്തുല്യമായി പുറത്തും |
| അറിവിലും ഏറി | - | കണ്ടും ചിന്തിച്ചും മറ്റും അറിയാവുന്ന അറിവുകൾക്കതീതമായി |
| ഉജ്ജ്വലിക്കും കരുവിന് | - | പ്രകാശിക്കുന്ന ആത്മസത്തയെ അറിയുന്നതിനായി |
| കണ്ണുകൾ അഞ്ചും ഉള്ളടക്കി | - | അഞ്ചു ജ്ഞാനേന്ദ്രിയങ്ങളേയും ആത്മാഭിമുഖമാക്കി |
| തെരുതെരെ | - | ധാരമുറിയാത്ത രീതിയിൽ |
| വീണുവണങ്ങി | - | ഗുരുവിൽ, കരുവിൽ സമർപ്പിതനായി |
| ഓതിടേണം | - | സ്വാധ്യായം ചെയ്യണം. |

കരു ആത്മസത്തയാണ്. ആത്മസത്ത എന്നാൽ നമ്മുടെ നിത്യമായ ഉണ്മ എന്നേ അർത്ഥമുള്ളൂ. ആത്മസത്തയായ കരുവിനെയാണ് അറിയേണ്ടത്. കരുവിനെ അറിയാതെ ഈ ലോകത്തിൽ കണ്ടും കേട്ടും തൊട്ടും നുണഞ്ഞും മണത്തും ചിന്തിച്ചും അറിയാവുന്ന എല്ലാം വ്യർത്ഥമെന്നേ പറയാനൊക്കൂ. എന്തെന്നാൽ കരുവാണ് എല്ലാ അറിവുകൾക്കും കാരണമായിരിക്കുന്നത്, എല്ലാ അറിവുകൾക്കും പ്രകാശമായിരിക്കുന്നത്, എല്ലാ അറിവുകൾക്കും അർത്ഥവുമായിരിക്കുന്നത്. കാരണം ഏകമാണ്. കാര്യങ്ങൾ അനേകമാണ്. ഏതൊന്നിൽനിന്നാണോ ലോകം ജാതമായത് ആ ഒന്നിനെയാണ് കാരണം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. സർവകാരണമായ കരുവിനെ അറിഞ്ഞാൽ എല്ലാം അറിഞ്ഞ അനുഭവമായി. അതൊരു പൂർണ്ണാനുഭവമാണ്. കാമനകൾ ഒഴിഞ്ഞ

പൂർണ്ണത. സ്വാത്മസംതൃപ്തിയാണ് പൂർണ്ണാനുഭവത്തിന്റെ തെളിമ. കരു ഒരേസമയം അറിയുന്നവന്റെ അകത്തും പുറത്തും സ്ഥിതി ചെയ്യുന്നു. അകത്ത് അന്തക്കരണമായും പുറത്ത് എണ്ണമറ്റ വസ്തുക്കളായും പ്രകാശിക്കുന്നു. വേറൊരർത്ഥത്തിൽ പറഞ്ഞാൽ സൂക്ഷ്മം അകത്തും സ്ഥൂലം പുറത്തും.

അങ്ങനെയുള്ള കരുവിനെ ആനുഭൂതികമായി അനുഭവിച്ചറിയാൻ ആദ്യമായി ഇന്ദ്രിയങ്ങളിലെ അഭിരമനത്തെ ഉൾവലിക്കണം. അഭിരമനത്തെ കരുവിന്റെ ദിശയിലേക്കു തിരിച്ചുവിടണം. വിഷയാഭിമുഖമായി പ്രവർത്തിച്ചിരുന്ന അറിവ് അപ്പോൾ ആത്മാഭിമുഖമായിത്തീരും. ഇതാണ് ഉള്ളടക്കുക എന്ന പ്രക്രിയ. ഇത് ഒരു പ്രാവശ്യം ചെയ്താൽ പോരാ. നിരന്തരമായി ചെയ്യണം. ഗുരുവാണ് അറിവിന്റെ നികേതനം. ആത്മസാക്ഷാത്കാരത്തിനായി ഗുരുവിൽ ശ്രദ്ധയുറപ്പിച്ച ഒരു മനസ്സ് അന്വേഷകനിൽ അനിവാര്യമാണ്. ഗുരുവിന്റെ പാദാന്തികത്തിൽ വീണുവണങ്ങണമെങ്കിൽ അഹന്ത പോകണം. എളിമയുടെ വഴക്കം വരണം. ആത്മസായുജ്യത്തിനുള്ള അഭിലാഷവും വേണം.

മനുഷ്യന്റെ അഹന്തയാണ് ജ്ഞാനത്തിനു തടസ്സം നിൽക്കുന്നത്. അതുകൊണ്ട് എളിമ വേണം. തെരുതെരെ വീണുവണങ്ങണം. തെരുതെരെ എന്നുള്ള വാക്ക് നൈരന്തര്യത്തോടുകൂടി എന്ന അർത്ഥത്തിലാണ് ഗുരു പ്രയോഗിച്ചിരിക്കുന്നത്. മനുഷ്യൻ എവിടെയാണ് വീഴേണ്ടത്? അറിവിന്റെ മുമ്പിലാണ്. പരമമായ അറിവിന്റെ മുമ്പിൽ നമസ്കരിക്കണം. അറിവിന്റെ മൂർത്തരൂപമാണ് ഗുരു. അതുകൊണ്ട് ഗുരുവിനെ വണങ്ങണം. വണങ്ങുക എന്നാൽ അഹന്ത നിർമ്മാർജ്ജിതമായ അവസ്ഥയിൽ വർത്തിക്കുക. അതിനുശേഷംവേണം ഈ ഗ്രന്ഥം മനനത്തിനും വിചാരത്തിനുമായി എടുക്കുവാൻ. ■

# 2



**കരണവുമിന്ദ്രിയവും കളേബരം തൊ-**
**ട്ടറിയുമനേകജഗത്തുമോർക്കിലെല്ലാം**
**പരവെളിതന്നിലുയർന്ന ഭാനുമാൻ തൻ**
**തിരുവുരുവാണു തിരഞ്ഞു തേറിടേണം.**

| | | |
|---|---|---|
| കരണവും | - | അന്തക്കരണങ്ങളും |
| ഇന്ദ്രിയവും | - | ഇന്ദ്രിയങ്ങളും |
| കളേബരം | - | ശരീരവും |
| തൊട്ടറിയും | - | ഇന്ദ്രിയങ്ങൾക്കു വിഷയമായ |
| അനേക ജഗത്തും | - | നിരവധി നാമരൂപങ്ങളും |
| ഓർക്കിൽ | - | മനനവിധേയമാക്കുകയാണെങ്കിൽ |
| എല്ലാം | - | എല്ലാം |
| പരവെളിതന്നിൽ ഉയർന്ന | - | പരമമായ ചിദാകാശത്തിൽ ഉദിച്ചുനിൽക്കുന്ന |
| ഭാനുമാൻതൻ | - | ആത്മസൂര്യന്റെ |
| തിരുവുരുവാണ് | - | ചൈതന്യരൂപമാണ്. |
| തിരഞ്ഞു തേറിടേണം | - | ഇക്കാര്യം അന്വേഷിച്ചറിയണം. |

പ്രപഞ്ചം പഞ്ചഭൂതാത്മകമാണ്. ഭൂമി, വെള്ളം, തീ, വായു, ആകാശം എന്നിവയാണ് പഞ്ചഭൂതങ്ങൾ. പ്രപഞ്ചത്തിന് ഗമനസ്വഭാവമുള്ളതുകൊണ്ടാണ് ജഗത്തെന്ന പേരുവന്നത്. പ്രപഞ്ചമാകട്ടെ, എണ്ണിയാലൊടുങ്ങാത്ത നാമരൂപങ്ങളാണ്. നാമരൂപങ്ങളെ ജ്ഞാനേന്ദ്രിയങ്ങളിലൂടെയാണ് നാം അറിയുന്നത്. കണ്ണ്, മൂക്ക്, നാക്ക്, ത്വക്ക്, ചെവി എന്നിവയാണ് ജ്ഞാനേന്ദ്രിയങ്ങൾ. കണ്ണ് കാണുന്നു. കണ്ണിന് വിഷയമായിരിക്കുന്നത് രൂപമാണ്. രൂപം പഞ്ചഭൂതങ്ങളിലൊന്നായ അഗ്നിയുടെ ഗുണമാണ്. മൂക്കുകൊണ്ട് മണക്കുന്നു. മണം പൃഥ്വിയുടെ ഗുണമാണ്. നാവുകൊണ്ട് രസം അറിയുന്നു. രസം ജലത്തിന്റെ ഗുണമാണ്. ത്വക്ക് സ്പർശനേന്ദ്രിയമാണ്. സ്പർശം വായുവിന്റെ ഗുണമാണ്. ചെവിയിലൂടെയാണ് കേൾക്കുന്നത്. കേൾവി ആകാശത്തിന്റെ ഗുണമാണ്. പഞ്ചഭൂത

ങ്ങളും ഇന്ദ്രിയങ്ങളും തമ്മിലുള്ള ഈ പരസ്പരബദ്ധതയിൽനിന്നാണ് പ്രപഞ്ചാനുഭവം ആവിർഭവിക്കുന്നത്. പ്രകർഷേണ പഞ്ചീകൃതമായത്, കൂടിച്ചേർന്നതാണ് പ്രപഞ്ചം. പഞ്ചീകരണം എന്നാൽ അഞ്ചു ഭൂതങ്ങളും ചേരേണ്ടപടി ചേരുന്നതാണ്. ഇന്ദ്രിയങ്ങൾക്ക് തനിയെ അറിയാൻ കഴിയുകയില്ല. അന്തക്കരണങ്ങളുടെ സഹായംകൂടി ആവശ്യമാണ്. മനസ്സ്, ചിത്തം, ബുദ്ധി, അഹങ്കാരം എന്നിവയാണ് അന്തക്കരണങ്ങൾ. മനസ്സിന്റെ സ്വഭാവം സംശയം ഉന്നയിക്കുകയാണ്. എന്ത്? എവിടെ? എപ്പോൾ? ആര്? എങ്ങനെ? എന്തിന്? എന്നീ ചോദ്യങ്ങളെല്ലാം മനസ്സിന്റെ സൃഷ്ടിയാണ്. ചോദ്യത്തിന്റെ ഉത്തരം പൂർവാനുഭവത്തിൽനിന്നും കണ്ടെത്തണം. പൂർവാനുഭവങ്ങളുടെ ശേഖരമാണ് ചിത്തം. സ്മൃതിരൂപത്തിലും വിസ്മൃതിരൂപത്തിലുമാണ് ചിത്തം പ്രവർത്തിക്കുന്നത്. ചിത്തത്തിൽ തെളിഞ്ഞ സ്മൃതി ശരിയോ തെറ്റോ എന്നു നിശ്ചയിക്കുന്നത് ബുദ്ധിയാണ്. ബുദ്ധിയെ അതുകൊണ്ട് നിശ്ചയാത്മികാ എന്നു വിളിക്കുന്നു. അഹങ്കാരം അഭിമാനിയാണ്. ബുദ്ധി നിശ്ചയിച്ച ഒന്നിനെ തനിയ്ക്കു വേണമോ വേണ്ടയോ എന്ന പ്രിയാപ്രിയരൂപത്തിലുള്ള പ്രതികരണമാണ് അഹങ്കാരത്തിന്റേത്.

ഇങ്ങനെ കരണേന്ദ്രിയകളേബരാദികളാൽ നാം അനുഭവിച്ചുപോരുന്ന ഈ ജഗത്തിന്റെ രഹസ്യം അറിയുവാനായി പുതിയൊരു വിചാരരീതിയെ അവലംബിക്കേണ്ടിയിരിക്കുന്നു. അത് അന്തർമുഖമായ മനനമാണ്. മനനം ചെയ്യുമ്പോൾ സ്വരൂപമായ ആത്മസൂര്യൻ അറിവിന്റെ അതിവിശദാകാശത്തിൽ ഉദിച്ചുയർന്നുനിൽക്കുന്ന അനുഭവസാക്ഷാത്കാരം സംഭവിക്കുന്നു. ഇവിടെ പരവെളി സത്തിനെ കുറിക്കുന്നതും ഭാനുമാൻ ചിത്തിനെക്കുറിക്കുന്നതുമായ പ്രതീകശബ്ദങ്ങളാണ്. ആ ഒരേയൊരു ആത്മസൂര്യന്റെ ബഹുവിധമായ സ്ഫുരണങ്ങളാണ് എണ്ണിയാലൊടുങ്ങാത്ത നാമരൂപാത്മകമായ ഈ പ്രപഞ്ചം. തേറുക എന്നാൽ അതായിത്തീരുക എന്നാണ്. ആത്മസത്തയും ഞാനും അഭേദമാണെന്നറിയുന്ന അനുഭവപൂർണ്ണിമ. ■

# 3



**വെളിയിലിരുന്നു വിവർത്തമിങ്ങു കാണും**
**വെളിമുതലായ വിഭൂതിയഞ്ചുമോർത്താൽ**
**ജലനിധിതന്നിലുയർന്നിടും തരംഗാ-**
**വലിയതുപോലെയഭേദമായ് വരേണം.**

| | | |
|---|---|---|
| വെളിയിലിരുന്ന് | - | പുറത്തിരിക്കുന്നതുപോലെ |
| വിവർത്തം ഇങ്ങു കാണും | - | വിവർത്തരൂപത്തിൽ ഇവിടെ കാണപ്പെടുന്ന |
| വെളിമുതലായ | - | ആകാശം മുതലായ |
| വിഭൂതിയഞ്ചും | - | അഞ്ചു ഭൂതങ്ങളേയും |
| ഓർത്താൽ | - | മനനവിധേയമാക്കിയാൽ |
| ജലനിധിതന്നിൽ | - | കടലിൽ |
| ഉയർന്നിടും | - | ആവിർഭവിക്കുന്ന |
| തരംഗാവലി | - | തിരകളുടെ നിര |
| അതുപോലെ | - | എന്നതുപോലെ |
| അഭേദമായ് വരേണം | - | അഭേദമായി അനുഭവമാകണം. |

ആകാശം, വായു, അഗ്നി, ജലം, പൃഥിവി എന്നിവയാണ് പഞ്ചഭൂതങ്ങൾ. പഞ്ചഭൂതങ്ങൾകൊണ്ടാണ് പ്രപഞ്ചത്തിലെ കല്ലും പുല്ലും പുഴയും പുഴുവും മാനും മനുഷ്യനുമെല്ലാം നിർമ്മിതമായിട്ടുള്ളത്. എന്നു പറഞ്ഞാൽ, ഇവിടെ വിശേഷരൂപത്തിൽ വർത്തിക്കുന്ന അല്ലെങ്കിൽ വിവിധരൂപത്തിൽ കാണപ്പെടുന്ന എല്ലാറ്റിനും ആദിമമായ ഒരു ഏകസത്തയുണ്ട്; ഒരു മൂലകാരണമുണ്ട്. പ്രത്യക്ഷത്തിൽ നോക്കുമ്പോൾ ഈ മൂലകാരണത്തെ നമുക്കു കാണാൻ കഴിയുകയില്ല. കടലിൽ തിരകൾ മുറമുറയായി ഉയർന്നൊടുങ്ങുന്നത് കാണുമ്പോൾ കടലിൽനിന്നും തിരകൾ വേറെയാണെന്നുള്ള പ്രതീതിയാണ് നമ്മളിൽ ഉളവാകുന്നത്. എല്ലാ തിരമാലകൾക്കും കാരണമായിരിക്കുന്നത് കടലാണ്. കടലിന്റെ സത്തയിലാണ് തിരമാലകളുടെ അഭേദത അറിയേണ്ടത്.

അതുപോലെ വെളിയിലിരിക്കുന്ന എല്ലാ വിഷയങ്ങൾക്കും കാരണമായിരിക്കുന്ന ഒരു പരവെളിയുണ്ട്. ആ പരവെളിയിൽ അല്ലെങ്കിൽ ചിദാകാശത്തിൽ എല്ലാറ്റിനേയും ഭേദമറ്ററിയണം. അങ്ങനെ അറിയുമ്പോൾ ജ്ഞാനം ആനുഭൂതികമായി മാറും.

വിവർത്തം എന്ന പദം സാങ്കേതികാർത്ഥത്തിലുള്ളതാണ്. കയറിൽ പാമ്പിന്റെ തോന്നൽ വിവർത്തമാണ്. ഇവിടെ പാമ്പ് ഒരു യാഥാർത്ഥ്യമല്ല. പ്രതീതിയാണ്. വിവർത്തം പ്രതീതിയായതുകൊണ്ട് പ്രാതിഭാസികമാണ്. ഗുരുതന്നെ "രജ്ജുസ്വരൂപമറിയാതിരുളാൽ വിവർത്തസർപ്പം നിനക്കിലിതു രജ്ജുവിൽനിന്നു വേറോ?" എന്നു അദ്വൈതദീപികയിൽ ചോദിക്കുന്നുണ്ട്. പ്രപഞ്ചാനുഭവവും വിവർത്തരൂപമാണ്. അത് ആത്മാവിൽനിന്ന് അന്യമല്ല. ആത്മാവ് സത്യവും പ്രപഞ്ചം പ്രതീതിയുമാണ്.

എന്നാൽ ഗുരു പറയുന്ന ഉപമയുടെ പശ്ചാത്തലത്തിൽ വിവർത്തത്തിന് വാഗർത്ഥമെടുക്കുന്നതാണ് ഉത്തമം. വിവർത്തം എന്ന വാക്കിന്റെ അർത്ഥം വിശേഷേണ വർത്തിയ്ക്കുന്നത്, നിലനില്ക്കുന്നത് എന്നാണ്. തിരകൾ കടലിൽനിന്ന് വേറെയല്ലെങ്കിലും നമുക്ക് തിര എന്നത് വ്യതിരിക്തമായ ഒരു വസ്തുവിന്റെ അനുഭവമാണ് സമ്മാനിക്കുന്നത്. തിരയുടെ സത്തയും കടലിന്റെ സത്തയും ജലമാണ്. ജലത്തിന്റെ വീക്ഷണകോണിലൂടെ നോക്കുമ്പോൾ കടലും തിരയും രണ്ടല്ല. എന്നാൽ കടൽ ജലത്തിന്റെ സാമാന്യസത്തയും തിര വിശേഷസത്തയുമാണ്. നിരവധി വിശേഷങ്ങൾ ചേർന്നുകൊണ്ടാണ് ലോകം പ്രതിഭാസിക്കുന്നത്. ജ്ഞാനംകൊണ്ടു മാത്രമേ നാനാത്വഭ്രമം ഉളവാക്കുന്ന വിശേഷങ്ങളെ നിരാകരിക്കാനാവൂ. പ്രപഞ്ചം ആത്മാവിൽനിന്നു അന്യമല്ലെന്നറിയണം. അതാണ് ആത്മസാക്ഷാത്ക്കാരം. ■

# 4



**അറിവുമറിഞ്ഞിടുമർത്ഥവും പുമാൻത-**
**ന്നറിവുമൊരാദിമഹസ്സുമാത്രമാകും**
**വിരളതവിട്ടു വിളങ്ങുമമ്മഹത്താ-**
**മറിവിലമർന്നതു മാത്രമായിടേണം.**

| | | |
|---|---|---|
| അറിവും | - | അറിയുക എന്ന പ്രക്രിയയും |
| അറിഞ്ഞിടും അർത്ഥവും | - | അറിയപ്പെടുന്ന വിഷയവും |
| പുമാൻതൻ അറിവും | - | 'അറിയുന്നവൻ' എന്ന ബോധവും |
| ഒരു ആദിമഹസ്സ് | - | ഒരേയൊരു ആദിമമായ ജ്യോതിസ്സ് |
| മാത്രമാകും | - | മാത്രമാണ്. |
| വിരളത വിട്ടു | - | പരിമിതികളില്ലാതെ |
| വിളങ്ങും | - | ജ്വലിച്ചുനിൽക്കുന്ന |
| അമ്മഹത്താം | - | ആ മഹത്തായ |
| അറിവിൽ അമർന്ന് | - | ആത്മസത്തയിൽ വിലയിച്ച് |
| അതുമാത്രമായിടേണം | - | അതൊന്നുമാത്രമായിത്തീരണം. |

ഇന്ദ്രിയങ്ങളിലൂടെ കണ്ടും കേട്ടും മണത്തും രുചിച്ചും തൊട്ടും ഒക്കെ അറിയാം. ഇവ പ്രത്യക്ഷജ്ഞാനങ്ങളാണ്. അതേപോലെ അന്തക്കരണത്തിലൂടെ ചിന്തിച്ചും അനുമാനിച്ചും അറിയാം. അവ പരോക്ഷജ്ഞാനങ്ങളാണ്. പ്രത്യക്ഷപരോക്ഷജ്ഞാനങ്ങളെല്ലാം പ്രമാണങ്ങളാണ്. എല്ലാ അറിവിലും അറിയാനായി ഒരു വിഷയമുണ്ട്. വിഷയത്തെ പ്രമേയം എന്നാണ് പറയുക. വിഷയത്തെയാണ് ഇവിടെ അറിഞ്ഞിടുമർത്ഥം എന്നു പറയുന്നത്. കാണുക, കേൾക്കുക, ചിന്തിക്കുക എന്നിവയെല്ലാം അറിവെന്ന പ്രക്രിയയുടെ വിവിധങ്ങളായ സംവേദനങ്ങളാണ്. ഏതു വിഷയത്തെ അറിയുമ്പോഴും 'ഞാൻ അറിയുന്നവൻ' എന്ന ജ്ഞാതൃത്വം നമ്മിലൊക്കെ കാണുന്നുണ്ട്. ഈ ജ്ഞാതൃത്വം അന്തർഭവിച്ചിരിക്കുന്നത് പ്രമാതാവിലാണ്. ഇങ്ങനെ, അറിയുന്നവൻ-അറിയൽ-അറിയപ്പെടുന്ന വിഷയം ഇവ മൂന്നിനേയും ചേർത്താണ് വേദാന്തികൾ 'ത്രിപുടി' എന്നു വിളിക്കുന്നത്. പ്രമാ

താവ്, പ്രമാണം, പ്രമേയം ഇവ മൂന്നും ഒരു പൂവിലെ മൂന്ന് ഇതളുകൾ പോലെയാണ്. മൂന്നിതളുകൾ ഒരു പൂവിൽ സമഞ്ജസമായി വിന്യസിച്ചിരിക്കുന്നതുപോലെയാണ് ഒരു വിഷയജ്ഞാനത്തിൽ പ്രമാതാവും പ്രമാണവും പ്രമേയവും ഒന്നിച്ചിരിക്കുന്നത്. പ്രമാതാവിന് പ്രമേയമില്ലാതെ അറിയാനാവുകയില്ല. പ്രമേയത്തെ അറിയണമെങ്കിൽ ഏതെങ്കിലും ഒരു പ്രമാണത്തെ ആശ്രയിച്ചേ പറ്റൂ. ഇവിടെ പ്രമാതാവ് വ്യക്തിഗതമായ അഹങ്കാരമാണ്. പ്രമേയം പഞ്ചഭൂതാത്മകമായ പ്രത്യക്ഷലോകവും അന്തകരണവൃത്തികളിലിരിക്കുന്ന പരോക്ഷലോകവുമാണ്. അജ്ഞാനിയായ ജീവന് ശരീരതാദാത്മ്യം ഉണ്ടാകുമ്പോഴാണ് ഇങ്ങനെ ത്രിപുടീഭേദത്തോടെയുള്ള അറിവുണ്ടാകുന്നത്.

എന്നാൽ ജ്ഞാനോദയത്തിൽ ഒരേയൊരു ആദിമജ്ഞാനത്തിന്റെ മൂന്നു പിരിവുകൾ മാത്രമാണ് ത്രിപുടീഭേദങ്ങളെന്ന് നമുക്കു ബോധ്യമാകും. ബോധിവൃക്ഷച്ചുവട്ടിൽവച്ച് ശ്രീബുദ്ധന്റെ അകമേ വിളങ്ങിയത് ഈ ബോധ്യമാണ്. മരുത്വാമലയിൽ പിള്ളത്തടം ഗുഹയിൽവച്ച് ശ്രീനാരായണഗുരുവിന്റെ അകമലരിലും ഈ ബോധോദയമാണ് സംഭവിച്ചത്. ആദിമജ്യോതിസ്സിന്റെ അതിരുകളില്ലാത്ത നിറഞ്ഞുകവിയൽ. ഈ ആദിമഹസ്സാകട്ടെ സർവത്ര നിറഞ്ഞുവിലസുന്ന ആത്മസത്ത തന്നെയാണ്. സർവവ്യാപകതയാണ് ആത്മസത്തയുടെ സ്വഭാവം. അതെപ്പോഴും പ്രകാശിച്ചുകൊണ്ടിരിക്കും. മഹത്തായ ഈ ആദിമജ്ഞാനത്തിൽ അലിഞ്ഞ്, അതുമാത്രമായിത്തീരുന്നതാണ് പരമമായ ആനന്ദം. ■

# 5



**ഉലകരുറങ്ങിയുണർന്നു ചിന്ത ചെയ്യും**
**പലതുമിതൊക്കെയുമുറ്റു പാർത്തുനിൽക്കും**
**വിലമതിയാത വിളക്കുദിക്കയും പിൻ-**
**പൊലികയുമില്ലിതു കണ്ടു പോയിടേണം.**

| | | |
|---|---|---|
| ഉലകർ | - | സാധാരണ ജനങ്ങൾ |
| ഉറങ്ങി | - | ഉറങ്ങുകയും |
| ഉണർന്ന് | - | ഉണരുകയും |
| ചിന്തചെയ്യും പലതും | - | പലപല ചിന്തകളും ചെയ്യുന്നു. |
| ഇതൊക്കെയും | - | ഈ മനോവ്യാപാരങ്ങളെ |
| ഉറ്റുപാർത്തുനിൽക്കും | - | ഉറ്റുനോക്കിക്കൊണ്ടിരിക്കുന്ന |
| വിലമതിയാത വിളക്ക് | - | അമൂല്യമായ ആത്മദീപമാകട്ടെ |
| ഉദിക്കയും | - | ഉദിക്കുകയും |
| പിൻപൊലികയും ഇല്ല | - | പിന്നെ അണയുകയും ചെയ്യുന്നില്ല. |
| ഇതുകണ്ടു പോയിടേണം | - | ഈ ആത്മദീപം കണ്ടുജീവിക്കണം. |

സാധാരണ മനുഷ്യരുടെ ജീവിതം നോക്കൂ. ഉറക്കം, ഉണർവ് എന്നീ രണ്ടു ധ്രുവങ്ങൾക്കിടയിലാണ് അവരുടെ ജീവിതം പലപല വ്യാപാരങ്ങളിലൂടെ ഊയലാടി കളിക്കുന്നത്. എത്രയെത്ര ചിന്തകളാണ് അവർക്കുള്ളത്? എത്രയെത്ര സ്വപ്നങ്ങളാണ് അവർക്കുള്ളത്? രാവിലെ കണ്ണു തുറന്നാൽ വിചാരങ്ങളുടെ വേലിയേറ്റം അവരുടെ മനസ്സിലേക്ക് കടന്നുവരും. കുടുംബപ്ര ശ്നങ്ങളും തൊഴിൽരംഗത്തെ പ്രശ്നങ്ങളും കുട്ടികളുടെ വിദ്യാ ഭ്യാസപ്രശ്നങ്ങളും വൃദ്ധരായ അച്ഛനമ്മമാരെക്കുറിച്ചുള്ള ആകു ലതകളും കടബാധ്യതകളെ ഓർത്തുള്ള ഉൽക്കണ്ഠകളും ഇവ യിൽനിന്നെല്ലാം ഒരിക്കൽ മോചനമുണ്ടാകുമെന്ന പ്രത്യാശയും എല്ലാം ഒരു വ്യക്തിയുടെ മനസ്സിലൂടെ മാറിമാറി കടന്നുപൊ യ്കൊണ്ടിരിക്കുന്നുണ്ട്. മനസ്സ് അങ്ങനെയാണ്. അതിനു വെറു തെയിരിക്കാൻ അറിഞ്ഞുകൂടാ. ചിന്തകളോട് താദാത്മ്യപ്പെടുന്നത്

ജീവന്റെ ഒരു പ്രമാദമാണ്. ആ പ്രമാദത്തെ തിരുത്തുവാനാണ് ഗുരു ഉപദേശരൂപത്തിൽ ഇവിടെ മൊഴിയുന്നത്. നീ ചിന്തയോ മനോവ്യാപാരങ്ങളോ ഒന്നുമല്ല. നീ കേവലം സാക്ഷിചൈതന്യമാണ്. സാക്ഷിചൈതന്യം ഒരു വിളക്കുപോലെയാണ്. ആ വിളക്കിനൊരു കണ്ണുണ്ട്. അതു വെറുതേ കാണുകയേയുള്ളൂ. ചിന്തകളുമായി താദാത്മ്യപ്പെട്ടു വിലപിക്കുകയില്ല. ആഹ്ലാദത്തിലൂടേയും യാതനയിലൂടേയും കടന്നുപോകുന്ന ജീവന് ദിശാബോധം ഉണ്ടാക്കിക്കൊടുക്കുന്ന വലിയൊരറിവാണ് ഗുരു നമുക്ക് തരുന്നത്. ഉദയാസ്തമയങ്ങില്ലാതെ പ്രകാശിച്ചുകൊണ്ടിരിക്കുന്ന ഒരു കണ്ണ് എല്ലാവരുടെയും ഉള്ളിന്റെ ഉള്ളിലുണ്ട്. നടരാജഗുരുവിന് ഈ കണ്ണ് dialectical eye ആയിരുന്നു. ശിവഭക്തന്മാർക്ക് ഇത് ശിവന്റെ മൂന്നാംകണ്ണാണ്. ദാർശനികന്മാർക്ക് ഇത് ഉൾക്കണ്ണാണ്. പക്ഷേ, അങ്ങനെയൊരു കണ്ണ് എല്ലാറ്റിനേയും കണ്ടുകൊണ്ടിരിക്കുന്നതായി ആരും അറിയാറില്ല. അതുകൊണ്ടാണ് ഗുരു ഇതുകണ്ടുപോയിടേണം എന്നു പറയുന്നത്.

അമൂല്യമായ ഒരു വിളക്കിനോടാണ് ഈ കണ്ണിനെ ഗുരു ഉപമിച്ചിരിക്കുന്നത്. ആ വിളക്ക് അനാദിയായ ദീപമാണ്. അനന്തമായി കത്തിക്കൊണ്ടിരിക്കുന്നതാണ്. ഏതെങ്കിലും ഒരു കാലത്ത് ഒരാൾ കത്തിച്ചുവച്ച വിളക്കല്ലിത്. കത്തിച്ചതാണെങ്കിൽ ഇന്ധനം തീർന്നാൽ അതു കെട്ടുപോകുമെന്നുറപ്പാണ്. എന്നാൽ അത് കെട്ടുപോവുകയില്ല. കെടാവിളക്കാണിത്. മനുഷ്യന്റെ നിരർത്ഥകമായ ജീവിതത്തെ സാർത്ഥകമാക്കി തീർക്കാനാണ് ഗുരു ഈ ഉപദേശം അരുളുന്നത്. എന്താണ് ജീവിതത്തിന്റെ അർത്ഥം എന്ന ചോദ്യം നിങ്ങളിൽ ഇനി ഉണരുമ്പോൾ ആ ചോദ്യത്തിന്റെ ഉത്തരം ഇതാണ്: ''ഈ വിലമതിയാത്ത വിളക്കിനെ കണ്ടുപോയിടേണം.'' വെറുതെയങ്ങ് കാണാനൊക്കുകയില്ല. അതുകൊണ്ട് അതിലേക്ക് ശ്രദ്ധിച്ചു നോക്കുകതന്നെ വേണം. നോക്കണമെങ്കിൽ ബോധപൂർവമായ ശ്രമം അന്വേഷകന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ഇതിന്റെ അർത്ഥം നീ നിന്നെത്തന്നെ അറിഞ്ഞ് ജീവിക്കണം എന്നാണ്. നീ തന്നെയാണ് ഈ ലോകത്തിന്റെ വിളക്കായിരിക്കുന്നത് എന്നറിയണം. ഈ അറിവ് ജ്ഞാനാമൃതമാണ്. ■

# 6



**ഉണരണമിന്നിയുറങ്ങണം ഭുജിച്ചീ-**
**ടണമശനം പുണരേണമെന്നിവണ്ണം**
**അണയുമനേകവികല്പമാകയാലാ-**
**രുണരുവതുള്ളൊരു നിർവികാരരൂപം?**

| | | |
|---|---|---|
| ഉണരണം | - | ഉണരണം |
| ഇനി ഉറങ്ങണം | - | പിന്നെ ഉറങ്ങണം |
| ഭുജിച്ചീടണം അശനം | - | ഭക്ഷണം കഴിക്കണം |
| പുണരേണം | - | ഇണചേരണം |
| എന്നിവണ്ണം | - | ഇത്തരത്തിലുള്ള |
| അനേകവികല്പം | - | പലതരത്തിൽ മനസ്സിനെ ചഞ്ചലിപ്പിച്ചുകൊണ്ടിരിക്കുന്ന താത്പര്യങ്ങൾ |
| അണയും | - | നമ്മെ വലിച്ചിഴയ്ക്കും. |
| ആകയാൽ | - | ഇക്കാരണത്താൽ |
| ഒരു നിർവികാരരൂപം | - | മാറ്റമില്ലാത്ത ആത്മസത്യത്തെ |
| ആര് ഉണരുവതുള്ളത്? | - | ആരും പൂർണ്ണമായി ഉണർന്നറിയുന്നില്ലല്ലോ? |

സാധാരണ മനുഷ്യന്റെ താത്പര്യങ്ങൾ ക്ഷണപ്രഭാചഞ്ചലങ്ങളാണ്. അല്പനേരം മാത്രം നിലനിന്ന് കെട്ടുപോകുന്നവയാണ്. ഉറക്കത്തിൽനിന്നും ഉണർന്നെണീക്കുന്ന അവൻ ഇഷ്ടമുള്ള ഭോജ്യങ്ങൾ കണ്ടെത്തി വാരിവലിച്ചു തിന്നുന്നു. അനന്തമായ ഭോജ്യങ്ങളുള്ള ഒരു തീൻമേശയുടെ മുന്നിലാണ് നമ്മൾ ഇരിക്കുന്നത്. പ്രപഞ്ചം ഒരു തീൻമേശയാണ്. തീനിലും കുടിയിലുമുള്ള അമിതഭോഗപ്രിയതകൊണ്ട് ജീവിതത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നാം മറന്നുപോകുന്നു. നാവിന്റെ രുചി മാത്രമല്ല നമുക്ക് ആസക്തിയെ ജനിപ്പിക്കുന്നത്. സർവ ഇന്ദ്രിയങ്ങൾക്കും അതതിന്റെ വിഷയങ്ങളെ ഭുജിക്കാനുള്ള കൊതിയുണ്ട്. അന്നം കഴിച്ച് വയറു നിറയുമ്പോൾ അവന് ഇണയെ വാരിപ്പുണരണമെന്നു തോന്നും. അന്നം അമിതമായി കഴിക്കുമ്പോൾ അത് രജ

സ്സിനെ ഉല്പാദിപ്പിക്കുന്നു. രജോഗുണം ലിബിഡോയാണ്, രത്യോർജ്ജമാണ്. ഉപഭോഗസംസ്കാരം വർദ്ധിച്ച സാമൂഹിക തയിൽ ബലാത്സംഗവും സ്വവർഗരതിയും രതിവൈകൃതങ്ങളും പെരുകുന്നത് സ്വാഭാവികമാണ്. രതി ഊർജ്ജക്ഷയത്തെ വരു ത്തുന്നതാണ്. രതിക്രീഡകൾ കഴിയുമ്പോൾ മനുഷ്യൻ ക്ഷീണി ക്കുന്നു. ക്ഷീണിതനായ മനുഷ്യൻ ഉറക്കത്തെ അവലംബിക്കു ന്നു. ഉണർവ്, അന്നം, രതി, ഉറക്കം ഇങ്ങനെ മാറിമാറിവരുന്ന താത്പര്യങ്ങളെയാണ് വികല്പങ്ങൾ എന്നു പറയുന്നത്. ഒരു ദിവസത്തെ ജീവിതത്തിൽതന്നെ നമ്മുടെ മനസ്സ് ഒട്ടേറെ ഭ്രാന്ത മായ ആഗ്രഹങ്ങൾക്കു പിന്നാലെ പാഞ്ഞുപോകുന്നതു കാണാ റുണ്ട്. എന്തിനാണ് മനസ്സ് വിവിധ വിഷയങ്ങളിലേക്ക് പാഞ്ഞു കൊണ്ടിരിക്കുന്നത്?

ആരും അതിനെക്കുറിച്ച് ചിന്തിക്കാറില്ല. ഈ തിരക്കിനിടയിൽ ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യം നാം മറന്നുപോകുന്നു. നിർവി കാരമായ സ്വാത്മസത്തയെ നാം മറന്നുപോകുന്നു. ലോകവിഷ യങ്ങളിലേക്ക് ഉണർന്നിരിക്കുന്നതുകൊണ്ട് ആത്മസ്വരൂപത്തി ലേക്ക് ഉണരുവാൻ കഴിയുന്നില്ല. ലോകവിഷയങ്ങളിൽ ഉറങ്ങു കയും ആത്മസത്തയിൽ ഉണരുകയും വേണം. ഗുരുവിന്റെ ഈ ഉപദേശം കേൾക്കുമ്പോഴെങ്കിലും നമ്മുടെ ഉള്ളിൽ ആ ഉണർവ് ഉണ്ടാകണം. ആരുംതന്നെ എന്തുകൊണ്ടാണ് ഈ ആത്മസത്തയെ അറിയാതിരിക്കുന്നത് എന്ന ഒരു പരിദേവനസ്വരം ഈ ശ്ലോക ത്തിൽ ധ്വനിക്കുന്നുണ്ട്. അതുകൊണ്ട് ആത്മാവിനെ അറിയു വാൻവേണ്ടി ജീവിതത്തെ നാം വിനിയോഗിക്കണം. അതാണ് ഗുരു നമുക്കു തരുന്ന ഉപദേശം.....ആത്മോപദേശം. ■

# 7



**ഉണരരുതിന്നിയുറങ്ങിടാതിരുന്നീ-**
**ടണമറിവായിതിനിന്നയോഗ്യനെന്നാൽ**
**പ്രണവമുണർന്നു പിറപ്പൊഴിഞ്ഞു വാഴും**
**മുനിജനസേവയിൽ മൂർത്തി നിർത്തിടേണം.**

| | | |
|---|---|---|
| ഉണരരുത് ഇനി | - | വിഷയങ്ങളിലേക്ക് ഇനി ഉണരരുത്. |
| ഉറങ്ങിടാതെ ഇരുന്നീടണം | - | ആത്മബോധത്തിൽനിന്നും വ്യതിചലിച്ചുപോകാതെ ഇരിക്കണം. |
| അറിവായ് | - | ഞാൻ അറിവാണെന്ന് അറിയണം. |
| ഇതിന് ഇന്ന് | - | ആത്മനിഷ്ഠനായിരിക്കുന്നതിന് |
| അയോഗ്യൻ എന്നാൽ | - | യോഗ്യനല്ലെന്നു വരികയാണെങ്കിൽ |
| പ്രണവം ഉണർന്ന് | - | ആത്മബോധം ഉള്ളിലുണർന്ന് |
| പിറപ്പൊഴിഞ്ഞ് വാഴും | - | ജനനമരണങ്ങളുടെ ചാക്രികതയിൽനിന്നും മുക്തനായിരിക്കുന്ന |
| മുനിജനസേവയിൽ | - | ഒരു ഗുരുവിനെ സേവിക്കുന്നതിലും പ്രസാദിപ്പിക്കുന്നതിലും |
| മൂർത്തി നിർത്തിടേണം | - | മുഴുവൻ ശ്രദ്ധയേയും ഏകോപിപ്പിച്ചു നിറുത്തണം. |

അടുത്ത വീട്ടിൽ എവിടെയെങ്കിലും പലഹാരങ്ങൾ ചുട്ടെടുക്കുന്ന മണം മൂക്കിലടിച്ചാൽ അറിയാതെ മനസ്സു പറയും: എവിടെനിന്നാണ് ദോശയുടെ മണം വരുന്നത്? ഒരു ദോശ എനിക്കും കിട്ടിയിരുന്നെങ്കിൽ നല്ല സ്വാദോടെ കഴിക്കാമായിരുന്നു. അപ്പോൾ വായിൽ ഉമിനീർ ഊറിക്കൂടും. ദോശവിചാരം നമ്മുടെ മനസ്സിന്റെ സ്വച്ഛഗതിയ്ക്ക് വിഘ്നം വരുത്തി. എത്ര പെട്ടെന്നാണ് നമ്മൾ പ്രലോഭനങ്ങൾക്ക് വശംവദരാകുന്നത്. ചൂണ്ടലിന്റെ കൊളുത്തിൽ മണ്ണിരയെ കൊരുത്തിട്ട് മീൻപിടിത്തക്കാരൻ മത്സ്യത്തെ പ്രലോഭിപ്പിക്കുന്നതുപോലെയാണ് പ്രകൃതി നമ്മുടെ മുന്നിലേക്ക് വിഷയങ്ങളെ എറിഞ്ഞിട്ടു തരുന്നത്. വിഷയങ്ങളെയല്ല നാം ആത്യന്തികമായി അറിയേണ്ടത്; നമ്മെത്തന്നെ

യാണ്. അതിനാണ് ഗുരു ഊന്നിപ്പറയുന്നത്: ഉണരരുതിനി എന്ന്. ഇതിനർത്ഥം ഏറെനേരം കിടന്നുറങ്ങണം എന്നല്ല. ലോകവിഷയങ്ങളിലേക്ക് മനസ്സ് ആസക്തമാകരുതെന്നാണ്. അതേപോലെ തന്നെ വേറൊരു തെറ്റ് സംഭവിക്കുന്നത്, ആത്മസ്ഥിതനായ നാം ആത്മാവിലാണ് തന്റെ സ്ഥിതി എന്ന കാര്യം മറന്നുപോകുന്നതാണ്. താൻ ആത്മാവാണെന്ന കാര്യം മറന്നാൽ അതൊരു ഉറക്കമാണ്. അതുകൊണ്ട് ഉറങ്ങാതെ അറിവായി, ആത്മാവായി ഇരിക്കണം. ശ്രീനാരായണഗുരുവിനെ സംബന്ധിച്ചിടത്തോളം അറിവും ആത്മാവും ഒന്നുതന്നെയാണ്. എല്ലാവർക്കും ഇങ്ങനെ ആത്മനിഷ്ഠ കിട്ടിയെന്നു വരില്ല. വീണ്ടും വീണ്ടും ഓരോരോ ലോകകാര്യത്തിലേക്ക് മനസ്സു വഴുതിപ്പോകും.

ഇത് വ്യക്തിഗതമായ ഒരു അയോഗ്യതയാണ്. ഈ അയോഗ്യതയെ തിരിച്ചറിയണം. എന്നാലേ പോംവഴിയുള്ളൂ. സ്വയമേ സ്വസ്ഥനാകാൻ പറ്റുന്നില്ലെങ്കിൽ ഒരു ഗുരുവിനെ സമീപിക്കണം. ആ ഗുരുവാകട്ടെ അന്തരാത്മാവിൽ നാദാനുഭൂതി ഉണ്ടുകൊണ്ടിരിക്കുന്ന മഹാത്മാവാണ്. ഗുരുവിന്റെ രണ്ടു ലക്ഷണങ്ങൾ ഇവിടെ എടുത്തു പറയുന്നുണ്ട്. പ്രണവമുണർന്നവൻ എന്നും പിറപ്പൊഴിഞ്ഞവൻ എന്നും. പിറപ്പൊഴിയുന്നത് ജ്ഞാനംകൊണ്ട് ജനിമൃതിയാകുന്ന സംസാരചക്രത്തിൽനിന്ന് പുറത്തു കടക്കുമ്പോഴാണ്. പ്രണവം ജീവിതത്തെ അനന്തമായി നവീകരിക്കുന്ന തത്ത്വമാണ്. മുണ്ഡകോപനിഷത്ത് പറയുന്നത് "തത് വിജ്ഞാനാർത്ഥം സ ഗുരുമേവ അഭിഗച്ഛേത് ശ്രോത്രിയം ബ്രഹ്മനിഷ്ഠം." ശ്രോത്രിയനും ബ്രഹ്മനിഷ്ഠനുമായ ഒരു ഗുരുവിനെതന്നെ സമീപിക്കണം. ശ്രോത്രിയനും ബ്രഹ്മനിഷ്ഠനും ഒരാൾതന്നെ. ശ്രുതി പ്രണവമാണ്. പ്രണവമുണർന്ന ഗുരുവിനെത്തന്നെ കണ്ടെത്തണം. ആ ഗുരുവിനെ സേവിച്ച് മുഴുവൻ ശ്രദ്ധയും വിശ്വാസവും ഗുരുവിൽ അർപ്പിച്ച് ജീവിക്കണം. കുറേനാൾ കഴിയുമ്പോൾ വ്യക്തിയിലെ ദുർവാസനകളെല്ലാം ക്ഷയിക്കും. സദ്വാസനകൾ പുഷ്ടിപ്രാപിക്കും. വെളിച്ചത്തിന്റെ സാന്നിദ്ധ്യത്തിൽ ഇരുട്ടിന് സ്ഥാനമില്ലല്ലോ. അപ്പോൾ ആത്മജ്ഞാനത്തിനുള്ള അർഹത കൈവരും. ■

# 8



**ഒളി മുതലാം പഴമഞ്ചുമുണ്ടു നാറും**
**നളികയിലേറി നയേന മാറിയാടും**
**കിളികളെയഞ്ചുമരിഞ്ഞു കീഴ്മറിക്കും**
**വെളിവുരുവേന്തിയകം വിളങ്ങിടേണം.**

| | | |
|---|---|---|
| ഒളി മുതലാം | - | കണ്ണിന്റെ വിഷയമായ രൂപം തുടങ്ങിയ |
| പഴം അഞ്ചും | - | വിഷയങ്ങളാകുന്ന അഞ്ചു പഴങ്ങളും |
| ഉണ്ട് | - | ഭുജിച്ച് അല്ലെങ്കിൽ അനുഭവിച്ച് |
| നാറും നളികയിൽ ഏറി | - | നാറുന്ന ശരീരത്തിൽ വസിച്ച് |
| നയേന മാറിയാടും | - | ഇഷ്ടാനുസാരം വിഷയങ്ങളിൽ മാറിമാറി രമിക്കുന്ന |
| കിളികളെ അഞ്ചും | - | ജ്ഞാനേന്ദ്രിയങ്ങളാകുന്ന അഞ്ചു കിളികളേയും |
| അരിഞ്ഞു കീഴ്മറിക്കും | - | അപ്പാടെ വരുതിയിൽ വരുത്തുന്ന |
| വെളിവുരു ഏന്തി | - | വിവേകസ്വരൂപത്തെ പ്രാപിച്ച് |
| അകം | - | അന്തരാത്മാവിൽ |
| വിളങ്ങിടേണം | - | ഉണർന്നു വർത്തിക്കണം. |

ഇതൊരു ഉപമയാണ്. ജീവൻ ഭോഗ്യവിശ്വത്തെ അനുഭവിച്ചുകൊണ്ടിരിക്കുന്നത് അഞ്ച് ഇന്ദ്രിയങ്ങളിലൂടെയാണ്. ഒളി എന്നാൽ വെളിച്ചമാണ്. വെളിച്ചമുള്ളതുകൊണ്ടാണ് നാം രൂപവും നിറവും കാണുന്നത്. രൂപം പഞ്ചവിഷയങ്ങളിൽ ആദ്യത്തേതാണ്. ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നിവയാണ് പഞ്ചവിഷയങ്ങൾ. ഇവ എല്ലാറ്റിനേയും പ്രതിനിധീകരിക്കുന്ന പ്രയോഗമാണ് ഒളി മുതലാം പഴം. അഞ്ച് ഇന്ദ്രിയങ്ങളെയാണ് അഞ്ചു കിളികളായി ഉപമിച്ചിരിക്കുന്നത്. കിളികൾ ഭോഗപ്രിയരാണ്. പഴം ആസ്വാദ്യമധുരിമയെ ധ്വനിപ്പിക്കുന്നു. വൃക്ഷത്തിന്റെ ചില്ലകളിൽനിന്നും ചില്ലകളിലേക്ക് ചാഞ്ചാടി, ഓരോരോ പഴം കൊത്തിനോക്കി രസിക്കുന്ന കിളികളെപ്പോലെയാണ് നമ്മുടെ ഇന്ദ്രിയങ്ങൾ പ്രവർത്തിക്കുന്നത്. ശരീരത്തെ ഒരു നാറുന്ന നളികയോ

ടാണ് ഉപമിച്ചിരിക്കുന്നത്. നളികയുടെ അർത്ഥം ഉള്ളു പൊള്ള യായ കുഴൽ എന്നാണ്. നമ്മുടെ ശരീരവും ഉള്ളുപൊള്ളയായ ഒരു കുഴൽ പോലെയാണ്. ആ ശരീരത്തിലാകട്ടെ ദുർഗന്ധം വമി ക്കുന്ന വസ്തുക്കൾ കുമിഞ്ഞു കൂടിയിരിക്കുന്നു. ശരീരത്തിലു ള്ളതുപോലെതന്നെ മനസ്സും ഒരു മാലിന്യക്കൂമ്പാരമാണ്. അത് ഭോഗലാലസയോടെ ലോകത്തെ ഭുജിച്ചതിന്റെ ഫലമായിട്ടാണ്. നമ്മുടെ ശരീരം ഉപഭോഗാനന്തരം വരുന്ന മലിന്യങ്ങളെ കൂട്ടിയി ടുന്ന താവളമാകാൻ പാടില്ല. മാലിന്യങ്ങൾ അപ്പപ്പോൾ നീക്കം ചെയ്യണം. ശരീരത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യാൻ നാം ശ്രമിക്കുന്നതുപോലെ പ്രാധാന്യമുള്ളതാണ് മനോമാലിന്യങ്ങളുടെ നിർമ്മാർജ്ജനവും. മാനസപ്രക്ഷാളനത്തിന് ഏറ്റവും അത്യാവ ശ്യമായ ഒന്നാണ് വിവേകം.

വെളിവുരു ഏന്തുക എന്നത് വിവേകത്തെ സമാർജ്ജിക്കുക എന്ന അർത്ഥത്തിലാണ് ഗുരു പ്രയോഗിച്ചിരിക്കുന്നത്. മാലിന്യ ങ്ങളാണ് നളികയെ നാറ്റമുള്ളതാക്കുന്നത്. കാമവും ക്രോധവും അസൂയയും അഹങ്കാരവും ധാർഷ്ട്യവും എല്ലാം മാലിന്യങ്ങ ളാണ്. ഞാൻ ശരീരമാണെന്നുള്ള തെറ്റുധാരണയിൽനിന്നാണ്, ഇന്ദ്രിയങ്ങളാകുന്ന കിളികൾ ഭോഗ്യവിശ്വത്തിനു പിന്നാലെ പാറി പറക്കുന്നത്. ഒരു വേട്ടക്കാരൻ ഒറ്റ വെടിയ്ക്ക് കിളികളെ താഴെ വീഴ്ത്തുന്നതുപോലെ, നമ്മളും വിവേകമാകുന്ന സ്വരൂപമേന്തി ഇന്ദ്രിയങ്ങളുടെ ആർത്തിയെ അരിഞ്ഞു കീഴ്മറിക്കണം. അരിഞ്ഞു കീഴ്മറിക്കുക എന്ന പദപ്രയോഗത്തിൽ കർക്കശമായ ഉറച്ച തീരുമാനമുണ്ടാകണമെന്നാണ് ഗുരു നിഷ്ക്കർഷിക്കുന്ന ത്. സാധകന്റെ അഴകുഴമ്പൻ സമീപനം സമീചീനമല്ല. എന്നാ ലേ പൂർണ്ണമായ ആത്മസാക്ഷാത്കാരം സാധിക്കുകയുള്ളു. ■

# 9



**ഇരുപുറവും വരുമാറവസ്ഥയെപ്പൂ-**
**ത്തൊരു കൊടിവന്നു പടർന്നുയർന്നുമേവും**
**തരുവിനടിക്കു തപസ്സുചെയ്തു വാഴും**
**നരനു വരാ നരകം നിനച്ചിടേണം.**

| | | |
|---|---|---|
| ഇരുപുറവും | - | രണ്ടു പുറവും |
| വരുമാറ് അവസ്ഥയെ | - | പൊതിഞ്ഞുനിൽക്കുന്ന വിധത്തിൽ |
| പൂത്ത ഒരു കൊടി | - | പുഷ്പിച്ചു നിൽക്കുന്ന ഒരു കാട്ടുവള്ളി കണക്കെ |
| വന്നു പടർന്ന് ഉയർന്ന് | - | വളർന്ന് മേലേക്ക് പന്തലിച്ച് |
| മേവും | - | സ്ഥിതി ചെയ്യുന്ന |
| തരുവിനടിക്ക് | - | മരത്തിന്റെ ചുവട്ടിൽ |
| തപസ്സു ചെയ്തു വാഴും | - | തപസ്സ് അനുഷ്ഠിച്ചു കഴിയുന്ന |
| നരന് | - | മനുഷ്യന് |
| വരാ നരകം | - | നരകം ഉണ്ടാവുകയില്ല എന്നു |
| നിനച്ചിടേണം | - | ബോധ്യപ്പെട്ടുകൊള്ളണം. |

ഇതൊരു ചിത്രഭാഷയാണ് (picture language). ഇങ്ങനെയുള്ള ശ്ലോകങ്ങൾക്ക് ഒരു ബാഹ്യാർത്ഥവും വേറൊരു അന്ത രാർത്ഥവും കാണും. ഒറ്റ നോട്ടത്തിൽ ഒരു മരത്തിന്റ ചുവട്ടിൽ തപസ്സു ചെയ്യുന്ന ഒരു സന്ന്യാസിയുടെ ചിത്രമാണ് നമ്മുടെ മനോമുകുരത്തിൽ അങ്കുരിക്കുക. തപസ്സു ചെയ്തു വാഴും നരൻ എന്ന പ്രയോഗം അന്തർമുഖമായി ആത്മാവിലമരുന്ന ഒരു യോഗി യുടെ നിലയെയാണ് ഓർമ്മിപ്പിക്കുന്നത്. രണ്ടു വള്ളികൾ വന്ന് മരത്തെ പൊതിഞ്ഞിരിക്കുന്നു. വള്ളികൾ മരത്തിൽനിന്നും അന്യ മല്ല. മരത്തിന്റെതന്നെ ഭാഗമാണ്. ഈ മരം സാധാരണ മരമല്ല. ഇതു മായാമരമാണ്. മായയുടെ രണ്ടു ശക്തികളാണ് ആവര ണവും വിക്ഷേപവും. ആ രണ്ടു ശക്തികൾ, രണ്ടു വള്ളികളെ പ്പോലെ ആത്മാവിന്റെ സ്വരൂപത്തെ മറച്ചുകളയും. ആവരണം വ്യക്തിയിലെ സുഷുപ്ത്യവസ്ഥയും വിക്ഷേപം ജാഗ്രദവസ്ഥ

യുമാണ്. ഉറക്കത്തിനും ഉണർവിനും ഇടയിൽ ജീവിതാനുഭവങ്ങൾ പടർന്നു പന്തലിക്കുമ്പോൾ മായാലത തീർക്കുന്ന വിഭ്രാമകമായ പ്രപഞ്ചം നമ്മുടെ മുമ്പിൽ അനാരണം ചെയ്യപ്പെടുന്നു.

എന്നാൽ ധ്യാനത്തിന്റെ ഉൾവെളിവിൽ മായാവള്ളികൾക്കു പിന്നിലെ ആത്മസ്വരൂപത്തെ അകകണ്ണുകൊണ്ടു കാണുന്ന താപസശ്രേഷ്ഠന് ജീവിതം ഒരിക്കലും ദുഃഖഭൂയിഷ്ഠമായിരിക്കുകയില്ല. അതുകൊണ്ടാണ് ഗുരു പറയുന്നത്, ധ്യാനനിരതനായ നരന് ഒരിക്കലും നരകം വരികയില്ലെന്ന്. നരകം എന്നാൽ ദുഃഖത്തിന്റെ തീവ്രത എന്നേ അർത്ഥമുള്ളു. നരകതുല്യമായ ജീവിതത്തിൽനിന്ന് കരകയറുന്നതിന് തപസ്സ് അത്യന്താപേക്ഷിതമാണ്. തപസ്സ് എന്ന വാക്കിന് ഇന്ദ്രിയമനോസംയമനം എന്ന അർത്ഥം എടുത്താൻ മതി. ജീവിതത്തിന് അവബോധതലത്തിലുള്ള ഒരു കടിഞ്ഞാൺ ആവശ്യമാണ്. കാമത്തിന്റെ കൂത്തരങ്ങായ മനസ്സിനെ കയറൂരി വിടുന്ന ജീവിതത്തിനോടാണ് സാധാരണക്കാരന് പ്രിയം. എന്നാൽ ഒരു സദ്ഗുരുവിന്റെ സമീപത്തിരുന്ന് മോക്ഷശാസ്ത്രം കേൾക്കാനിടവരുമ്പോൾ ചിത്തശുദ്ധി വരികയും തപസ്സ് ഒരുവന്റെ ജീവിതത്തെ താനേ ആശ്ലേഷിക്കുകയും ചെയ്യുന്നു. നിയന്ത്രണങ്ങൾ അടിച്ചേല്പിക്കേണ്ടവയല്ല. സ്വമേധയാ വരിക്കേണ്ടതാണ്. താപസ്സൻ തപസ്സിൽ അഭിരമിക്കുന്നവനാണ്. ക്ലേശിക്കുന്നവനല്ല. സ്വർണ്ണപ്പണിക്കാരൻ സ്വർണ്ണത്തെ ചൂടാക്കി അതിൽനിന്നും മാലിന്യങ്ങളെ വേർപ്പെടുത്തുന്നതുപോലെ തന്നെയാണ് താപസ്സൻ മനോമാലിന്യങ്ങളെ ആത്മതാപംകൊണ്ട് ഉരുക്കിയകറ്റുന്നത്. ഇവിടെ തപസ്സ് ഒരു രാസത്വരകമാണ്. ആത്മജ്ഞാനത്തിലേക്ക് വ്യക്തിയെ അതിവേഗം അടുപ്പിക്കുന്ന രാസത്വരകം. ഇതിലൂടെ ജ്ഞാനാനുസന്ധാനവേളയിൽ തപസ്സിന്റെ അനിവാര്യതയെ ഗുരു ഊന്നിപ്പറയുയാണ് ചെയ്യുന്നത്.

■

# 10



**“ഇരുളിലിരിപ്പവനാര്? ചൊൽക നീ”യെ-**
**ന്നൊരുവനുരപ്പതുകേട്ടു താനുമേവം**
**അറിവതിനായവനോടു നീയുമാരെ -**
**ന്നരുളുമിതിൻ പ്രതിവാക്യമേകമാകും.**

| | |
|---|---|
| ഇരുളിൽ | ഇരുട്ടിൽ |
| ഇരിപ്പവൻ ആര്? | ഇരിക്കുന്ന നീ ആരാണ്? |
| ചൊൽക നീ | നീ വെളിപ്പെടുത്തൂ |
| എന്ന് ഒരുവൻ | എന്ന് ഒരുവൻ |
| ഉരപ്പത് കേട്ട് | ചോദിക്കുന്നത് കേട്ടിട്ട് |
| താനും ഏവം | അപ്രകാരം ഇരുളിലിരിക്കുന്നവനും |
| അറിവതിനായി | ആരാണ് എന്നറിയാനായി |
| അവനോട് | ചോദ്യം ചോദിച്ചവനോട് |
| നീയും ആര് | നീയും ആരാണ്? |
| എന്ന് അരുളും | എന്ന് തിരിച്ചും ചോദിക്കും. |
| ഇതിൻ പ്രതിവാക്യം | ഇവരുടെ രണ്ടുപേരുടേയും ചോദ്യങ്ങൾക്കുള്ള ഉത്തരം |
| ഏകമാകും | ഒന്നുതന്നെയായിരിക്കും. |

ആത്മാവിന്റെ അനിഷേധ്യമായ ഉണ്മയെ തർക്കമില്ലാത്ത രീതിയിൽ അവതരിപ്പിക്കുന്ന ഒരു പരീക്ഷണമാണ് ശ്രീനാരായണ ഗുരു നമുക്കു കാണിച്ചുതരുന്നത്. നല്ല ഇരുട്ടുള്ള മുറിയിലേക്ക് ഒരാൾ കടന്നു വരുന്നു. ആ മുറിയിൽ ഒരാൾ ഇരിക്കുന്നുണ്ട്. കടന്നുവരുന്ന ആൾക്ക് മുറിയിൽ ആരോ ഉണ്ടെന്ന തോന്നൽ ഉളവായപ്പോൾ ചോദിക്കുകയാണ്: “ആരാണ് ഇരുട്ടത്ത് ഇരിക്കുന്നത്?” അപ്പോൾ ഇരുട്ടത്ത് ഇരിക്കുന്ന ആൾ ഉത്തരം പറയുന്നു: “ഞാൻ.” ഇരുട്ടത്തിരിക്കുന്ന ആൾ കടന്നുവരുന്ന ആളിനോടു ഒരു മറുചോദ്യം ചോദിച്ചു: “നീ ആരാണ്?” അപ്പോൾ അയാൾ പറഞ്ഞു: “ഞാൻ.” രണ്ടുപേരുടേയും ഉത്തരം “ഞാൻ” എന്നുതന്നെ. ഈ രണ്ടു വ്യക്തികളിലും ഇരിക്കുന്ന “ഞാൻ” എന്ന സത്തക്ക് വ്യത്യാസമുണ്ടോ? അവധാനപൂർവം

തിരഞ്ഞു മനസ്സിലാക്കുകയാണെങ്കിൽ ഒരേയൊരു സത്തതന്നെയാണ് എല്ലാവരിലും "ഞാൻ" എന്ന ബോധത്തെ ഉളവാക്കുന്നതെന്ന് കാണാവുന്നതാണ്.

രമണമഹർഷിയോട് ഒരാൾ ചോദിച്ചു: ഞാൻ ആരാ? മഹർഷി പറഞ്ഞു: "സ്ഥൂലശരീരമല്ല ഞാൻ, പഞ്ചവിഷയങ്ങളല്ല ഞാൻ. പഞ്ചജ്ഞാനേന്ദ്രിയങ്ങളല്ല ഞാൻ. പഞ്ചകർമ്മേന്ദ്രിയങ്ങളല്ല ഞാൻ. പഞ്ചപ്രാണങ്ങളല്ല ഞാൻ, മനസ്സും ഞാനല്ല. അജ്ഞാനവും ഞാനല്ല."
"ഇവയൊന്നും ഞാൻ അല്ലെങ്കിൽ പിന്നെ ഞാൻ ആരാ?"
"ഒടുവിൽ തള്ളുവാൻ തരമില്ലാതെ തനിയെ ശേഷിക്കുന്ന 'അറിവ്' ആകുന്നു ഞാൻ."

വളരെ നാടകീയമായാണ് ഗുരുവും ഈ സംഭാഷണശകലം ചിത്രീകരിച്ചിരിക്കുന്നത്. ഇരുളിലിരിക്കുന്ന വ്യക്തിയും കടന്നുവരുന്ന വ്യക്തിയും പരസ്പരം കാണുന്നില്ല. ഇരുട്ടിന്റെ പശ്ചാത്തലത്തെ ഗുരു ഇവിടെ കൊണ്ടുവന്നത് കണ്ണുകൊണ്ടുള്ള അറിവിനെ നിഷേധിക്കാനാണ്. എന്നാൽ രണ്ടുപേരും അവരവരെക്കുറിച്ച് വെളിപ്പെടുത്തുന്ന അറിവ് സ്വന്തം പേരോ മറ്റു അനുബന്ധമായ വിവരങ്ങളോ അല്ല. "ഞാൻ" എന്ന ശബ്ദമാണ്. ആരാണ് ഈ ഞാൻ? നമുക്ക് സ്ഥൂലാനുഭവങ്ങളുടെ സഹായമില്ലാതെതന്നെ ബോധ്യമുള്ള കാര്യമാണ് "ഞാൻ" ഉണ്ടെന്ന വസ്തുത. രണ്ടു വ്യക്തികൾ നടത്തുന്ന ഈ ചോദ്യോത്തരങ്ങളിൽനിന്ന് അപരിചിതമല്ലാത്ത സാഹചര്യത്തിലാണ് ഈ സംഭാഷണം നടക്കുന്നത് എന്ന് തെളിയുന്നു. അവരുടെ ഉത്തരം "ഞാൻ" എന്ന ഒറ്റവാക്കിലേക്ക് ചുരുങ്ങിയത് അതുകൊണ്ടാണ്. ശരീരത്തിന്റേയും മനസ്സിന്റേയും ഉപാധിസമ്പർക്കത്തിൽനിന്നും വ്യതിരിക്തമായ ഈ "ഞാൻ" ഏവർക്കും സ്വയമേ അറിയാവുന്ന സത്തയാണ്. അത് അനുഭവത്തിൽ ആദ്യത്തേതാണ്. ഞാൻ ഉണ്ട് എന്ന അനുഭവത്തിനു ശേഷമാണ് നമുക്ക് മറ്റു ബാഹ്യവും അഭ്യന്തരവുമായ അനുഭവങ്ങൾ ഉണ്ടാവുന്നത്. ഞാൻ ഉണ്ട് എന്നു പറയുന്നതു തന്നെ ഒരു ആവർത്തനമാണ്. ഉണ്മതന്നെയാണ് യഥാർത്ഥത്തിൽ ഞാൻ. അടുത്ത പദ്യത്തിൽ ഞാൻ ആരെന്ന ചോദ്യത്തിന് കൂടുതൽ വിശദീകരണം ഗുരു നൽകുന്നു. ■

# 11



**അഹമഹമെന്നരുളുന്നതൊക്കെയാരാ-**
**യുകിലകമേ പലതല്ലതേകമാകും**
**അകലുമഹന്തയനേകമാകയാലീ-**
**തുകയിലഹംപൊരുളും തുടർന്നിടുന്നു.**

| | | |
|---|---|---|
| അഹം അഹം എന്ന് | - | ഞാൻ ഞാൻ എന്ന് |
| അരുളുന്നതൊക്കെ | - | നാം പറയുന്നത് എല്ലാം |
| ആരായുകിൽ | - | തിരഞ്ഞു മനസ്സിലാക്കുകയാണെങ്കിൽ |
| അകമേ പലതല്ല | - | ഉൾസാരത്തിൽ വെവേറെയല്ല, |
| ഏകമാകും | - | ഒന്നുതന്നെയാണ്. |
| അകലും | - | എന്നിലെ ഞാൻ വേറെ, അവനിലെ ഞാൻ വേറെ എന്ന തരത്തിലുള്ള |
| അഹന്ത | - | ഞാൻ എന്ന ഭാവം |
| അനേകം ആകയാൽ | - | അനേകമാണെങ്കിലും |
| ഈ തുകയിൽ | - | ഞാൻ, ഞാൻ എന്ന ഭാവങ്ങളുടെ എല്ലാം സാരം ഒന്നാണെന്ന തരത്തിൽ |
| അഹംപൊരുളും | - | പരമാർത്ഥത്തിൽ പൊരുളായ ഞാൻ |
| തുടർന്നിടുന്നു | - | ആധാരസത്യമായി നിലകൊള്ളുന്നു. |

എല്ലാ മനുഷ്യരും അവരവരെ സംബന്ധിക്കുന്ന കാര്യങ്ങൾ പറയുമ്പോൾ 'ഞാൻ' എന്നാണ് പറയാറ്. എത്ര ആളുകൾ ഉണ്ടായാലും അവരെല്ലാവരും 'ഞാൻ' എന്നാണ് അവരവരെക്കുറിച്ചു പറയുന്നത്. കഴിഞ്ഞ ശ്ലോകത്തിൽ നടത്തിയ പരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ എല്ലാവരിലുമിരിക്കുന്ന 'ഞാൻ' ഒന്നുതന്നെയാണ് എന്ന് പരീക്ഷിച്ച് അറിഞ്ഞുകഴിഞ്ഞു. ശ്രവണം, മനനം, നിദിധ്യാസനം ഇവ മൂന്നും ചേർന്നുള്ള ഒരന്വേഷണത്തിലൂടെ മാത്രമേ 'ഞാൻ' എന്ന ആത്മസത്യം എല്ലാവരിലും ഒന്നാണെന്ന് ആനുഭൂതികമായി അറിയാൻ കഴിയുകയുള്ളൂ. ശ്രവിക്കേണ്ടത് ഗുരുവിനെയാണ്. അനുഭവസ്ഥനായ ഗുരുവിൽനിന്നും

നേരിട്ടു കേൾക്കണം. അതു ശ്രവണം. കേട്ടതിനെ ആഴത്തിൽ പരിചിന്തനം ചെയ്യണം. അതു മനനം. മനനം ആത്മാവിൽ ഉറയ്ക്കുമ്പോൾ അതു നിദിധ്യാസനം. നിദിധ്യാസനം പാകമാകുമ്പോൾ സമാധിസ്ഥിതി കൈവരുന്നു. നിർവികല്പസമാധിയിൽ ആത്മാവിന്റെ ചിദ്രൂപത തെളിമയോടെ പ്രകാശിക്കുന്നു. മനുഷ്യനു കണ്ടെത്താവുന്ന പരമമായ ആനന്ദത്തിന്റെ ലഹരിയാണത്.

നമ്മിലെല്ലാം രണ്ടു തരത്തിൽ അഹംബോധം പ്രവർത്തിക്കുന്നുണ്ട്. ഒന്ന് വ്യാജനും മറ്റേത് അസലുമാണ്. അസൽ അഹം ശുദ്ധമാണ്. കറപുരളാത്തതാണ്. ഗുരു അഹംപൊരുൾ എന്ന് പറയുന്നത് ശുദ്ധമായ അഹത്തെയാണ്. ശുദ്ധമായ അഹം ഏകവും അദ്വിതീയവുമാണ്. അത് അന്തർമുഖമായി അറിയേണ്ടതാണ്. അഹംപൊരുളിനെ സാക്ഷാത്കരിക്കുന്നവർ ശിശുക്കളെപ്പോലെ നിഷ്ക്കളങ്കരായി മാറുന്നു. കാപട്യം അവരിൽ കാണുകയില്ല. അവരുടെ മുഴുവൻ സത്തയിലും ആ നൈർമല്യം പ്രകാശിക്കും.

അകല്ച്ചയെ തോന്നിപ്പിക്കുന്ന അഹംബോധത്തെയാണ് അകലും അഹന്ത എന്നു പറയുന്നത്. അജ്ഞാനംകൊണ്ടാണ് അകല്ച്ച തോന്നുന്നത്. അജ്ഞാനത്തിന് വശപ്പെട്ടിരിക്കുന്നവർ 'ഞാൻ' എന്നു പറയുമ്പോൾ ശരീരത്തിനോടുള്ള താദാത്മ്യത്തെ ഊട്ടിയുറപ്പിക്കുകയാണ് ചെയ്യുന്നത്. അഹങ്കാരവിമൂഢാത്മാവായ വ്യാജമായ അഹം 'കർത്താ അഹം ഇതി മന്യതേ,' ഞാൻ കർത്താവാണെന്ന് സ്വയം വിചാരിക്കുന്നു. ഞാൻ കർത്താവല്ല എന്നറിയുന്നത് ജ്ഞാനം. ജ്ഞാനം വ്യാജന്റെ മറമാറ്റി അസലിനെ കാണിച്ചുതരുന്നു. അസലിനെ ഞാനെന്ന് അറിയുന്നത് ആത്മസാക്ഷാത്ക്കാരം. അപ്പോൾ എല്ലാ ഞാനുകളിലും സാരവത്തും ഏകവുമായ അഹംപൊരുൾ മാത്രമേ സത്യമായിട്ടുള്ളൂ എന്ന് ഏവർക്കും അനുഭവിച്ചറിയാൻ കഴിയും. അഹങ്കാരത്തിൽനിന്നും നിന്നും അഹംപൊരുളിനെ വേർത്തിരിച്ചറിയുന്നത് വളരെ ദുഷ്ക്കരമായ സാധനയാണ്. ■

# 12



**തൊലിയുമെലുമ്പുമലം ദുരന്തമന്തഃ-**
**കലകളുമേന്തുമഹന്തയൊന്നു കാൺക!**
**പൊലിയുമിതന്യ പൊലിഞ്ഞുപൂർണ്ണമാകും**
**വലിയൊരഹന്ത വരാ വരം തരേണം.**

| | | |
|---|---|---|
| തൊലിയും | - | ചർമ്മവും |
| എലുമ്പ് | - | എല്ലുകളും |
| മലം | - | മാലിന്യങ്ങളും |
| ദുരന്തം അന്തഃകലകളും | - | ദുഃഖഹേതുകമായ വാസനകളും |
| ഏന്തും അഹന്ത | - | വഹിക്കുന്ന അഹന്തയെ |
| ഒന്നു കാൺക | - | ഉണർവോടെ നോക്കുക. |
| പൊലിയും | - | നശിച്ചുപോകുന്ന |
| ഇത് അന്യ | - | ഇത് അവിദ്യയായ അന്യയാണ്. |
| പൊലിഞ്ഞു പൂർണ്ണമാകും | - | അവിദ്യ നശിച്ച് പൂർണ്ണത കൈവരിക്കും. |
| വലിയൊരഹന്ത | - | താൻ വമ്പനാണെന്ന അഹന്ത |
| വരാ വരം തരേണം | - | വരാതിരിക്കാനുള്ള വരം തരേണം. |

ശരീരത്തെ മുഴുവനും തൊലികൊണ്ടാണ് പൊതിഞ്ഞിരിക്കുന്നത്. തൊലിയുടെ അടിയിൽ മാംസമുണ്ട്. ശരീരം മാംസബദ്ധം മാത്രമല്ല. അതിനെ താങ്ങിനിറുത്തുന്ന ഒരു എല്ലിൻകൂടുമുണ്ട്. ശരീരത്തിന്റെ പുറംഭാഗം എത്ര വൃത്തിയാക്കിവച്ചാലും ഉള്ളിൽ ചീഞ്ഞുനാറുന്ന വസ്തുക്കളാണ് കിടക്കുന്നത്. നാം കഴിക്കുന്ന ഭക്ഷണവും വെള്ളവും എല്ലാം മൂന്നു മണിക്കൂർ കഴിയുമ്പോൾ അഴുകിനാറാൻ തുടങ്ങും. അതുമാത്രമല്ല, മനസ്സിന്റെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന വാസനകൾ അതിലും അഴുകിയതാണ്. അസൂയ, ഈർഷ്യ, കോപം, മദം, മാത്സര്യം, ദംഭം ഇവയെല്ലാം ജീവിതത്തെ വൃത്തിഹീനമാക്കുന്ന ദൂഷ്യവാസനകളാണ്. പരസ്പരം കെട്ടുപിണഞ്ഞു കിടക്കുന്ന ഇവയെ ബോധത്തിന്റെ തെളിമയിൽ ഒന്നു നോക്കിക്കാണണം. തലയിൽ ടോർച് ലൈറ്റ് പിടി

പ്പിച്ച് ഇരുട്ടിനെ തിരയുന്നതുപോലെ, നോക്കുന്നിടത്തൊക്കെ പ്രകാശം പ്രസരിച്ച് ഇരുട്ട് അപ്രത്യക്ഷമാകുന്നു. ഞാൻ ശരീരമാണെന്ന അഹന്ത പൊലിഞ്ഞുപോയി ഞാൻ പൂർണം എന്ന അഹംപൊരുൾ തെളിഞ്ഞു വരുന്നു. പൊലിയുക എന്നതിന് പ്രകാശിക്കുക എന്നും നശിക്കുക എന്നും അർത്ഥം കല്പിക്കാം. നശിക്കുന്നത് അഹന്തയാണ്. തൊലിപ്പുറത്ത് മാത്രം ഒതുങ്ങിനില്ക്കുന്ന വ്യക്തിബോധമാണ്. പ്രകാശിക്കുന്നത് ആത്മസ്വരൂപമാണ്.

ആത്മസ്വരൂപം സ്വച്ഛസുന്ദരമാണ്. അവിടെ സൗരഭ്യം മാത്രമേ ഉള്ളൂ. അതിരുകളില്ലാത്ത വിശാലതയാണ് ആത്മാവിന്റെ തലം. ആത്മാനുഭവം ഉണ്ടാകുന്നതിന് അഹന്ത പൊലിഞ്ഞുപോകണം. പൂർണ്ണമായ ആത്മാനുഭവം ഉണ്ടാകുന്നതുവരെ വാസനകൾ എരിഞ്ഞടങ്ങേണ്ടതുണ്ട്. അതിനിടയിൽ ചില ആളുകളിൽ വലിയൊരഹന്ത വന്ന് അവരുടെ നല്ല ജീവിതത്തെ താറുമാറാക്കാറുണ്ട്. ഞാൻ ജ്ഞാനിയാണ്, ഞാൻ ഈശ്വരനാണ്, ഞാൻ മഹാനാണ് എന്നൊക്കെ സ്വയം വമ്പു പറയുമ്പോൾ അയാൾ വലിയൊരു അഹന്തയുള്ള ആളാണ്. വലിയ അഹന്തയാണ് സ്വേച്ഛാധിപതികളെ സൃഷ്ടിക്കുന്നത്. അവർ അധീശസ്വഭാവമുള്ളവരായിത്തീരുന്നു. കാരുണ്യം ഇവരിൽ വറ്റി വരണ്ടിരിക്കും. മറ്റുള്ളവരുടെ ശ്രദ്ധയും ആദരവും ഇവർ ആഗ്രഹിക്കുന്നു. പുരാണങ്ങളിൽ ഹിരണ്യകശിപുവിന്റേയും ഭസ്മാസുരന്റേയും കഥകൾ വലിയൊരഹന്തയുടെ ദുരന്തത്തെയാണ് ദൃഷ്ടാന്തീകരിക്കുന്നത്. വലിയൊരഹന്തയും പൊലിഞ്ഞുപോകണം. അതു പെട്ടെന്നു പൊലിയുകയില്ല. അതിനു ഈശ്വരാനുഗ്രഹവും ഗുരുകാരുണ്യവും വേണം. അതുകൊണ്ട് പ്രാർത്ഥനാരൂപത്തിൽ വലിയൊരഹന്ത വരാതിരിക്കാൻ വരം തരേണം എന്നു അർത്ഥിക്കണം. വരം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് നമ്മുടെ കർമ്മശക്തികൊണ്ട് നേടിയെടുക്കാവുന്നതല്ല ഇത് എന്നാണ്. ഈശ്വരപ്രസാദത്താൽ മാത്രം ലഭ്യമായിത്തീരുന്നതാണ്. പ്രാർത്ഥനാന്വിതമായ മനസ്സ് ഇതിന് അനിവാര്യമാണ്. ■

# 13



**ത്രിഗുണമയം തിരുനീറണിഞ്ഞൊരീശ-**
**ന്നകമലരിട്ടു വണങ്ങിയക്ഷമാറി**
**സകലമഴിഞ്ഞു തണിഞ്ഞു കേവലത്തിൻ-**
**മഹിമയുമറ്റു മഹസ്സിലാണിടേണം.**

| | | |
|---|---|---|
| ത്രിഗുണമയം | - | സത്വം, രജസ്സ്, തമസ്സ് എന്നീ മൂന്നു ഗുണങ്ങളെ ചുട്ടെടുത്ത |
| തിരുനീർ അണിഞ്ഞ | - | ദിവ്യഭസ്മം പൂശിയ |
| ഒരു ഈശന് | - | ഒരേയൊരു ഈശ്വരന് |
| അകമലരിട്ട് | - | സങ്കല്പങ്ങളാകുന്ന പൂക്കൾ അർപ്പിച്ച് |
| വണങ്ങി | - | ആത്മാർപ്പണഭാവത്തോടെ |
| അക്ഷം ആറി | - | ഇന്ദ്രിയങ്ങൾക്കു വിഷയങ്ങളിലുള്ള കൊതി ആറിത്തണുത്ത് |
| സകലം അഴിഞ്ഞ് | - | എല്ലാ ലൗകികബന്ധനങ്ങളിൽ നിന്നും മുക്തനായി |
| തണിഞ്ഞ് | - | ശാന്തചിത്തനായി |
| കേവലത്തിൻ | - | കേവലമായതിന്റെ |
| മഹിമയുമറ്റ് | - | അത്ഭുതാദരങ്ങളും ഇല്ലാതായി |
| മഹസ്സിൽ | - | ആത്മജ്യോതിസ്സിൽ |
| ആണിടേണം | - | ആണ്ടുപോയി അതായിത്തീരണം. |

പ്രകൃതി ത്രിഗുണാത്മികയാണ്. സത്വം, രജസ്സ്, തമസ്സ് എന്നീ മൂന്നു ഗുണങ്ങളാണ് മനുഷ്യനെ കർമ്മങ്ങളുടെ ഏടാകൂട ത്തിലേക്ക് വലിച്ചിഴക്കുന്നത്. ത്രിഗുണങ്ങൾ കർമ്മങ്ങളിൽ കാമം കലർത്തി ജീവനെ ബന്ധനസ്ഥനാക്കുന്നു. ഈ മൂന്നു ഗുണങ്ങ ളുടെ നീരാളിപ്പിടിത്തത്തിൽനിന്നും മുക്തനാകണമെങ്കിൽ ഈശ്വ രനിൽ പൂർണ്ണമായും ശരണം ഗമിച്ചിരിക്കണം. ഈശ്വരനാകട്ടെ, ഈ മൂന്നു ഗുണങ്ങളേയും ഉല്ലംഘിച്ചു നിൽക്കുന്ന ഏകമായ പൊരുളാണ്. ഈശ്വരൻ ഗുണാതീതനാണ്. പ്രകൃതി ത്രിഗുണാ

ത്മികയാണ്. പ്രകൃതിയാണ് ജീവന്റെ കർമ്മക്ഷേത്രം. ത്രിഗുണങ്ങളെ ജ്ഞാനാഗ്നികൊണ്ടാണ് ചുട്ടുചാമ്പലാക്കുന്നത്. തിരുനീർ ഭസ്മമാണ്. ഭസ്മം അണിയുന്നത് വിരക്തിയുടെ ലക്ഷണമാണ്. അതൊരു പ്രതീകംകൂടിയാണ്. ഭസ്മം പൂശി ചുടലക്കളത്തിൽ നൃത്തം ചെയ്യുന്ന താണ്ഡവനടരാജൻ വിരക്തഭാവത്തിന്റെ പ്രതീകാത്മകമായ ചിത്രണമാണ്. പുരാണശിവനെ പരോക്ഷമായി മാത്രമേ ഇവിടെ ധ്വനിപ്പിക്കുന്നുള്ളൂ. ഈശൻ പ്രപഞ്ചസ്രഷ്ടാവായ സർവേശ്വരൻതന്നെയാണ്.

നമ്മുടെ സങ്കല്പസൂനങ്ങളാണ് ഈശന് അർച്ചനയായി നൽകുന്നത്. മനോതലത്തിലാണ് ഈ പൂജ നടക്കുന്നത്. അർപ്പണത്തോടുകൂടിവേണം സങ്കല്പങ്ങളേയും കർമ്മങ്ങളേയും ഈശനു സമർപ്പിക്കേണ്ടത്. അതിലൂടെ ഇന്ദ്രിയങ്ങളിൽ പറ്റിനിൽക്കുന്ന കാമനകളെ ഇല്ലാതാക്കാൻ കഴിയും. കാമനകളാണ് ലോകത്തിൽ നമ്മെ ബന്ധിപ്പിക്കുന്നത്. കാമനകൾ താപസ്വഭാവികളാണ്. താപം ചൂടാണ്. താപമാണ് മനുഷ്യനെ ക്ഷുബ്ധനാക്കുന്നത്. ഇന്ദ്രിയങ്ങളുടെ ചൂടാറിയാൽ ഇന്ദ്രിയങ്ങളിൽ സമാധി കൈവരും. സമനില കൈവരും.

ഈശ്വരസമർപ്പണം ആയാസരഹിതമാകുമ്പോൾ സകല ബന്ധനങ്ങളും അഴിഞ്ഞുമാറും. അന്തക്കരണത്തിൽ പിരിമുറുക്കങ്ങൾ സൃഷ്ടിച്ചിരുന്ന ചൂടെല്ലാം തണുത്തുറഞ്ഞ് ശാന്തിദായകമായ ഒരനുഭവത്തെ ഉള്ളിലുണർത്തും. അത് ഈശ്വരാനുഭവമാണ്. ഈശ്വരാനുഭവം ഉണ്ടാകുമ്പോൾ നാം ബാഹ്യലോകത്തെ മറക്കുന്നു. നാം ഒരു ആശ്ചര്യപരതയിൽ മതിമറന്ന് ഭ്രാന്തനെപ്പോലെ ജീവിച്ചെന്നു വരാം. കേവലത്തിൻ മഹിമയിൽനിന്നും മുന്നോട്ടു പോകണം. മതങ്ങൾ ദൈവത്തിന്റെ കേവലമഹിമയെ വാഴ്ത്തുന്ന ദ്വന്ദ്വാധിഷ്ഠിത സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. അവിടെയും നാം അന്വേഷണത്തെ നിറുത്തുവാൻ പാടില്ല. വീണ്ടും വീണ്ടും പൂർണ്ണമായ നില കൈവരിക്കുന്നതുവരെ ആഴങ്ങളിലേക്കു പൊയ്കൊണ്ടിരിക്കണം. രണ്ടെന്നുള്ള ഭാവം ഇല്ലാതാകുന്നതുവരെ ആദിമഹസ്സിൽ ആഴണം. ആത്മസാക്ഷാത്ക്കാരം അതുകൊണ്ട് മതാതീതമാണ്. ■

# 14



**ത്രിഭുവനസീമ കടന്നു തിങ്ങിവിങ്ങും**
**ത്രിപുടി മുടിഞ്ഞു തെളിഞ്ഞിടുന്ന ദീപം**
**കപടയതിക്കു കരസ്ഥമാകുവീലെ-**
**ന്നുപനിഷദുക്തി രഹസ്യമോർത്തിടേണം.**

| | | |
|---|---|---|
| ത്രിഭുവനസീമ കടന്ന് | - | ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി എന്നീ മൂന്നുലോകങ്ങൾക്കുമപ്പുറത്ത് |
| തിങ്ങിവിങ്ങും | - | നിറഞ്ഞുപ്രകാശിക്കുന്നതായ |
| ത്രിപുടി മുടിഞ്ഞു | - | ത്രിപുടിയുടെ നാശത്തിലൂടെ മാത്രം |
| തെളിഞ്ഞിടുന്ന ദീപം | - | സാക്ഷാത്കരിക്കാവുന്ന ആത്മദീപം |
| കപടയതിക്ക് | - | കള്ളസന്ന്യാസിക്ക് |
| കരസ്ഥമാകുവീല | - | അനുഭവവേദ്യമാവുകയില്ല |
| എന്ന | - | എന്ന തരത്തിലുള്ള |
| ഉപനിഷദുക്തിരഹസ്യം | - | ഉപനിഷത്തിൽ പറഞ്ഞിരിക്കുന്ന രഹസ്യമായ ദർശനം |
| ഓർത്തിടേണം | - | എപ്പോഴും ഓർക്കണം. |

നമ്മുടെ അനുഭവങ്ങൾക്ക് മൂന്ന് അതിർത്തികൾ കല്പിക്കാം. ഒന്ന് ഉണർന്നിരിക്കുമ്പോൾ അനുഭവിക്കുന്ന ലോകമാണ്. ഈ അവസ്ഥയെ ജാഗ്രദവസ്ഥ എന്നാണ് പറയുക. ഈ അവസ്ഥയിൽ ഇന്ദ്രിയങ്ങളും പ്രപഞ്ചവും തമ്മിൽ ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. രണ്ടാമത്തെ അവസ്ഥ സ്വപ്നമാണ്. സ്വപ്നം കാണുന്ന സമയത്ത് ഇന്ദ്രിയങ്ങൾ പ്രവർത്തനനിരതമല്ല. എന്നാൽ നല്ല ഉറക്കവുമല്ല. സ്വപ്നം കാണുന്ന ആളുടെ ഉള്ളിലെ പൂർവസ്മരണകളാണ് സ്വപ്നങ്ങളായി അനുഭവിച്ചുകൊണ്ടിരിക്കുന്നത്. മൂന്നാമത്തെ അവസ്ഥയെ സുഷുപ്തി എന്നാണ് പറയുക. അതായത് നല്ല ഉറക്കം. ഉറക്കത്തിൽ ഒന്നുംതന്നെ അറിയുകയില്ല. എന്നാൽ ഉറക്കത്തിൽനിന്നും ഉണർന്നാൽ സുഖമായി ഉറങ്ങി എന്ന തോന്നൽ ഉണ്ടാകും. ഉണർന്നതിനു ശേഷമേ അങ്ങനെയുള്ള അറിവുണ്ടാവുകയുള്ളൂ.

ഉറങ്ങുന്ന സമയത്ത് ഞാൻ സുഖമായി ഉറങ്ങുന്നു എന്ന് ആരും അറിയുന്നില്ല. ഇത്രയും അനുഭവങ്ങൾ നമുക്കെല്ലാം പരിചിതമാണ്. എന്നാൽ ഒരു ജ്ഞാനിയുടെ ബോധം ഈ മൂന്നു ലോകങ്ങൾക്കും അപ്പുറത്തുള്ള ഒരനുഭവത്തിലാണ് പ്രതിഷ്ഠിതമായിരിക്കുന്നത്. ആ ബോധത്തെ 'തുരീയബോധം' എന്നാണ് ഉപനിഷത്തുകൾ പറയുന്നത്. ത്രിപുടി മുടിഞ്ഞ് തെളിഞ്ഞിടുന്ന ദീപം എന്ന് ശ്രീനാരായണഗുരു വിളിക്കുന്നു. ബോധത്തിന്റെ ജ്ഞാതൃ-ജ്ഞാന-ജ്ഞേയ വിഭജനങ്ങളാണ് ത്രിപുടികളായി അറിയപ്പെടുന്നത്. ത്രിപുടിയുടെ നാശം ബോധോദയമാണ്. ബോധം തെളിയുമ്പോൾ നാംതന്നെ ഒരു സ്വയംപ്രകാശജ്യോതിസ്സായിത്തീരുന്നു.

സന്ന്യാസം പലർക്കും ഒരു വേഷംകെട്ടലാണ്. സന്ന്യാസവൃത്തി ത്യാഗസുരഭിലമായ ജീവിതത്തിന്റെ മാതൃകയായതുകൊണ്ട് ജനങ്ങളുടെ ആദരം സന്ന്യാസികൾക്ക് ലഭിക്കുന്നത് സ്വാഭാവികമാണ്. നമ്മുടെ പൂർവികരായ സന്ന്യാസശ്രേഷ്ഠന്മാരുടെ ജീവിതമാണ് ഭാരതീയസംസ്ക്കാരത്തിന് മാഹാത്മ്യം നേടിത്തന്നത്. അതുകൊണ്ട് സ്വീകാര്യതയും ആദരവും കിട്ടുന്ന ഒരു മേഖലയിലേക്ക് ആളുകൾ താല്പര്യം പ്രകടിപ്പിക്കുന്നത് ലോകസഹജമാണ്. എല്ലാ കാലത്തും ഇത്തരം ആഷാഢഭൂതികൾ ഉണ്ടായിരുന്നു. ശങ്കരാചാര്യരുടെ കാലത്ത് കപടസന്ന്യസിമാർ സമൃദ്ധമായിരുന്നു എന്നതിന്റെ തെളിവാണ് ഭജഗോവിന്ദം എന്ന കൃതിയിൽ "ഉദരനിമിത്തം ബഹുകൃതവേഷം" എന്ന് ഇക്കൂട്ടരെ കളിയാക്കിയത്. വേഷം കെട്ടി നടന്നാലൊന്നും തുരീയാനുഭവം ഉണ്ടാവുകയില്ല. തുരീയാനുഭവത്തിന് തപോനിരതമായ അന്വേഷണവും തപസ്സും വേണം. വയറ്റുപിഴപ്പിനായി വേഷം കെട്ടി നടക്കുന്ന സന്ന്യാസിമാരെ അതുകൊണ്ട് കപടയതികൾ എന്നാണ് പറയുന്നത്. ഉപനിഷത്തിന്റെ പശ്ചാത്തലത്തെ ഓർമ്മിച്ചുകൊണ്ടാണ് ഗുരു ഇക്കാര്യം സ്ഥിരീകരിക്കുന്നത്. ■

# 15



**പരയുടെ പാലുനുകർന്ന ഭാഗ്യവാന്മാർ-**
**ക്കൊരു പതിനായിരമാണ്ടൊരല്പനേരം**
**അറിവപരപ്രകൃതിക്കധീനമായാ-**
**ലരനൊടിയായിരമാണ്ടുപോലെ തോന്നും.**

| | | |
|---|---|---|
| പരയുടെ പാല് | - | പരമാത്മജ്ഞാനത്തിൽനിന്നും ഊറിവരുന്ന ആനന്ദാനുഭവം |
| നുകർന്ന ഭാഗ്യവാന്മാർക്ക് | - | അനുഭവിക്കുന്ന അനുഗൃഹീതർക്ക് |
| ഒരു പതിനായിരമാണ്ട് | - | ഒരു പതിനായിരം വർഷംപോലും |
| ഒരല്പനേരം | - | സ്വല്പനേരമായി അനുഭവപ്പെടും. |
| അറിവ് | - | ബോധം |
| അപരപ്രകൃതിക്ക് | - | ആത്മാവിൽനിന്നന്യമായ പ്രകൃതിക്ക് |
| അധീനമായാൽ | - | വശപ്പെട്ടുപോയാൽ |
| അരനൊടി | - | അരനിമിഷം |
| ആയിരമാണ്ടുപോലെ | - | ഒരായിരം വർഷങ്ങൾപോലെ |
| തോന്നും | - | അനുഭവപ്പെടും. |

കാലം ചലനമാണ്. ചലനം മാറ്റമാണ്. മാറ്റം ശരീരത്തിന്റേയും മനസ്സിന്റേയും പ്രകൃതമാണ്. ചലനത്തിന് വശപ്പെട്ടിരിക്കുന്നത് അജ്ഞാനാവസ്ഥയിലാണ്. ചലനത്തിൽ ജീവന് ബന്ധനം അനുഭവപ്പെടുന്നു. ബന്ധനം ദുഃഖമാണ്. ജ്ഞാനമാണ് ജീവനെ നിശ്ചലമായ ആത്മാവിൽ പ്രതിഷ്ഠിക്കുന്നത്. ആത്മാവ് സ്വരൂപമാണ്. സ്വരൂപം നിശ്ചലമാണ്, സ്ഥിരമാണ്. നിശ്ചലതയിൽ വർത്തിക്കുന്നത് ആനന്ദമാണ്. അനുഭൂതിയാണ്. പരമമായ അനുഭൂതിയിൽ അമർന്നിരിക്കുന്ന ജ്ഞാനികൾക്ക് കാലബോധം ഒരു പീഡനമായി അനുഭവപ്പെടാറില്ല. ആത്മാനുഭൂതി ആനന്ദത്തിന്റെ നിറഞ്ഞുകവിയലാണ്. ആത്മാനുഭൂതിയാണ് പരയുടെ പാല്. അത് അമൃതാണ്. മൃത്യുവിൽനിന്നും ജീവനെ തരണം ചെയ്യിക്കുന്ന രസായനം. എല്ലാവർക്കും അത് അനായാസേന പ്രാപ്യ

മല്ല. ഭാഗ്യവാന്മാർക്കേ അതനുഭവിക്കുവാൻ കഴിയുന്നുള്ളൂ. ഭാഗ്യം ഈശ്വരകൃപയാണ്. അത് മനുഷ്യപ്രയത്നത്തിന്റെ ഫലമായി ലഭിക്കുന്നതല്ല. കൃപയ്ക്ക് പാത്രീഭവിക്കാൻ പ്രത്യേകിച്ചു കാരണം ആവശ്യമില്ല. എന്നാൽ അന്വേഷിക്കുന്നവനേ ഈശ്വരകൃപ തിരിച്ചറിയാൻ കഴിയുകയുള്ളൂ.

ആത്മാനുഭൂതിദശയിൽ ഒരു പതിനായിരം വർഷംപോലും ഒരു നിമിഷം എന്നപോലെ അനുഭവപ്പെടും. എന്നാൽ അജ്ഞാനത്താൽ കാലബോധം ഒരുവനിൽ നിറഞ്ഞിരിക്കുമ്പോൾ ഒരു നിമിഷംതന്നെ ഒരായിരം വർഷങ്ങൾപോലെ ഭാരമുള്ളതായിത്തീരും. കാലം മനസ്സിന്റെ സൃഷ്ടിയാണ്. മനസ്സിൽ സുഖമുണ്ടാകുമ്പോൾ കാലത്തിന് നീളം കുറയും. സമയം പാഞ്ഞുപോകുന്ന അനുഭവമായിരിക്കും. ദുഃഖമുണ്ടാകുമ്പോൾ കാലത്തിനു നീളം കൂടും. സമയം ഇഴഞ്ഞുനീങ്ങുന്നതുപോലെ അനുഭവപ്പെടും. സുഖദുഃഖങ്ങൾ ആപേക്ഷികങ്ങളാണ്. ഈ സത്യം ആധുനിക ശാസ്ത്രം പറയുന്നതിനുമുമ്പേ ഗുരു പറഞ്ഞുകഴിഞ്ഞു.

ആൽബർട്ട് ഐൻസ്റ്റീൻ ഒരു ഉദാഹരണം പറയുന്നുണ്ട്. ചുട്ടുപഴുത്ത ഒരു ലോഹത്തകിടിൽ ഒരാളെ പിടിച്ചിരുത്തിയാൽ അയാൾക്ക് ഒരു നിമിഷംപോലും ഒരായിരം വർഷംപോലെ തോന്നും. എന്നാൽ കാമുകിയുടെ സ്നേഹമസൃണമായ ചുംബനാലിംഗനാദികളിൽ നിർവൃതികൊണ്ടിരിക്കുന്ന ഒരുവന് മണിക്കൂറുകൾ കഴിഞ്ഞുപോയാലും ഒരു നിമിഷംപോലെയേ തോന്നുകയുള്ളൂ. ബോധം തന്നിൽനിന്നും അന്യമായ ഒന്നിൽ വ്യാപരിക്കുന്നതാണ് അവശത. വാസ്തവത്തിൽ കാലത്തിന്റെ മരണമാണ് ആത്മസാക്ഷാത്ക്കാരം. കാലത്തിൽ ജീവിക്കുന്നതാണ് മരണം. മനുഷ്യൻ ലോകത്തിൽ ജീവിക്കുമ്പോഴും മരണത്തിന്റെ ഭീതിയിൽനിന്നും വിമുക്തനല്ല. കാലബോധമാണ് മനുഷ്യനിൽ മൃത്യുഭീതിയെ സൃഷ്ടിക്കുന്നത്. അരനൊടി ആയിരമാണ്ടുപോലെ തോന്നും എന്നത് മനുഷ്യൻ അമർത്യനായിത്തീരുന്നു എന്നതിന്റെ ആലങ്കാരികപ്രയോഗമാണ്. ഈ പദ്യം നിർവൃതിയുടെ നിറഞ്ഞുതൂവലാണ്. ■

# 16



**അധികവിശാലമരുപ്രദേശമൊന്നായ്
നദി പെരുകുന്നതുപോലെ വന്നു നാദം
ശ്രുതികളിൽ വീണു തുറക്കുമക്ഷിയെന്നും
യതമിയലും യതിവര്യനായിടേണം.**

| | | |
|---|---|---|
| അധികവിശാലമരുപ്രദേശം | - | വളരെ വിശാലമായ മരുഭൂമിയിൽ |
| ഒന്നായ് | - | ആകവേ |
| നദിപെരുകുന്നതുപോലെ | - | നദി കരകവിഞ്ഞൊഴുകുന്നതുപോലെ |
| നാദം വന്ന് | - | പ്രണവധ്വനി ഉറവപൊട്ടി വന്ന് |
| ശ്രുതികളിൽ വീണ് | - | ഉൾക്കാതിൽവീണ് |
| തുറക്കും അക്ഷി | - | അകക്കണ്ണു തുറപ്പിക്കുന്നു. |
| എന്നും യതമിയലും | - | ഇതിന് എപ്പോഴും യമനം ശീലമാക്കിയ |
| യതിവര്യൻ ആയിടേണം | - | സന്ന്യാസിശ്രേഷ്ഠൻ ആയിരിക്കണം. |

ആത്മാനുഭവത്തെ കാവ്യാത്മകമായാണ് ഗുരു അവതരിപ്പിക്കുന്നത്. വിശാലമായി പരന്നു കിടക്കുന്ന മണൽപ്പരപ്പ്. ആ മണൽപ്പരപ്പ് ചൂടുകൊണ്ടു തപിച്ചിരിക്കുകയാണ്. പെട്ടെന്ന് ആ മരുഭൂമി മുഴുവൻ നിറഞ്ഞുപരന്നൊഴുകുന്ന ജലപ്രവാഹം ഉറവ പൊട്ടിവരികയാണെങ്കിൽ ആ അനുഭവം നമ്മുടെ സങ്കല്പത്തെ പോലും അതിശയിപ്പിക്കുന്നതാണ്. മരുഭൂമിയുടെ തപ്തഹൃദയത്തിൽ നദിയുടെ നനവ് പടർന്ന് സുഖശീതളിമ പകരുന്ന അനുഭൂതി. അതുപോലെയാണ് അന്തരാത്മാവിൽ നാദം ഉതിർന്നു വന്ന് ഉൾക്കാതുകളിൽവീണ് ജ്ഞാനചക്ഷുസ്സിനെ തുറന്നുതരുന്നത്. അവാച്യസുന്ദരമായ ആത്മാനുഭൂതിയാണ് ഗുരു ഈ ശ്ലോകത്തിലൂടെ പകർന്നുതരുവാൻ ശ്രമിക്കുന്നത്. നമ്മുടെ രണ്ടു കാതുകൾക്കുമപ്പുറത്ത് അറിവിന്റെ മാധുര്യമൂറുന്ന നാദം ശ്രവിക്കുന്ന ഒരു ശ്രോത്രമുണ്ട്. ആ ശ്രോത്രം ഉണരണമെങ്കിൽ ശ്രദ്ധ വേണം. ശ്രദ്ധ ആത്മാവിൽ ഉറച്ചിരിക്കുന്ന ബുദ്ധിയാണ്. ശ്രദ്ധ ഉൾക്കാതിനെ ആദ്യം തുറക്കുന്നു. ആതോടൊപ്പംതന്നെ ഉൾക്കണ്ണും

തുറക്കുന്നു. ഇവിടെ പറയുന്ന കണ്ണ് ജ്ഞാനചക്ഷുസ്സാണ്. സമസ്തതയിലും ആത്മസാന്നിദ്ധ്യം ദർശിക്കുന്ന കണ്ണാണ് ജ്ഞാനചക്ഷുസ്സ്. ആത്മസംയമനം ശീലമാക്കിയ ഒരു സന്ന്യാസിവര്യന് മാത്രമേ ഈ അനുഭൂതി കൈവരികയുള്ളു. നേരത്തേ പറഞ്ഞ കപടസന്ന്യാസിക്ക് ഈ അനുഭവത്തിന്റെ വെളിവുണ്ടായിരിക്കുകയില്ല.

അധികവിശാല മരുപ്രദേശം അനന്തമായ ബോധത്തിന്റെ വ്യാപ്തിയെയാണ് വ്യഞ്ജിപ്പിക്കുന്നത്. നദിയുടെ ശീതസേചനംകൊണ്ടാണ് തന്നിലെ ആനന്ദാനുഭൂതിയെ തിരിച്ചറിയാൻ മരുഭൂമിക്ക് കഴിഞ്ഞത്. നാമെല്ലാം ജീവിതത്തെ മരുഭൂമി കണക്കെ തപിച്ചു തീർക്കുന്നവരാണ്. ദുഃഖമാണ് ജീവിതത്തെ ചൂഴ്ന്നു നില്ക്കുന്ന യാഥാർത്ഥ്യമെന്ന് ശ്രീബുദ്ധൻ പറഞ്ഞത് ഈ അർത്ഥത്തിലാണ്. അപൂർവം ചിലർക്ക് ഗുരുകൃപകൊണ്ട് ആത്മാവിന്റെ സുഖശീതളിമയിൽ അമർന്നിരിക്കുവാൻ സൗഭാഗ്യം ലഭിക്കുന്നു. പ്രണവമാണ് നദിയായി ആത്മാവിൽ ഒഴുകുന്നത്. പ്രണവത്തെ നാദം എന്നു വിവക്ഷിക്കാൻ കാരണം പൂർണത പ്രാപിച്ച ജീവൻ സംഗീതാത്മകമാണെന്നു പറയാൻ കൂടിയാണ്. ലോകവിഷയങ്ങളുമായി മുട്ടിയുരുമ്മി ജീവിക്കുന്ന സാമാന്യ മനുഷ്യരിൽ ഈ സംഗീതം മറഞ്ഞുപോയതിന്റെ വൈരസ്യമാണ് നാമിവിടെ കാണുന്നത്. ആളുകൾക്ക് അല്പംനേരംപോലും രസത്തോടെ വെറുതെയിരിക്കുവാൻ കഴിയുന്നില്ല. വെറുതെയിരിക്കുമ്പോൾ മനുഷ്യർ മുഷിഞ്ഞുപോകുന്നു. ബാഹ്യലോകത്തെ വിനോദോപാധികളെല്ലാം മനുഷ്യന്റെ മുഷിപ്പിൽനിന്നുള്ള മോചനത്തിനുവേണ്ടിയാണ്. പ്രണവമുണർന്ന നാദയോഗികൾ ആത്മാവിന്റെ സംഗീതത്തിൽ ധ്യാനനിരതമായി അഭിരമിക്കുന്നു. ഈ ആനന്ദം നിരുപാധികമാണ്. യോഗിയുടെ ആനന്ദം നിർദോഷമാണ്. ശിശുക്കളുടെ ക്രീഡപോലെയാണത്. ■

# 17



**അഴലെഴുമഞ്ചിതളാർന്നു രണ്ടു തട്ടായ്-**
**ച്ചുഴലുമനാദിവിളക്കു തൂക്കിയാത്മാ**
**നിഴലുരുവായെരിയുന്നു നെയ്യതോ മുൻ-**
**പഴകിയ വാസന വർത്തി വൃത്തിയത്രേ.**

| | | |
|---|---|---|
| അഞ്ചിതളാർന്ന് | - | അഞ്ചു നാളങ്ങളോടു കൂടി |
| രണ്ടു തട്ടായ് | - | സ്ഥൂലം, സൂക്ഷ്മം എന്നീ രണ്ടു തട്ടുകളായി |
| അഴലെഴും | - | കത്തിക്കൊണ്ടിരിക്കുന്ന, |
| ചുഴലും | - | ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കുന്ന |
| അനാദിവിളക്ക് | - | ആദിയില്ലാത്ത ഒരു ദീപം |
| തൂക്കി | - | തൂക്കിയിട്ടിരിക്കുന്നതുപോലെ |
| ആത്മാ | - | ആത്മാവ് |
| നിഴൽ ഉരുവായ് | - | നിഴലായ ശരീരം ഏന്തികൊണ്ട് |
| എരിയുന്നു | - | കത്തിക്കൊണ്ടിരിക്കുന്നു. |
| നെയ്യ് അതോ | - | വിളക്കെരിയാനുള്ള നെയ്യാണെങ്കിലോ |
| മുൻ പഴകിയ വാസന | - | മുമ്പേ നമ്മിൽ കുടികൊള്ളുന്ന പഴക്കംചെന്ന കർമ്മവാസനകളാണ്. |
| വർത്തി | - | ആ വിളക്കിലെ തിരികളാകട്ടെ, |
| വൃത്തിയത്രേ | - | ചിത്തവൃത്തികളാണ്. |

ഒരു തിരശ്ശീലയിൽ തെളിയുന്ന ചലച്ചിത്രംപോലെയാണ് ഗുരു ഈ ശ്ലോകം ചമച്ചിരിക്കുന്നത്. അനാദിയായ ആത്മാവ് ഒരു വിളക്കുപോലെ ഓരോരുത്തരിലും എരിഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. ഒരേയൊരു ആത്മാവ് എരിയുമ്പോൾ ഒരു നാളമേ പാടുള്ളൂ. എന്നാൽ മായയുടെ ശക്തികളായ ആവരണവും വിക്ഷേപവും നിമിത്തം ആത്മാവിന് അഞ്ചു നാളങ്ങൾ ഉള്ളതുപോലെ തോന്നിപ്പിക്കുന്നു. അഞ്ചു നാളങ്ങൾ എന്നു പറയുന്നത് മനുഷ്യശരീരത്തിലെ അഞ്ചു ജ്ഞാനേന്ദ്രിയങ്ങളിലൂടെയുള്ള അനുഭവങ്ങളാണ്. ചെവിയിലൂടെ ശബ്ദനാളവും ത്വക്കിലൂടെ സ്പർശനാളവും

കണ്ണിലൂടെ രൂപനാളവും നാവിലൂടെ രസനാളവും മൂക്കിലൂടെ ഗന്ധനാളവും പ്രകാശിക്കുന്നു. ജ്ഞാനേന്ദ്രിയങ്ങളിലൂടെ ആത്മ ദീപം പ്രകാശിക്കുമ്പോഴാണ് നാം കേൾക്കുന്നതും സ്പർശി ക്കുന്നതും കാണുന്നതും രുചിക്കുന്നതും മണക്കുന്നതും ഒക്കെ. ഈ ദീപത്തിനാകട്ടെ, രണ്ടു തട്ടുകളുണ്ട്. ഒന്നു മാനസികം (conceptual) രണ്ടാമത്തേത് ഐന്ദ്രിയം (perceptual). ഐന്ദ്രിയമാ യത് സ്ഥൂലമായ തട്ടാണ്. ഇന്ദ്രിയത്തിന്റെ മുമ്പിൽ ഒരു വിഷയം വന്നുനിൽക്കുമ്പോൾ മനസ്സാണ് ആ വിഷയത്തെ നിർണ്ണയിച്ചു മനസ്സിലാക്കാനുള്ള സന്നാഹങ്ങളൊക്കെ ഒരുക്കിക്കൊടുക്കുന്ന ത്. ഇന്ദ്രിയങ്ങൾ വിഷയത്തെ സാമാന്യമായി മനസ്സിലാക്കുകയും മനസ്സ് വിശേഷമായി നിർവചിക്കുകയും ചെയ്യുന്നു. ഉദാഹരണ ത്തിന് ഒരു മാമ്പഴം കാണുമ്പോൾ അത് ഇന്ദ്രിയങ്ങൾക്ക് നല്കു ന്നത് മാമ്പഴം എന്ന സാമാന്യബോധമാണ്. മനസ്സിന്റെ രംഗപ്ര വേശമുണ്ടാകുമ്പോൾ കൂടുതൽ കൃത്യതയോടെ മാമ്പഴം മൽഗോ വയാണോ നീലനാണോ മൂവാണ്ടനാണോ എന്നു സവിശേഷ മായി നിർണയിക്കുന്നു. മനസ്സിൽ പൂർവാർജ്ജിതമായ വാസനക ളാണ് ലോകനിർണയത്തിനുവേണ്ടി കരുക്കളായിരിക്കുന്നത്.

ആത്മദീപം പ്രകാശിക്കുന്നത് നിഴലുരുവേന്തിയാണ്. നിഴലുരു എന്നു പറഞ്ഞാൽ തിരശ്ശീലയിൽ മിന്നിമറഞ്ഞുപോകുന്ന ഛായാചിത്രങ്ങൾപോലെ എന്നേ അർത്ഥമുള്ളൂ. ഈ വിളക്കെരി യുവാൻ ഇന്ധനമായ നെയ്യ് വളരെ പഴക്കംചെന്ന പൂർവകർമ്മ സംസ്കാരങ്ങളാണ്. പൂവിൽ മണമെന്നപോലെ ഇവ ചിത്തത്തിൽ വസിക്കുന്നതുകൊണ്ടാണ് വാസന എന്നു വിളിക്കുന്നത്. നെയ്യിൽ തിരിയെന്നപോലെ വാസനകളിൽ ചിത്തവൃത്തികളാണ് കത്തിക്കൊണ്ടിരിക്കുന്നത്. വിഷയസംഗം ഉണ്ടാകുമ്പോൾ ബോധം വിഷയത്തിന്റെ ആകാരം കൈക്കൊണ്ട് ജീവനിൽ വിക്ഷോഭ ങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കും, കടലിൽ തിരയടിക്കുംപോലെ. ഇവയെയാണ് ചിത്തവൃത്തികൾ എന്നു പറയുന്നത്. ആത്മാവ് അഞ്ചിന്ദ്രിയങ്ങളിലൂടെ മനസ്സിന്റെ പശ്ചാത്തലത്തിൽ പ്രതിഫലിച്ചു പ്രകാശിക്കുന്ന ഒരു മനോഹരചിത്രം ഈ ശ്ലോകത്തിലൂടെ ഗുരു നമുക്കു പകർന്നുതരുന്നു. ■

# 18



**അഹമിരുളല്ലിരുളാകിലന്ധരായ് നാ-**
**മഹമഹമെന്നറിയാതിരുന്നിടേണം**
**അറിവതിനാലഹമന്ധകാരമല്ലെ-**
**ന്നറിവതിനിങ്ങനെയാർക്കുമോതിടേണം.**

| | | |
|---|---|---|
| അഹം ഇരുളല്ല | - | ആത്മബോധം ഇരുളല്ല. |
| ഇരുളാകിൽ | - | ഇരുട്ടായിരുന്നെങ്കിൽ, |
| അന്ധരായ് നാം | - | ഉൾക്കാഴ്ചപോലും പോയി |
| അഹം അഹം എന്ന് | - | ഞാൻ ഉണ്ട് ഞാൻ ഉണ്ട് എന്നുകൂടി |
| അറിയാതിരുന്നിടേണം | - | അറിയാതിരിക്കണമായിരുന്നു. |
| അറിവതിനാൽ | - | എന്നാൽ ഞാനുണ്ട് എന്ന അറിവിനെ നിഷേധിക്കാനാവാത്തതിനാൽ |
| അഹം അന്ധകാരമല്ലെന്ന് | - | ആത്മാവായ ഞാൻ ഇരുട്ടല്ലെന്ന് |
| അറിവതിന് | - | ബോധ്യം വരുത്തുന്നതിനുവേണ്ടി |
| ഇങ്ങനെ | - | ഇപ്രകാരം |
| ആർക്കും | - | എല്ലാവരോടും |
| ഓതിടേണം | - | വെളിപ്പെടുത്തിക്കൊടുക്കണം. |

ഓരോരുത്തരും അവരവരെക്കുറിച്ചു പറയുമ്പോൾ ഞാൻ എന്ന സർവനാമം ഉപയോഗിച്ചാണ് സംസാരിക്കാറ്. ഞാൻ പോകുന്നു, ഞാൻ നടക്കുന്നു, ഞാൻ കിടക്കുന്നു എന്നിങ്ങനെ. ഇവിടെ ഞാൻ എന്ന വിവക്ഷ ശരീരത്തിന്റെ ചലനങ്ങളുമായി ബന്ധപ്പെട്ടുള്ള താദാത്മ്യത്തിൽനിന്നാണ് ഉടലെടുക്കുന്നത്. ഞാൻ ആനന്ദിക്കുന്നു, ഞാൻ അറിയുന്നു, ഞാൻ സ്നേഹിക്കുന്നു, ഞാൻ വെറുക്കുന്നു എന്നു നാം പറയുമ്പോൾ ഇവിടെ ഞാൻ സൂക്ഷ്മതലത്തിലാണ് പ്രവർത്തിക്കുന്നത്. വെറുപ്പും സ്നേഹവും എല്ലാം മാനസികതലങ്ങളിലുള്ള വികാരങ്ങളാണ്. ഞാൻ അപ്പോൾ മനസ്സുമായി താദാത്മ്യപ്പെട്ട ഒരു ഏകകമാണ്. കുറച്ചുകൂടി ആഴത്തിലേക്ക് നാം അന്വേഷിച്ചുപോകുമ്പോൾ ശരീരത്തിൽനിന്നും മനസ്സിൽനിന്നും വ്യതിരിക്തമായി ഞാനിന് നില

നിൽക്കാൻ കഴിയുമെന്ന് അനുഭവമാകും. ആ ഞാൻ ശുദ്ധമായ ആത്മാവാണ്. അറിവാണ്. ആ ഞാൻ സദാ സുഖിയാണ്. ഞാൻ ഉണ്ട് എന്ന സത്യം ആർക്കും നിഷേധിക്കാൻ കഴിയുന്നില്ല. ഞാൻ ഇല്ല എന്നു പറയണമെങ്കിൽപോലും ഞാൻ ഉണ്ടായിരിക്കണം. ഞാൻ ഉണ്ടെന്നറിയാനും ഇല്ലെന്നറിയാനും ഞാൻ ഉണ്ടായിരിക്കണം. അതുകൊണ്ടാണ് ഗുരു ഊന്നിപ്പറയുന്നത് ഞാൻ അജ്ഞാനമാകുന്ന കൂരിരുട്ടല്ലെന്ന്. അജ്ഞാനത്തിൽ അറിവ് അശേഷം പ്രകാശിക്കുകയില്ല. കൂരിരുട്ടത്ത് ഒരു ദൃശ്യവും തെളിയാത്തതുപോലെത്തന്നെ. നാം ഓരോരുത്തരിലും നല്ല ഉറക്കത്തിൽപോലും സുഖമായി വർത്തിക്കുന്ന ഞാൻ ഉണ്ട്. ആ ഉണ്മ സുഷുപ്തിക്കുപോലും സാക്ഷിചൈതന്യമായാണ് വർത്തിക്കുന്നത്. ഞാൻ അറിവിന്റെ നിറഞ്ഞ വെളിച്ചമാണ്. ഞാൻ കൂരിരുട്ടാണെങ്കിൽ ഞാൻ, ഞാൻ എന്നുള്ള ബോധംപോലും ഉണ്ടാകുവാൻ പാടില്ലായിരുന്നു. എന്നാൽ അങ്ങനെ അല്ലല്ലോ? ഞാൻ രസിക്കുന്നു, ഞാൻ ദുഃഖിക്കുന്നു എന്നെല്ലാം പറയുമ്പോഴൊക്കെയും ഞാൻ അവിടെ പ്രകാശിക്കുന്നുണ്ട്.

അതുകൊണ്ട് എല്ലാവർക്കും അറിഞ്ഞിരിക്കാൻവേണ്ടി പറഞ്ഞുകൊടുക്കേണ്ട ഒന്നാണ് ഞാൻ ആത്മാവാണെന്ന്. അത് ഒരു ഇരുണ്ട വസ്തുവല്ലെന്ന്. ആത്മാവ് സ്വയംപ്രകാശമാണ്. അതിന്റെ ഉണ്മയെ തള്ളിക്കളയാനാവില്ല; വെളിച്ചത്തിന്റെ ഉണ്മയെ ഇരുട്ടിന് നിരാകരിക്കാനാവാത്തതുപോലെ. അതുകൊണ്ട് നാം വീണ്ടും വീണ്ടും പറയണം: ഞാൻ അജ്ഞാനമല്ല, ഞാൻ ജ്ഞാനമാണ്. ഞാൻ ഇരുട്ടല്ല, ഞാൻ വെളിച്ചമാണ്. ഞാൻ ദുഃഖമല്ല, ഞാൻ ആനന്ദമാണ്. ഞാൻ ശൂന്യതയല്ല, ഞാൻ നിറവാണ് എന്ന്. ''സർവം ഹി സച്ചിദാനന്ദം നേഹ നാനാസ്തി കിഞ്ചന.'' - ഇവിടെ സച്ചിദാനന്ദം മാത്രമേയുള്ളൂ. നാനാത്വങ്ങൾ ഒന്നുംതന്നെയില്ല എന്നു ശ്രീനാരായണഗുരു ദർശനമാലയിൽ പറയുന്നു. ജനങ്ങളെ ബോധിപ്പിക്കുവാനായി ഗുരു കൊടുക്കുന്ന ഏറ്റവും വലിയ ഉപദേശം വെളിച്ചത്തെ തേടി നിങ്ങൾ ഒരിടത്തും അലയേണ്ട എന്നാണ്. കാരണം ആ വെളിച്ചം നിങ്ങൾതന്നെയാണ്. ഒരിക്കൽപോലും അണയാതെ ജ്വലിക്കുന്ന നിങ്ങളുടെ നിജസ്വരൂപം....... ■

# 19



**അടിമുടിയറ്റമതുണ്ടിതുണ്ടതുണ്ടെ-**
**ന്നടിയിടുമാദിമസത്തയുള്ളതെല്ലാം**
**ജഡമിതു സർവമനിത്യമാം ജലത്തിൻ-**
**വടിവിനെ വിട്ടു തരംഗമന്യമാമോ?**

| | | |
|---|---|---|
| അടി | - | അടിയിലുള്ളതാണ് സത്യം |
| മുടി | - | ഉന്നതിയിലുള്ളതാണ് സത്യം |
| അറ്റം | - | അറ്റത്തുള്ളതാണ് സത്യം |
| അതുണ്ട് | - | അതു ഉള്ളതുതന്നെയാണ് |
| ഇതുണ്ട് | - | ഇതു ഉള്ളതുതന്നെയാണ് |
| അതുണ്ട് | - | അതല്ല, മറ്റൊന്നാണ് ഉള്ളത് |
| എന്ന് അടിയിടും | - | ഇങ്ങനെ മനുഷ്യർ വെറുതേ സത്യത്തെച്ചൊല്ലി വാദിക്കുന്നു. |
| ആദിമസത്ത | - | എല്ലാറ്റിന്റേയും ആദിയായ ആത്മസത്തതന്നെയാണ് |
| ഉള്ളതെല്ലാം | - | ബഹുവിധമായി ഇവിടെ കാണുന്ന നാമരൂപങ്ങളെല്ലാം. |
| ഇതു സർവം | - | ഇക്കാണാവുന്നതെല്ലാം |
| അനിത്യമാം | - | നാശമുള്ളതായ |
| ജഡം | - | ജഡമാണ്. |
| ജലത്തിൻ വടിവിനെ വിട്ട് | - | ജലത്തിന്റെ സത്തയിൽനിന്നും |
| തരംഗം | - | തിര |
| അന്യമാമോ? | - | വേറിട്ടിരിക്കുന്നതാണോ? |

ഈ പ്രപഞ്ചം മുഴുവനും ഒരേയൊരു സത്തയുടെ നാനാവിധമായ ആവിഷ്കാരങ്ങളാണ്. ആകാശത്തിലും ഭൂമിയിലും അന്തരിക്ഷത്തിലുമായി എണ്ണമറ്റ വസ്തുക്കളെ നാം ഇന്ദ്രിയങ്ങൾകൊണ്ട് കാണുന്നുണ്ട്. ആകാശത്തിലെ നക്ഷത്രങ്ങളും ഭൂമിയിലെ കല്ലും മണ്ണും വൃക്ഷലതാദികളും സാഗരവും മരുഭൂമിയും മൃഗങ്ങളും മനുഷ്യരും എല്ലാം ഈ ആദിമസത്തയുടെ ആവിഷ്കാരങ്ങളാണ്. ആവിഷ്കൃതമായ എല്ലാറ്റിനും ഓരോ

രൂപമുണ്ട്. രൂപത്തെ നാം അറിയുന്നത് നാമകരണം ചെയ്താണ്. അങ്ങനെയാണ് എണ്ണമറ്റ നാമങ്ങളും എണ്ണമറ്റ രൂപങ്ങളും ചേർന്ന വ്യാവഹാരികപ്രപഞ്ചം സംജാതമാകുന്നത്. നാമരൂപങ്ങളുടെ ബാഹുല്യത്താൽ നാം ആദിമസത്തയെ വിസ്മരിച്ചുപോകുന്നു. എന്നിട്ട് വാക്കുകളുടെ മായാജാലത്തിൽപെട്ടിട്ടെന്നപോലെ സത്യത്തെച്ചൊല്ലി തർക്കിക്കാൻ തുടങ്ങുന്നു.

കണ്ണുകൊണ്ടു കാണുന്ന ഒന്നിനെ മാത്രമേ ഞാൻ സത്യമായി വിശ്വസിക്കുകയുള്ളൂ എന്നൊരാൾ ശഠിക്കുന്നു. അപ്പോൾ വേറൊരാൾ പറയുന്നു, ദൈവം ഉന്നതങ്ങളിൽ മറഞ്ഞിരിക്കുന്നു എന്ന്. ഇനിയൊരാൾ പറയുന്നു, അതുള്ളതല്ല, ഇതാണ് ഉള്ളത് എന്ന്. ആ മതം ശരിയല്ല, ഈ മതം ശരിയെന്ന് വേറൊരു കൂട്ടർ. അങ്ങനെ പറഞ്ഞുപറഞ്ഞ് തർക്കത്തിലേക്കും അടിപിടിയിലേക്കും അവസാനം യുദ്ധത്തിലേക്കും രക്തച്ചൊരിച്ചിലിലേക്കും നയിക്കുന്ന വാദപ്രതിവാദങ്ങളുടെ അർത്ഥശൂന്യത ഗുരു എടുത്തുകാണിക്കുകയാണ് ഈ പദ്യത്തിലൂടെ ചെയ്യുന്നത്. ഉള്ളത് ആദിമസത്ത മാത്രം. അടി-മുടി, അവിടെ-ഇവിടെ, അതുണ്ട്-ഇതുണ്ട് എന്നതൊക്കെ വെറും ശബ്ദജാലങ്ങൾ മാത്രം. അതുകൊണ്ടാണവയെ ജഡം എന്നു പറയുന്നത്. ജഡവസ്തുക്കൾ അല്പായുസ്സുകളാണ്.

ഒരു തിരയ്ക്ക് എത്രനേരം ജലത്തിൽ പൊങ്ങിനിൽക്കാൻ കഴിയും? അല്പനേരം മാത്രം. കുറച്ചു കഴിഞ്ഞാൽ വന്നിടത്തേക്കുതന്നെ തിര തിരിച്ചുപോകും. തിര എവിടെനിന്നാണ് വന്നത്? ജലത്തിൽനിന്ന്. ജലമാണ് തിരയുടെ ആദിമസത്ത. ജലത്തിൽനിന്ന് വേറിട്ടൊരു അസ്തിത തിരയ്ക്കില്ല. തിര അനിത്യമാണ്. ജലം നിത്യമാണ്. ഇതൊരു ഉദാഹരണം മാത്രമാണ്. ഈ ഉദാഹരണത്തിലൂടെ ആത്മസത്തയുടെ നിത്യത്വവും നാമരൂപങ്ങളുടെ അനിത്യത്വവും ഗുരു വ്യക്തമാക്കുന്നു. എല്ലാ തർക്കങ്ങളും അജ്ഞാനത്തിൽനിന്നും ജനിക്കുന്നതാണ്. ജ്ഞാനത്തിൽ തർക്കം ഒഴിഞ്ഞുപോകുന്നു. ബോധം തെളിവുറ്റ സത്യത്തെ ദർശിക്കുന്നു. വിദ്വാൻ ന അതിവാദീ ഭവതി - ജ്ഞാനി അതിവാദം ചെയ്യുന്നില്ല എന്ന് മുണ്ഡകോപനിഷത്ത് എടുത്തു പറയുന്നു. ■

# 20



**ഉലകിനു വേറൊരു സത്തയില്ലതുണ്ടെ-**
**ന്നുലകരുരപ്പതു സർവമൂഹഹീനം**
**ജളനു വിലേശയമെന്നു തോന്നിയാലും**
**നലമിയലും മലർമാല നാഗമാമോ?**

| | | |
|---|---|---|
| ഉലകിന് | - | നാമരൂപാത്മകമായ പ്രപഞ്ചത്തിന് |
| വേറൊരു സത്തയില്ല | - | ആത്മസത്തയിൽനിന്നും ഭിന്നമായി വേറൊരു സത്തയില്ല. |
| അതുണ്ടെന്ന് | - | ഇവിടെകാണുന്ന ഓരോന്നിനും വേറെവേറെ ഉണ്മയുണ്ടെന്ന് |
| ഉലകർ ഉരപ്പത് | - | ജനങ്ങൾ പറഞ്ഞുപോരുന്നത് |
| സർവം | - | എല്ലാം |
| ഊഹഹീനം | - | യുക്തിയുക്തമല്ല. |
| ജളന് | - | അജ്ഞാനിക്ക് |
| വിലേശയം | - | പാമ്പ് |
| എന്നു തോന്നിയാലും | - | ഉണ്ടെന്നു തോന്നിയാലും |
| നലം ഇയലും | - | ചേതോഹരമായ |
| മലർമാല | - | പൂമാല |
| നാഗമാമോ? | - | പാമ്പായി മാറുമോ? |

എല്ലാ മനുഷ്യരും യോഗാത്മകമായി ചിന്തിക്കുന്നവരല്ല. യോഗാത്മകവിചാരം തത്ത്വചിന്താലോകത്ത് ഭാരതത്തിന്റെ തനതായ സംഭാവനയാണ്. കാഴ്ചപ്പാടിനെ സമഗ്രവും സമീകൃതവുമാക്കുക യോഗാത്മകവിചാരത്തിന്റെ പ്രത്യേകതയാണ്. ഏതൊരു ചിന്തയുടെയും സമഗ്രതക്ക് വ്യക്തമായ ഒരു അടിത്തറ ഉണ്ടായിരിക്കണം. പ്രപഞ്ചത്തെക്കുറിച്ച് വിചാരം നടത്തിയ ഭാരതീയ ഋഷികൾ ചെന്നെത്തിയത് ഒരേയൊരു കാരണത്തിൽനിന്നാണ് കാര്യരൂപങ്ങളായ ഈ പ്രപഞ്ചം ആവിർഭൂതമായി കാണപ്പെടുന്നതെന്ന നിശ്ചയത്തിലാണ്. പ്രപഞ്ചകാരണത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ചിന്തിച്ചാൽ മാത്രമേ ചിന്ത സമഗ്രമാ

വുകയുള്ളൂ. ഗുരു ഉലകിന്റെ സത്തയെ സർവസമാശ്ലേഷിയായ ആദിമകാരണമായി എടുത്തുകാണിക്കുന്നു. നാനാത്വങ്ങൾക്കെല്ലാം ഇരിപ്പിടം നൽകുന്ന ഈ ഏകസത്തയിൽ സമന്വയിക്കാത്ത വിചാരമെല്ലാം യുക്തിഹീനമാണ്. ഗുരു ഊഹഹീനം എന്നാണ് പറഞ്ഞിരിക്കുന്നത്. പരമകാരണമായ ആത്മസത്തയിൽ എല്ലാറ്റിനേയും യോജിപ്പിച്ചു മനസ്സിലാക്കുമ്പോൾ ആ ചിന്ത യുക്തിയുക്തമാണ്. കാരണത്തിൽനിന്നും അന്യമായി ഒരു കാര്യത്തിനും നിലനിൽക്കാനാവുകയില്ല. കളിമണ്ണിനെക്കൂടാതെ കുടത്തിനെങ്ങനെ നിലനിൽക്കാൻ കഴിയും? അതുകൊണ്ട് ഗുരു ഉറപ്പിച്ചുതന്നെ പറയുന്നു: "ഉലകിനു വേറൊരു സത്തയില്ല" എന്ന്. ഇതു കേൾക്കുമ്പോൾ ഈ ലോകം ശൂന്യമാണെന്നല്ല മനസ്സിലാക്കേണ്ടത്; ലോകത്തിലുള്ള എല്ലാറ്റിനും അർത്ഥമായിരിക്കുന്നത് ഒരേയൊരു ആദിമസത്തതന്നെയാണ് എന്നാണ്.

വെളിച്ചക്കുറവുമൂലം പൂമാല കാണുമ്പോൾ ഭീരുവിന് അത് പാമ്പാണെന്ന ഭ്രമം ഉണ്ടാകാം. വിലേശയം പാമ്പാണ്. പൂമാലയുടെ ആകാരവും പാമ്പിന്റെ ആകാരവും സമാനമാണ്. അതുകൊണ്ട് മൂഢന് ഉണ്ടാകുന്ന തെറ്റിദ്ധാരണയെ, അറിവുള്ള ഒരാൾ വന്ന് തിരുത്തിക്കൊടുക്കുന്നു. പാമ്പാണെന്നു വിചാരിച്ച് ഭയപ്പെട്ട അയാളുടെ മനസ്സിൽ പൂമാല കാണുമ്പോൾ ഉണ്ടാകുന്ന ആശ്ചര്യനിർഭരമായ സന്തോഷം ഗുരു എടുത്തുകാണിക്കുന്നു. വേദാന്തത്തിലെ കയറും പാമ്പും എന്ന ദൃഷ്ടാന്തത്തിന് ഒരു മാറ്റം വരുത്തി കയറിന്റെ സ്ഥാനത്ത് പൂമാലയെ പ്രതിഷ്ഠിക്കുകയാണ് ഗുരു ചെയ്യുന്നത്. ഈ മാറ്റം പാരമ്പര്യചിന്തയിലെ ഒരു ദാർശനികവിപ്ലവമാണ്. സൂക്ഷ്മതലങ്ങളിൽ ഇത്തരം കൊച്ചു വിപ്ലവങ്ങൾ ഗുരു അനേകം നടത്തിയിട്ടുണ്ട്. ആദിമസത്ത വെറും പ്രയോജനരഹിതമായ ഒന്നല്ല. അതിൽ നിഹിതമായിരിക്കുന്ന ആനന്ദമാണ് അതിന്റെ മൂല്യം. പൂമാലയാണെന്നു തിരിച്ചറിയുമ്പോൾ അത് കൂടുതൽ പ്രിയം ജനിപ്പിക്കുന്നു. അതുകൊണ്ടാണ് വേദാന്തത്തിലെ സ്ഥിരം ദൃഷ്ടാന്തമായ കയറിനെമാറ്റി പൂമാലയെ ഗുരു പ്രതിഷ്ഠിച്ചത്. പ്രയോജനമൂല്യത്തെയാണ് ഇവിടെ കൂടുതൽ ഊന്നിപ്പറയുന്നത്. ■

# 21



**പ്രിയമൊരുജാതിയിതെൻപ്രിയം ത്വദീയ-**
**പ്രിയമപരപ്രിയമെന്നനേകമായി**
**പ്രിയവിഷയംപ്രതി വന്നിടും ഭ്രമം തൻ-**
**പ്രിയമപരപ്രിയമെന്നറിഞ്ഞിടേണം.**

| | | |
|---|---|---|
| പ്രിയം ഒരു ജാതി | - | ഒരേയൊരുതരം പ്രിയമേയുള്ളൂ. |
| ഇത് എൻ പ്രിയം | - | ഇത് എന്റെ ഇഷ്ടം, |
| ത്വദീയപ്രിയം | - | നിന്റെ ഇഷ്ടം, |
| അപരപ്രിയം | - | വേറൊരുവന്റെ ഇഷ്ടം |
| എന്ന് അനേകമായി | - | എന്ന തരത്തിൽ ഒരേ പ്രിയംതന്നെ അനേകപ്രിയങ്ങളായിത്തീരുന്നത്. |
| പ്രിയവിഷയം പ്രതി | - | ഇഷ്ടവിഷയങ്ങളിൽ |
| വന്നിടും ഭ്രമം | - | ഉണ്ടാകുന്ന ഭ്രമം നിമിത്തമാണ്. |
| തൻപ്രിയം | - | തന്റെ പ്രിയമാണ് |
| അപരപ്രിയം | - | വേറൊരുവന്റെയും പ്രിയം |
| എന്ന് അറിഞ്ഞിടേണം | - | എന്നുള്ള സത്യം മനസ്സിലാക്കണം. |

പ്രിയം ആനന്ദമാണ്. ആനന്ദത്തിലേക്കുള്ള ജീവികളുടെ ഉന്മുഖത ജന്മസഹജമാണ്. ആനന്ദത്തിന്റെ ഇരിപ്പിടം ഓരോ ജീവിയിലും അതിന്റെ അകമേതന്നെയാണ്. പുറമേ തിരയുന്നത് ആനന്ദത്തിന്റെ ഇരിപ്പിടം അറിയാത്തതുകൊണ്ടാണ്. ആനന്ദം വിഷയസ്ഥിതമല്ല, ആത്മസ്ഥിതമാണ്. അത് ഒന്നേയുള്ളൂ. അനേകമില്ല. മനസ്സിന്റെ അഭിരമിക്കാനുള്ള വാസനയെയാണ് പ്രിയമായി എണ്ണുന്നത്. ആ പ്രിയം സൂക്ഷ്മാർത്ഥത്തിൽ ആത്മപ്രിയമാണ്. ആത്മാവ് ഏകമാണ്. ആത്മാവിലെ പ്രിയവും ഏകമാണ്. അതുകൊണ്ട് അത് ഒരു ജാതി എന്നു പറഞ്ഞിരിക്കുന്നു. ജാതി എന്നതിന് തരം എന്നേ അർത്ഥമെടുക്കേണ്ടതുള്ളു. എല്ലാ ജീവികളിലും സുഖം അനുഭവിക്കാനുള്ള പ്രവണത ഏകമായിരിക്കുന്നതുകൊണ്ടാണ് പ്രിയം ഒരു ജാതി എന്ന് ഗുരു എടുത്തുപറഞ്ഞിരിക്കുന്നത്. ദുഃഖിക്കുവാൻ ആരും ഇഷ്ടപ്പെടാറില്ല. അതുകൊണ്ട്

ദുഃഖിക്കാനുള്ള പ്രവണത പ്രിയമായി വരികയില്ല. ദുഃഖത്തെ ഒഴിവാക്കാനാണ് ഓരോ ജീവിയും ശ്രമിക്കുന്നത്. ദുഃഖത്തെ ഒഴിവാക്കുന്നത് ആത്മപ്രിയതകൊണ്ടാണ്. ആത്മാവിൽ സഹജമായി കുടികൊള്ളുന്ന ആനന്ദനിർഭരതയാലാണ് ആത്മാവിൽ എല്ലാ ജീവികൾക്കും പ്രിയം ജനിക്കുന്നത്. ആത്മാവാകട്ടെ ഏകവും സർവവ്യാപിയുമാണ്.

എന്നാൽ ജീവനിലെ അഹന്താമമതാദികൾ കാരണം ഒരുവൻ വിഷയലോലുപനായിത്തീരുന്നു. വിഷയത്തിലാണ് ആനന്ദമിരിക്കുന്നത് എന്ന ഭ്രമം നിമിത്തമാണ് വിഷയത്തിൽ ഒരുവന് പ്രിയം ജനിക്കുന്നത്. ഭ്രമം എന്നത് അജ്ഞാനജന്യമായ തെറ്റിദ്ധാരണയാണ്. അസത്യത്തെ സത്യമായി കരുതുന്നതാണ് ഭ്രമം. അസത്യമായ ലോകവിഷയങ്ങൾ സത്യമെന്നു കരുതുന്നതുകൊണ്ടുതന്നെയാണ് വിഷയപ്രിയതയിൽ ഊന്നിനിന്നുകൊണ്ട് ജീവിക്കുവാൻ വ്യക്തികൾ ശ്രമിക്കുന്നത്. ഭ്രമം ഒരുവനിൽ ശക്തമാകുമ്പോൾ അവന്റെ ഇഷ്ടമുള്ള വിഷയങ്ങളും വ്യത്യസ്തങ്ങളായിരിക്കും. ആത്മപ്രിയം മറന്നുപോയി ആ സ്ഥാനത്ത് വിഷയപ്രിയം വന്നുകൂടുന്നത് അജ്ഞാനം നിമിത്തമാണ്. അങ്ങനെയാണ് എന്റെ ഇഷ്ടം, നിന്റെ ഇഷ്ടം, അവരുടെ ഇഷ്ടം എന്നിങ്ങനെ ഇഷ്ടാനിഷ്ടങ്ങൾ ബഹുലങ്ങളായി വന്ന് ആത്മപ്രിയത്തിന് വിഭജനം സംഭവിക്കുന്നത്. ഇതു മാറ്റിയെടുക്കണമെങ്കിൽ നമുക്ക് പ്രിയപ്പെട്ടതായി തോന്നുന്ന ഒരു കാര്യം വേറൊരാൾക്കും പ്രിയം ഉളവാക്കുന്ന അവബോധത്തിൽ സമഞ്ജസമായി ചേർക്കണം. ആത്മാവിൽ നിഷ്ഠയുള്ള ഒരാൾക്ക് വേറൊരാളുടെ സുഖത്തെ ഹനിക്കാതെതന്നെ തന്റെ സുഖത്തെ കണ്ടെത്താൻ കഴിയും. തന്റെ സുഖം വേറൊരാളുടെ സുഖത്തിന് ഹേതുകമായ രീതിയിൽ പകരുവാനും കഴിയും. ജ്ഞാനികൾ ലോകത്തിന് കാണിച്ചുകൊടുത്ത മാതൃക അതാണ്. ആത്യന്തികമായി പ്രിയവസ്തു ആത്മാവു മാത്രമാണ്. ആത്മാവുതന്നെയാണ് സർവവുമായി പ്രതിഭാസിക്കുന്നത്. ഇക്കാര്യം എപ്പോഴും ഓർമ്മവേണം. ■

# 22



**പ്രിയമപരന്റേയതെൻപ്രിയം, സ്വകീയ-**
**പ്രിയമപരപ്രിയമിപ്രകാരമാകും**
**നയമതിനാലെ നരന്നു നന്മ നല്കും**
**ക്രിയയപരപ്രിയഹേതുവായ് വരേണം.**

| | | |
|---|---|---|
| പ്രിയമപരന്റേ | - | വേറൊരുവന്റെ പ്രിയം ഏതാണോ |
| അതെൻപ്രിയം | - | അതെന്റെയും പ്രിയമായ് വരണം. |
| സ്വകീയപ്രിയം | - | എനിക്കു പ്രിയപ്പെട്ടത് |
| അപരപ്രിയം | - | മറ്റൊരുവനും പ്രിയമായ് വരണം. |
| ഇപ്രകാരമാകും നയം | - | ഇതാണ് ജീവിതത്തെ സമരസപ്പെ ടുത്താനുള്ള ഒരു പോംവഴി. |
| അതിനാലെ | - | പ്രിയം ഏകമായിരിക്കുന്നതുകാരണം |
| നരന്നു നന്മനൽകുംക്രിയ | - | ഒരുവന് നന്മയുണ്ടാക്കുന്ന പ്രവൃത്തി |
| അപരപ്രിയ | - | വേറൊരുവന്റെയും സുഖത്തിന് |
| ഹേതുവായ് വരേണം | - | കാരണമായിത്തീരണം. |

ജീവിതത്തിന് നല്ലൊരു പെരുമാറ്റച്ചിട്ട വേണം. അതില്ലെങ്കിൽ ജീവിതം അലങ്കോലമായിത്തീരും. ധാർമ്മികമായ ഒരു വ്യവസ്ഥിതി പ്രപഞ്ചസൃഷ്ടിയിൽത്തന്നെ അന്തർലീനമായി കിട ക്കുന്നുണ്ട്. പരസ്പരം ഇണങ്ങിനിൽക്കുന്ന ഒരു വ്യവസ്ഥയാണ് പ്രപഞ്ചത്തിൽ നാം ആകവേ കണ്ണോടിച്ചാൽ കാണുന്നത്. ഈ ഇണക്കം സഹജമാണ്. മാനുഷികതലത്തിലേക്ക് വരുമ്പോൾ സൃഷ്ടിപ്രക്രിയയിലെ സഹജമായ താളം ഭഞ്ജിക്കപ്പെടുന്നതു കാണാം. മനുഷ്യൻ യുക്തിപൂർവം ചിന്തിക്കുന്ന ഒരു ജീവിയാ ണ്. അവന്റെ യുക്തിയുടെ അടിസ്ഥാനം തന്റേതുമാത്രമായ സുഖതത്പരതയാണ്. വേറൊരാളുടെ ജീവിതത്തിന് എന്തു സംഭ വിച്ചാലും തന്നെ അതൊന്നും ബാധിക്കുകയില്ല എന്ന് മൂഢ മായി അവൻ ചിന്തിക്കുന്നു. ഈ മൂഢവിശ്വാസം പ്രപഞ്ചത്തിന്റെ ധാർമ്മികവ്യവസ്ഥക്ക് എതിരാണ്. മനുഷ്യൻ ഒഴികെയുള്ള മറ്റു

ജീവികൾക്കെല്ലാം ഈശ്വരൻതന്നെ കൃത്യമായ പെരുമാറ്റച്ചിട്ടകൾ നൽകിയിട്ടുണ്ട്. മനുഷ്യനൊരു തോന്ന്യാസിയാണ്. തോന്ന്യാസം പലപ്പോഴും ധാർമ്മികലംഘനം കൂടിയാണ്. വ്യക്തിയുടെ താന്തോന്നിത്തരത്തെ അവബോധത്തിന്റെ വെളിച്ചത്തിലാണ് തിരുത്തേണ്ടത്. അതിനുള്ള നയമാണ് ഗുരു പറയുന്നത്.

നമുക്കു തോന്നിയതുപോലെയെല്ലാം ചെയ്യുകയാണെങ്കിൽ എവിടേയും സംഘർഷം മാത്രമേ മുറ്റിനിൽക്കുകയുള്ളൂ. പ്രിയത്തിന്റെ തലത്തിൽ വരുന്ന പിടിവാശികൾകൊണ്ടാണ് സംഘർഷങ്ങൾ ഉണ്ടാകുന്നത്. ജീവിതത്തിൽ സമന്വയം കൊണ്ടുവരണമെങ്കിൽ നാം ചില നീക്കുപോക്കുകളൊക്കെ നടത്തണം. അതിനു ദാർശനികമായ ഒരു അടിത്തറയും ഉണ്ടായിരിക്കണം. ഒന്നാമതായി, പ്രിയത്തിന്റെ അടിസ്ഥാനം ആത്മസത്തയാണെന്നറിയുക. ആത്മാവിന്റെ പ്രിയം എല്ലാവരുടേയും പ്രിയമാണ്. അതുകൊണ്ട് ആത്മാവിന്റെ പ്രിയത്തിലേക്ക് ചേരുന്നതിന്റെ ഭാഗമായി നാം പ്രാഥമികമായി ചെയ്യേണ്ടത് വേറൊരാളുടെ ഇഷ്ടത്തേയും നമ്മുടെ ഇഷ്ടത്തിന്റെ പരിഗണനയിലേക്ക് കൊണ്ടുവരാൻ പഠിക്കുകയാണ്.

വേറൊരാൾക്ക് ഇഷ്ടപ്പെട്ട കാര്യം നമുക്കുംകൂടി ഇഷ്ടപ്പെട്ടുവരുമ്പോൾ നാം അല്പംകൂടി വിശാലഹൃദയനായിത്തീരുന്നു. അപ്പോൾ നമുക്ക് പ്രിയങ്കരമായ ഒന്ന് വേറൊരാൾക്കും പ്രിയങ്കരമായിത്തീരും. നാം ലോകത്തിനുവേണ്ടി ജീവിക്കുകയാണെങ്കിൽ ലോകം നമുക്കുവേണ്ടിയും ജീവിക്കും. നാം ഈശ്വരനുവേണ്ടി ജീവിക്കുകയാണെങ്കിൽ ഈശ്വരൻ നമുക്കുവേണ്ടിയും ജീവിക്കും. ഭഗവദ്ഗീതയിൽ അതാണ് പരസ്പരം ഭാവയന്തഃ-പരസ്പരം പ്രസാദിപ്പിക്കുക എന്നു പറയുന്നത്. അതുകൊണ്ട് എനിക്ക് നന്മയുണ്ടാക്കുന്ന പ്രവൃത്തി വേറൊരാളുടെ ജീവിതത്തിനു തിന്മയായി വരാൻ പാടില്ല. അത്രമാത്രം കരുതലോടും ഉൾവെളിവോടുംകൂടി ജീവിച്ചാൽ മാത്രമേ പ്രിയങ്ങളിലെ സ്വരലയത്തെ കാത്തുസൂക്ഷിക്കാൻ നമുക്ക് കഴിയുകയുള്ളൂ. ■

# 23



**അപരനുവേണ്ടിയഹർനിശം പ്രയത്നം**
**കൃപണത വിട്ടു കൃപാലു ചെയ്തിടുന്നു**
**കൃപണനധോമുഖനായ് കിടന്നുചെയ്യു-**
**ന്നപജയകർമ്മമവന്നുവേണ്ടി മാത്രം.**

| | | |
|---|---|---|
| അപരനുവേണ്ടി | - | വേറൊരാൾക്കുവേണ്ടി |
| അഹർനിശം | - | രാപ്പകൽ ഭേദമില്ലാതെ |
| കൃപണത വിട്ട് | - | സ്വാർത്ഥത കളഞ്ഞ് |
| പ്രയത്നം | - | കർമ്മങ്ങൾ |
| കൃപാലു ചെയ്തിടുന്നു | - | കൃപയുള്ളവൻ ചെയ്യുന്നു. |
| കൃപണൻ | - | സ്വാർത്ഥൻ |
| അധോമുഖനായ് കിടന്ന് | - | അധമമായ സുഖഭോഗങ്ങളിൽ മുഴുകി |
| അപജയകർമ്മം | - | ധർമ്മവിരോധിയായ കർമ്മം |
| അവന്നുവേണ്ടിമാത്രം | - | തന്റെ മാത്രം സുഖത്തിനുവേണ്ടി |
| ചെയ്യുന്നു | - | ചെയ്യുന്നു. |

കൃപണതയും കൃപാലുത്വവും പരസ്പരവിരോധികളായ രണ്ട് മനോഭാവങ്ങളാണ്. ചരിത്രത്തിൽ ഈ രണ്ട് മനോഭാവങ്ങൾ ഏറിയും കുറഞ്ഞും മാറിമാറി വന്നുകൊണ്ടിരിക്കുന്നതുകാണാം. ബുദ്ധനും യേശുവും നബിയും നാരായണഗുരുവും കൃപാലുക്കളാണ്. ഹിറ്റ്ലറും മുസ്സോളിനിയും അലക്സാണ്ടറും ചെങ്കിസ്ഖാനും കൃപണന്മാരാണ്. അവർ വെട്ടിപ്പിടിക്കാൻ ശ്രമിച്ചത് അവരുടെ അഹങ്കാരധാർഷ്ട്യങ്ങളിൽനിന്നാണ്. കൃപാലുക്കൾ ലോകത്തിനുവേണ്ടി തന്നെത്തന്നെ നിവേദിച്ചവരാണ്. ഒരു മുടന്തനായ ആട്ടിൻകുട്ടിയെ രക്ഷിക്കുവാനായി ശ്രീബുദ്ധൻ സ്വന്തം ശിരസ്സ് കുരുതിക്കല്ലിൽ വെച്ചുകൊടുത്തു. ശ്രീനാരായണഗുരു കുഞ്ഞുറുമ്പുകളെപ്പോലും നോവിക്കാതിരിക്കുന്ന മനസ്സ് വളർത്തിയെടുക്കണമെന്ന് നമ്മോട് പറഞ്ഞു. അഹിംസയിലാണ് കൃപയുടെ ഇരിപ്പിടം. കൃപ തികച്ചും ദൈവികമായ ഒരു ഗുണമാണ്.

സഹജീവികളിലും തന്റെ ജീവന്റെ തുടിപ്പുകൾ തൊട്ടറിയുന്നവനാണ് കൃപാലു. കൃപാലു എന്തു ചെയ്യുമ്പോഴും അത് സർവത്തിന്റേയും ഹിതം മാനിച്ചാണ് ചെയ്യുക. എവിടെയെങ്കിലും വേദനയും യാതനയും കാണുമ്പോൾ കൃപാലുവിന്റെ മനം അലിയും. അവരുടെ ദുഃഖനിവാരണത്തിനുവേണ്ടി കൃപാലു തനിക്കാവുന്നതെല്ലാം ചെയ്യുന്നു. മിക്ക മനുഷ്യരും സ്വന്തം ഭാര്യ, കുട്ടികൾ എന്ന കുടുസ്സായ താത്പര്യങ്ങളിൽമാത്രം ഒതുങ്ങിക്കൂടുന്നവരാണ്. അതിനപ്പുറത്തൊരു ലോകമുണ്ടെന്ന് അവർ ചിന്തിക്കാൻപോലും മെനക്കെടാറില്ല. അങ്ങനെയുള്ള മനോഭാവത്തെയാണ് കൃപണത എന്ന് ഗുരു വിശേഷിപ്പിക്കുന്നത്.

എന്നത്തേക്കാളും കൃപണത ഇന്നു ജനങ്ങളിൽ ആവേശിച്ചിരിക്കുകയാണ്. ഒരു ഭൂതാവേശംപോലെ ജനം സ്വാർത്ഥതയുടെ കുടുസ്സായ കുടുംബപശ്ചാത്തലത്തിലേക്ക് ഉൾവലിഞ്ഞുകൊണ്ടിരിക്കുന്നതാണ് നാം കാണുന്നത്. ഈ ഉൾവലിയലിനെ അണുകുടുംബം (nuclear family) എന്നാണ് വിളിക്കുന്നത്. അച്ഛനും അമ്മയും മകനും മകളും മാത്രം അടങ്ങുന്ന ഒരു കുടുംബം. അവരുടെ സുഖം മാത്രമാണ് അവർ അന്വേഷിക്കുന്നത്. സുഖം കണ്ടെത്തുവാനുള്ള പ്രയാണത്തിൽ എത്ര ആളുകളെ വേണമെങ്കിലും ദുഃഖിപ്പിക്കുവാൻ അവർ മടി കാണിക്കുന്നില്ല. ഇതാണ് കൃപണന്റെ ജീവിതരീതി. കൃപണൻ തന്റെ നേട്ടത്തിനുവേണ്ടി സഹജീവികളെയെല്ലാം ചവിട്ടിമെതിച്ച് കടന്നുപോകും. ആകെ മനുഷ്യരുടെ ആകെ നന്മയെക്കുറിച്ച് അവനൊരു വിചാരവും ഉണ്ടായിരിക്കുകയില്ല. അങ്ങനെ വിചാരമില്ലാത്തവന്റെ കർമ്മം ദൂഷിതമായ കർമ്മമാണ്. അതിനെയാണ് അപജയകർമ്മം എന്നു വിളിക്കുന്നത്. ആധുനികലോകത്ത് കണ്ടുവരുന്ന ഉപഭോഗസംസ്കൃതി കൃപണതയുടെ ഈറ്റില്ലത്തിൽനിന്നും ജനിച്ച് മാനവരാശിയെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന വിഷലിപ്ത മനോഭാവമാണ്. അത് ഒരു അർബുദമായി വളരും. അതു മനുഷ്യനെ വിലമതിക്കുകയല്ല ചെയ്യുന്നത്, അവമതിക്കുകയാണ് ചെയ്യുന്നത്. നല്ല ഒരു ജീവിതത്തിന് അതുകൊണ്ട് നമ്മളിലെ കൃപണത കളയുക. കൃപാലുത്വത്തെ ഉണർത്തി വികസിപ്പിച്ചെടുക്കുക. ലോകത്തിനു സ്വസ്തി ഭവിക്കട്ടെ. ■

# 24



**അവനിവനെന്നറിയുന്നതൊക്കെയോർത്താ-**
**ലവനിയിലാദിമമായൊരാത്മരൂപം**
**അവനവനാത്മസുഖത്തിനാചരിക്കു-**
**ന്നവയപരന്നു സുഖത്തിനായ് വരേണം.**

| | | |
|---|---|---|
| അവൻ ഇവൻ എന്ന് | - | അവൻ എന്നും ഇവൻ എന്നും നാം |
| അറിയുന്നതൊക്കെ | - | വേറെ വേറെ അറിയുന്നതൊക്കെ |
| ഓർത്താൽ | - | വിചിന്തനം ചെയ്താൽ |
| അവനിയിൽ | - | ലോകത്തിൽ |
| ആദിമമായ | - | സൃഷ്ടിക്കും നിദാനമായിരിക്കുന്ന |
| ഒരു ആത്മരൂപം | - | ഒരേയൊരു ആത്മസത്യമേ ഉള്ളൂ. |
| അവനവൻ | - | ഓരോരുത്തരും |
| ആത്മസുഖത്തിന് | - | സ്വന്തം സുഖത്തിനുവേണ്ടി |
| ആചരിക്കുന്നവ | - | ചെയ്യുന്ന പ്രവൃത്തികൾ |
| അപരന്ന് | - | മറ്റുള്ളവർക്കുംകൂടി |
| സുഖത്തിനായ് വരേണം | - | സുഖം നൽകണം. |

ലോകത്തിൽ ഒരേയൊരു ആത്മസത്തയേ ഉള്ളൂ. ആ ആത്മസത്തയാണ് എന്നിലും നിന്നിലും അവനിലും ഇവനിലും ഒക്കെ ആധാരസത്തയായി വർത്തിക്കുന്നത്. ആ സത്തയിൽനിന്നാണ് ഞാനും നിങ്ങളും ഈ പ്രപഞ്ചവും ആവിർഭവിച്ചിരിക്കുന്നത്. ആദിമം എന്ന വിശേഷണം സർവപ്രാണികൾക്കും ബീജമായിരിക്കുന്നത് എന്ന അർത്ഥത്തിലാണ് ഇവിടെ പ്രയുക്തമായിരിക്കുന്നത്. ഒരേയൊരു മാതാവിൽനിന്നാണ് നമ്മളെല്ലാവരും ഉടലെടുത്തിരിക്കുന്നത്. സാധാരണയായി മനുഷ്യൻ കർമ്മം ചെയ്യുമ്പോഴോ സംഭാഷണത്തിൽ ഏർപ്പെടുമ്പോഴോ ഇക്കാര്യമൊന്നും ഓർക്കാറില്ല. അതുകൊണ്ട് 'അവൻ' എന്നു നമ്മൾ പറയുമ്പോൾ നമ്മിൽനിന്നും അന്യമായ ഏതോ ഒരു വ്യക്തിയാണ് അവൻ എന്ന തോന്നലാണ് ഉളവാകുന്നത്. ഒരു ഹിന്ദു പറയും: അവൻ ക്രിസ്ത്യാനിയാണ്, അവൻ മുസ്ലീമാണ് എന്നൊക്കെ.

ക്രിസ്ത്യാനിയും മുസ്ലീമും ഇതേപോലെതന്നെ ഹിന്ദുവിനെപ്പ റ്റിയും 'അവൻ' എന്നു പറയും. രാഷ്ട്രീയത്തിലും കാണാം ഇങ്ങ നെയുള്ള ചേരിതിരിവുകൾ. അവൻ കമ്മ്യൂണിസ്റ്റാണ്, കോൺഗ്ര സ്സാണ്, ബിജെപിയാണ് എന്നൊക്കെ. എങ്ങനെയാണ് ഈ അന്യത്വം നമ്മിലേക്കു കടന്നുവരുന്നത്? നാം നമ്മുടെ ശാരീരിക സത്തയെയാണ് ഞാനായി കരുതുന്നത്. ശാരീരികസത്തയുടെ അസ്തിത്വത്തെ മാനദണ്ഡമാക്കി വച്ചുകൊണ്ടാണ് നമ്മുടെ ലോകത്തിന്റെ അതിർത്തി നിർണ്ണയിക്കുന്നത്. ഈ പ്രാഥമിക മായ തെറ്റിനെ തിരുത്താതെ ലോകത്തിൽ സമന്വയവും സമാ ധാനവും കൊണ്ടുവരാനാവുകയില്ല.

നമ്മുടെ വിദ്യാഭ്യാസത്തിലും മതബോധനത്തിലുമെല്ലാം ഈ തെറ്റ് ആവർത്തിച്ച് ഉറപ്പിച്ചുകൊണ്ടിരിക്കുന്നു. ഒരേയൊരു ആത്മസത്തയാണ് സർവചരാചരങ്ങളിലും സത്യമായിരിക്കുന്ന തെന്ന അനുഭവബോധമായിരിക്കണം ഒരു മനുഷ്യനെ ഉദാത്ത മാക്കേണ്ടത്. അങ്ങനെയാണ് ഒരുവൻ തന്റെ സുഖത്തിനായി പ്രവർത്തിക്കുന്നത് എല്ലാവരുടേയും സുഖത്തിന് ഹേതുവായി ഭവിക്കുന്നത്. ഇവിടെയാരും നമ്മിൽനിന്ന് അന്യരല്ല. ആത്മാ വിൽനിന്നും അകന്നവരല്ല. വ്യാവഹാരികനിർണ്ണയത്തിനുവേണ്ടി മാത്രം അവൻ, ഇവൻ എന്നൊക്കെ പറയാം. അതുകൊണ്ടാണ് ഗുരു അപരൻ എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. അപരൻ എന്നാൽ പരൻ അല്ലാത്തവൻ. പ്രത്യക്ഷത്തിൽ വേറെയാണെ ങ്കിലും പരമാർത്ഥത്തിൽ തന്നിൽനിന്നും വേറെയല്ലാത്തവൻ. ഇക്കാര്യം നല്ലവണ്ണം മനനം ചെയ്തുറപ്പിച്ച് കർമ്മം ചെയ്യുമ്പോൾ ലോകത്തിന്റെ ശാന്തിക്കുവേണ്ടി മുറവിളി കൂട്ടേണ്ട ആവശ്യമി ല്ല. ഓരോരുത്തരും അവരവരുടെ ശാന്തിക്കുവേണ്ടി ആത്മബോ ധത്തോടെ കർമ്മം ചെയ്യുമ്പോൾ അത് സമസ്തതയ്ക്കും സുഖ കരമായി ഭവിക്കും. എല്ലാവരിലും ശാന്തി സ്വാഭാവികമായി വന്നു ചേർന്നുകൊള്ളും. ■

# 25



**ഒരുവനുനല്ലതുമന്യനല്ലലും ചേർ-**
**പ്പൊരു തൊഴിലാത്മവിരോധിയോർത്തിടേണം.**
**പരനു പരം പരിതാപമേകിടുന്നോ-**
**രെരിനരകാബ്ധിയിൽ വീണെരിഞ്ഞിടുന്നു.**

| | | |
|---|---|---|
| ഒരുവനു നല്ലതും | - | ഒരാൾക്ക് നന്മ വരുത്തുന്നതും |
| അന്യന് അല്ലലും | - | വേറൊരാൾക്ക് ദുഃഖവും |
| ചേർപ്പൊരു തൊഴിൽ | - | വരുത്തിവയ്ക്കുന്നതായ പ്രവൃത്തി |
| ആത്മവിരോധി | - | ആത്മാവിലെ സഹജമായ ഐക്യത്തിന് നിരക്കുന്നതല്ല. |
| ഓർത്തിടേണം | - | ഇക്കാര്യം മറന്നുപോകാൻ പാടില്ല. |
| പരന് | - | വേറൊരാൾക്ക് |
| പരം പരിതാപം | - | പരമമായ വേദനയെ |
| ഏകിടുന്നോർ | - | ഏല്പിക്കുന്നവർ |
| എരിനരകാബ്ധിയിൽ | - | കത്തിയെരിയുന്ന നരകസമാന മായ ദുഃഖക്കടലിൽ |
| വീണ് എരിഞ്ഞിടുന്നു | - | വീണ് തീവ്രമായി നോവനുഭവി ക്കേണ്ടി വരുന്നു. |

ആത്മാവിലാണ് എല്ലാം സ്വരലയപ്പെട്ടിരിക്കുന്നത്. സഹജ മായ ഒരു ഐക്യം ആത്മാവിനുണ്ട്. ആത്മാവിൽ ഒന്നും തന്നെ പരസ്പരം കലഹിക്കുന്നില്ല. മനസ്സ് കലഹഭൂമിയാണ്. കുരുക്ഷേത്രമാണ്. അതുകൊണ്ട് ആത്മബോധിയായ ഒരാൾ കർമ്മം ചെയ്യുമ്പോൾ അതു സമസ്തതക്കും ഹിതകരമായി ഭവി ക്കുന്നു. ഒരു തടാകത്തിലെ നിശ്ചലജലരാശിയിലേക്ക് ചെറി യൊരു കല്ലെടുത്തെറിഞ്ഞാൽ മതി, അതിൽ അലകളുടെ ആന്ദോ ളനം ഉണ്ടാകാൻ. അലമാലകൾ ഉണ്ടാകുന്നത്, അതിന്റെ സ്വാഭാ വികമായ സ്വച്ഛതയിലേക്ക് തിരിച്ചുവരുവാനാണ്. അതുപോലെ ആത്മാവ് അതിന്റെ സ്വച്ഛതയിലേക്ക് തിരിച്ചുവരുവാൻ ശ്രമം നടത്തിക്കൊണ്ടിരിക്കുന്നു. എന്നാൽ പലരിലും ശാരീരികവും മാനസികവുമായ താദാത്മ്യബോധത്താൽ ആത്മൈക്യം നഷ്ട

പ്പെടാറുണ്ട്, മറഞ്ഞുപോകാറുണ്ട്. ഒരാൾക്ക് നന്മ വരുത്തുന്ന പ്രവൃത്തി വേറൊരാൾക്ക് തിന്മ വരുത്തുകയാണെങ്കിൽ അത് ആത്മാവിന്റെ ഐക്യത്തിനു നിരക്കുന്നതല്ല. അതുകൊണ്ട് അതിനെ ഗുരു ആത്മവിരോധി എന്നു പറയുന്നു. ബോധപൂർവം ചിലർ മറ്റുള്ളവർക്ക് ഉപദ്രവം ഏല്പിക്കാറുണ്ട്, മറ്റുള്ളവരെ പീഡിപ്പിക്കാറുണ്ട്. തന്റെ സുഖത്തിനുവേണ്ടി വേറൊരുവന്റെ ജീവനെപ്പോലും ഹനിക്കുവാൻ ചിലർ ഉദ്യമിക്കുന്നു. അങ്ങനെയുള്ളവർ കൊടുംപാതകികളാണ്.

ഒരുവന്റെ കർമ്മം നല്ലതാണെങ്കിൽ നല്ല ഫലത്തെ അവന് കിട്ടും. ചീത്ത കർമ്മം ചെയ്യുന്നവന് സന്താപത്തെ ഉണ്ടാക്കുന്ന ഫലമാണ് ലഭിക്കുക. നാമിന്നു ദുഃഖം അനുഭവിക്കുന്നുണ്ടെങ്കിൽ ആ ദുഃഖത്തിനു ഹേതുകമായ കർമ്മങ്ങൾ നാം എപ്പോഴോ ചെയ്തിട്ടുണ്ട്. അതുകൊണ്ട് വേറൊരാൾക്ക് കരുതിക്കൂട്ടി പരിതാപം ഏല്പിക്കുന്നവർ നരകാഗ്നിക്ക് സമാനമായ ദുഃഖക്കടലിൽ വീണ് കത്തിയെരിയും. ആത്മാവ് സ്വയമേ അതിന്റെ ഏകതാനതയിൽ വർത്തിക്കുമെങ്കിലും കർമ്മം ചെയ്യുന്നവന് കർതൃത്വബോധം ഉള്ളതിനാൽ കർമ്മങ്ങളുടെ ഫലങ്ങളും അവൻ തന്നെ ഏറ്റുവാങ്ങേണ്ടി വരും. മരിച്ചതിനു ശേഷമൊന്നും ആകണമെന്നില്ല. ഈ ജന്മത്തിൽതന്നെ കർമ്മഫലം അതിന്റെ കർത്താവിലേക്കു തിരിച്ചു വരാം. നരകം എന്ന വാക്ക് ദുഃഖത്തിന്റെ തീവ്രാവസ്ഥയെ കാണിക്കുവാനാണ്. അതൊരു പ്രത്യേക പ്രവിശ്യയല്ല. നരകയാതനകൾ എപ്പോൾ വേണമെങ്കിലും നിങ്ങളിലേക്കു തിരിച്ചു വരാം. അതുകൊണ്ട് ആത്മാവിന്റെ ഏകതാനതക്ക് നിരക്കുന്ന കർമ്മങ്ങൾ മാത്രം അനുഷ്ഠിക്കുക. ദുഷ്ടലാക്കുള്ള കർമ്മങ്ങൾ ഉപേക്ഷിക്കുക. ധാർമ്മികജീവിതത്തെ വിലയുള്ളതായി കരുതുന്നവർ ഈ ഉപദേശം നല്ലവണ്ണം ഓർത്തിരിക്കണം. അഹിംസയാണ് പരമമായ ധർമ്മം എന്ന് ഋഷിമാർ ദർശിച്ചിരുന്നു. കർമ്മത്തിൽ ഹിംസയുണ്ടെങ്കിൽ സ്വാഭാവികമായി അത് ആത്മവിരോധിയാകുന്നു. ആത്മാവിലെ നിലയും ജീവിതത്തിലെ ഹിംസാരാഹിത്യവും ഒരുമിപ്പിച്ചു കൊണ്ടുപോകുന്നത് യോഗാത്മകജീവിതത്തിന്റെ രഹസ്യമാണ്. ഈ ഓർമ്മ പ്രകാശവത്തായിരിക്കട്ടെ. ■

# 26



**അവയവമൊക്കെയമർത്തിയാണിയായ് നി-**
**ന്നവയവിയാവിയെയാവരിച്ചിടുന്നു**
**അവനിവനെന്നതിനാലവൻ നിനയ്ക്കു-**
**ന്നവശതയാമവിവേകമൊന്നിനാലേ.**

| | | |
|---|---|---|
| അവയവം ഒക്കെ | - | എല്ലാ അവയവങ്ങളേയും |
| അമർത്തി | - | സ്വവശഗമാക്കി |
| ആണിയായ് നിന്ന് | - | ഒരു കേന്ദ്രബിന്ദുവായി വർത്തിക്കുന്ന |
| അവയവി | - | ജീവൻ |
| ആവിയെ | - | ആത്മാവിനെ |
| ആവരിച്ചിടുന്നു | - | മറച്ചുകളയുന്നു. |
| അതിനാൽ | - | അതിനാൽ |
| അവശതയാം | - | സ്വാത്മസത്തയായ ആത്മാവിനു വശപ്പെടാത്ത |
| അവിവേകം | - | ബോധശൂന്യത |
| ഒന്നിനാലേ | - | ഒന്നു നിമിത്തമായി |
| അവൻ ഇവൻ എന്ന് | - | അവൻ വേറെ ഇവൻ വേറെ എന്ന തരത്തിൽ |
| അവൻ നിനയ്ക്കുന്നു | - | അവശനായ അവിവേകി നിനയ്ക്കുന്നു. |

ആംഗലഭാഷയിൽ അവയവത്തിന് organ എന്നാണ് പറയുന്നത്. നിരവധി അവയവങ്ങൾ ഒന്നിച്ചുചേർന്ന് സ്വയമേ പ്രവർത്തിച്ചുതുടങ്ങുമ്പോൾ അതൊരു organism ആയിത്തീരുന്നു. നമ്മുടെ ശരീരത്തിലും കുറേയേറെ അവയവങ്ങളുണ്ട്. ഈ അവയവങ്ങളൊക്കെ തോന്നിയതുപോലെയല്ല പ്രവർത്തിക്കുന്നത്. കൈ ഉയർത്തണമെന്ന് ഇച്ഛിക്കുന്നതും കാൽ വലിക്കണമെന്ന് ഇച്ഛിക്കുന്നതും ഈ അവയവങ്ങളെയൊക്കെ ഇണക്കി നിർത്തുന്ന അവയവിയാണ്. അവയവി എന്നു പറഞ്ഞാൽ organizer. അവയവിയെയാണ് ജീവൻ എന്നു പറയുന്നത്. ചുമരിൽ തറയ്ക്കുന്ന ഒരു ആണിപോലെ ജീവൻ എല്ലാ പ്രവർത്തന

ങ്ങൾക്കും കേന്ദ്രീകൃതനേതൃത്വം നൽകുന്നു. പക്ഷേ, ജീവനാകട്ടെ ശാരീരികതാദാത്മ്യത്താൽ വ്യാമോഹിതനാണ്. തന്റെ ശരീരമാണ് തന്റെ സത്ത എന്ന് ജീവൻ തെറ്റിദ്ധരിച്ചിരിക്കുന്നു. തന്റെ ശരിയായ സത്ത ശരീരമല്ല, ആത്മാവാണ് എന്ന് ധരിക്കുന്നതാണ് സത്യാവധാരണം. ആണി അഹങ്കാരമാണ്. ആണി പോകണം. ആണിപോയാൽ വ്യക്തികേന്ദ്രത്തിൽ വർത്തിച്ചിരുന്ന ജീവൻ സർവാത്മഭാവിയായിത്തീരുന്നു. സമസ്തതയിലും തന്റെ ഉണ്മയെ അഭിദർശിക്കുവാൻ കഴിയുന്നത് വ്യക്ത്യഹങ്കാരത്തിന് നാശം സംഭവിക്കുമ്പോഴാണ്.

ആത്മാവിനെ 'ആവി' എന്നാണ് ഗുരു വിളിച്ചിരിക്കുന്നത്. ഒന്നാം പദ്യത്തിൽ പറയുന്ന കരുവും ഇവിടെ പറയുന്ന ആവിയും ഒന്നുതന്നെ. എന്നാൽ ഈ ആത്മാവ് ജീവത്വം കാരണം മറഞ്ഞുപോയിരിക്കുന്നു. ഇതാണ് അവശത. ആത്മവശത്തു നിൽക്കുവാൻ വിവേകം വേണം. അതിനു കഴിയണമെങ്കിൽ അനാത്മവശത്തു നമുക്കു വന്നിട്ടുള്ള കെട്ടുപാടുകൾ അഴിഞ്ഞു പോകണം. അവശത അവസാനിക്കണം. അവശതയും അവിവേകവും കാരണമാണ് അവൻ വേറെ ഇവൻ വേറെ എന്നുള്ള തുച്ഛബുദ്ധിയാൽ ഒരാൾ പ്രവർത്തിക്കുന്നത്. ആത്മസാക്ഷാത്കാരദശയിൽ മാത്രമേ ഒരുവന് ഏകാത്മതാബോധം അനുഭവമായി വരികയുള്ളൂ. വ്യക്തികളിൽ കണ്ടുവരുന്ന സ്വജനപക്ഷപാതവും മത-രാഷ്ട്രീയ അഭിനിവേശങ്ങളും സങ്കുചിത ദേശീയബോധവും അവശതയുടെ ബാഹ്യചിഹ്നങ്ങളാണ്. നമ്മുടെ ബഹുമാന്യരായ പല നേതാക്കന്മാരും ആദ്ധ്യാത്മികദൃഷ്ടിയിൽ അവശന്മാരാണ്. അവശത വ്യക്തിത്വത്തിലെ രോഗാതുരതയാണ്. സമൂഹത്തിന്റെ രോഗാതുരതയ്ക്ക് ചികിത്സ നല്കാൻ ഗുരുവിന്റെ അവബോധനപ്രധാനമായ പ്രവർത്തനങ്ങൾ വളരെയധികം സഹായകമായി ഭവിച്ചിട്ടുണ്ട്. ഇന്നും സമൂഹം ആകവേ അവശമായ നിലപാടുകളിലാണ് കഴിഞ്ഞുപോകുന്നത്. അതിനുള്ള പരിഹാരം രാഷ്ട്രീയമോ, പ്രത്യയശാസ്ത്രപരമോ അല്ല. ആദ്ധ്യാത്മികമാണ്. ■

# 27



**ഇരുളിലിരുന്നറിയുന്നതാകുമാത്മാ-**
**വറിവതുതാനഥ നാമരൂപമായും**
**കരണമൊടിന്ദ്രിയകർത്തൃകർമ്മമായും**
**വരുവതു കാൺക! മഹേന്ദ്രജാലമെല്ലാം!**

| | | |
|---|---|---|
| ഇരുളിലിരുന്ന് | - | ഇരുണ്ട അവസ്ഥയിൽ ഇരുന്ന് |
| അറിയുന്നതാകും ആത്മാ | - | അറിഞ്ഞുകൊണ്ടിരിക്കുന്നതാണ് ആത്മാവ്. |
| അറിവ് അതു താൻ | - | അതു അറിവു തന്നെയാണ്. |
| അഥ | - | പിന്നീട് ആ അറിവുതന്നെയാണ് |
| നാമരൂപമായും | - | നാമമായും രൂപമായും |
| കരണമൊട് | - | അന്തക്കരണം മുതൽ |
| ഇന്ദ്രിയകർതൃകർമ്മമായും | - | ഇന്ദ്രിയങ്ങൾ, കർത്താവ്, കർമ്മം വരെ |
| വരുവത് | - | പ്രതീതമാകുന്നത്. |
| കാൺക | - | നോക്കൂ. |
| എല്ലാം മഹേന്ദ്രജാലം! | - | എല്ലാം മഹത്തായ ഇന്ദ്രജാലംതന്നെ! |

ആത്മാവിനെ പൂർണ്ണമായും നിർവചിക്കാൻ കഴിയില്ല. എന്നിരുന്നാലും വചിക്കാവുന്നതിന്റെ പരമാവധിയാണ് ഗുരു പറഞ്ഞിരിക്കുന്നത് - ഇരുളിലിരുന്ന് അറിയുന്നതാകും ആത്മാ. സർവ കരണങ്ങളും പ്രവർത്തനരഹിതമാകുമ്പോഴും 'ഞാനുണ്ട്' എന്ന അനുഭവം സദാ പ്രകാശിച്ചുകൊണ്ടിരിക്കും. ആത്മാവിനെ കണ്ണുകൊണ്ടോ ബുദ്ധികൊണ്ടോ കാണാതിരിക്കാൻ കാരണമെന്താണ്? അത് ഇരുളിലാണ് ഇരിക്കുന്നത്. ഇരുളിലിരിക്കുന്ന പൊരുളാണ് ആത്മാവ്. ഇരുളാകുന്ന മറയിലാണ് ആത്മാവിനെ മുഴുവനും സമാഹരിച്ചുവച്ചിരിക്കുന്നത്. ഇരുൾ അവിദ്യയാണ്. സുഷുപ്തിയിൽ ഈ ഇരുൾ ഏവർക്കും അനുഭവമുള്ളതാണ്. ആത്മാവിനെ മറച്ചുകൊണ്ട് അവിദ്യയുടെ ആവരണശക്തി പ്രബലമാകുന്നതാണ് സുഷുപ്തി. ആത്മാവ് വെളിച്ചമാണെങ്കിലും

ആ വെളിച്ചത്തെ താത്ക്കാലികമായെങ്കിലും മറയ്ക്കുവാൻ അവിദ്യയ്ക്കു കഴിയുന്നു. അതുകൊണ്ട് ഇരുളിനപ്പുറത്തുള്ള പൊരുളിനെ കാണാൻ ശ്രമിക്കുമ്പോഴൊക്കെ പ്രപഞ്ചപ്രതീതികളാണ് കാണുന്നത്. ഉറക്കത്തിൽ നാം ഒന്നും അറിയാറില്ലല്ലോ? എന്നാൽ ആ ഒന്നും അറിയാതിരിക്കുന്ന അറിവില്ലായ്മക്കുള്ളിലും ലോകവിഷയങ്ങൾ പറ്റിക്കൂടി മറഞ്ഞിരിക്കുന്നുണ്ട്. ചിലപ്പോൾ സ്വപ്നത്തിൽ അവ തള്ളിക്കയറി വരും. ജാഗരിതത്തിൽ അതു കുറേക്കൂടി വ്യക്തമായി തോന്നും. ജാഗരിതവും സ്വപ്നവും പരംപൊരുളിന്റെ ദൃഷ്ടിയിൽ വലിയൊരു സ്വപ്നം മാത്രമാണ്. ഉറക്കത്തിലും ഉണർന്നിരിക്കുന്ന ആത്മാവിലേക്ക് നാം ഉണരണം. ഉറങ്ങുന്ന വേളയിൽ സുഖം അനുഭവിച്ചുക്കൊണ്ടിരിക്കുന്ന നാം ആത്മാനുഭവത്തിലാണ്. പക്ഷേ, ഉണർന്നതിനുശേഷം മാത്രമേ ആ സുഖത്തെ ഓർമ്മിക്കുവാൻ കഴിയുന്നുള്ളൂ. ഉറങ്ങുമ്പോഴും 'ഞാൻ' ഉണർന്നിരിക്കുന്നുവെന്ന ഉൾബോധം തെളിഞ്ഞവൻ ജ്ഞാനിയായി.

നല്ല ഇരുട്ടുമുറിയിൽ ഇരിക്കുമ്പോഴും ഞാൻ, ഞാൻ എന്ന ഉണ്മ യാതൊരു ഉപാധിയുമില്ലാതെ നമുക്കനുഭവിക്കാനാകും. ആ ഏകമായ ആത്മാവാണ് പിന്നീട് നാമരൂപാത്മകമായ ഈ വിശ്വമായി നമ്മുടെ മുമ്പിൽ പ്രതിഭാസിക്കുന്നത്. ആ ആത്മാവുതന്നെയാണ് അന്തക്കരണങ്ങളായും ഇന്ദ്രിയങ്ങളായും കർത്താവായും കർമ്മമായും മാറിമറയുന്നത്. ആത്മാവിൽതന്നെയിരിക്കുന്ന ഒരു പ്രത്യേക ശക്തിചാലനംകൊണ്ടാണ് ഇതെല്ലാം സംഭവിക്കുന്നത്. ഈ അത്ഭുതകരമായ ഇന്ദ്രജാലത്തെ ധ്യാനാത്മകമായി മാറിനിന്നു നിരീക്ഷിക്കുക. വിശദീകരിക്കാനാവാത്ത അത്ഭുതമാണ് ജീവിതം. നമ്മുടെ കാഴ്ചകളുടെ യാഥാർത്ഥ്യത്തെ തിരഞ്ഞുപോകുമ്പോൾ അറിവിന്റെ മൂലത്തിൽ ചെന്നെത്തുന്നു. അവിടെ ഭ്രമങ്ങളോ വിഭ്രാന്തികളോ അനുഭവപ്പെടുന്നില്ല. തികഞ്ഞ ശാന്തിയും സ്വച്ഛതയും മാത്രം. ഇരുളിന്റെ സ്പർശമേല്ക്കാത്ത തെളിമ അവിടെ നിറഞ്ഞു പെരുകുന്നു. ■

# 28



**അടിമുടിയറ്റടിതൊട്ടു മൗലിയന്തം**
**സ്ഫുടമറിയുന്നതു തുര്യബോധമാകും**
**ജഡമറിവീലതു ചിന്ത ചെയ്തു ചൊല്ലു-**
**ന്നിടയിലിരുന്നറിവല്ലറിഞ്ഞിടേണം.**

| | | |
|---|---|---|
| അടി മുടി അറ്റ് | - | അടിയെന്നോ മുടിയെന്നോ ഉള്ള ഭേദചിന്ത ഇല്ലാതായി |
| അടിതൊട്ടു മൗലിയന്തം | - | എന്നാൽ അടി മുതൽ മുടി വരെ |
| സ്ഫുടം അറിയുന്നത് | - | തെളിമയോടെ അറിയുന്നത് |
| തുര്യബോധമാകും | - | തുര്യബോധമാണ്. |
| ജഡമറിവീല | - | ജഡവസ്തുക്കൾ തുര്യബോധത്തെ അറിയുന്നില്ല. |
| അത് | - | ആ തുര്യബോധം |
| ചിന്തചെയ്ത് ചൊല്ലുന്ന | - | ചിന്തിച്ച് എത്തിച്ചേരാവുന്ന |
| ഇടയിയിലിരുന്ന അറിവല്ല | - | തലത്തിൽ വരുന്ന അറിവല്ല. |
| അറിഞ്ഞിടേണം | - | ഇക്കാര്യം മനസ്സിലാക്കണം. |

ആത്മബോധം ജാഗരിതത്തിലോ സ്വപ്നത്തിലോ സുഷുപ്തിയിലോ അനുഭവിച്ചറിയുന്ന അറിവല്ല. ഭാവാഭാവ ജ്ഞാനമല്ല. മൂന്നവസ്ഥകളേയും ഉല്ലംഘിച്ചുനിൽക്കുന്ന അതീതബോധമാണ് ആത്മബോധം. അതുകൊണ്ട് അതിനെ നാലാമത്തേത് എന്ന അർത്ഥത്തിൽ 'തുരീയം' എന്നും പറയാറുണ്ട്. തുരീയം വാസ്തവത്തിൽ ഒരവസ്ഥയല്ല; അവസ്ഥാത്രയസാക്ഷിയാണ്. തുര്യബോധം സാക്ഷിചൈതന്യമാണ്. സാധാരണബുദ്ധികൊണ്ടു ചിന്തിക്കുമ്പോഴാണ് അടി, മുടി എന്നൊക്കെയുള്ള മാനങ്ങൾ ഉണ്ടായിവരുന്നത്. സാധാരണ ബുദ്ധി ഭൗതികവിഷയങ്ങളുമായി ബന്ധപ്പെട്ടാണ് പ്രവർത്തിച്ചു ശീലിച്ചിട്ടുള്ളത്. അതുകൊണ്ട് മനസ്സിൽ വരുന്ന ചോദ്യങ്ങൾക്കെല്ലാം ബുദ്ധി ഉത്തരം പറയുന്നത് നീളം, വീതി, ഉയരം, കനം എന്നീ അളവുകളുടെ മാനദണ്ഡങ്ങൾ ഉപയോഗിച്ചുകൊണ്ടാണ്. എന്നാൽ തുര്യബോ

ധമാകട്ടെ അളവറ്റതാണ്. ഒരു തരത്തിലുള്ള അളവുകോൽകൊണ്ടും അളക്കാൻ കഴിയാത്തത്ര വ്യാപ്തിയാണ് തുര്യബോധത്തിനുള്ളത്.

തുര്യബോധം അനന്തമാണ്. അതുകൊണ്ട് അടിയെന്നോ മുടിയെന്നോ ഉള്ള വിഭജനം തുര്യബോധത്തിൽ വരുന്നില്ല. എന്നാൽ തുര്യബോധത്തിൽ അടിയിലുള്ള ഭൂമിയും മുടിയിലുള്ള ആകാശവും ഉൾച്ചേർന്നിരിക്കുന്നു. തുരീയാനുഭവത്തിൽ ജ്ഞാനം സ്ഫടികസങ്കാശമായ തെളിമയിൽ എത്തിച്ചേരുന്നു. സംശയം ലേശംപോലുമില്ലാത്ത നിജസ്ഥിതി. ഇന്ദ്രിയങ്ങളും മനസ്സും ബുദ്ധിയുമെല്ലാം ജഡവസ്തുക്കളാണ്. അതിനു സ്വയമേ ഗ്രഹിക്കുവാനുള്ള ശക്തിയില്ല. ആത്മാവിന്റെ പ്രകാശത്തിലാണ് അവയെല്ലാം പ്രകാശിക്കുന്നത്. അതുകൊണ്ട് ജഡവസ്തുക്കളായ ഇന്ദ്രിയാന്തക്കരണങ്ങൾക്ക് തുര്യബോധം വിഷയീഭവിക്കുന്നില്ല. ചിന്തിച്ചോ അനുമാനിച്ചോ എടുക്കാവുന്ന ഒന്നല്ല തുര്യബോധം. എല്ലാ ചിന്തകളും അനുഭവങ്ങളുടെ മുദ്രണങ്ങളായ സ്മരണകളുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്. എന്നാൽ തുര്യബോധമാകട്ടെ അങ്ങനെയൊരു സ്മരണയുമല്ല. അതിനാൽ അതിനെ ചിന്തിച്ചറിയാനാകുമെന്നു കരുതുന്നത് അബദ്ധമാണ്. എല്ലാ ഉപാധികളും ഉപേക്ഷിച്ച്, അറിവിനെ സ്വയം പ്രകാശിക്കുവാൻ വിട്ടുകൊടുക്കുമ്പോൾ തുര്യബോധം സൂര്യതുല്യം പ്രകാശിക്കും. ഇതാണ് ആത്മസാക്ഷാത്കാരം. അടി തൊട്ട് മൗലിയന്തം സ്ഫുടമറിയുക എന്നത് ചിന്തയൊഴിഞ്ഞ ജ്ഞാനമാണ്. ചിന്തയും ചിന്തകനും ഒരേപോലെ തിരോഭവിക്കണം. ചിന്തിക്കുമ്പോൾ അടി മുടി, അത് ഇത് എന്ന ദേശകാലബോധം മനുഷ്യന്റെ അറിവിന്റെ സ്ഫുടതയെ കെടുത്തിക്കളയുന്നു. ദ്വന്ദ്വങ്ങളകന്ന ബോധമാണ് തുര്യബോധം. ■

# 29



**മനമലർ കൊയ്തു മഹേശ പൂജ ചെയ്യും**
**മനുജനു മറ്റൊരു വേല ചെയ്തിടേണ്ട.**
**വനമലർ കൊയ്തുമതല്ലയായ്കിൽ മായാ-**
**മനുവുരുവിട്ടുമിരിക്കിൽ മായ മാറും.**

| | | |
|---|---|---|
| മനമലർ കൊയ്ത് | - | മനസ്സിലെ സങ്കല്പവികല്പങ്ങളാകുന്ന പൂക്കൾ നുള്ളിയെടുത്ത് |
| മഹേശപൂജ ചെയ്യും | - | മഹേശന് അർച്ചിക്കുന്ന |
| മനുജന് | - | മനുഷ്യന് |
| മറ്റൊരു വേല | - | വേറൊരു സാധന |
| ചെയ്തിടേണ്ട | - | ചെയ്യേണ്ട ആവശ്യമില്ല. |
| വനമലർ കൊയ്തും | - | അല്ലെങ്കിൽ പൂച്ചെടികളിൽനിന്നും പൂക്കൾ പൊട്ടിച്ച് അർച്ചിച്ചും |
| അതല്ലയായ്കിൽ | - | ഇനി അതുമല്ലെങ്കിൽ |
| മായാമനു ഉരുവിട്ടും | - | മായാമന്ത്രം ഉരുവിട്ട് |
| ഇരിക്കിൽ | - | സാധന ചെയ്യുകയാണെങ്കിൽ |
| മായ മാറും | - | തുര്യബോധത്തെ മറച്ചുപിടിക്കുന്ന മായ മാറിപ്പോകും. |

മനുഷ്യർ എല്ലാവരും ബോധവികാസത്തിന്റെ കാര്യത്തിൽ ഒരേ തരത്തിലുള്ളവരല്ല. ചിലർ ആത്മതത്ത്വത്തെ പെട്ടെന്നു ഗ്രഹിക്കുന്നു. ചിലരാകട്ടെ ഗ്രഹിക്കാൻ കഴിയാതെ കുഴഞ്ഞുപോകുന്നു. ഓരോരുത്തരിലുമിരിക്കുന്ന വാസനയാണ് അവന്റെ ഇഷ്ടാനിഷ്ടങ്ങളെ നിർണ്ണയിക്കുന്നത്. വിഷയവാസനയുടെ ശക്തിയെ ക്ഷയിപ്പിക്കേണ്ടത് ആത്മതത്ത്വഗ്രഹണത്തിന് അത്യന്താപേക്ഷിതമാണ്. അതിനായി മൂന്നു ഉപായങ്ങൾ ഗുരു ഇവിടെ പറഞ്ഞുതരുന്നു. ഇതു നമ്മെ അദ്ധ്യാത്മമാർഗത്തിൽ സഹായിക്കുവാനാണ്. ഓരോരുത്തർക്കും ഇണങ്ങുന്നതു മാത്രം സ്വീകരിക്കുക. പക്ഷേ, ഏതു സാധന ചെയ്യുമ്പോഴും ലക്ഷ്യം ആത്മസാക്ഷാ

ത്കാരമാണെന്ന കാര്യം മറക്കാൻ പാടില്ല. അദ്ധ്യാത്മസാധന കളെ കായികം, വാചികം, മാനസികം എന്നു മൂന്നായി തിരിക്കാം. ഇവയിൽ കായികസാധന സ്ഥൂലബുദ്ധികൾക്കുള്ളതാണ്. വാചികസാധന മദ്ധ്യമബുദ്ധികൾക്കുള്ളതാണ്. മാനസികസാധന ഉത്തമബുദ്ധികൾക്കുള്ളതാണ്.

പൂക്കൾ വിരിയുന്നതുപോലെയാണ് മനസ്സിൽ സങ്കല്പങ്ങൾ അങ്കുരിക്കുന്നത്. എല്ലാ അനുഭവങ്ങളും സങ്കല്പതലത്തിലാണ് ആദ്യം അനുഭൂതമാവുക. ഈ സങ്കല്പങ്ങളെ പൂജാപുഷ്പങ്ങളായി കരുതി അന്തരാത്മാവാകുന്ന മഹേശന് അർച്ചന നടത്തുന്ന പ്രക്രിയ തികച്ചും ധ്യാനാത്മകമാണ്. ചിത്തത്തിന് ഏകാഗ്രത കൈവരിച്ച ഒരു സാധകനു മാത്രമേ ഇങ്ങനെയൊരു സാധനയിൽ ഉയർച്ച കിട്ടുകയുള്ളൂ. ഈ മാനസോപാസകന് വേറെ ഒരു സാധനയുടെ ആവശ്യമില്ല. അയാൾ ക്ഷേത്രത്തിലോ പള്ളിയിലോ പോകേണ്ടതില്ല. ആ സാധകൻ പരമാത്മാവാകുന്ന ബിംബത്തിൽ മനസ്സാകുന്ന പൂജാപുഷ്പത്തെ അർപ്പിക്കുന്നതിലൂടെ നിർവൃതിയുടെ പരമകാഷ്ഠയെ പ്രാപിക്കുന്നു. അത്രയും ആദ്ധ്യാത്മികമായ ഔന്നത്യം ആർജ്ജിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ വിഷമിക്കേണ്ട. കുറച്ചു കാട്ടുപൂക്കൾ ഇറുത്ത് മഹേശന് അർച്ചനയായി നൽകിക്കൊണ്ട് ചിത്തസ്ഥൈര്യം കൈവരിക്കാം. ഇത് കായികസാധനയാണ്. പ്രകടമായി നടക്കുന്ന ഇത്തരം പൂജകൾക്ക് പ്രചാരമേറാൻ കാരണം ആധുനിക ഉപഭോഗസമൂഹത്തിൽ സ്ഥൂലഭുക്കുകളുടെ എണ്ണം വർദ്ധിച്ചതുകൊണ്ടാണ്. മഹേശൻ എന്നതുകൊണ്ട് പരമാത്മാവിനെത്തന്നെയാണ് ഗുരു വിവക്ഷിക്കുന്നത്. അതുമല്ലെങ്കിൽ വാചികമായ മന്ത്രജപത്തെ സാധനയായി അനുഷ്ഠിക്കാം. അതിനൊരു മന്ത്രം വേണം. മന്ത്രം ജീവ-ആത്മഭേദത്തെ അകറ്റി ആത്മൈക്യം ഉറപ്പിക്കുന്നു. മനസ്സിലെ മാലിന്യങ്ങൾ നീങ്ങിയാലേ ഇതെല്ലാം സാധ്യമാകൂ. വിശുദ്ധമായ എല്ലാ ഗ്രന്ഥങ്ങളും ഗുരൂപദേശങ്ങളും മന്ത്രങ്ങളാണ്. അവ നിരന്തരം സ്വാദ്ധ്യായം ചെയ്താലും മതി. സംശയിക്കേണ്ട. മായാമുതലയുടെ പിടിയിൽനിന്നും സാധകനു പുറത്തുകടക്കാൻ കഴിയും. വിശ്വാസപൂർവം അനുഷ്ഠിക്കുക. ■

# 30



**ജഡമറിവീലറിവിന്നു ചിന്തയില്ലോ-**
**തിടുകയുമില്ലറിവെന്നറിഞ്ഞു സർവം**
**വിടുകിലവൻ വിശദാന്തരംഗനായ് മേ-**
**ലുടലിലമർന്നുഴലുന്നതില്ല നൂനം.**

| | | |
|---|---|---|
| ജഡം അറിവീല | - | ജഡത്തിന് അറിയാൻ കഴിയുകയില്ല. |
| അറിവിന്നു ചിന്തയില്ല | - | തുര്യബോധത്തിൽ ചിന്തകളില്ല. |
| ഓതിടുകയുമില്ല | - | ആ അനുഭവം വാക്കുകളിലേക്ക് |
| | | പകർത്തുവാനും ആവുകയില്ല. |
| അറിവെന്നറിഞ്ഞു | - | തുര്യബോധത്തെ അറിയാൻ ഉപാ |
| | | ധിയുടെ ആവശ്യമില്ല എന്നറിഞ്ഞ് |
| സർവം വിടുകിൽ | - | ജഡസംബന്ധമായ എല്ലാ കെട്ടുപാ |
| | | ടുകളും ഉപേക്ഷിക്കുകയാണെങ്കിൽ |
| അവൻ | - | ഒരുവൻ |
| വിശദ അന്തരംഗനായ് | - | അതിരുകളില്ലാത്ത ചിദാകാശത്തിൽ |
| | | നിറഞ്ഞിരിക്കുന്നവനായിത്തീരുന്നു. |
| മേൽ | - | പിന്നീട് |
| ഉടലിൽ അമർന്ന് | - | ഞാൻ ശരീരമാണെന്നുള്ള |
| | | അജ്ഞാനത്തിന് വശഗനായി |
| ഉഴലുന്നതില്ല | - | ദുഃഖിക്കുന്നില്ല. |
| നൂനം | - | ഇതു തീർച്ചയാണ്. |

നാം എന്തറിയുമ്പോഴും ചിന്തിക്കാറുണ്ട്. ചിന്തിക്കാതെ ഒന്നും നമുക്ക് അറിയാൻ കഴിയില്ല. ചിന്തിച്ചറിയുന്ന അറിവുകളും അനുഭവങ്ങളും മാത്രമേ നമുക്ക് പരിചയമുള്ളൂ. എന്നാൽ എപ്പോഴാണോ ചിന്തകളെല്ലാം നിവൃത്തമാകുന്നത്, വിരമിക്കുന്നത് അപ്പോഴാണ് തുര്യബോധം പ്രകാശിക്കുന്നത്. ഈ തുര്യബോധം മനസ്സുകൊണ്ടോ ബുദ്ധികൊണ്ടോ ഇന്ദ്രിയങ്ങൾകൊണ്ടോ ഒന്നും ഗ്രാഹിക്കാവുന്ന തരത്തിലുള്ളതല്ല. കാരണം

ഇവയെല്ലാം ജഡവസ്തുക്കളാണ്. ജഡവസ്തുക്കൾകൊണ്ട് ചൈതന്യത്തെ അറിയാൻ കഴിയുകയില്ല. ചൈതന്യം ചിന്തയെ നിമിത്തമാക്കിയാണ് ലോകത്തെ അറിയുന്നത്. ചിന്തയ്ക്ക് സ്വയം അറിയാൻ കഴിയുകയില്ല. ചൈതന്യം സ്വയംപ്രകാശകമായതു കൊണ്ട് വേറൊന്നിന്റെ വെളിച്ചമില്ലാതെതന്നെ പ്രകാശിക്കുന്നു. മുണ്ഡകോപനിഷത്തിൽ പറയുന്നു, തമേവഭാന്തം അനുഭാതി സർവം തസ്യ ഭാസാ സർവമിദം വിഭാതി - സ്വയം പ്രകാശിച്ചു നില്ക്കുന്ന ചൈതന്യത്തിന്റെ വെളിച്ചത്തിൽ മറ്റെല്ലാം പ്രകാശിച്ചുനില്ക്കുന്നു. തുര്യബോധം ഏകാത്മപ്രത്യയസാരമായതിനാൽ, വേറെ ഒന്നിന്റെയും സഹായമില്ലാതെ സ്വയമേ അറിയുന്നു. അതായത് നാം നമ്മെത്തന്നെ അനന്യമായി അറിയുന്നു. ജഡവസ്തുക്കൾ പ്രമേയസ്ഥാനത്ത് നില്ക്കുമ്പോൾ ചൈതന്യം പ്രമേയമാകുന്നില്ല. പ്രമേയങ്ങൾ വാങ്മയങ്ങളാണ്. ചൈതന്യത്തെ വാക്കിൽ ഒതുക്കുവാൻ സാധ്യമല്ല. ഓതുവാൻ കഴിയുകയില്ല. ഓതുമ്പോൾ ചൈതന്യമായ ആത്മാവ് ഞെരിഞ്ഞ് പരിമിതമാകുന്നു.

പാശ്ചാത്യതത്ത്വചിന്തകരിൽ അദ്വിതീയനായ ബെർഗ്സൺ സ്വയം വിളങ്ങുന്ന അറിവിനെ അന്തർജ്ഞാനം (intuition) എന്നു വിളിച്ചു. അതുകൊണ്ട്, ജഡങ്ങളായ ഉപാധികളിലൂടെ നാം കണ്ടുശീലിച്ച ഇന്ദ്രിയാനുഭവങ്ങൾ തുര്യബോധമല്ലെന്നു നിശ്ചയിക്കണം. തുര്യബോധാനുഭവത്തെ ഇന്നേവരെ ആരും വാക്കുകളിൽ പകർന്നുവച്ചിട്ടില്ല. അനുഭവിക്കുന്നവന് ഭോക്തൃത്വമില്ലാത്തതിനാൽ മൊഴിയാനുമാവുന്നില്ല. കടലിന്റെ ആഴമളക്കാൻ പോയ ഉപ്പുപാവ തിരിച്ചുവന്ന് നമ്മളോട് കടലിന്റെ അഗാധതയെക്കുറിച്ച് പറഞ്ഞുതരികയില്ലെന്ന് നമുക്കറിയാം. കടലും പാവയും ഒന്നായിത്തീർന്നാൽ പിന്നെ ആരു പറയും? അറിവിലമർന്നാൽ പിന്നെ നാനാത്വങ്ങളില്ല. അപ്പോൾ അവന്റെ അന്തരംഗം സാഗരംപോലെ അനന്തമായിത്തീരും. പിന്നീടൊരിക്കലും അവന് ശാരീരികബോധത്താൽ ദുഃഖിച്ചുഴലുവാൻ ഇടവരുന്നില്ല. ദുഃഖം ശരീരത്തിന്റേതാണ്. ആത്മാവിന്റേതല്ല. ആത്മാവിൽ നാം ആനന്ദതുന്ദിലരാണ്. അവിടെ ദുഃഖത്തിന്റെ പശിമ അശേഷമില്ല. അവിടെ “ഞാൻ” നിരാമയനാണ്. ■

# 31



**അനുഭവമാദിയിലൊന്നിരിക്കിലല്ലാ-**
**തനുമിതിയില്ലിതു മുന്നമക്ഷിയാലേ**
**അനുഭവിയാതതുകൊണ്ടു ധർമ്മിയുണ്ടെ-**
**ന്നനുമിതിയാലറിവീലറിഞ്ഞിടേണം.**

| | | |
|---|---|---|
| അനുഭവം | - | ഇന്ദ്രിയപ്രത്യക്ഷമായ അനുഭവം |
| ആദിയിൽ | - | ആദ്യമേതന്നെ |
| ഒന്നിരിക്കിൽ അല്ലാതെ | - | ഒന്നുണ്ടാകാതെ |
| അനുമിതി ഇല്ല | - | അനുമാനിച്ചറിയുവാൻ കഴിയുകയില്ല. |
| ഇത് | - | ഈ തുര്യബോധം |
| മുന്നം | - | മുമ്പ് |
| അക്ഷിയാലേ | - | ഇന്ദ്രിയപ്രത്യക്ഷമായി |
| അനുഭവിയായതുകൊണ്ട് | - | അനുഭവിച്ചിട്ടില്ലാത്തതുകൊണ്ട് |
| ധർമ്മിയുണ്ടെന്ന് | - | ധർമ്മങ്ങൾക്കെല്ലാം അധിഷ്ഠാന മായ ആത്മാവ് ഉണ്ടെന്നുള്ളത് |
| അനുമിതിയാൽ | - | അനുമാനത്തിലൂടെ |
| അറിവീല | - | അറിയാൻ പറ്റുകയില്ല. |
| അറിഞ്ഞിടേണം | - | ഇക്കാര്യം നിശ്ചയം വരുത്തണം. |

അനുഭവം എന്നു നാം സാധാരണ പറയുന്നത് ഒരു വസ്തുവിനെ നേരിട്ട് ഇന്ദ്രിയദ്വാരാ അനുഭവിക്കുമ്പോഴാണ്. ഇത്തരത്തിലുള്ള അനുഭവങ്ങളെ പ്രത്യക്ഷാനുഭവങ്ങൾ എന്നാണ് പറയുക. നാം ഒരാളോടു പറയുന്നു: “ഞാൻ കടൽപ്പശുവിനെ കണ്ടു.” അപ്പോൾ അയാൾ തിരിച്ചു ചോദിക്കും: “കടൽപ്പശുവോ? അതെന്താണ്?” ഇതിന്റെ അർത്ഥം അയാൾക്ക് കടൽപ്പശുവിന്റെ പ്രത്യക്ഷാനുഭവം ഉണ്ടായിട്ടില്ല എന്നാണ്. അയാൾ കടൽപ്പശുവിനെ നേരിട്ടു കണ്ടിട്ടില്ല. അതുകൊണ്ടാണ് അയാളിൽ സംശയം ജനിച്ചത്. എന്നാൽ കടൽപ്പശുവിനെ അയാൾക്കറിയാമായിരുന്നെങ്കിൽ അയാളുടെ പ്രതികരണം വേറെ രീതിയിൽ ആകുമായിരുന്നു:

“ഉവ്വോ. നീ കണ്ടോ? അതെവിടെയായിരുന്നു?” എന്നായിരിക്കും. അയാൾക്ക് കടൽപ്പശുവിന്റെ രൂപത്തെ അനുമാനിച്ചെടുക്കാൻ കഴിഞ്ഞു. ഈ ലോകത്തിൽ പ്രത്യക്ഷത്തിൽ എന്തു കണ്ടാലും നാം അതിനൊരു പേരു കൊടുക്കും. പേര് അന്തക്കരണത്തിലെ ഒരവയവമായ ചിത്തത്തിൽ പോയി മറഞ്ഞിരിക്കും. പേരു മാത്ര മല്ല ചിത്തത്തിലിരിക്കുന്നത്. പ്രത്യക്ഷത്തിൽ കണ്ട വസ്തുവിന്റെ രൂപവും പേരിന്റെകൂടെ മറഞ്ഞിരിക്കും. പിന്നെ, ആ പേരു കേൾക്കുമ്പോൾ നമ്മുടെ മനോമുകുരത്തിൽ തെളിയുന്നത് വസ്തുവല്ല; വസ്തുവിന്റെ ഒരു കാല്പനികരൂപമാണ്. ഇതിനെ പ്രതിഭ എന്നു പറയും. പേരും പ്രതിഭയും ഒന്നിച്ചുചേർന്ന് വസ്തു ക്കളുടെ തിരിച്ചറിവുണ്ടാക്കിത്തരുന്നു. ആദ്യമേ ഒരനുഭവം വന്നാലേ തിരിച്ചറിവുകൾ വരികയുള്ളൂ.

തുരീയാനുഭവം നമുക്ക് മുമ്പുണ്ടായിട്ടില്ല. അതുകൊണ്ട് നമു ക്കതിനെ അനുമാനിച്ചെടുക്കുവാൻ കഴിയില്ല. മാത്രമല്ല തുരീയാ നുഭവം ഒരു പ്രതിഭയുമല്ല, സങ്കല്പവുമല്ല. ഈ ലോകത്തിന്റെ കാര്യ വും അങ്ങനെതന്നെയാണ്. കാണുന്ന ലോകം നിറം, മണം, രുചി, സ്പർശം, ശബ്ദം എന്നീ ധർമ്മങ്ങളാണ്. ധർമ്മിക്കാണ് ധർമ്മങ്ങൾ ഉണ്ടായിരിക്കുന്നത്. ധർമ്മങ്ങൾക്ക് സ്ഥിതി ചെയ്യാൻ ഇടംകൊടുക്കുന്നത് ധർമ്മിയാണ്. പൂവിന്റെ ധർമ്മങ്ങളാണ് നിറം, മണം, സ്നിഗ്ദ്ധത എന്നിവ. ധർമ്മിയായ പൂവ് ഇന്ദ്രിയപ്രത്യ ക്ഷമല്ല. അത് എന്നും അഗോചരമാണ്. അതുപോലെ നിരവധി ധർമ്മങ്ങളോടു കടിയ ലോകത്തിന്റെ അധിഷ്ഠാനമായ ധർമ്മിയെ പ്രത്യക്ഷമായി അറിയാത്തതുകൊണ്ട് അനുമാനിച്ചറിയുവാനും നിവൃത്തിയില്ല. അനുമാനിക്കണമെങ്കിൽ അതു മുമ്പേ അനുഭവി ച്ചിരിക്കണം. ആത്മാനുഭവം നമുക്കില്ലാത്തതുകൊണ്ട് നാം അനു മാനിക്കുന്നതും ഊഹിക്കുന്നതും വെറും സങ്കല്പവികല്പങ്ങൾ മാത്രമാണ്. ഇക്കാര്യം മനസ്സിലാക്കണം. ആത്മജ്ഞാനം അനു മിതിജ്ഞാനമല്ല. അനുമിതികൾ നിലയ്ക്കുമ്പോഴാണ് ധർമ്മി സ്വയമേ അനുഭൂതിയായി നിറയുന്നത്. ■

# 32



**അറിവതു ധർമ്മിയെയല്ല ധർമ്മമാമീ-**
**യരുളിയ ധർമ്മിയദൃശ്യമാകയാലേ**
**ധര മുതലായവയൊന്നുമില്ല താങ്ങു-**
**ന്നൊരു വടിവാമറിവുള്ളതോർത്തിടേണം.**

| | | |
|---|---|---|
| അറിവതു | - | നാം അറിയുന്നതു |
| ധർമ്മിയെയല്ല | - | അറിവിന്റെ അധിഷ്ഠാനമായ ധർമ്മിയെയല്ല. |
| ധർമ്മമാം | - | ധർമ്മങ്ങളെയാണ്. |
| ഈ അരുളിയ ധർമ്മി | - | ഇവിടെ പറയുന്ന ധർമ്മി |
| അദൃശ്യം ആകയാലേ | - | ഇന്ദ്രിയഗോചരമോ മനോഗോച രമോ അല്ലാത്തതിനാൽ |
| ധര മുതലായവ | - | പൃഥിവി, ജലം, അഗ്നി, വായു, ആകാശം മുതലായവ |
| ഒന്നും ഇല്ല | - | ധർമ്മങ്ങൾ ആയതുകൊണ്ട് പര മാർത്ഥത്തിൽ ഇല്ലാത്തതാണ്. |
| താങ്ങുന്ന | - | പ്രാപഞ്ചികധർമ്മങ്ങൾക്കെല്ലാം താങ്ങായിരിക്കുന്ന |
| ഒരു വടിവാം | - | ഒരേയൊരു ആധാരം മാത്രമായ |
| അറിവ് ഉള്ളത് | - | അറിവു മാത്രമാണ് ഉള്ളത്. |
| ഓർത്തിടേണം | - | ഈ രഹസ്യം ഓർത്തിടേണം. |

ധർമ്മങ്ങൾക്കെല്ലാം ഇടം കൊടുക്കുന്ന ധർമ്മി കാണാമറയത്താണ് വർത്തിക്കുന്നത്. ധർമ്മിയെ കാണാൻ കഴിയുന്നില്ല എന്നു പറയുന്നത് ഒരു മതവിശ്വാസത്തിന്റെ അടിസ്ഥാനത്തിലല്ല. ഒരു കൈലേസുകഷണം എടുത്താൽ, അതു നിർമ്മിച്ചിരിക്കുന്നതു നൂലു കൊണ്ടാണെങ്കിലും നാം അത് കൈലേസാണെന്നേ പറയുകയുള്ളൂ. എന്തുകൊണ്ടെന്നാൽ, നൂലുകൾ നിരവധി ചേർന്ന് പുതിയ ഒരു രൂപത്തെ കൈക്കൊണ്ടപ്പോൾ അത് കൈലേസായി മാറി. കൈലേസിന്റെ രൂപവും നിറവും ഘടനയും മാർദ്ദവവും

നമുക്ക് അറിയാൻ കഴിയും. അവ ധർമ്മങ്ങളാണ്. എന്നാൽ കൈലേസ് എന്ന ധർമ്മി അദൃശ്യമാണ്. മിളിന്ദ രാജാവും നാഗസേനൻ എന്ന ബുദ്ധഭിക്ഷുവും തമ്മിൽ ഒരു സംവാദം നടന്നു. നാഗസേനൻ പറഞ്ഞത് അവയവങ്ങൾ ചേർന്നാണ് അവയവി ആവിർഭവിക്കുന്നത് എന്നാണ്. രാജാവ് യാത്ര ചെയ്തിരുന്ന തേരിനെ ചൂണ്ടി നാഗസേനൻ ചോദിച്ചു: കുതിരകൾ തേരാണോ? രാജാവ് പറഞ്ഞു: അല്ല. കുതിരകൾ തേരല്ലെങ്കിൽ അവയെ അഴിച്ചു മാറ്റാൻ നിർദ്ദേശം കൊടുത്തു. ചക്രങ്ങൾ തേരാണോ? അല്ല എന്നു രാജാവ് പ്രതിവചിച്ചു. എന്നാൽ ചക്രങ്ങളും അഴിച്ചുമാറ്റാൻ പറഞ്ഞു. ചക്രങ്ങൾ അഴിച്ചു മാറ്റി. കുതികളുടെ മുതുകിൽ വയ്ക്കുന്ന തണ്ടും ഇരിക്കാനുള്ള ഇരിപ്പിടവും ഓരോന്നായി അഴിച്ചു മാറ്റി. കാരണം അവയൊന്നും തേരല്ല. തേർ എന്താണ് എന്ന് അന്വേഷിക്കാൻ വേണ്ടിയാണ് നാഗസേനൻ ഈ പരീക്ഷണം കാണിച്ചുകൊടുത്തത്. വാസ്തവത്തിൽ തേർ എന്ന ഒരു സത്ത അദൃശ്യമായി ഇരിക്കുകയാണ്. കുതിരകളും ചക്രങ്ങളും എല്ലാം തേരിന്റെ അവയവങ്ങളാണ്, ധർമ്മങ്ങളാണ്. ഓരോന്നതായ് അവയവം മുഴുവൻ പിരിച്ചു വേറാക്കിയാൽ ഉലകമില്ലിതു വിചിത്രമത്രേ.. എന്നു ഗുരു അദ്വൈതദീപികയിൽ പറയുന്നുണ്ട്. ധർമ്മങ്ങളെ നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. ധർമ്മിയായ ആത്മാവ് അദൃശ്യമാണ്.

നല്ലതുപോലെ വിചാരം ചെയ്യുന്നവനു മാത്രമേ ഇതു മനസ്സിലാകൂ. അല്ലാത്തവൻ ധർമ്മങ്ങളുടെ കെട്ടുപാടിൽപെട്ട് ഊരിപ്പോരാനാകാതെ വിഷമിച്ചുകൊണ്ടിരിക്കും. ലോകത്തിന്റെ സ്ഥിതിയും അങ്ങനെതന്നെയാണ്. അറിവിന്റെ ഒരേയൊരു വടിവു മാത്രമേ ഉള്ളൂ. ആ വടിവിനെ മറച്ചുവച്ചുകൊണ്ടാണ് ഭൂമിയും വെള്ളവും കാറ്റും തീയും ആകാശവുമെല്ലാം നമ്മുടെ കാഴ്ചവട്ടത്തിലേക്കു വരുന്നത്. ഇവയെല്ലാം ധർമ്മങ്ങളുടെ സ്ഥാനത്ത് നിൽക്കുന്നവയാണ്. അറിവ് ഒന്നുമാത്രമാണ് ധർമ്മി. വടിവ് എന്ന വാക്ക് ഗുരുവിന്റെ കൃതികളിൽ സവിശേഷാർത്ഥത്തിൽ പ്രയോഗിക്കുന്നതാണ്. വടിവിന് ഇംഗ്ലീഷിൽ subsratum എന്നു പറയും. വടിവാണ് സർവ നാമരൂപങ്ങൾക്കും ആധാരം എന്നു മനസ്സിലാക്കണം. ■

# 33



**അറിവു നിജസ്ഥിതിയിങ്ങറിഞ്ഞിടാനായ്-**
**ദ്ധര മുതലായ വിഭൂതിയായി താനേ**
**മറിയുമവസ്ഥയിലേറിമാറി വട്ടം-**
**തിരിയുമലാതസമം തിരിഞ്ഞിടുന്നു.**

| | | |
|---|---|---|
| അറിവ് | - | ധർമ്മിയായ അറിവ് |
| നിജസ്ഥിതി | - | സ്വന്തം നിലയെ |
| ഇങ്ങറിഞ്ഞിടാനായ് | - | സ്വയമേ അനുഭവിച്ചറിയാനായി |
| ധര മുതലായ | - | ഭൂമി മുതലായ |
| വിഭൂതിയായി താനേ | - | പഞ്ചഭൂതങ്ങളാകുന്ന ധർമ്മങ്ങളെ സ്വയം കൈക്കൊണ്ടുകൊണ്ട് |
| മറിയും അവസ്ഥയിൽ | - | ചലനാത്മകമായ ഒരവസ്ഥയിൽ |
| ഏറി മാറി വട്ടം തിരിയും | - | ഏറിയും മാറിയും തിരിയുന്ന |
| അലാതസമം | - | തീക്കൊള്ളിയുടെ പ്രഭാവലയംപോലെ |
| തിരിഞ്ഞിടുന്നു | - | അറിവിൽ കറങ്ങിക്കൊണ്ടിരിക്കുന്നതിനാൽ പ്രപഞ്ചപ്രതീതി തോന്നിക്കുന്നു. |

നാം ഓരോരുത്തരും സത്യത്തിൽ ജ്ഞാനസ്വരൂപരാണ്. നാം അതറിയുന്നില്ല എന്നു മാത്രം. അതുകൊണ്ടാണ് നാം ജനിച്ച നാൾ മുതൽ എന്തോ അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. നിജസ്വരൂപം എന്തെന്നറിയാനാണ് അന്വേഷിക്കുന്നത്. എന്റെ നിജസ്വരൂപം നിത്യസത്യമാണെന്ന് അറിവിൽ പ്രകാശിക്കണം. അതൊരു ബോധ്യപ്പെടലാണ്. ബുദ്ധനുണ്ടായ ജ്ഞാനോദയം ഈ ബോധ്യപ്പെടലാണ്. കോളേജിൽ പഠിപ്പിക്കുന്ന തത്ത്വചിന്തകന്മാർക്ക് ഇതൊരു ബുദ്ധിപരമായ അറിവ് മാത്രമാണ്. എന്നാൽ നിജസ്ഥിതി അറിയുന്നവന് ഈ ജ്ഞാനം ആനുഭൂതികമാണ്. അറിവും ഞാനും അന്യമല്ലാത്ത ഏകാത്മകതയാണ് അനുഭൂതി. ഏകാത്മകതയുടെ ആനന്ദതുന്ദിലതയാണ് നിജസ്ഥിതി.

നിജസ്ഥിതനാകുമ്പോൾ അന്വേഷണവും നിലയ്ക്കും. ചലനങ്ങൾ നിലയ്ക്കും. അറിവ് ഒരേസമയം സ്ഥൈതികവും ചലനാത്മകവുമാണ്. അതിന്റെ ബാഹ്യവശത്തുനിന്നു നോക്കുമ്പോൾ അറിവിന് പലതരത്തിലുള്ള രൂപഭേദങ്ങളും ഭാവഭേദങ്ങളും സംഭവിച്ചുകൊണ്ടിരിക്കുന്നതായി കാണാം. അറിവിനെ ആഴത്തിൽ പോയി അറിഞ്ഞാൽ സ്ഥൈതികമായ ഒരു സാക്ഷിയുടെ നിലയായിരിക്കും. സൃഷ്ടി എന്നു പറയുന്നത് അറിവിന്റെതന്നെ ചലനപ്രക്രിയയുടെ തുടക്കമാണ്. അറിവിൽ അന്തർഗതമായിരിക്കുന്ന ഇച്ഛാശക്തി മൂലമാണ് സൃഷ്ടിപ്രക്രിയക്ക് തുടക്കം കുറിക്കുന്നത്. സൃഷ്ടിക്കപ്പെട്ട സൃഷ്ടിജാലങ്ങൾക്കെല്ലാം അറിവിൽനിന്നും അന്യഥാകരിച്ച ഒരു തോന്നലിന് ഇടവരുത്തുന്നു. നിജസ്വരൂപനിശ്ചയം വരുന്നതുവരെ ധരമുതലായ വിശേഷഭാവങ്ങൾ ധരിച്ച് പ്രപഞ്ചഗതി തുടർന്നുകൊണ്ടിരിക്കും. മറിയും അവസ്ഥയാണിത്. മനസ്സുതന്നെയാണ് ഈ ഗതീയതയെ സൃഷ്ടിക്കുന്നത്.

അതിനെയാണ് ജീവന്റെ അസ്വാസ്ഥ്യം എന്നു പറയുന്നത്. സകല ജീവജാലങ്ങളിലും ഈ അസ്വാസ്ഥ്യം കാണാം. നിജസ്ഥിതി അറിയുവോളം ഈ അസ്വാസ്ഥ്യം നിലനില്ക്കും. നിജസ്ഥിതി അറിഞ്ഞാൽ എല്ലാം സ്വസ്ഥമാകും. പ്രപഞ്ചചലനം ഉണ്ടാകുന്നതോടുകൂടി ജീവജാലങ്ങൾ വിഭ്രാന്തിയിൽ അകപ്പെടുന്നു. ഒരു തീക്കൊള്ളി എടുത്ത് ചുഴറ്റിയാൽ തീക്കൊള്ളി സഞ്ചരിക്കുന്ന വൃത്താകാരത്തിൽ മുഴുവനും തീ കത്തിക്കൊണ്ടിരിക്കുന്നതുപോലെ തോന്നും. കൊള്ളിയുടെ തെല്ലത്തുമാത്രമേ തീയുള്ളൂ എന്നു നമുക്കറിയാം. എന്നാലും നമ്മുടെ കണ്ണിനെ എന്തോ ഒന്ന് ചതിക്കുന്നുണ്ട്. ശാസ്ത്രം ഈ തെറ്റിനെ optical illusion എന്നാണ് പറയാറ്. തീക്കൊള്ളി നിശ്ചമാകുമ്പോൾ മാത്രമേ ഈ തെറ്റ് നമുക്കു തിരിച്ചറിയാനാവുകയുള്ളൂ. ശ്രദ്ധാന്വിതമായി വിവേകപൂർവം മനനം ചെയ്താലേ അറിവിന്റെ നിജസ്ഥിതിയെ പ്രാപിക്കാൻ കഴിയുകയുള്ളൂ. അതുവരെ പ്രപഞ്ചത്തിന്റെ ഭ്രമാത്മകതയിൽ നമ്മളും കുരുങ്ങിപ്പോകും. ■

# 34



**അരനൊടിയാദിയരാളിയാർന്നിടും തേ-**
**രുരുളതിലേറിയുരുണ്ടിടുന്നു ലോകം**
**അറിവിലനാദിയതായ് നടന്നിടും തൻ-**
**തിരുവിളയാടലിതെന്നറിഞ്ഞിടേണം.**

| | | |
|---|---|---|
| അരനൊടി ആദി | - | സമയത്തിന്റെ ഏറ്റവും ചെറിയ മാത്രകളായ |
| അരാളി ആർന്നിടും | - | ആരക്കാൽ നിരകളോടു കൂടിയ |
| തേരുരുൾ അതിൽ ഏറി | - | രഥചക്രത്തിൽ കയറി |
| ഉരുണ്ടിടുന്നു | - | ഉരുണ്ടുകൊണ്ടിരിക്കുന്നതാണ് |
| ലോകം | - | ലോകം. |
| അറിവിൽ | - | ആത്മസത്തയിൽ |
| അനാദി അതായ് | - | കാലാതീതമായി |
| നടന്നിടും | - | നടന്നുകൊണ്ടിരിക്കുന്ന |
| തൻ തിരുവിളയാടൽ | - | ആത്മാവിന്റെ ദിവ്യനടനം മാത്രമാണ് |
| ഇതെന്ന് | - | ഈ ലോകം എന്നു |
| അറിഞ്ഞിടേണം | - | ബോധ്യപ്പെട്ടുകൊള്ളണം. |

ലോകം നമ്മിലേക്ക് കടന്നുവരുന്നത് അനുഭവങ്ങളുടെ നുറുങ്ങുകളായാണ്. എത്രയെത്ര ദൃശ്യചിത്രങ്ങളാണ് മാറി മാറി മനസ്സിലൂടെ കടന്നുപോകുന്നത്. ഒരനുഭവം ഉള്ളിലും വെളിയിലും ഒരേപോലെ മിന്നിമറഞ്ഞു പോകാൻ വേണ്ടിവരുന്ന സമയമാത്രയാണ് അരനൊടി. എന്നു പറഞ്ഞാൽ വർത്തമാനകാലത്തിൽ മാത്രമേ അനുഭവത്തിന് നിലനിൽപ്പുള്ളൂ. അടുത്തക്ഷണം വേറൊരനുഭവം വർത്തമാനകാലത്തിലേക്കു കടന്നുവരുന്നു. അപ്പോൾ തൊട്ടുമുമ്പുണ്ടായിരുന്ന അനുഭവം ഭൂതകാലത്തിന്റെ ഗഹ്വരത്തിലേക്ക് പിൻവാങ്ങുന്നു. ഒരനുഭവം വർത്തമാനകാലത്തിൽ നിലനിൽക്കുമ്പോൾതന്നെ ഭാവിയിൽ ഇനി വരാനിരിക്കുന്ന അനുഭവത്തിന്റെ സാധ്യത തയ്യാറായി നില്ക്കുന്നുണ്ട്.

ഇതിനെയൊക്കെ നിയന്ത്രിക്കുന്ന നിയമം എന്താണെന്നു ചോദിച്ചാൽ തികച്ചും അജ്ഞേയമായ ഒരു തലത്തിൽ നമ്മുടെ മനസ്സുചെന്ന് ഉടക്കിനിൽക്കും.

അനുഭവങ്ങളുടെ ചാക്രികമായ ഈ ചലനാത്മകതയെ ഒരു രഥചക്രത്തിനോടാണ് ഗുരു ഉപമിച്ചിരിക്കുന്നത്. രഥചക്രം കാലചക്രം കൂടിയാണ്. ഇവിടെ ലോകത്തെ (space) കാലത്തിൽ (time) നിന്നും ഭിന്നിപ്പിക്കാതെയാണ് ഗുരു പറയുന്നത്. രഥചക്രത്തിന്റെ ആരക്കാലുകളെ കാലത്തിന്റെ മാത്രകളായി എണ്ണുന്നു. അരനൊടിയാണ് കാലത്തിന്റെ ഏറ്റവും ചെറിയ മാത്ര. ഓരോ ആരക്കാലും അരനൊടി ഭൂമിയെ സ്പർശിക്കുമ്പോൾ അതൊരു വർത്തമാന കാലാനുഭവമായി. കാലചക്രഗതിയിൽ ഒരു ആരക്കാൽ പിന്നിലോട്ടു തിരിയുമ്പോൾ അതു ഭൂതകാലമായി. വരാനിരിക്കുന്ന ആരക്കാലുകൾ ഭവിഷ്യത്തിനെ സൂചിപ്പിക്കുന്നു. ഓരോ അനുഭവവും മനസ്സിന്റെ മണ്ഡലത്തിൽ സ്മരണയായി സൂക്ഷിക്കപ്പെടുന്നു. ഇത്രയും മനോഹരമായ ഒരു ഉപമ വേറെയെവിടെയും കണ്ടെത്താൻ കഴിയുന്നില്ല. ഉപനിഷത്തുക്കളിൽ ചില അവ്യക്ത പരാമർശങ്ങൾ ഉണ്ടെന്ന കാര്യം മറക്കുന്നില്ല.

അറിവിൽ നടന്നുകൊണ്ടിരിക്കുന്ന ഈ രഥചക്രസമാനമായ തിരിച്ചിലിനെ ആത്മാവിന്റെ തിരുവിളയാട്ടമായിട്ടാണ് ഗുരു വിശേഷിപ്പിച്ചിരിക്കുന്നത്. അനാദിയായ ഈ തിരുവിളയാട്ടത്തെ തുടക്കവും ഒടുക്കവുമില്ലാത്ത കാലചക്രത്തിന്റെ ലീലാസ്വരൂപത്തെ കുറിക്കുന്നു. പ്രപഞ്ചം എന്നത് ശിവന്റെ നടനമാണെന്ന് ശൈവ സിദ്ധാന്തികളും കരുതുന്നു. ഈ പ്രപഞ്ചനടനം എന്നു തുടങ്ങി യെന്നു ഊഹിച്ചെടുക്കാൻ കഴിയുകയില്ല. അനാദിയാണെന്ന് നിഗമിക്കാനേ ഒക്കൂ. വർത്തമാനം മാത്രമേ നിത്യസത്യമായുള്ളൂ. വർത്തമാനകാലത്തിൽ നടക്കുന്ന ജീവിതത്തിന്റെ ഈ നടനോത്സവത്തിൽ നമുക്കും പങ്കുചേർന്നു നൃത്തമാടാൻ കഴിയണം. നമ്മുടെ കൃത്രിമ ഗൗരവങ്ങളുടെ പൊള്ളത്തരങ്ങൾ അപ്പോൾ തകർന്നുവീഴും. ആത്മാനുഭവി അതുകൊണ്ട് നടനഭൈരവനാണ്. ■

# 35



**ഒരു പതിനായിരമാദിതേയരൊന്നായ്**
**വരുവതുപോലെ വരും വിവേകവൃത്തി**
**അറിവിനെ മൂടുമനിത്യമായയാമീ-**
**യിരുളിനെയീർന്നെഴുമാദിസൂര്യനത്രേ.**

| | | |
|---|---|---|
| ഒരു പതിനായിരം | - | ഒരു പതിനായിരം |
| ആദിതേയർ | - | സൂര്യന്മാർ |
| ഒന്നായ് വരുവതുപോലെ | - | ഒന്നിച്ചുദിച്ചാൽ എന്നതുപോലെ |
| വരും | - | സംഭവിക്കുന്നതാണ് |
| വിവേകവൃത്തി | - | ആത്മജ്ഞാനം. |
| അറിവിനെ മൂടും | - | അറിവിന്റെ പൂർണ്ണതയെ പൊതിഞ്ഞുനിൽക്കുന്ന |
| അനിത്യമായയാം | - | നിത്യമല്ലാത്ത മായ ആകുന്ന |
| ഈ ഇരുളിനെ | - | ഈ അജ്ഞാനമാകുന്ന ഇരുട്ടിനെ |
| ഈർന്നെഴും | - | പിളർന്നുമാറ്റി ഉദിച്ചുയരുന്ന |
| ആദിസൂര്യനത്രേ | - | ആദിസൂര്യനാണ് ആത്മജ്ഞാനം. |

ആത്മാനുഭവത്തെ ഭാഷയിലൂടെ വ്യവഹരിച്ചുതരാൻ ആവുകയില്ല. വ്യാവഹാരികഭാഷയിൽ ആത്മാവിനു തത്തുല്യമായി ഒന്നുംതന്നെ ഇല്ല. ആത്മാവ് ഉപമകൾക്കതീതമാണ്. എന്നിട്ടും ഋഷി അതിനെ പറയാനൊരുമ്പെടുന്നു. ഋഷി കവിയായിത്തീരുന്നത് ഈ സന്ദർഭത്തിലാണ്. മൂകനായ ഒരാൾ ആദ്യമായി കൽക്കണ്ടം തിന്നുകയാണെങ്കിൽ കൽക്കണ്ടത്തിന്റെ മാധുര്യം പറഞ്ഞറിയിക്കാൻ കഴിയാതെ അയാൾ വിമ്മിട്ടപ്പെടും. മൂകനായതുകൊണ്ട് വാക്കുകൾ വരികയില്ല. അയാൾ ആനന്ദാതിരേകത്താൽ നൃത്തം കളിച്ചേക്കും. പല ചേഷ്ടകളിലൂടേയും കൽക്കണ്ടത്തിന്റെ മാധുര്യം പ്രകടിപ്പിക്കാൻ ശ്രമിക്കും. എന്നാലും പറയേണ്ടതു പറഞ്ഞു എന്ന സംതൃപ്തി അയാൾക്കു

ണ്ടാകണമെന്നില്ല. അതേപോലെ ഒരവസ്ഥയാണ് ആത്മജ്ഞാനിയുടേത്. അകപുറങ്ങളില്ലാതെ പരന്നൊഴുകുന്ന ആനന്ദക്കടലിനെപ്പറ്റി സ്വാനുഭവഗീതിയിൽ ഗുരു കുറിച്ചിട്ടിട്ടുണ്ട്.

എന്നാലും ശ്രീനാരായണഗുരു ഇവിടെ മനുഷ്യമേധയെ ഭാവോജ്ജ്വലമാക്കുന്ന ഒരുദാഹരണം എടുത്തുകാണിക്കുന്നു. ആത്മാവ് വെളിച്ചമാണ്. ആ വെളിച്ചത്തിലാണ് മറ്റെല്ലാം പ്രകാശിക്കുന്നത്. സൂര്യനുപോലും വെളിച്ചം നല്കുന്ന വെളിച്ചമാണ് ആത്മാവ്. സൂര്യനാണ് ഭൂമിയിലെ ഏറ്റവും പ്രകാശമുള്ള വെളിച്ചം. ഒരു സൂര്യന്റെ വെളിച്ചംകൊണ്ടുതന്നെ ഈ ഭൂമണ്ഡലം മുഴുവൻ പ്രകാശപൂരിതമാകുന്നു. എന്നാൽ ഒരു പതിനായിരം സൂര്യന്മാർ ഒന്നിച്ചുദിക്കുകയാണെങ്കിൽ ഇരുട്ടിന്റെ ഒരു ചെറുകണികയ്ക്കുപോലും ഇവിടെ നിൽക്കക്കള്ളിയില്ലാതാകും. കാണുന്നവൻപോലും പ്രകാശധോരണികളിൽ നഷ്ടപ്പെടും. ഈ ഉപമ ഒരു അത്ഭുതാതിരേകത്തെ പ്രദ്യോദിപ്പിക്കുവാനാണ് ഗുരു ഉപയോഗിച്ചിരിക്കുന്നത്. അതുപോലെയാണ് ആത്മസൂര്യനുദിച്ചാൽ അജ്ഞാനമാകുന്ന അന്ധകാരത്തിന് നമ്മുടെയുള്ളിൽ നിലയുറപ്പിക്കാൻ കഴിയാതെ പോകുന്നത്. അറിവിനെ മൂടിയ മായാമൂടുപടം തുരന്ന് ആദിമമായ ആത്മസൂര്യന്റെ പ്രകാശം വെളിവാകുന്ന ചിത്രം കാവ്യസുന്ദരമാണ്. ഈ അതിഭാവുകത്വമൂറുന്ന ചിത്രം നമ്മുടെ ഓരോരുത്തരുടേയും ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന അനന്തസാധ്യതകളെ ദീപ്തമാക്കാൻ പോരുന്നതാണ്.

ഗുരുവിന്റെ അന്തരാനുഭൂതിയാണ് ഈ ശ്ലോകത്തിലെ പ്രമേയം. ജ്ഞാനബുദ്ധന്മാരുടെ അകത്തു പ്രകാശിക്കുന്ന ഈ സൂര്യനെത്തേടിയാണ് വിദൂരങ്ങളിൽനിന്നുപോലും ജിജ്ഞാസാശലഭങ്ങൾ ഗുരുവിലേക്ക് പറന്നടുക്കുന്നത്. ഒരു മഹാത്മാവിന് ബോധോദയം സംഭവിച്ചു എന്നറിയുമ്പോൾ സത്യജിജ്ഞാസുക്കൾക്ക് ഒരിടത്ത് ഇരിക്കപ്പൊറുതിയുണ്ടാവുകയില്ല. ആ ബുദ്ധനെ കണ്ടെത്തി അദ്ദേഹത്തിന്റെ സന്നിധിയിലേക്ക് ജിജ്ഞാസു എത്തിപ്പെടുന്നതാണ് ലോകത്തെ ഏറ്റവും വലിയ ആശ്ചര്യം. ■

# 36



**അറിവിനു ശക്തിയനന്തമുണ്ടിതെല്ലാ-**
**മറുതിയിടാം സമയന്യയെന്നിവണ്ണം**
**ഇരുപിരിവായിതിലന്യസാമ്യമാർന്നു-**
**ള്ളുരുവിലമർന്നു തെളിഞ്ഞുണർന്നിടേണം.**

| | | |
|---|---|---|
| അറിവിനു | - | കേവലമായ അറിവിന് |
| ശക്തി അനന്തമുണ്ട് | - | അനന്തമായ ശക്തികളുണ്ട്. |
| ഇതെല്ലാം | - | ഈ ശക്തികളെയെല്ലാം |
| സമ അന്യ എന്നിവണ്ണം | - | സമ എന്നും അന്യ എന്നുമുള്ള |
| ഇരുപിരിവായ് | - | രണ്ടു വകുപ്പുകളായി |
| അറുതിയിടാം | - | തരംതിരിച്ചു മനസ്സിലാക്കാം. |
| ഇതിൽ അന്യ | - | ഈ പിരിവിൽ അന്യ |
| സാമ്യമാർന്നുള്ള | - | സമയുടെ ഐകാത്മ്യമായ |
| ഉരുവിൽ | - | സ്വരൂപത്തിൽ |
| അമർന്ന് | - | അനുഭവസായുജ്യം കണ്ടെത്തി |
| തെളിഞ്ഞ് | - | സംശയങ്ങളെല്ലാം പാടേ നീങ്ങി |
| ഉണർന്നിടേണം | - | ഉണർന്നിരിക്കണം. |

അറിവിന്റെ ശക്തികൾ അവധിയില്ലാത്തതാണ്. അറിവിന്റെ സാധ്യതകൾ എത്രമാത്രമുണ്ടെന്ന് നമുക്ക് എണ്ണിത്തിട്ടപ്പെടുത്താനാവില്ല. അതുകൊണ്ട് അറിവിനു ശക്തി അനന്തമുണ്ട്. അറിവും ശക്തിയും ഒരിക്കലും പിരിഞ്ഞിരുന്നിട്ടില്ല. ഈ പിരിവുകൾ ബുദ്ധിയുടെ ഗ്രഹണത്തിനു മാത്രമാണ്. സത്യാന്വേഷകനായ ഒരാളുടെ അവധാരണത്തിനായി പറഞ്ഞുകൊടുക്കുന്നതാണ്. ഈ ശക്തികൾക്ക് പൊതുവേ രണ്ടു തരം ഭാവങ്ങളാണുള്ളത്. ഇങ്ങനെ വകതിരിച്ചു മനസ്സിലാക്കുമ്പോൾ "അന്യ" എന്ന ശക്തി ഛിദ്രശക്തിയാണ്. അറിവ് എണ്ണമറ്റ നാമരൂപങ്ങളായി വേർപിരിയുന്നത് അന്യയുടെ പ്രബലത വർദ്ധിച്ചിരിക്കു

മ്പോഴാണ്. “സമ” ഏകീകരണശക്തിയാണ്. ഏകീകരണം നടക്കണമെങ്കിൽ സമ ഏകതാനവും കേന്ദ്രീകരണസ്വഭാവമുള്ളതും ആയിരിക്കണം. ഛിദ്രശക്തി സർവഥാ കലഹിച്ചുകൊണ്ടിരിക്കും. മനഃശാസ്ത്രത്തിൽ ഇതിനെ negative mind എന്നാണ് പറയുന്നത്. ബോധത്തിൽതന്നെ ഇരിക്കുന്ന ഐക്യപ്പെടാനുള്ള ഊർജ്ജചാലനമാണ് positive mind.

ഈ ശ്ലോകത്തിൽ ഗുരു സ്വീകരിച്ചിരിക്കുന്ന സംജ്ഞകൾ ‘അന്യ’ എന്നും ‘സമ’ എന്നുമാണ്. ഉപനിഷത്തുകളിൽ ഈ രണ്ടു സംജ്ഞകൾ വിദ്യ എന്നും അവിദ്യ എന്നും പര എന്നും അപര എന്നും വ്യവഹരിക്കപ്പെടുന്നു. ലോകവുമായി താദാത്മ്യപ്പെട്ടിരിക്കുന്ന നാനാത്വഭ്രമം ഉളവാക്കുന്ന ബുദ്ധിയാണ് അന്യ. അതുകൊണ്ടാണത് കലഹിക്കുന്നത്. എന്നാൽ, ആത്മനിഷ്ഠമായ ബുദ്ധിയാണ് സമ. അത് കൂടുതൽ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സമന്വയത്തിന്റെയും വഴിയാണ്. ഈ രണ്ടു ശക്തികളും അറിഞ്ഞും അറിയാതേയും നമ്മളിലൊക്കെ പ്രവർത്തിക്കുന്നുണ്ട്. പക്ഷേ, ഇവ രണ്ടും പ്രാകൃതികമായ ശക്തികളാണ്. അതുകൊണ്ട് അന്യയും സമയും ബന്ധഹേതുകമാണ്. ഗുരു പറയുന്നത് ആത്മസാക്ഷാത്കാരത്തിലേക്ക് അണയണമെങ്കിൽ ഒരു ഘട്ടംകൂടി മുന്നേറേണ്ടതുണ്ട് എന്നാണ് .അന്യയെ സമയിൽ ചേർക്കണം. അന്യയെ അന്തർമുഖമാക്കിവേണം സമയിൽ സമീകരിക്കുവാൻ. സാമ്യമാർന്നുള്ള ഉരു ആത്മസ്വരൂപം തന്നെയാണ്. അത് ബോധത്തിന്റെ അധിഷ്ഠാനമാണ്. ആ അധിഷ്ഠാനം അറിവിന്റെ കേവലതയാണ്. അന്യ സമയിൽ അമരുന്നതിലൂടെ നാം അമരനായിത്തീരുന്നു. അതിനായി നമ്മിലെ തൃഷ്ണകളെല്ലാം ഒടുങ്ങേണ്ടതായിട്ടുണ്ട്. അബോധത്തിൽ ഒളിഞ്ഞുകിടക്കുന്ന കാമ-ക്രോധ-ലോഭ പ്രേരണകൾ എല്ലാം ഒഴിഞ്ഞുതീരണം. അപ്പോൾ ഉള്ളം തെളിവുള്ളതായിത്തീരും. ആ തെളിമയിൽ എപ്പോഴും ഉണർന്നിരിക്കണം. ■

# 37



**വിഷമതയാർന്നെഴുമന്യ വെന്നുകൊൾവാൻ**
**വിഷമമഖണ്ഡവിവേകശക്തിയെന്യേ**
**വിഷമയെ വെന്നതിനാൽ വിവേകമാകും**
**വിഷയവിരോധിനിയോടണഞ്ഞിടേണം.**

| | | |
|---|---|---|
| വിഷമതയാർന്നെഴും അന്യ | - | അന്യ എന്ന ശക്തി വിഷമതകൾ ഉണ്ടാക്കുന്നതാണ്. |
| വെന്നുകൊൾവാൻ വിഷമം | - | ഇതിനെ മറികടക്കുവാൻ വളരെ പ്രയാസമാണ്. |
| അഖണ്ഡവിവേകശക്തിയെന്യേ | - | എന്നാൽ അഖണ്ഡവിവേകശക്തി യുണ്ടെങ്കിൽ സാധിക്കും. |
| അതിനാൽ | - | അതുകൊണ്ട് |
| വിഷമയെ വെന്ന് | - | അന്യയാകുന്ന വിഷമയെ അതി വർത്തിച്ച് |
| വിവേകമാകും | - | അഖണ്ഡവിവേകമാകുന്ന |
| വിഷയവിരോധിനിയോട് | - | വിഷയത്തിന്റെ പറ്റലില്ലാത്ത ആത്മബോധത്തോട് |
| അണഞ്ഞിടേണം | - | ചേർന്നിരുന്നിടേണം. |

അന്യയെ ജയിക്കുവാൻ വിഷമമാണ്. തന്നിൽനിന്ന് എല്ലാറ്റിനേയും അന്യഥാകരിച്ച് അറിയുന്നതാണ് അന്യ. ഈ പ്രപഞ്ചം മുഴുവനും തന്നിൽനിന്ന് അന്യമാണെന്നറിയുമ്പോൾ അയാളിൽ ഉണ്ടാകുന്ന ആദ്യത്തെ അവസ്ഥ ദാരിദ്ര്യമാണ്. അന്നത്തിന്റെ അഭാവം മാത്രമല്ല ദാരിദ്ര്യം. ഇല്ലായ്മ മനസ്സിനെ ബാധിച്ചുതുടങ്ങുന്നിടത്തുനിന്നാണ് ദാരിദ്ര്യം തുടങ്ങുന്നത്. അപ്പോൾ ലോകം മുഴുവൻ തന്റേതാക്കണമെന്ന ആഗ്രഹം അയാളിൽ ജനിക്കും. ആഗ്രഹമാണ് അയാളെ ദരിദ്രനാക്കുന്നത്. പിന്നെ അയാൾ ലോകജീവിതത്തിൽ നടത്തുന്ന പരിശ്രമങ്ങൾ മുഴുവൻ, എന്തൊക്കെയാണോ തന്നിൽനിന്ന് അന്യമായിരിക്കുന്നത് അതിനെയെല്ലാം തന്റേതാക്കുന്നതിനുവേണ്ടിയാണ്. മുഴുവൻ നാഗരിക

തയുടേയും വികസനം അങ്ങനെയൊരു ദാരിദ്ര്യത്തിൽനിന്നാണ് നടക്കുന്നത്. സുഖം തിരയുന്നതുപോലും ലോകവിഷയങ്ങളിലാണ്. അതിന്റെ കാരണം, ആദ്യമേതന്നെ നാം ലോകത്തെ നമ്മിൽനിന്നും അന്യമാക്കിയതുകൊണ്ടാണ്. സാമ്യഭഞ്ജനത്തിൽ നിന്നാണ് അന്യത്വബുദ്ധി ജനിക്കുന്നത്.

അന്യത്വമുള്ള ബുദ്ധിയെ ജയിക്കുവാൻ ഒരേയൊരു വഴിയേയുള്ളൂ. ഞാൻ സമബോധസ്ഥിതനെന്നറിയുക. ഞാൻ പൂർണ്ണനെന്നറിയുക. ഞാൻ നാശമില്ലാത്തവനെന്നറിയുക. ഇങ്ങനെ മുറിവില്ലാതെ തന്റെ സത്താബോധത്തെ അറിഞ്ഞുകൊണ്ടിരിക്കുന്നതിനെയാണ് അഖണ്ഡവിവേകം എന്നു പറയുന്നത്. വിവേകോദയം ഉണ്ടായാൽ വിഷയവൈഷമ്യത്തിൽനിന്നുള്ള മുക്തി താനേ സംഭവിച്ചുകൊള്ളും. വൈരാഗ്യം ബലം പിടിച്ചു ഉണ്ടാക്കിയെടുക്കേണ്ടതല്ല. സുഖവസ്തുവിലേക്ക് മനസ്സ് ചഞ്ചലിച്ചുപോകുന്നത് സ്വാഭാവികമാണ്. എന്നാൽ വിവേകം ഉണ്ടാകുമ്പോൾ എല്ലാ സുഖങ്ങളുടേയും നികേതനം ആത്മാവുതന്നെയാണെന്ന് അവൻ അറിയുന്നു. അപ്പോൾ സ്വാഭാവികമായിതന്നെ അവൻ വിഷയവിരോധിനിയായി ഭവിക്കുന്നു. വിരോധമില്ലാത്ത വിരോധിനി എന്നു മനസ്സിലാക്കണം. വിഷയവിരോധിനി ആത്മമൈത്രിതന്നെയാണ്. സ്ത്രീലിംഗത്തിലാണ് വിഷയവിരോധിനി എന്ന പദം ഗുരു പ്രയോഗിച്ചിരിക്കുന്നത്. മായാശക്തി എന്നും സ്ത്രൈണമാണ്. അന്യയും സമയും മായാശക്തികളാണ്. അതിൽ സമ ആത്മാവിലേക്കു ചേർക്കുന്ന ശക്തിയാണ്. വിഷമയെ ജയിക്കുന്നത് ജീവിതത്തിന്റെ വിജയം കൂടിയാണെന്ന് ഓർക്കണം. തീവ്രസംവേഗമുള്ളവർക്ക് വിജയം ആസന്നമായിരിക്കുമെന്ന് പതഞ്ജലി മഹർഷി പറയുന്നു. അതിന് വിവേകാഭ്യസനം തടസ്സമില്ലാതെ കൊണ്ടുപോകേണ്ടതുണ്ട്. വല്ലപ്പോഴും മാത്രം വിചാരം ചെയ്താൽ ആത്മസാക്ഷാത്ക്കാരം ലഭിക്കുകയില്ല. അഖണ്ഡവിവേകം വേണം. ■

# 38



**പലവിധമായറിയുന്നതന്യയൊന്നായ്**
**വിലസുവതാം സമയെന്നു മേലിലോതും**
**നിലയെയറിഞ്ഞു നിവർന്നു സാമ്യമേലും**
**കലയിലലിഞ്ഞു കലർന്നിരുന്നിടേണം.**

| | | |
|---|---|---|
| പല വിധമായ് അറിയുന്നത് | - | ആത്മാവിനെ പലതായി അറിയുന്നത് |
| അന്യ | - | അന്യയാണ്. |
| ഒന്നായ് വിലസുവതാം | - | സകലതിനേയും ഒന്നായി അറിയുന്നത് |
| സമ | - | സമയാണ് |
| എന്ന് മേലിലോതും | - | ഇതിന്റെ അടിസ്ഥാനത്തിൽ ഇനി വിശദീകരിക്കാൻ പോകുന്ന |
| നിലയെ അറിഞ്ഞ് | - | തന്റെ നില ഏതെന്നു മനസ്സിലാക്കി |
| നിവർന്ന് | - | ബോധത്തെ അന്യയുടെ പിടിയിൽന്നും പാടേ വിടുവിച്ച് |
| സാമ്യമേലും കലയിൽ | - | അധിഷ്ഠാനമായ നടുനിലയിൽ |
| അലിഞ്ഞ് | - | സ്വയം അലിഞ്ഞുചേർന്ന് |
| കലർന്നിരുന്നിടേണം | - | ആ അനുഭൂതിയിൽ എപ്പോഴും ജീവിച്ചുകൊള്ളണം. |

അന്യ എന്താണെന്നും സമ എന്താണെന്നും നിർവചിക്കുന്നതാണ് ഈ പദ്യം. അറിവ് നാനാത്വത്തിലേക്കും ഏകത്വത്തിലേക്കും ചലിക്കുന്ന സ്വഭാവത്തോടുകൂടിയതാണ്. അറിവിന്റെ ഈ ഗതീയതയെ (dynamism) ഒരു ഉദാഹരണത്തിലൂടെ മനസ്സിലാക്കാം. സൂര്യരശ്മിയെ ഒരു പ്രിസത്തിലൂടെ കടത്തിവിടുകയാണെങ്കിൽ അത് വയലറ്റ്, ഇൻഡിഗോ, ബ്ലൂ, ഗ്രീൻ, യെല്ലോ, ഓറഞ്ച്, റെഡ് എന്നീ സപ്തവർണ്ണങ്ങളിൽ ചിതറിപ്പിരിയുന്നതു കാണാം. എന്നാൽ സൂര്യരശ്മികളെ ഒരു കാചത്തിലൂടെ (lens) കടത്തിവിട്ടാൽ അതൊരു ബിന്ദുവിൽ വന്നു കേന്ദ്രീകരിക്കുന്നതും കാണാം. പ്രകാശം പിരിഞ്ഞുനില്ക്കുമ്പോൾ അതിന്റെ ശക്തി

കുറയുകയും കാചത്തിലൂടെ കേന്ദ്രീകരിക്കപ്പെടുമ്പോൾ അതേ പ്രകാശംതന്നെ ഏതൊരു വസ്തുവിനേയും ചുട്ടെരിക്കാൻ പോരുന്ന ശക്തി ആർജ്ജിക്കുകയും ചെയ്യുന്നു. അറിവ് ആത്മാവിലേക്കു കേന്ദ്രീകരിക്കുന്നതിനെ സമ എന്നും വിഷയങ്ങളിലേക്കു ചിതറുന്നതിനെ അന്യ എന്നും മനസ്സിലാക്കണം. കേന്ദ്രീകരിക്കണമെങ്കിൽ അന്തർമുഖമാകണം. വിഷയങ്ങളിൽ ശാശ്വതമായി കേന്ദ്രീകരിക്കാൻ കഴിയുകയില്ല. വിഷയങ്ങൾ ബഹുലങ്ങളാണ്. അറിവ് ബഹിർമുഖമാകുമ്പോൾ പല വിഷയങ്ങളിലേക്ക് ചിതറിപ്പോകാനുള്ള സാധ്യതയും കൂടുതലാണ്. അറിവ് കേന്ദ്രീകരിക്കുമ്പോൾ ധ്യാനവും വികേന്ദ്രീകരിക്കുമ്പോൾ ഭോഗവും ആയിമാറുന്നു. ധ്യാനം വ്യക്തിയെ ജീവൻമുക്തനാക്കുന്നു.

പാശ്ചാത്യചിന്തകളിൽ കേട്ടുപോരുന്ന വിശ്ലേഷണം (analysis) അറിവിന്റെ അന്യ എന്ന തലവുമായി ബന്ധപ്പെട്ടതാണ്. എന്നാൽ സംശ്ലേഷണം (synthesis) അറിവിന്റെ സമ എന്ന ശക്തിയിലൂടെയാണ്. ഇവ രണ്ടിൽ ഏതെങ്കിലും ഒന്നിനു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു ജീവിതവീക്ഷണത്തെയല്ല ഗുരു വികസിപ്പിച്ചെടുക്കുന്നത്. ഇവയ്ക്കു രണ്ടിനും അവയുടേതായ സാംഗത്യമുണ്ട്. പ്രസക്തിയുണ്ട്. സമയെ ഉപയോഗിക്കേണ്ടിടത്ത് സമയെ ഉപയോഗിക്കുവാനും അന്യയെ ഉപയോഗിക്കേണ്ടിടത്ത് അന്യയെ ഉപയോഗിക്കുവാനും അറിയുന്നവനാണ് യോഗി. അങ്ങനെ രണ്ടു ധ്രുവങ്ങളേയും കുശലതയോടുകൂടി ഉപയോഗിക്കണമെങ്കിൽ നാം നമ്മുടെ ഉണ്മയെ ഒരു നടുനിലയിൽ നിറുത്തേണ്ടതുണ്ട്. അതിനു നിലയെ അറിയണം. ആത്മാവുതന്നെയാണ് ഒരുവന്റെ യഥാർത്ഥ നില. ആത്മാവിൽ നിലയുറപ്പിക്കുമ്പോൾ ജീവിതം ഏകതാനവും സമന്വിതവുമാകുന്നു. മനസ്സിന്റെ കെട്ടുപാടിൽന്നുള്ള മോചനമാണ് നിവരൽ. നടുനിലയാണ് സാമ്യമേലും കല. ആ കലയിൽ അലിഞ്ഞുചേർന്ന് അതായിതന്നെയിരിക്കണം. ഇവിടെ ദ്വന്ദ്വാതീതനായിത്തീരുന്ന യോഗി കർതൃത്വ-ജ്ഞാതൃത്വ-ഭോക്തൃത്വ ദോഷങ്ങളിൽനിന്നെല്ലാം വിമുക്തനായിരിക്കും. ■

# 39



**അരുളിയ ശക്തികളെത്തുടർന്നു രണ്ടാം**
**പിരിവിവയിൽ സമതൻവിശേഷമേകം**
**വിരതി വരാ വിഷമാവിശേഷമൊന്നി-**
**ത്തരമിവ രണ്ടു തരത്തിലായിടുന്നു.**

| | | |
|---|---|---|
| അരുളിയ | - | മുകളിൽ പറഞ്ഞ |
| ശക്തികളെ തുടർന്ന് | - | രണ്ടു ശക്തികളെ തുടർന്നുവരുന്ന |
| രണ്ടാം പിരിവ് | - | രണ്ടു പിരിവുകൾകൂടി ഉണ്ട്. |
| ഇവയിൽ | - | ഈ പിരിവുകളിൽ |
| സമതൻ വിശേഷം | - | സമയുടെ വിശേഷം |
| ഏകം | - | ഏകമാണ്. |
| വിരതി വരാ | - | എണ്ണമറ്റ |
| വിഷമാവിശേഷം | - | അന്യയുടെ വിശേഷങ്ങളാണ് |
| ഒന്ന് | - | വേറൊന്ന്. |
| ഇത്തരം | - | ഇങ്ങനെ |
| രണ്ടു തരത്തിൽ | - | രണ്ടു തരത്തിലാണ് |
| ഇവ | - | പിരിവുകൾ |
| ആയിടുന്നു | - | ആയിരിക്കുന്നത്. |

സമ എന്ന ശക്തിയെക്കുറിച്ചും അന്യ എന്ന ശക്തിയെക്കുറിച്ചും ഒരു ഏകദേശ വിവരണം കഴിഞ്ഞ മൂന്നു പദ്യങ്ങളിലൂടെ നൽകിക്കഴിഞ്ഞു. കഴിഞ്ഞ പദ്യത്തിൽ സമയേയും അന്യയേയും നിർവചിക്കുകയായിരുന്നു. അവിടേയും അറിവിനെക്കുറിച്ചുള്ള പര്യാലോചന അവസാനിക്കുന്നില്ല. കുറച്ചുകൂടി വ്യാപ്തിയിൽ അറിവിന്റെ ഈ ശക്തികളെക്കുറിച്ച് മനസ്സിലാക്കേണ്ടതുണ്ട്. സമയ്ക്കും അന്യയ്ക്കും സാമാന്യം (generic) വിശേഷം (specific) എന്ന തരത്തിൽ വീണ്ടും ഒരു ഉപവിഭജനം ആവശ്യമായി വന്നിരിക്കുന്നു. സാമാന്യം എന്നാൽ എല്ലാറ്റിനേയും ഒന്നിച്ചെടുത്ത് പറയുന്നതിനെയാണ്. വിശേഷം എന്നാൽ അതിൽ ഏതെങ്കിലും ഒന്നിനെ പ്രത്യേകിച്ചെടുത്തു പറയുന്നതിനെയാണ്. വാഴ എന്നത്

ഒരു സാമാന്യപദമാണ്. പൂവൻവാഴ, കദളിവാഴ, കണ്ണൻവാഴ എന്നിവ വിശേഷപദങ്ങളാണ്. നിരവധി വിശേഷങ്ങൾ ചേർന്നാണ് സാമാന്യം ഉണ്ടാകുന്നത്. എന്നാൽ ചിലപ്പോൾ സാമാന്യവും വിശേഷമായിത്തീരാനിടയുണ്ട്. വൃക്ഷം എന്ന സാമാന്യത്തെ എടുക്കുകയാണെങ്കിൽ അനേകവൃക്ഷങ്ങളിൽ ഒന്നാണ് വാഴ. അപ്പോൾ വാഴ വിശേഷമായിത്തീരുന്നു. എല്ലാ സാമാന്യങ്ങളുടെയും സമാനാധികരണമായിരിക്കുന്ന (common basis) ഒന്നാണ് അറിവ്. അപ്പോൾ സമയെ സാമാന്യസമ-വിശേഷസമ എന്നും അന്യയെതന്നെ സാമാന്യ അന്യ-വിശേഷ അന്യ എന്നും പിരിച്ചുപറയേണ്ടിവരും.

സമയ്ക്ക് ഒരേയൊരു വിശേഷമേയുള്ളൂ. സമ ആത്മാവാണ്. ആത്മാവിന് അനേകതയില്ല. ഇത് ആത്മാവാണ്, ഇത് അറിവാണ് എന്ന വാക്യത്തിൽ ഇത് സാമാന്യവും ആത്മാവ് അല്ലെങ്കിൽ അറിവ് വിശേഷവുമാണ്. എന്നാൽ വി+സമയായ അന്യയുടെ വിശേഷങ്ങൾ വിരതി വരാത്തതാണ്, വിരാമമില്ലാത്തതാണ്. പ്രപഞ്ചത്തിലെ നാമരൂപങ്ങളുടെ ബാഹുല്യംപോലെതന്നെ അന്യയുടെ വിശേഷശക്തികളും പെരുകിപ്പെരുകി വരും. ഒരു ചെറിയ കീടത്തെ എടുത്തു പരിശോധിക്കാൻ ശ്രമിച്ചാൽതന്നെ നിരവധി ആവാന്തരവിഭാഗങ്ങളിലേക്കു നമ്മുടെ സവിശേഷശ്രദ്ധ പടർന്നു പന്തലിക്കുന്നതു കാണാം. ആധുനികശാസ്ത്രത്തിന് ഇത്രമാത്രം ശാഖാചംക്രമണപ്രവണത കൈവന്നത് വിഷമയായ അറിവിന്റെ വിശേഷങ്ങൾക്ക് വിരാമമില്ലാത്തതുകൊണ്ടാണ്. അതുകൊണ്ടാണ് ആധുനികശാസ്ത്രത്തിന് അറിവിന്റെ കാര്യത്തിൽ ഒരു തീർപ്പിൽ എത്താൻ കഴിയാത്തത്. സമയുടെ വശത്ത് അന്വേഷണത്തിന് തീർപ്പുണ്ട്. സമയുടെ വിശേഷം ഏകമായതുകൊണ്ട് പരമസാക്ഷാത്ക്കാരത്തിൽ നമുക്കു പൂർണ്ണത ലഭിക്കുന്നു. ■

# 40



**സമയിലുമന്യയിലും സദാപി വന്നി-**
**ങ്ങമരുവതുണ്ടതതിൻ വിശേഷശക്തി**
**അമിതയതാകിലുമാകെ രണ്ടിവറ്റിൻ-**
**ഭ്രമകലയാലഖിലം പ്രമേയമാകും.**

| | | |
|---|---|---|
| സമയിലും അന്യയിലും | - | സമീകരിക്കുന്ന അറിവിലും അന്യ ഥാകരിക്കുന്ന അറിവിലും |
| സദാപി | - | എല്ലായ്പ്പോഴും |
| അതതിൻ വിശേഷശക്തി | - | സമയ്ക്ക് സമയുടെ വിശേഷ ശക്തിയും അന്യയ്ക്ക് അന്യയുടെ വിശേഷശക്തിയും |
| വന്നിങ്ങ് അമരുവതുണ്ട് | - | ഒത്തുചേർന്നു നിൽക്കാറുണ്ട്. |
| അമിതയതാകിലും | - | വിശേഷശക്തികൾ എണ്ണിയാലൊടു ങ്ങാത്തവയാണെങ്കിലും |
| ആകെ രണ്ടിവറ്റിൻ | - | ആകെകൂടി നോക്കിയാൽ ഈ രണ്ടു പിരിവുകളുടേയും |
| ഭ്രമകലയാൽ | - | ദ്രുതചലനം കാരണമാണ് |
| അഖിലം | - | സകല ലോകവും |
| പ്രമേയമാകും | - | അറിവിനു വിഷയീഭവിക്കുന്നത്. |

ഒരു വസ്തുവിനെക്കുറിച്ചു സാമാന്യമായും വിശേഷമായും നമുക്കറിയാൻ കഴിയും. സാമാന്യജ്ഞാനത്തിൽ ഒരു ഏകദേശധാരണയേ കിട്ടുകയുള്ളൂ. വിശേഷജ്ഞാനത്തിൽ വസ്തുവിനെ സംബന്ധിച്ച കൃത്യമായ അറിവുകൾ ലഭിക്കുന്നു. ഒരാൾ നമ്മോട് ചെടി കണ്ടിട്ടുണ്ടോ എന്നു ചോദിക്കുകയാണെങ്കിൽ നാം ഉടനെതന്നെ ഒരു മറുചോദ്യം അങ്ങോട്ടു ചോദിക്കും: "ഏതു ചെടി?" ചെടി ഒരു സാമാന്യജ്ഞാനമാണ്. ആ സാമാന്യത്തിൽ അനേകം വിശേഷനാമങ്ങൾ ഉള്ളടങ്ങിയിരിക്കുന്നുണ്ട്. അപ്പോൾ 'സൂര്യകാന്തിച്ചെടി കണ്ടിട്ടുണ്ടോ?' എന്നു പ്രത്യേകിച്ചെടുത്തു ചോദിച്ചാൽ അയാൾക്ക് മനസ്സിലാകും. കൃത്യമായ അറിവ് അയാൾ

ക്ക് ലഭിക്കുന്നു. ഇതുപോലെ ഒരു കുഞ്ഞു വളർന്നുവരുമ്പോൾ ലോകത്തെ സംബന്ധിച്ച വിശേഷാനുഭവങ്ങളെ സ്വായത്തമാക്കുവാൻവേണ്ടിയാണ് അച്ഛനോടും അമ്മയോടും ചോദ്യങ്ങൾ ചോദിക്കുന്നത്. ഓരോ ചോദ്യവും സാമാന്യത്തിൽനിന്നും വിശേഷത്തെ കണ്ടെത്താനുള്ള അന്വേഷണമാണ്.

സമ എന്ന അറിവിലും അന്യ എന്ന അറിവിലും ഇങ്ങനെ സാമാന്യം എന്നും വിശേഷം എന്നും ഉള്ള രണ്ടു പിരിവുകളെപ്പറ്റി കഴിഞ്ഞ പദ്യത്തിൽ സൂചിപ്പിച്ചുവല്ലോ. വിശേഷശക്തികൾ എപ്പോഴും സാമാന്യത്തോടുചേർന്ന് വർത്തിക്കാറുണ്ട്. എണ്ണിയാലൊടുങ്ങാത്ത തരത്തിലുള്ള വിശേഷങ്ങളാണ് ഓരോ വസ്തുജ്ഞാനത്തിലും ഇരിക്കുന്നത്. ഒരു പുഷ്പത്തെതന്നെ പരിശോധനയ്ക്ക് എടുത്തുനോക്കുമ്പോൾ ഒരായിരം ചോദ്യങ്ങൾ ആ പുഷ്പത്തെ സംബന്ധിച്ചു നമുക്കറിയാൻ ആഗ്രഹമുണ്ടാകും. പൂവിന്റെ നിറം, മണം, ആകൃതി, ജാതി എത്രകാലം ആ പൂവ് ജീവിക്കും? അതെങ്ങനെയാണ് പരാഗണം നടത്തുന്നത്? ഇങ്ങനെ തുടങ്ങുന്ന ചോദ്യങ്ങൾ എണ്ണിയാലൊടുങ്ങാത്തതാണ്. സാമാന്യത്തിനും വിശേഷത്തിനും ഇടയിൽ അറിവ് ഏറിമാറിത്തിരിയുന്നുണ്ട്. നാം അതറിയാറില്ലെന്നു മാത്രം. ഒരു വണ്ട് ചിറകടിക്കുന്നതിനേക്കാൾ ദ്രുതഗതിയിലാണ് അറിവിന്റെ ഈ പ്രക്രിയ നടക്കുന്നത്. അറിവിൽ നടക്കുന്ന ഭാനവൃത്തി മുഖാന്തരമാണ് ലോകത്തിലുള്ളതെല്ലാം നമുക്ക് ഗ്രാഹ്യമായിത്തീരുന്നത്. പ്രമാതാവ്, പ്രമേയം, പ്രമ ഇവ മൂന്നും ചേർന്നാണ് വിഷയജ്ഞാനത്തിലെ ത്രിപുടികൾ രൂപപ്പെടുന്നത്. ത്രിപുടീജ്ഞാനം ഭ്രമമാണ്, അയഥാർത്ഥമാണ്. അടുത്ത രണ്ടു ശ്ലോകത്തിൽ ഇക്കാര്യം ഉദാഹരണസഹിതം ഗുരു വ്യക്തമാക്കുന്നു. ■

# 41



**‘ഇതു കുട’മെന്നതിലാദ്യമാ‘മിതെ’ന്നു-**
**ള്ളതു വിഷമാ ‘കുട’മോ വിശേഷമാകും**
**മതി മുതലായ മഹേന്ദ്രജാലമുണ്ടാ-**
**വതിനിതുതാൻ കരുവെന്നു കണ്ടിടേണം.**

| | | |
|---|---|---|
| ഇതു കുടം എന്നതിൽ | - | ഇതു കുടമാകുന്നു എന്ന വാക്യത്തിൽ |
| ആദ്യമാം | - | ആദ്യം പറഞ്ഞ |
| ‘ഇത്’ എന്നുള്ളത് | - | ഇത് എന്ന സർവനാമം ഉദ്ദേശിക്കുന്നത് |
| വിഷമാ | - | അന്യയുടെ സാമാന്യത്തെയാണ്. |
| കുടമോ | - | കുടം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് |
| വിശേഷമാകും | - | അന്യയുടെ വിശേഷത്തെയാണ്.. |
| മതി മുതലായ | - | ബുദ്ധി മുതലായ വൃത്തികളുടെ |
| മഹേന്ദ്രജാലം | - | ഇന്ദ്രജാലം പോലെയുള്ള പ്രതീതികൾ |
| ഉണ്ടാവതിന് | - | ഉണ്ടാകുന്നതിന് |
| ഇതു താൻ | - | ‘ഇത്’ എന്ന അന്യയുടെ സാമാന്യ ശക്തിയാണ് |
| കരുവെന്ന് | - | കാരണമായിരിക്കുന്നത് എന്ന് |
| കണ്ടിടേണം | - | മനസ്സിലാക്കിക്കൊള്ളണം. |

ഇതുവരെ പറഞ്ഞ അന്യയുടെ സാമാന്യം-വിശേഷം എന്ന തരത്തിലുള്ള പ്രവർത്തനത്തെ നമ്മുടെ നിത്യജീവിതത്തിൽ അനുഭവപ്പെടുന്ന ഒരു ദൃഷ്ടാന്തത്തിലൂടെ ഗുരു വ്യക്തമാക്കിത്തരികയാണ്. ഇതു കുടം, ഇതു പടം എന്നൊക്കെ നാം പറയാറുണ്ടല്ലോ. ഈ വാക്യത്തെ നാം ശരിയായി അപഗ്രഥിച്ചു നോക്കിയിട്ടുണ്ടോ? “ഇത്” ഒരു നിർദ്ദേശകസർവനാമമാണ്. എന്തിനേയോ നിർദ്ദേശിക്കുകയാണ് “ഇത്” എന്ന പദംകൊണ്ട് ചെയ്യുന്നത്. ഒരാൾ നിങ്ങളോട് “ഇത്” എന്ന വാക്കു പറഞ്ഞു നിറുത്തുകയാണെങ്കിൽ നിങ്ങളുടെ ഉള്ളിൽ ഒരു ആകാംക്ഷ

മുറ്റിനിൽക്കുന്നുണ്ടായിരിക്കും. ആ ആകാംക്ഷയ്ക്ക് ശമനം വരുത്തണം. അതു ചോദ്യമായി പുറത്തുവരും. നാം ചോദിക്കും: 'ഇത് എന്താണ്?' ഇത് എന്ന സാമാന്യജ്ഞാനത്തിൽ എണ്ണമറ്റ വിശേഷജ്ഞാനങ്ങൾ ഉള്ളടങ്ങിയിരിക്കുന്നുണ്ട്. സാമാന്യജ്ഞാനം അവ്യക്തമാണ്. വിശേഷജ്ഞാനം വ്യക്തമാണ്. സാമാന്യജ്ഞാനം സൂര്യോദയത്തിനു മുമ്പുള്ള പ്രഭാതം പോലെയാണ്. ദൃശ്യങ്ങൾ ഒന്നുംതന്നെ വ്യക്തമായി കാണുകയില്ല. ദൃശ്യങ്ങൾ ഇരുട്ടിലായതുകൊണ്ട് ദൃശ്യങ്ങൾ ഇല്ല എന്നു പറയാനാവില്ല. വ്യക്തമായിട്ടില്ല എന്നേ പറയാനൊക്കൂ. സൂര്യനുദിച്ചാൽ ദൃശ്യങ്ങൾ വ്യക്തമാകും.

"ഇത്" എന്നത് ഒരു അവ്യക്തതയാണ്. ഇതു കുടമാകാം. ഇതു മഠമാകാം, ഇതു പടമാകാം, ഇതു പുല്ലാകാം, ഇതു മലയാകാം...... ഇങ്ങനെ ഇത് എന്ന സാമാന്യത്തിൽനിന്ന് എണ്ണമറ്റ വിശേഷജ്ഞാനങ്ങൾ ഉണ്ടാകാം. ബോധത്തിലാണ് സ്പഷ്ടീകരണം നടക്കേണ്ടത്. കുഞ്ഞുങ്ങളിൽ നാം ഈ സ്പഷ്ടീകരണമാണ് ഉണ്ടാക്കിക്കൊടുക്കുന്നത്. ഇത് എന്ന സാമാന്യബോധം ലോകത്തിലെ സകല നാമരൂപങ്ങളേയും ഗർഭം ധരിച്ചുവച്ചിരിക്കുന്നുണ്ട്. അപ്പോൾ ഇത് എന്നു പറയുന്നത് സർവത്തിനും ജന്മം കൊടുക്കുന്ന ജനനിയാണ്. മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം ഈ അന്തക്കരണവൃത്തികൾക്കെല്ലാം കരുവായിരിക്കുന്നതും ഇത് ആണ്. അന്തക്കരണങ്ങളിൽ അനുഭവരൂപത്തിൽ തെളിയുന്ന നാമരൂപങ്ങളെല്ലാം മായാവ്യവഹിതങ്ങളാണ്. അവയുടെ യാഥാർത്ഥ്യം തത്ക്കാലത്തേയ്ക്ക് മാത്രമേ ഉള്ളൂ. വ്യവഹാരദശയിൽ പ്രപഞ്ചം ഉണ്ടെന്നു തോന്നും. സ്വപ്നത്തിന്റെ മിഥ്യാത്വം ഉറക്കമുണരുമ്പോൾ ബോധ്യപ്പെടുന്നതുപോലെ ജ്ഞാനം വരുമ്പോൾ ജ്ഞാനിക്ക് പ്രപഞ്ചവും ഇന്ദ്രജാലസമാനമാണെന്ന് ബോധ്യപ്പെടും. ഇക്കാര്യം വളരെ സൂക്ഷ്മതയോടുകൂടി മനസ്സിലാക്കേണ്ടതാണ്. ■

# 42



**‘ഇദമറി’വെന്നതിലാദ്യമാ‘മിതെ’ന്നു-**
**ള്ളതു സമതന്റെ വിശേഷമാണു ബോധം**
**മതി മുതലായവയൊക്കെ മാറി മേൽ സദ്-**
**ഗതി വരുവാനിതിനെഭജിച്ചിടേണം.**

| | | |
|---|---|---|
| ഇദം അറിവ് എന്നതിൽ | - | ഇത് അറിവാണ് എന്ന വാക്യത്തിൽ |
| ആദ്യമാം | - | ഇദം എന്നതുകൊണ്ടർത്ഥമാക്കുന്നത് |
| സമ | - | സമയുടെ സാമാന്യശക്തിയെയാണ്. |
| തന്റെ | - | സാമാന്യശക്തിയായ സമയുടെ |
| വിശേഷമാണ് | - | വിശേഷജ്ഞാനമാണ് |
| ബോധം | - | ബോധം എന്നുള്ളത്. |
| മതി മുതലായവയൊക്കെ | - | അന്തക്കരണവൃത്തികളൊക്കെ |
| മാറി | - | ഇല്ലാതായി |
| മേൽ | - | എല്ലാറ്റിനും ഉപരിയുള്ള |
| സദ്ഗതി വരുവാൻ | - | ആത്മസാക്ഷാത്ക്കാരം വരുവാൻ |
| ഇതിനെ | - | സമ എന്ന അറിവിനെ |
| ഭജിച്ചിടേണം | - | ഇടവിടാതെ ധ്യാനിക്കണം. |

ഈ ശ്ലോകത്തിൽ സമ എന്ന അറിവിന്റെ ശക്തിയെ ഉദാഹരണസഹിതം വിശദീകരിക്കുകയാണ്. ‘ഇത് അറിവ്’ എന്ന വാക്യത്തിൽ ഇത് എന്ന സാമാന്യവും അറിവ് എന്ന വിശേഷവും ചേർന്നിരിക്കുന്നു. കഴിഞ്ഞ ഉദാഹരണംപോലെ പെട്ടെന്നു മനസ്സിലാക്കാൻ കഴിയുന്ന ഒരു ഉദാഹരണമല്ല ഇത്. കാരണം ധ്യാനാത്മകമായ മനസ്സുകൊണ്ടു മാത്രമേ ഈ വാക്യത്തിന്റെ അർത്ഥത്തെ അതിന്റെ സ്പഷ്ടമായ അർത്ഥത്തിൽ ഗ്രഹിക്കുവാൻ കഴിയുകയുള്ളൂ.

ഒന്നായി അറിയുന്നതാണ് സമ. അങ്ങനെയാണെങ്കിൽ ഇവിടെ പറയുന്ന അറിവ് ഒന്നേയുള്ളൂ. ഞാനൊരു വസ്തുവിനെ കാണുന്നു, ശബ്ദത്തെ കേൾക്കുന്നു, മണത്തെ ഘ്രാണിക്കുന്നു,

രസത്തെ രുചിക്കുന്നു, സ്പർശത്തെ അനുഭവിക്കുന്നു. ഇവയൊക്കെ അറിവുകളാണ്. ഞാൻ ഒരു റോസാപൂവിനെ കാണുന്നു എന്ന വാക്യത്തിൽ ഞാൻ കാണുന്നവൻ, കാണപ്പെടുന്ന വസ്തുവായ റോസാപുഷ്പം, എന്നെയും റോസാപുഷ്പത്തേയും ചേർക്കുന്ന കാണൽ എന്ന ക്രിയ – ഇത്രയും കാര്യങ്ങളെ വ്യവച്ഛേദിച്ചറിയുവാൻ കഴിയണം. അപ്പോൾ കാണൽ, കേൾക്കൽ, സ്പർശിക്കൽ, രുചിക്കൽ, ചിന്തിക്കൽ ഇവയെല്ലാം അറിവിന്റെ ക്രിയാഭേദങ്ങളാണ്. കരണഭേദങ്ങളാണ് ക്രിയാഭേദങ്ങളായി വരുന്നത്.

ഇതിലെ അറിവിനെ മാത്രം നമ്മൾ ഏകമായി അറിയണം. ഒരേയൊരു അറിവാണ് കാഴ്ചയായും സ്പർശമായും ഒക്കെ വരുന്നത്. ഇന്ദ്രിയവ്യത്യാസമാണ് അറിവിനെ നാനാത്വമുള്ളതാക്കിത്തീർക്കുന്നത്. അറിവിന്റെ ഐക്യത്തെ വിശേഷിച്ചെടുത്ത് മനസ്സിലാക്കാൻ കഴിയുകയാണെങ്കിൽ ബുദ്ധിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഭ്രമാത്മകത പാടേ നീങ്ങിപ്പോകും. സമ സമീകരിക്കുന്ന ശക്തിയാണ്. ശിഥിലശക്തിയായ അന്യയിൽനിന്നും പുറത്തുകടക്കാൻ സമയെ സമാശ്രയിക്കണം. അന്യയിൽനിന്നും പിടിവിടുവിക്കാനുള്ള ആത്മാവിന്റെ കൃപാശക്തിതന്നെയാണ് സമ. ദൗത്യം നിർവഹിച്ചുകഴിഞ്ഞാൽ സമ ആത്മാവിൽതന്നെ ഒടുങ്ങും. അത്മാവ് മാത്രം അവശേഷിക്കും. ചിദ്സ്വരൂപമായ അറിവിൽ സ്ഥിതപ്രജ്ഞത കൈവരും. അതുകൊണ്ട് എപ്പോഴും എന്തറിയുമ്പോഴും ഇതറിവ്...ഇതറിവ്...ഇതറിവ്... എന്ന് ഭജിച്ചുകൊണ്ടിരിക്കണം. എല്ലാം അറിവു മാത്രം. അറിവിൽ നിന്നന്യമായി ഒന്നുമില്ല. അപ്പോൾ നമുക്കും സദ്ഗതി വരും. സദ്ഗതി മോക്ഷമാണ്. ദുഃഖത്തിൽനിന്നും ബന്ധനത്തിൽനിന്നുമുള്ള മോക്ഷം. ■

# 43



**പ്രകൃതി പിടിച്ചു ചുഴറ്റിടും പ്രകാരം**
**സുകൃതികൾപോലുമഹോ! ചുഴന്നിടുന്നു!**
**വികൃതി വിടുന്നതിനായി വേല ചെയ്വീ-**
**ലകൃതി ഫലാഗ്രഹമറ്ററിഞ്ഞിടേണം.**

| | | |
|---|---|---|
| പ്രകൃതി | - | പ്രകൃതിയുടെ |
| പിടിച്ചുചുഴറ്റിടും പ്രകാരം | - | ശക്തമായ ചുഴിയിൽപെട്ടു കരേറാനാകാതെ |
| സുകൃതികൾപോലും | - | സന്മാർഗ്ഗസഞ്ചാരികൾപോലും |
| അഹോ! ചുഴന്നിടുന്നു! | - | നിലകിട്ടാതെ നട്ടംതിരിയുന്നത് ആശ്ചര്യംതന്നെ! |
| വികൃതി വിടുന്നതിനായ് | - | കർമ്മബന്ധം വിട്ടുകിട്ടുന്നതിനായ് |
| വേല ചെയ്വീല അകൃതി | - | നിഷ്ക്രിയനായിരിക്കുന്നത് തമോ ഗുണവർദ്ധിനിയായ അകൃതിയാണ്. |
| ഫലാഗ്രഹമറ്റ് | - | വിഹിതകർമ്മങ്ങൾ ഫലേച്ഛകൂടാതെ ചെയ്യുകയും |
| അറിഞ്ഞിടേണം | - | സാക്ഷിരൂപത്തിൽ വർത്തിക്കുകയും വേണം. |

പ്രകൃതിയെ നാം വ്യവഹാരഭാഷയിൽ പറയാറുള്ള അർത്ഥത്തിലല്ല മനസ്സിലാക്കേണ്ടത്. പ്രാപഞ്ചികസത്തയിൽ നടക്കുന്ന എല്ലാ ക്രിയകളുടേയും ചുക്കാൻ പിടിക്കുന്നത് പ്രകൃതിയാണ്. അതൊരു നിയമമാണ്. ആ നിയമത്തെ ലംഘിക്കുവാൻ കഴിയുകയില്ല. ലംഘിച്ചാൽ ഇരട്ടിശക്തിയോടെ അതു തിരിച്ചടിക്കും. പ്രകൃതി ഓരോ ജീവിയിലും വ്യത്യസ്തമാണെങ്കിലും എല്ലാറ്റിനേയും ഒരു വ്യവസ്ഥയിൽ കൊണ്ടുവരുന്ന സാമഞ്ജസ്യം പ്രകൃതിയിൽ ആകവേ ഉണർന്നു വർത്തിക്കുന്നുണ്ട്. ആ വ്യവസ്ഥയ്ക്ക് ധർമ്മം എന്നാണ് പറയുക. പ്രകൃതിയിൽ തന്നെയുള്ള രണ്ടുതരം പിടിവലികളുണ്ട്. ഒന്ന് ചിതറിത്തെറിച്ചുപോകുന്ന ശക്തി. ആ ശക്തിയുമായി താദാത്മ്യപ്പെട്ട് മനുഷ്യനടക്കമുള്ള എല്ലാ ജീവികളും വലയുകയാണ് ചെയ്യുന്നത്. എന്നാൽ

ധർമ്മത്തിന്റെ മാർഗ്ഗത്തിലൂടെ ധർമ്മിയെ അറിഞ്ഞുകൊണ്ടുള്ള ഏകാത്മകമായ ഒരു യാനമുണ്ട്. അതു ജീവിതത്തെ ഉദാത്തീകരിക്കുന്നതാണ്. ആ വഴിയിലൂടെ സഞ്ചരിക്കുമ്പോഴും വീണ്ടും നമ്മെ ഛിദ്രശക്തികൾ ആശ്ലേഷിച്ചുകൊണ്ടിരിക്കും. അതാണ് വികൃതി. വികൃതിയുടെ പിടിയിൽപെട്ടാൽ അതിൽനിന്നും ഊരിപ്പോരാൻ നിഷ്ക്രിയത്വമോ അലസതയോ അവലംബിക്കുകയല്ല വേണ്ടത്. നിഷ്കാമമായ കർമ്മവ്യാപാരമാണ് വേണ്ടത്.

ചിലർക്ക് എന്തെങ്കിലും ദുഃഖമുണ്ടാവുകയാണെങ്കിൽ അവർ ശ്മശാനവൈരാഗികളെപ്പോലെ ഒന്നും ചെയ്യാതെ ഒരിടത്തു ചടഞ്ഞുകൂടി ഇരിക്കും. നിഷ്ക്രിയത്വം പാലിച്ചതുകൊണ്ട് അവരുടെ ദുഃഖം തീരുന്നില്ല. ശാരീരികമായ നിഷ്ക്രിയത്വംകൊണ്ട് മാനസികമായി അവർക്ക് വികൃതിയിൽനിന്നും വിട്ടുപോരാൻ കഴിയാറില്ല. ഒന്നും ചെയ്യാതിരിക്കുന്നത് അകൃതിയാണ്. പ്രകൃതിയിലെ നിയമങ്ങൾ എല്ലാ ജീവികളും അനുസന്ധാനം ചെയ്യണം. അതിൽനിന്നും ഒഴിഞ്ഞുമാറാൻ കഴിയുകയില്ല. ദാഹിക്കുന്നവൻ വെള്ളം കുടിക്കണം. വിശക്കുന്നവൻ അന്നം കഴിക്കണം. ഇതെല്ലാം ആവശ്യങ്ങളാണ്. ജീവിക്കുന്ന ജീവികൾക്കെല്ലാം ഈ ആവശ്യങ്ങൾ നിറവേറുകയും വേണം. അതിനുവേണ്ടി കർമ്മം ചെയ്യണം. കർമ്മങ്ങൾ ഞാൻ ചെയ്യുന്നു എന്ന ഭാവം പാടില്ല. കർമ്മങ്ങളെല്ലാം പ്രകൃതിയുടേതാണ്. ഞാനാണ് കർമ്മം ചെയ്യുന്നതെന്നു ഭാവിക്കുകയാണെങ്കിൽ കർമ്മങ്ങളുടെ ഫലത്തിൽ എനിക്ക് കാംക്ഷയും സംഗവും ഉണ്ടാകും. അതു ബന്ധനമാണ്.

സുകൃതികൾപോലും ബന്ധനത്തിന് അടിപ്പെടുന്നു. നല്ല കർമ്മങ്ങൾ ചെയ്യുന്നവരാണ് സുകൃതികൾ. നിർധനനന് വീടുണ്ടാക്കിക്കൊടുക്കുന്നത് നന്മയാണ്. പക്ഷേ 'ഞാൻ' വീടുണ്ടാക്കി ദാനം നൽകി എന്ന ചിന്ത നമ്മെ ബന്ധിക്കും. അതുകൊണ്ട് പ്രകൃതിയിൽനിന്നും മോചിതരാകാൻ ആഗ്രഹിക്കുന്നവർ നല്ല കർമ്മങ്ങളുടെ കർതൃത്വത്തിൽനിന്നും മോചിതരാകണം. എന്നിട്ടു ഫലേച്ഛയില്ലാതെ കർമ്മം ചെയ്യണം. അപ്പോൾ പ്രകൃതിയുടെ കർമ്മം വ്യക്തിയിലൂടെ നിറവേറപ്പെടുന്നു. നാം കർമ്മങ്ങൾക്കെല്ലാം സാക്ഷിയായി വർത്തിക്കുകയും ചെയ്യുക. ■

# 44



**പലമതസാരവുമേകമെന്നു പാരാ-**
**തുലകിലൊരാനയിലന്ധരെന്നപോലെ**
**പലവിധയുക്തി പറഞ്ഞു പാമരന്മാ-**
**രലവതു കണ്ടലയാതമർന്നിടേണം.**

| | | |
|---|---|---|
| പലമതസാരവും | - | പലതായ വ്യവസ്ഥാപിതമതങ്ങളുടെയെല്ലാം സാരം |
| ഏകം | - | ഒന്നുതന്നെയാണ്. |
| എന്ന് പാരാതെ | - | ഇതു മനസ്സിലാക്കാതെ |
| ഉലകിൽ | - | ലോകത്തിൽ |
| ഒരാനയിൽ | - | ഒരു ആനയെപ്പറ്റി |
| അന്ധരെന്നപോലെ | - | അന്ധന്മാർ തർക്കിക്കുന്നതുപോലെ |
| പലവിധയുക്തി പറഞ്ഞ് | - | പലമാതിരിയുള്ള വാദങ്ങൾ ഉന്നയിച്ച് |
| പാമരന്മാർ | - | അറിവില്ലാത്ത ജനം |
| അലവതു കണ്ട് | - | ലക്ഷ്യബോധമില്ലാതെ ചുറ്റിത്തിരിയുന്നതുകണ്ട് |
| അലയാതെ | - | നാം അവരെപ്പോലെ അലയാതെ |
| അമർന്നിടേണം | - | ആത്മബോധത്തിന്റെ വ്യക്തതയിൽ നിലകൊണ്ടിടേണം. |

എത്രയെത്ര മതങ്ങളാണ് ഈ ഭൂമുഖത്തുള്ളത്. പേരെടുത്തു പറയാവുന്ന പ്രസിദ്ധമായ മതവിഭാഗങ്ങൾ ക്രിസ്തുമതം, ഇസ്ലാംമതം, ഹിന്ദുമതം, ജൂതമതം, ബുദ്ധമതം, ജൈനമതം, സിക്കുമതം, ഷിന്റോമതം, താവോമതം, കൺഫ്യൂഷിയൻ മതം, പാർസിമതം ഇവയെല്ലാമാണ്. ഇവ കൂടാതെതന്നെ ധാരാളം അവാന്തരമതവിഭാഗങ്ങളുണ്ട്. ഈ മതങ്ങളൊക്കെ എന്തിനുവേണ്ടിയാണ് ഇവിടെ സംസ്ഥാപിതമായിട്ടുള്ളത്? സമാധാനത്തിനുവേണ്ടിയാണ്. എല്ലാ മതങ്ങളും മുന്നോട്ടു വയ്ക്കുന്ന ലക്ഷ്യം ഒന്നുതന്നെയാണ്. ഈശ്വരൻ ഒന്നേയുള്ളൂ അല്ലെങ്കിൽ സത്യം ഒന്നേയുള്ളൂ എന്ന് എല്ലാവരും പറയുന്നു. അതോടൊപ്പംതന്നെ

മതത്തിന്റെ ചട്ടക്കൂടുകൾക്കും അനുഷ്ഠാനങ്ങൾക്കും ആചാരങ്ങൾക്കും പ്രത്യക്ഷത്തിലുള്ള വ്യത്യാസങ്ങൾ കണ്ടുപോരുന്നുമുണ്ട്. അതുകൊണ്ട് സാമാന്യജനം അങ്കലാപ്പിലായിരിക്കുകയാണ്. അതു തീർക്കാനാണ് ഗുരു പറയുന്നത്, പലമതസാരവും ഏകം എന്ന്. എല്ലാ മതങ്ങളുടേയും സാരം ഒന്നാണെന്ന്.

ഏതൊരു ലക്ഷ്യത്തിലേക്കാണോ മതം ഊന്നുന്നത്, ആ ലക്ഷ്യം ഒന്നുതന്നെയാണ്. അതാണ് മതത്തിന്റെ സാരം. എല്ലാ നദികളും കടലിൽതന്നെയാണ് ചെന്നുചേരുന്നത്. ഏതു വഴികളിലൂടെ സഞ്ചരിച്ചാലും അവസാനം ഈശ്വരനിലാണ് നമുക്ക് ലയിക്കേണ്ടത്. പക്ഷേ, മനുഷ്യരാശി ഇതറിയാറില്ല. ആനയെ കാണാൻപോയ കുരുടന്മാരെപ്പോലെയാണ് ഇവിടെയുള്ള ആളുകൾ സംസാരിക്കുന്നത്. ഒരു കുരുടൻ പറയുന്നു, ആന ചൂലുപോലെയാണെന്ന്. വേറൊരു കുരുടൻ പറയുന്നു, ആന പനന്തടിപോലെയാണെന്ന്. ഇനിയൊരു കുരുടൻ പറയുന്നു, ആന മുറംപോലെയാണെന്ന്. കുരുടന് ആനയെ കാണാൻ കഴിയില്ലല്ലോ? അവർ ആനയുടെ ഓരോ അവയവത്തെയാണ് പിടിച്ചുനോക്കിയത്. അവർ എത്തിച്ചേർന്ന നിഗമനമാണ് അവർ പറയുന്നത്. എന്നാൽ ആനയെന്ന ജീവിയെ മുഴുവനായും അവർക്കു കാണാൻ കഴിയില്ല. അതുകൊണ്ട് ഓരോരോ യുക്തികൾ പറഞ്ഞ് അവർ തർക്കിക്കുന്നു.

മതങ്ങളുടെ കാര്യത്തിലും ഈ മാതിരി തർക്കങ്ങൾ നടക്കുന്നത് നമ്മൾ കേട്ടുപോരാറുള്ളതാണ്. ആയിരം വർഷമിരുന്നു തർക്കിച്ചാലും ഒരു പരിഹാരവും ഈ താർക്കികന്മാർക്കിടയിൽ ഉണ്ടാകുവാൻ പോകുന്നില്ല. അനുഭവത്താൽ മാത്രമേ തർക്കങ്ങൾ അവസാനിക്കുകയുള്ളൂ. നാം അതുകൊണ്ട് തർക്കമെല്ലാം അവസാനിപ്പിച്ച് മതത്തിന്റെ സാരം അന്തരാത്മാവിൽ അനുഭവിച്ചറിയണം. അതു ശാന്തിയാണ്.... അത് സമാധാനമാണ്... അത് പൂർണ്ണതയാണ്...അത് സ്നേഹമാണ്... അത് ആനന്ദമാണ്.... അത് സ്വാതന്ത്ര്യമാണ്... അത് സാഹോദര്യമാണ്.... ■

# 45



**ഒരു മതമന്യനു നിന്ദ്യമൊന്നിലോതും**
**കരുവപരന്റെ കണക്കിനൂനമാകും**
**ധരയിലിതിന്റെ രഹസ്യമൊന്നുതാനെ-**
**ന്നറിവളവും ഭ്രമമെന്നറിഞ്ഞിടേണം.**

| | | |
|---|---|---|
| ഒരു മതം അന്യനുനിന്ദ്യം | - | ഒരു മതവിശ്വാസിക്ക് വേറൊരു മത വിശ്വാസത്തെ നിന്ദ്യമായി തോന്നുന്നു. |
| ഒന്നിലോതും കരു | - | ഒരു മതത്തിൽ പറയുന്ന സത്യം |
| അപരന്റെ കണക്കിന് | - | മറ്റൊരു മതവിശ്വാസിയുടെ വീക്ഷ ണത്തിൽ |
| ഊനമാകും | - | വികലമാണ്. |
| ധരയിൽ | - | ലോകത്തിൽ |
| ഇതിന്റെ രഹസ്യം | - | മതങ്ങളുടെയെല്ലാം സാരമായിരി ക്കുന്ന രഹസ്യം |
| ഒന്നുതാൻ | - | ഒന്നുതന്നെയാണ്. |
| എന്ന അറിവളവും | - | ഇക്കാര്യം അറിയുന്നതുവരെ, |
| ഭ്രമം | - | സ്വമതവിശ്വാസവും ഇതരമതനിന്ദയും വെറും ചിത്തഭ്രമം മാത്രമായിരിക്കും. |
| എന്ന് അറിഞ്ഞിടേണം | - | ഇതിൽ ബോധവാനായിരിക്കണം. |

എല്ലാ മതങ്ങളുടേയും സാരം ഏകമാണെന്നാണ് ഗുരു മുന്നോട്ടുവയ്ക്കുന്ന മതദർശനത്തിന്റെ അന്തസ്സാരം. ഇതു പറയുമ്പോഴും ഇവിടെ നിലവിലിരിക്കുന്ന മതവ്യവഹാരങ്ങളെ ഗുരു കണക്കിലെടുക്കാതിരിക്കുന്നില്ല. ഒരു മതവിശ്വാസിക്ക് വേറൊരു മതവിശ്വാസിയെ പുച്ഛമാണ്. തന്റെ വിശ്വാസമാണ് ശരി, അപരന്റെ വിശ്വാസം തെറ്റാണ് എന്നൊരു ധാരണയാണ് എല്ലാ മത കലഹങ്ങൾക്കും യുദ്ധങ്ങൾക്കും കാരണമായിരിക്കുന്നത്. വേറൊരുവന്റെ മതവിശ്വാസത്തിൽ അസഹിഷ്ണുത പുലർത്തുന്ന മനോഭാവം ആശാസ്യമല്ല. ക്രിസ്തുമതത്തിൽ സ്വർഗ്ഗസ്ഥനായ പിതാവിനെയാണ് സർവേശ്വരനായി കാണുന്നത്. ഇസ്ലാംമതത്തിൽ

അല്ലാഹുവിനേയും ജൂതമതത്തിൽ യഹോവയേയും പരമോന്ന തനായ നാഥനായി പ്രകീർത്തിക്കുന്നു. ഭാരതത്തിൽ ശിവനേയും വിഷ്ണുവിനേയും ദേവിയേയും പൂജിക്കുന്ന മതവിശ്വാസങ്ങളുണ്ട്. ഇവർക്ക് പരസ്പരം ചേർന്നു ജീവിക്കാൻ എന്തോ ഒരു പ്രയാ സംപോലെയാണ്. ഇസ്ലാംമതക്കാരൻ മസ്ജിദിൽപോയി നിസ്ക രിക്കുന്നു. ക്രിസ്ത്യാനി പള്ളിയിൽ പോയി കുർബാന നടത്തു ന്നു. ഹിന്ദുവാകട്ടെ ക്ഷേത്രത്തിൽ പോയി പ്രാർത്ഥിക്കുകയും പൂജകൾ നടത്തുകയും ചെയ്യുന്നു.

ഈ ബാഹ്യമായ ജീവിതക്രമത്തെ മതമായി തെറ്റിദ്ധരിച്ചു പോരുന്ന ഒരു ജനത വളരെ അസഹിഷ്ണുതാപൂർവം ഇതരമ തസ്ഥന്റെ ജീവിതക്രമങ്ങളോട് പ്രതികരിക്കുന്ന കാഴ്ചയാണ് നാം ഇവിടെ കാണുന്നത്. ഈ ശ്ലോകത്തിൽ മനുഷ്യമനസ്സിന്റെ കലഹസ്വഭാവത്തെ എടുത്തുകാണിക്കുകയാണ് ഗുരു ചെയ്യുന്ന ത്. മതങ്ങളുടെയെല്ലാം സാരം ഒന്നാണെന്ന രഹസ്യം അറിയു ന്നതുവരെ മനുഷ്യൻ കാട്ടിക്കൂട്ടുന്ന ഈ കോപ്രായങ്ങളെല്ലാം വെറും ഭ്രാന്താണെന്ന് തിരിച്ചറിയേണ്ടതായിട്ടുണ്ട്. മതരഹസ്യം അറിയുന്ന ഒരാൾ ഒരു സ്രഷ്ടാവിന്റെ എല്ലാ സൃഷ്ടികളേയും സമഭാവനയോടെ കാണും. അവയോട് സ്നേഹത്തോടേയും ഹൃദയാനുഭാവത്തോടേയും പെരുമാറും.

മതങ്ങളുടെ ഐക്യം ദാർശനികമാണ്. കേവലം വിശ്വാസ ത്തിൽ മാത്രം അധിഷ്ഠിതമല്ല. വിശ്വാസങ്ങളിൽ അറിവില്ലാ യ്മയും മൗഢ്യവുമുണ്ട്. പലപ്പോഴും സ്ഥാപിതതാത്പര്യമുള്ള മതസംഘടനകൾ മതാനുയായികളിൽ മാത്സരികത നിലനിർത്തി ക്കൊണ്ടുപോകാൻ ബോധപൂർവം അന്ധമായ വിശ്വാസത്തെ വളർത്താൻ ശ്രമിക്കും. വിശ്വാസത്തിൽനിന്നും വിവേകത്തി ലേക്കും ജ്ഞാനത്തിലേക്കും വ്യക്തി വളരേണ്ടുന്നതിന്റെ ആവ ശ്യകതയെയാണ് ഗുരു ഉപദേശിക്കുന്നത്. മതത്തിൽനിന്നും മനു ഷ്യത്വവും ജീവകാരുണ്യവും ഒരിക്കലും നഷ്ടപ്പെട്ടുപോകാൻ പാടില്ല. മതഭിന്നതകൾ പെരുകുന്നത് മതസാരത്തിലുള്ള അന ഭിജ്ഞതകൊണ്ടാണ് എന്ന് അറിയണം. ■

# 46



**പൊരുതു ജയിപ്പതസാദ്ധ്യമൊന്നിനോടൊ-**
**ന്നൊരു മതവും പൊരുതാലൊടുങ്ങുവീല**
**പരമതവാദിയിതോർത്തിടാതെ പാഴേ**
**പൊരുതു പൊലിഞ്ഞിടുമെന്ന ബുദ്ധിവേണം.**

| | | |
|---|---|---|
| പൊരുതു ജയിപ്പത് | - | യുദ്ധത്തിലൂടെ അന്യമതത്തെ തോല്പിക്കാമെന്നുള്ളത് |
| അസാദ്ധ്യം | - | അസാധ്യമാണ്. |
| ഒന്നിനോടൊന്ന് | - | അങ്ങോട്ടും ഇങ്ങോട്ടും |
| പൊരുതാൽ | - | പൊരുതിക്കൊണ്ട് |
| ഒരു മതവും | - | ഒരു മതത്തേയും |
| ഒടുങ്ങുവീല | - | ഉന്മൂലനം ചെയ്യാൻ കഴിയുകയില്ല. |
| പരമതവാദി | - | തന്റെ മതമല്ലാത്ത മതങ്ങളോടൊക്കെ വിദ്വേഷമുള്ളവൻ |
| ഇത് ഓർത്തിടാതെ പാഴേ | - | ഇതു മനസ്സിലാക്കാതെ വെറുതേ |
| പൊരുതു പൊലിഞ്ഞിടും | - | പൊരുതി തുലഞ്ഞുപോകും |
| എന്ന ബുദ്ധി വേണം | - | എന്ന വെളിവുണ്ടാകണം. |

മതം ജീവിതത്തിൽ സമാധാനവും സ്നേഹവും വെളിച്ചവും പകർന്നുകൊടുക്കാനുള്ളതാണ്. ഏകീകരണത്തിന്റെ വചനങ്ങളാണ് മതത്തിലുള്ളത്. ആ വചനം ദൈവത്തിന്റെ ഏകത്വത്തെ ഉറപ്പിക്കുന്നതും ലോകജീവിതം ദൈവേച്ഛയനുസ്സരിച്ച് നടപ്പിൽ വരേണ്ടതാണെന്നും ബോധ്യപ്പെടുത്തുന്നതുമാണ്. ഈശ്വരന്റെ ഇച്ഛ സമസ്തജീവജാലങ്ങളിലൂടേയും നിറവേറപ്പെടുമ്പോൾ ഭൂമിയിൽ സമാധാനം സ്വാഭാവികമായി വന്നണയും. എന്നാൽ മനുഷ്യൻ ദൈവേച്ഛയെ നിറവേറാൻ സമ്മതിക്കാറില്ല. അവൻ അവന്റേതായ സ്വാർത്ഥലക്ഷ്യങ്ങളും കാഴ്ചപ്പാടുകളും മെനഞ്ഞെടുത്ത് അതിലൂടെ അവന്റെ ഒരു കാല്പനികലോകം സൃഷ്ടിക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. അങ്ങ

നെയാണ് ഇപ്പോൾ നിലവിലുള്ള യാഥാസ്ഥിതികമതങ്ങളിൽ പിടിവാശികളും ദുഃശാഠ്യങ്ങളും കയറിക്കൂടാൻ ഇടയായത്. മാത്രമല്ല, മതാനുയായികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് മതത്തിന്റെ ശക്തി വർദ്ധിക്കുമെന്നുള്ള തെറ്റായ ഒരു ധാരണ സമൂഹമനസ്സിലുണ്ട്. അങ്ങനെയാണ് മതങ്ങൾ സംഘടിതമാകാൻ തുടങ്ങിയത്.

സംഘടിതമതം ഭൂമിയിൽ അധികാരത്തിനും അധീശത്വത്തിനും വേണ്ടി ഇതരമതസ്ഥരെ പാടേ ഉന്മൂലനം ചെയ്യാൻ ശ്രമിച്ചിട്ടുള്ളതും ശ്രമിക്കുന്നതുമായ ചരിത്രം നമുക്കു പരിചിതമാണ്. യൂറോപ്പിൽ ഉണ്ടായ കുരിശുയുദ്ധങ്ങളും ദക്ഷിണേന്ത്യയിൽ ശൈവരും വൈഷ്ണവരും തമ്മിലുള്ള പോരാട്ടങ്ങളും മതത്തിന്റെ അക്രമോത്സുകമനോഭാവത്തെ വെളിവാക്കുന്നതാണ്. ഇതരമതാനുയായികളെ കൊല്ലുന്നതിലൂടെ തങ്ങളുടെ മതത്തിനു ജയിക്കാം  എന്നുള്ള ചിന്താഗതിയിൽ മതതത്ത്വത്തിന് നിരക്കാത്ത ഒരു വൈരുദ്ധ്യമുണ്ട്.

ദൈവം സ്നേഹമാണെന്നു പറയുകയും, ആ സ്നേഹത്തെ നിഷേധിക്കുന്ന യുദ്ധങ്ങളിൽ മതം ഏർപ്പെടുകയും ചെയ്യുന്നത് മൂല്യവത്തായ ജീവിതം നയിക്കാനാഗ്രഹിക്കുന്ന മനുഷ്യർക്ക് സംഘടിതമതങ്ങളോടുതന്നെ പുച്ഛം തോന്നുവാൻ ഇടയാക്കിയിരിക്കുകയാണ്. യഥാർത്ഥമതം സംഘടിതമോ വ്യവസ്ഥാപിതമോ അല്ല. അത് മനുഷ്യനും ദൈവവും തമ്മിലുള്ള പ്രണയാന്വിതമായ ജീവിതമാണ്. അവിടെ അനുഭവസാന്ദ്രിമയുടെ ഒരു ഐക്യമുണ്ട്. ആ ഐക്യം പരമാഹ്ലാദകരമാണ്. ഇതൊന്നും അറിയാതെ പരസ്പരം മല്ലടിച്ചു ചാവുന്ന തെരുവുനായ്ക്കളെപ്പോലെ മതാനുയായികളും മതവക്താക്കളും ഈ ലോകത്തിൽ പെരുമാറുന്നത് ഏറെ കഷ്ടമാണ്! അല്പം ഉൾവെളിച്ചമുള്ളവർ ഇങ്ങനെയുള്ള പോരടിക്കുന്ന മതതീവ്രതയെ പ്രോത്സാഹിപ്പിക്കുകയില്ല. മതംമാറ്റത്തിന്റെ പിന്നിലുള്ള മനഃശാസ്ത്രവും മാത്സരികത തന്നെയാണ്. മതങ്ങൾ തമ്മിൽ പരസ്പരം മനസ്സിലാക്കാനാണ് ഗുരു ഉപദേശിക്കുന്നത്. കലഹിക്കാനല്ല. ■

# 47



**ഒരു മതമാകുവതിന്നുരപ്പതെല്ലാ-**
**വരുമിതു വാദികളാരുമോർക്കുവീല**
**പരമതവാദമൊഴിഞ്ഞ പണ്ഡിതന്മാ-**
**രറിയുമിതിന്റെ രഹസ്യമിങ്ങശേഷം.**

| | | |
|---|---|---|
| ഒരു മതമാകുവതിന്ന് | - | ഇവിടെ ഒരു മതം മാത്രമേ വേണ്ടൂ. |
| എല്ലാവരും | - | എല്ലാ മതങ്ങളിലെ ആളുകളും |
| ഉരപ്പത് | - | ഇതാണ് പറയുന്നത്. |
| ഇത് | - | ആ മതം തങ്ങളുടെ മതമായിരിക്കണം എന്നതിലെ പൊരുത്തക്കേട് |
| വാദികളാരും | - | മതവാദികളാരുംതന്നെ |
| ഓർക്കുവീല | - | ഓർക്കുന്നതേയില്ല. |
| പരമതവാദമൊഴിഞ്ഞ | - | മറ്റു മതങ്ങൾക്കെതിരെ വാദവിവാദ ങ്ങളൊന്നും ഇല്ലാത്ത |
| പണ്ഡിതന്മാർ | - | ജ്ഞാനികൾ |
| ഇതിന്റെ രഹസ്യം | - | മതവാദങ്ങളുടെ പിന്നിലെ അന്തസ്സാര വിഹീനതയുടെ മിഥ്യാത്വം |
| ഇങ്ങ് അശേഷം | - | ഇവിടെ പൂർണ്ണമായി |
| അറിയും | - | അറിയുന്നു. |

ലോകത്തിൽ ഒരേയൊരു മതമേ വേണ്ടൂ. അപ്പോൾ കലഹങ്ങളെല്ലാം തീരും. ഇതു പറയുന്നവരെ സൂക്ഷിക്കണം. അവരുടെ മനസ്സിലിരിപ്പ് തങ്ങളുടെ മതമായിരിക്കണം ആ മതം എന്നാണ്. ഒരു ഹിന്ദുവിന്റെ ആഗ്രഹം, തന്റെ മതമാണ് ലോകത്തിൽ നിലനിൽക്കേണ്ടത് എന്നാണ്. എന്നാൽ ഒരു ക്രിസ്ത്യാനിയോ മുസൽമാനോ ചിന്തിക്കുമ്പോൾ അവരുടെ മതത്തിനാണ് ആ മഹിമ ചാർത്തികൊടുക്കുന്നത്. അതുകൊണ്ട് മതസൗഹാർദ്ദങ്ങളും മറ്റും ആളുകൾ സംഘടിപ്പിക്കുമ്പോൾ അതിലൊക്കെ

ഒളിഞ്ഞിരിക്കുന്ന കുറേ നിരർത്ഥകതകളുണ്ട്. സൗഹാർദ്ദം പറയുന്നവരാരുംതന്നെ അവരുടെ പിടിവാശികളുടെ രോഗാതുരമാകുംവിധം ഉറച്ചുപോയ ചുവട് മാറ്റിവയ്ക്കാൻ തയ്യാറല്ല. അവരവരുടെ മതം അവരവർക്ക് പ്രിയപ്പെട്ടത് തന്നെയാണ്. പക്ഷേ, ലോകജീവിതത്തിൽ മനുഷ്യർ പരസ്പരം ബന്ധപ്പെട്ടു ജീവിക്കേണ്ടിവരുമ്പോൾ മതജീവിതത്തിലെ വൈകാരികതകളുമായി അറിഞ്ഞോ അറിയാതെയോ ഉരസലുകൾ ഉണ്ടാകാറുണ്ട്. ചെറിയൊരു തീപ്പൊരി ആയിരിക്കും ആദ്യം പ്രകടമാവുക. പിന്നെ, അത് ആളിപ്പിടിക്കും. ഭീകരമായ നരമേധങ്ങളിലേക്കുവരെ മതസംഘർഷങ്ങൾ എത്തിപ്പെടുന്നത് നാം ദിവസേന കണ്ടുകൊണ്ടിരിക്കുന്ന നഗ്നസത്യങ്ങളാണ്. സ്വമതാസക്തിയും പരമതനിന്ദയും വർജ്ജ്യങ്ങളാണ്. മതത്തെ പുറമേനിന്നു നോക്കിക്കാണുമ്പോഴാണ് വാദങ്ങൾ ജനിക്കുന്നത്. മതത്തിന്റെ രസാനുഭൂതി ആസ്വദിച്ചവന് തർക്കങ്ങളില്ല. അവൻ എല്ലാ മതങ്ങളുടേയും തത്ത്വപരമായ ഏകത മനസ്സിലാക്കുന്നു. മതവാദികൾക്ക് അന്യമതനിരാകരണത്തിനുള്ള തത്രപ്പാടിൽ കാരുണ്യവും സ്നേഹവും വറ്റിപ്പോകുന്നു. തന്റെ മതത്തോടുള്ള വൈകാരികതീവ്രത നിമിത്തം മതതീവ്രവാദിയായി അവൻ മാറുന്നു. മതത്തിന്റെ ഉൾസ്സാരം പകർന്നുകൊടുക്കാനുള്ള പ്രാപ്തിയില്ലാത്ത പൗരോഹിത്യമാണ് മതവാദത്തിന് വളംവച്ചുകൊടുക്കുന്നത്.

ദൈവം ഏകമാണെന്നും ഈ പ്രപഞ്ചത്തിലുള്ള എല്ലാം ദൈവസൃഷ്ടികളാണെന്നും അന്തരാത്മാവിൽ അനുഭവിച്ചറിയുന്ന ജ്ഞാനികൾ മതവിദ്വേഷമില്ലാതെ മാനവരാശിയുടെ മുഴുവൻ ഐക്യത്തേയും പ്രബലപ്പെടുത്തുന്ന കർമ്മങ്ങളിലൂടെ മതജീവിതത്തെ ആവിഷ്കരിക്കാറുണ്ട്. അവരെയാണ് പണ്ഡിതന്മാർ എന്നു ഗുരു വിശേഷിപ്പിച്ചിരിക്കുന്നത്. പണ്ഡിതന്മാർ സമദർശികളാണ്. ആത്മാനുഭവികളുമാണ്. അവർ ദൈവത്തെ ശരിയായി അറിയുകയും അതു വെളിപ്പെടുത്തുകയും ചെയ്യുന്നു. അവർക്കു മാത്രമേ മതകലഹങ്ങളില്ലാതെ മതത്തിന്റെ അന്തസത്ത പ്രകാശിപ്പിക്കാൻ കഴിയുകയുള്ളൂ. ■

# 48



**തനുവിലമർന്ന ശരീരി, തന്റെ സത്താ-**
**തനുവിലതെന്റേതിതെന്റേതെന്നു സർവം**
**തനുതയൊഴിഞ്ഞു ധരിച്ചിടുന്നു സാക്ഷാ-**
**ലനുഭവശാലികളാമിതോർക്കിലാരും.**

| | | |
|---|---|---|
| തനുവിൽ അമർന്ന | - | ശരീരവുമായി താദാത്മ്യപ്പെട്ട |
| ശരീരി | - | ജീവൻ |
| തന്റെ | - | തന്റെ |
| സത്താതനുവിൽ | - | ആത്മസത്തയിൽ |
| അത് എന്റേത് | - | അതും എന്റേതാണ് |
| ഇത് എന്റേത് | - | ഇതും എന്റേതാണ് |
| എന്ന് | - | എന്നിങ്ങനെ |
| സർവം | - | എല്ലാറ്റിനേയും |
| തനുതയൊഴിഞ്ഞ് | - | മമതയില്ലാതെ |
| ധരിച്ചിടുന്നു | - | സാക്ഷാത്കരിക്കുന്നു. |
| ഇതോർക്കിൽ | - | ഇക്കാര്യം ബോധ്യപ്പെട്ടാൽ |
| ആരും | - | ഏതൊരാളും |
| സാക്ഷാൽ | - | പ്രത്യക്ഷത്തിൽ |
| അനുഭവശാലികളാം | - | അനുഭവശാലികളാകുന്നു. |

അഹങ്കാരമാണ് ബന്ധനം. അഹങ്കാരത്തിൽനിന്നുള്ള വിടുതലാണ് സാക്ഷാത്ക്കാരം. “ഞാൻ ശരീരമാണ്” എന്ന ബുദ്ധിയാണ് നമ്മെയെല്ലാം ബന്ധിപ്പിക്കുന്ന അഹങ്കാരം. അജ്ഞാനം നിമിത്തമാണ് നമ്മിൽ ആത്മബോധം പ്രകാശിക്കാതിരിക്കുന്നത്. ശരീരത്തിന്റെ പരിമിതമായ അസ്തിതയിൽ ഞാൻ എന്റെ സ്വത്വത്തെ മനസ്സിലാക്കുമ്പോൾ ഞാനല്ലാത്ത നിരവധി ശരീരങ്ങൾക്ക് ബഹുലമായ അസ്തിത നാം അനുവദിച്ചുകൊടുക്കുന്നു. അവയൊന്നും ഞാനല്ല. ഞാനല്ലാത്തവയോട് എനിക്ക് ആകർഷണവും വികർഷണവും ചിലപ്പോൾ ഉദാസീനതയും

തോന്നാം. ബഹുത്വം ദുഃഖമാണ്. ദുഃഖം അജ്ഞാനജന്യമാണ്. എന്നാൽ ഈ അജ്ഞാനത്തിൽനിന്നും നമുക്കു പുറത്തുകടക്കുവാൻ ഗുരു ഒരു വഴി പറഞ്ഞുതരുന്നു. ഈ വിശ്വത്തിലെ സകല ചരാചരങ്ങളേയും ഒരുവൻ തന്റെ ഉണ്മയിൽ ചേർത്തറിയുകയാണെങ്കിൽ അയാൾ ആത്മജ്ഞാനിയായി മാറുന്നു. അയാൾ ഒന്നുംതന്നെ തന്നിൽനിന്നും അന്യമായി അനുഭവിക്കുന്നില്ല.

ആകാശത്തിലും അന്തരിക്ഷത്തിലും ഭൂമിയിലുമെല്ലാം എന്റെ ഉണ്മ അന്തര്യാമിയായി വർത്തിക്കുന്നു. ഞാൻ എല്ലാറ്റിലും എല്ലാം എന്നിലും വസിക്കുന്നു. എന്തൊക്കെയുണ്ടോ അതെല്ലാം എന്റേതാണ്. എന്റേതു മാത്രമല്ല അതെല്ലാം ഞാൻ തന്നെയാണ്. ഇങ്ങനെ ഏകാത്മകമായ ഒരറിവുണ്ടാകണമെങ്കിൽ എന്നിലെ മമതാബോധം ഒഴിഞ്ഞുപോകണം. തനുത ഒഴിയണം. ആത്മാനുഭവികളാകാൻ ഇത്രയും ചെയ്താൽ മതി. എല്ലാറ്റിനേയും ഹൃദയത്തിൽ പുൽകുക. അപ്പോൾ വിശ്വം മുഴുവനും നമ്മെ ആശ്ലേഷിക്കും. അഹങ്കാരത്തിന്റെ സ്വകാര്യഗഹ്വരങ്ങളിൽ നിന്നും പുറത്തുകടക്കുക. വിശ്വത്തിന്റെ ഉണ്മയിൽ അലിഞ്ഞുചേരുക. അതിരുകളില്ലാതാകുന്നതാണ് ആനന്ദം. ഇങ്ങനെ ജീവിതത്തെ അറിയുന്ന ആരും സാക്ഷാൽ അനുഭവശാലികൾതന്നെ. ഒരിക്കൽ ഇസ എന്ന ഹൈക്കൂ കവി പ്രഭാതസവാരിക്ക് ഇറങ്ങിയപ്പോൾ മഞ്ഞു പെയ്യുന്നുണ്ടായിരുന്നു. കവിയുടെ മുളന്തൊപ്പിയിൽ ഹിമധൂളികൾ അടരുകളായി കുമിഞ്ഞു. അപ്പോൾ കവി തൊപ്പി യിൽ വിരലോടിച്ചുകൊണ്ട് ഒരു കുഞ്ഞുകവിത ചൊല്ലി.

When I think of it
As my snow, how light it is
On my bamboo hat.

എന്റെ മുളംതൊപ്പിയിൽ കുമിഞ്ഞ ഹിമവർഷത്തെ "എന്റെ പൊടിമഞ്ഞ്" എന്നനുഭവിക്കുമ്പോൾ ഇതിനൊരു ഭാരവുമില്ലല്ലോ! ഇതാണ് തനുത ഒഴിഞ്ഞു ധരിച്ചിടുന്ന വഴി. എല്ലാം എന്റേതെന്നു കരുതുക. ഭേദബുദ്ധി ഇല്ലാതെ എല്ലാറ്റിലും സ്വന്തം ഉണ്മ ദർശിക്കുക. സ്വന്തം കുഞ്ഞ് അമ്മയ്ക്ക് ഭാരമാകാത്തതുപോലെ. ■

# 49



**അഖിലരുമാത്മസുഖത്തിനായ് പ്രയത്നം**
**സകലവുമിങ്ങു സദാപി ചെയ്തിടുന്നു**
**ജഗതിയിലിമ്മതമേകമെന്നു ചിന്തി-**
**ച്ചഘമണയാതകതാരമർത്തിടേണം.**

| | | |
|---|---|---|
| അഖിലരും | - | എല്ലാവരും |
| ആത്മസുഖത്തിനായ് | - | ആത്മസുഖത്തിനുവേണ്ടി |
| പ്രയത്നം | - | കർമ്മങ്ങൾ |
| സകലവും ഇങ്ങു | - | എല്ലാവിധത്തിലും ഇവിടെ |
| സദാപി ചെയ്തിടുന്നു | - | എപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നു. |
| ജഗതിയിൽ | - | ലോകത്തിൽ |
| ഇമ്മതം | - | ആത്മസുഖാന്വേഷണം എന്ന മതം |
| ഏകം | - | ഒന്നു മാത്രമേയുള്ളൂ. |
| എന്നു ചിന്തിച്ച് | - | ഈ ചിന്തയെ ഊട്ടിയുറപ്പിച്ച് |
| അഘമണയാതെ | - | ദുഷ്യചിന്തകളിൽ അകപ്പെടാതെ |
| അകതാർ | - | അന്തരംഗത്തെ |
| അമർത്തിടേണം | - | ആത്മാവിലമർത്തി വയ്ക്കണം. |

എല്ലാവരും കർമ്മങ്ങളിൽ വ്യാപൃതരാകുന്നത് സുഖത്തിനു വേണ്ടിയാണ്. ദുഃഖം ഒഴിവാക്കാനുള്ള ശ്രമംപോലും സുഖാന്വേഷണത്തിന്റെ ഭാഗമാണ്. സുഖം വേണമെന്ന കാര്യത്തിൽ ആർക്കും ഒരു തർക്കവുമില്ല. ഹിന്ദുവായാലും ക്രിസ്ത്യാനിയായാലും മുസ്ലിമായാലും സുഖം വേണം. കൊടിയ പീഡനങ്ങളും യാതനകളും അനുഭവിച്ച് ഒരുവനും ഒരു മതത്തിന്റേയും അനുഭാവിയാവുകയില്ല. അവൻ സുഖമുള്ള മതത്തിലേക്കു പോകും. ദേശാടനപക്ഷികൾ കാലാവസ്ഥാഭേദം ഉണ്ടാകുമ്പോൾ വിദൂരങ്ങളിലേക്കു പറന്നുപോകുന്നതുപോലെ.... എന്തിനാണവ പറന്നുപോകുന്നത്? സുഖം വേണം. മനുഷ്യൻ തർക്കമില്ലാതെ ഒന്നിക്കുന്ന ഒരു സത്യമാണിത്. ശ്രീനാരായണഗുരു പുതിയ

ഒരു മതത്തെ സ്ഥാപിക്കുകയല്ല ചെയ്തത്. മതത്തിന്റെ കാതലായ തത്ത്വത്തെ ഏവർക്കും മനസ്സിലാകുന്ന രീതിയിൽ എഴുതിത്തരികയാണ് ചെയ്തത്. പലമതസാരവും ഏകം എന്നത് ഒരു സമന്വയമന്ത്രമാണ്. ആത്മാവിൽ മതസാരത്തെ സ്നേഹമായി സ്പർശിച്ചറിയണം. ഹൃദയത്തിൽ കാരുണ്യമായി മതസാരം വഴിഞ്ഞൊഴുകണം.

അല്പനേരം ശ്വാസതടസ്സം ഉണ്ടായാൽ മതി നമ്മൾ വിമ്മിട്ടപ്പെടും. പ്രാണൻ തടയപ്പെടുന്നത് സുഖത്തിന്റെ നിഷേധമാണ്. സ്വാതന്ത്ര്യവും സുഖവും ഒന്നിച്ചാണ് വർത്തിക്കുന്നത്. ഇന്ത്യയിൽ മാത്രമല്ല, എല്ലാ രാഷ്ട്രങ്ങളിലുള്ള ജനങ്ങളും സുഖാന്വേഷികൾ തന്നെയാണ്. ഏതു തരത്തിലുള്ള സുഖമാണ് വേണ്ടത്? നിത്യമായ സുഖം. അതു കണ്ടെത്തുന്നതുവരെ അതിലും ഇതിലുമൊക്കെ സുഖം നൊട്ടിനുണഞ്ഞ് നടക്കും. പക്ഷേ, ആത്മസുഖം മാത്രമാണ് പൂർണ്ണസുഖമായിരിക്കുന്നത്. എല്ലാ യാത്രകളും എല്ലാ അന്വേഷണങ്ങളും, എല്ലാ ചലനങ്ങളും, എല്ലാ പ്രേരണകളും ആത്മാവിലേക്കുള്ളതാണ്. ലോകത്തിൽ ഈ മതം അല്ലെങ്കിൽ അഭിപ്രായം ഏകമാണെന്ന് മനസ്സിലാക്കണം. ഈ തത്ത്വം മനസ്സിലാക്കിയിട്ട് സ്വാർത്ഥതകൊണ്ട് ദൂഷിതമാകാതെ മനസ്സിനെ ആത്മാനന്ദത്തിൽ വിലയിപ്പിക്കണം. അപ്പോൾ ഒരാൾ ഹിന്ദുവോ ക്രിസ്ത്യാനിയോ മുസ്ലീമോ ആയിരിക്കുകയില്ല. ആദ്യന്തവിഹീനമായ സത്യസാഗരമാണ്, ജ്ഞാനസാഗരമാണ്, ആനന്ദസാഗരമാണ്.

അല്ലാഹുവും ക്രിസ്തുവും കൃഷ്ണനും ആത്മാവിലാണ് ഒന്നായിരിക്കുന്നത്. ആത്മാവിൽ ആനന്ദസ്വരൂപികളായി ഇവർ വർത്തിക്കുമ്പോൾ മതകലഹങ്ങൾ ഉണ്ടാവുകയില്ല. മനുഷ്യനിൽ സ്നേഹവും സഹിഷ്ണുതയും തത്ത്വാവബോധമില്ലാതെ ജനിക്കുകയില്ല. മതത്തെ ഗ്രന്ഥങ്ങളിലൂടെ മാത്രം സമീപിച്ചാൽ പോരാ. അനുഭവവശത്തുനിന്നും പൂരിപ്പിക്കണം. വേറൊരുവന്റെ സുഖം കെടുത്തിക്കളയുന്നതാണ് പാപം. അറിവില്ലായ്മയാണ് പാപഹേതു. ആത്മാനന്ദി വേറൊരുവന്റെ ആനന്ദത്തെ ഹനിക്കുന്ന പ്രവൃത്തികൾ ചെയ്യുകയില്ല. അയാൾ തന്നെത്തന്നെ വേറൊരുവനിലും കാണുന്നു. ■

# 50



**നിലമൊടു നീരതുപോലെ കാറ്റു തീയും**
**വെളിയുമഹംകൃതി വിദ്യയും മനസ്സും**
**അലകളുമാഴിയുമെന്നുവേണ്ടയെല്ലാ-**
**വുലകുമുയർന്നറിവായി മാറിടുന്നു.**

| | | |
|---|---|---|
| നിലമൊട് | - | ഭൂമി തുടങ്ങി |
| നീര് അതുപോലെ | - | അതുപോലെ ജലം |
| കാറ്റ് | - | വായു |
| തീയും | - | അഗ്നി |
| വെളിയും | - | ആകാശംവരെയുള്ള പഞ്ചഭൂതങ്ങളും |
| അഹംകൃതി | - | അഹംകാരവും |
| വിദ്യയും | - | ബുദ്ധിയും |
| മനസ്സും | - | മനസ്സും |
| അലകളും | - | തിരകളും |
| ആഴിയും | - | കടലും |
| എന്നു വേണ്ട | - | മാത്രമല്ല |
| എല്ലാ ഉലകും | - | എല്ലാ ലോകവും |
| ഉയർന്ന് | - | വികാസം പ്രാപിച്ച് |
| അറിവായി | - | പരമാർത്ഥാനുഭവമായി |
| മാറിടുന്നു | - | മാറുന്നു. |

ആത്മോപദേശശതകത്തിന്റെ മദ്ധ്യഭാഗത്തു വരുന്ന ഈ ശ്ലോകത്തിൽ പ്രജ്ഞയുടെ വികാസപരിണാമത്തെ ഗുരു എടുത്തുകാണിക്കുന്നു. സ്ഥൂലത്തിൽ അഭിരമിച്ചിരുന്ന മനുഷ്യൻ സ്ഥൂലത്തെവിട്ട് സൂക്ഷ്മത്തിലേക്ക് പ്രവേശിക്കുന്നു. എന്തെന്നാൽ സ്ഥൂലത്തിലെ ആനന്ദം തുച്ഛവും നൈമിഷികവുമാണ് എന്നവൻ തിരിച്ചറിയുന്നു. മനുഷ്യന്റെ വിവേകോദയത്തിലൂടെയാണ് ഇത്തരത്തിലൊരു പരിണാമം ബോധത്തിൽ സംഭവിക്കുന്നത്. മണ്ണിൽ പണിയെടുത്ത് മണ്ണിൽനിന്നും കിട്ടുന്നതുമാത്രം തിന്നു ജീവിക്കുന്ന മനുഷ്യർ അല്പംകൂടി സൂക്ഷ്മഭൂതമായ ജലതത്ത്വത്തെ

അറിയുകയും കുറച്ചുകൂടി സൂക്ഷ്മഭൂതമായ അഗ്നിതത്ത്വത്തെ അറിയുകയും പിന്നെ വായുതത്ത്വത്തെ അറിയുകയും പിന്നെ സർവവ്യാപിയായ ആകാശത്തോളം വികസിതമായിത്തീരുകയും ചെയ്യുന്നു. സ്ഥൂലത്തിൽനിന്നും സൂക്ഷ്മത്തിലേക്ക് ഉയർന്ന തന്റെ സത്തയെ അറിയുന്നതുതന്നെയാണ് പ്രജ്ഞാപരിണാമം. അറിവാണ് ഒരുവന്റെ നിജസ്വരൂപം. പഞ്ചഭൂതങ്ങളും അന്തഃക്കരണങ്ങളും അറിവിന്റെ സാക്ഷാത്ക്കാരത്തിന് തടസ്സവും മറയും സൃഷ്ടിക്കുന്നു. ഞാൻ പൃഥ്വിയല്ല, ജലമല്ല, തേജസ്സല്ല, വായുവല്ല, ആകാശമല്ല, അന്തക്കരണങ്ങളല്ല, ബഹുലങ്ങളായ നാമരൂപങ്ങളല്ല എന്ന് തുച്ഛമായതിനെ നിരാകരിക്കുമ്പോൾ അവസാനം നിരാകരിക്കുവാൻ കഴിയാത്തവിധം അനിഷേധ്യമായ അസ്തിതയുള്ള സത്യമായ ഞാൻ അവശേഷിക്കുന്നു. ആ ഞാൻ ആത്മാവാകുന്നു, അറിവാകുന്നു. നിരാകരണത്തിന്റെ മാർഗ്ഗം അല്പം ദുഷ്ക്കരമാണ്. മാത്രമല്ല, തെളിഞ്ഞ വിവേകത്തിന്റേയും ശക്തമായ വൈരാഗ്യത്തിന്റേയും പിൻബലം ആ മാർഗ്ഗത്തിന് ആവശ്യമുണ്ടുതാനും.

എന്നാൽ മാത്രമേ തന്റെ നിജസ്വരൂപത്തെ അഹന്താമമതാദികളിൽനിന്നും വിജ്ഞാനങ്ങളുടെ കുഴമറിച്ചിലുകളിൽനിന്നും മനസ്സിന്റെ നൂലാമാലകളിൽനിന്നും ഒക്കെ വിമുക്തമാക്കാനാവുകയുള്ളൂ. കടൽതന്നെയാണ് തിര. കടൽ സാമാന്യമാണ്. തിര വിശേഷവും. സാമാന്യത്തിൽ അനേകം വിശേഷങ്ങൾ അടങ്ങിയിരിക്കും. ചെറുതും വലുതുമായി എണ്ണമറ്റ തിരകൾ കടൽപ്പരപ്പിൽ ആർത്തലച്ചേക്കാം.. ആ തിരകളിലും കടലിലും ഉണ്മയായിരിക്കുന്നത് ജലമാണ്. നാമരൂപാത്മകമായ എല്ലാ ലോകങ്ങളും അറിവിന്റെ കേവലസ്വരൂപതയിൽനിന്നും ഉറന്നു വരുന്ന അമൃതതരംഗങ്ങളാണ്. അവ അറിവിൽതന്നെ അടങ്ങുന്നു. ഇതാണ് ജീവിതത്തിന്റെ പരമോന്നതമായ നില. ■

# 51



**അറിവിലിരുന്നൊരഹന്തയാദ്യമുണ്ടായ്-**
**വരുമിതിനോടൊരിദന്ത വാമയായും**
**വരുമിവ രണ്ടുലപങ്ങൾപോലെ മായാ-**
**മരമഖിലം മറയെപ്പടർന്നിടുന്നു.**

| | | |
|---|---|---|
| അറിവിലിരുന്ന് | - | അധിഷ്ഠാനമായ അറിവിൽനിന്ന് |
| ഒരു അഹന്ത | - | ഒരു അഹംബോധം |
| ആദ്യം ഉണ്ടായ് വരും | - | ആദ്യം മുളപൊട്ടും. |
| ഇതിനോട് | - | അഹന്തയുടെകൂടെ |
| ഒരു ഇദന്ത | - | ഒരു പ്രാപഞ്ചികബോധവും |
| വാമയായും വരും | - | അഹന്തക്കു പരിപൂരകമായി ഉണ്ടാകും. |
| ഇവ | - | ഈ അഹന്തയും ഇദന്തയും |
| രണ്ടു ഉലപങ്ങൾപോലെ | - | രണ്ടു വള്ളികൾപോലെ |
| മായാമരം | - | മായയാകുന്ന മരം |
| അഖിലം മറയെ | - | അറിവിനെ മറച്ചുകൊണ്ട് |
| പടർന്നിടുന്നു | - | പടർന്നുപന്തലിക്കുന്നു. |

നാം അറിവാണ്. അറിവു മാത്രമാണ്. അറിവല്ലാതെ രണ്ടാമതൊരു സത്ത നമുക്കില്ല. അറിവ് അധിഷ്ഠാനവും സ്വരൂപവുമാണ്. എന്നാൽ ഈ തത്ത്വം നാം മറന്നുപോകുന്നു. ഈ മറവിയ്ക്ക് കാരണമായ മായാതത്ത്വത്തിന്റെ സ്വഭാവത്തെ ഗുരു ഇവിടെ സുതരാം വ്യക്തമാക്കുന്നു. അധിഷ്ഠാനമായ അറിവാണ് സകലതിനേയും പ്രസവിക്കുന്ന അമ്മ. എണ്ണിയാലൊടുങ്ങാത്ത പ്രപഞ്ചജാലങ്ങളെ പ്രസവിക്കുന്നതിനുമുമ്പ് ആദ്യംതന്നെ കേവലമായ അറിവ് സ്വയം ഭിന്നിക്കുന്നു. ആദ്യം അഹന്തയാണ് പ്രത്യക്ഷപ്പെടുന്നത്. അഹന്തയിൽ ജ്ഞാതൃത്വവും കർതൃത്വവും ഭോക്തൃത്വവും അടങ്ങിയിട്ടുണ്ട്. അഹന്ത ജീവനാണ്. ജീവൻ ശരീരവും മനസ്സുമായി താദാത്മ്യപ്പെട്ട് സ്വയം പരിമിതനും അല്പനുമാണെന്ന് മുഢമായി വിശ്വസിക്കുന്നു; അപൂർണ്ണനാണെന്ന് അജ്ഞാ

നത്താൽ വിശ്വസിക്കുന്നു. ജീവന്റെ ആവശ്യങ്ങളെ പരിപൂരണം ചെയ്യാനായാണ് പ്രപഞ്ചം വിരചിതമായിരിക്കുന്നത്. പ്രപഞ്ചത്തെ ഇദന്ത എന്നാണ് പറയുന്നത്. ഇത് ഇന്നതാകുന്നു എന്ന് വേദിപ്പിക്കുന്നതാണ് ഇദന്ത. ഇത് പത്രം, ഇത് ചിത്രം, ഇത് മരം, ഇത് നദി എന്ന് വെളിപ്പെടുത്തുന്നതാണ് ഇദന്ത. ഇദന്ത നാമരൂപാത്മകമാണ്. നാനാവിധ വൈചിത്ര്യത്തോടുകൂടിയതാണ്. ഈ മുഴുവൻ പ്രപഞ്ചപ്രതിഭാസങ്ങൾക്കും കാരണമാണ് ഇദന്ത. ഇദന്ത കാലദേശസംയുക്തമാണ്.

അഹന്തയും ഇദന്തയും പരസ്പരം വേഴ്ചയിൽ ഏർപ്പെടുന്നതാണ് വ്യവഹാരം. വ്യവഹാരത്തിൽനിന്നും മനസ്സ് വളരാൻ തുടങ്ങുന്നു. അത് പ്രാതിഭാസികലോകത്തെ സംരചിക്കുന്നു. ഇതോടെ അറിവിന്റെ നിരുപാധികമായ കേവലതയിൽനിന്നും നാം അടർന്നുപോരുന്നു. രണ്ടു വള്ളികളാൽ ചുറ്റപ്പെട്ട മയാമരം അഖിലത്തെ മറച്ചുകൊണ്ടാണ് പടർന്നു പന്തലിച്ചിരിക്കുന്നത്. അഖിലം ആത്മാവാണ്, അറിവാണ്. ഒരു മരവും അതിനെ പൊതിഞ്ഞുനില്ക്കുന്ന വള്ളികളുടേയും ചിത്രണം മായാസന്ദർഭത്തിൽ ഔചിത്യപൂർണ്ണമാണ്. മരവും വള്ളികളും ഒന്നുതന്നെയാണ് മായയുടെ പ്രതീകങ്ങളാണ്. മായാമരത്തിലെ അഹന്തയും ഇദന്തയും ആകുന്ന വള്ളികൾ ജ്ഞാനസ്വരൂപത്തെ മറച്ചുകൊണ്ടാണ് തഴച്ചുവളരുന്നത്. മായാമരം ആവരണശക്തിയാണ്. വള്ളികൾ വിക്ഷേപശക്തിയും. മായാമരം അറിവിന്റെ പ്രകാശസ്വരൂപതയെ മറയ്ക്കുമ്പോൾ വള്ളിയിലെ എണ്ണമറ്റ ഇലകൾ ആയിരക്കണക്കിനു പേരും ആകാരവും പ്രതിഭയുമായി ജീവനെ മോഹിപ്പിക്കുന്നു. ആത്മവിസ്മരണത്തിന്റെ മൂലകാരണം വേദിപ്പിക്കുന്ന ഈ ശ്ലോകം ധ്യാനിച്ചുറപ്പിച്ചാലേ ശ്രീനാരായണഗുരുവിന്റെ തത്ത്വാവതരണത്തിന്റെ രീതീവിധാനം (methodology) നമുക്കു മനസ്സിലാക്കാൻ കഴിയുകയുള്ളൂ. സത്യം ഒന്നേയുള്ളു. അത് അറിവ് മാത്രം. ■

# 52



**ധ്വനിമയമായ്ഗഗനം ജ്വലിക്കുമന്നാ-**
**ളണയുമതിങ്കലശേഷദൃശ്യജാലം**
**പുനരവിടെ ത്രിപുടിക്കു പൂർത്തി നൽകും**
**സ്വനവുമടങ്ങുമിടം സ്വയംപ്രകാശം!**

| | | |
|---|---|---|
| ധ്വനിമയമായ് | - | പ്രണവധ്വനി നിറഞ്ഞു തൂവി |
| ഗഗനം | - | ആത്മാകാശം |
| ജ്വലിക്കും | - | വെളിച്ചത്തിന്റെ നിറകടലായി ജ്വലിക്കും |
| അന്നാൾ അതിങ്കൽ | - | ഈ അനുഭവാമൃതലഹരിയിൽ |
| അശേഷദൃശ്യജാലം | - | മുഴുവൻ നാമരൂപാത്മകദൃശ്യങ്ങളും |
| അണയും | - | കെട്ടുപോകും. |
| പുനരവിടെ | - | പിന്നെ അവിടെ |
| ത്രിപുടിക്ക് | - | അറിവ് മൂന്നായി പിരിഞ്ഞ് |
| പൂർത്തിനല്കും | - | പ്രകടമാകുന്ന |
| സ്വനവും | - | ശബ്ദവും |
| അടങ്ങും | - | അടങ്ങും. |
| ഇടം | - | ആ ഇടം |
| സ്വയം പ്രകാശം | - | സ്വയംജ്യോതിസ്വരുപമായ ആത്മാകാശം തന്നെയാണ്. |

പ്രത്യക്ഷത്തിലുള്ള അർത്ഥം പറഞ്ഞാൽ ഈ ശ്ലോകത്തിന്റെ മുഴുവൻ രസാനുഭൂതിയും പൊലിഞ്ഞുപോകും. അനുഭൂതിസമ്പന്നനായ ഒരു യോഗിയുടെ ഹൃദയകമലത്തിൽ ഉൾച്ചേർന്നിരിക്കുന്ന പ്രണവധ്വനിയെ വാക്കുകളിൽ പകർന്നുകൊടുക്കാൻ കഴിയുകയില്ല. എന്തെന്നാൽ പ്രണവം സംഗീതത്തിന്റെ സംഗീതവും അനുഭൂതിയുടെ നിറവുമാണ്. അതോടൊപ്പം ആ സംഗീതം മൗനത്തിന്റെ മൗനമാണുതാനും. മൗനത്തെ വിനിമയം ചെയ്യാനുള്ള മാധ്യമമായി ഭാഷ ഇനിയും വികസിച്ചിട്ടില്ല. ഗുരുവിന്റെ ഭാഷ മിസ്റ്റിക്കൽ തലത്തിലേക്ക് പരിവർത്തിക്കുന്നത് ഈ ശ്ലോകത്തിൽ കാണാനാകും. ഗഗനവും ധ്വനിയും മേളിക്കുന്ന അനുഭൂ

തി യുക്തിചിന്തയ്ക്കധീനമല്ല. എല്ലാ യുക്തികളും ആത്മാനുഭൂതിയുടെ ഹർഷാതിരേകത്തിൽ നിഷ്പ്രഭവും നിരാധാരവുമായിത്തീരും. ശാസ്ത്രീയമായ ഭാഷ കവിതയിലേക്ക് തെന്നിപ്പോകുന്നത് ഈ നിർവൃതിയിലാണ്.

ധ്വനിയെ ശബ്ദവീചിയായിട്ടാണ് നാം അറിയുന്നത്. ശബ്ദവീചി പുറമേനിന്നും കേൾക്കുന്നതല്ല. ആത്മഗഗനത്തിന്റെ അനന്തവിശാലതയിൽ ജാജ്ജ്വല്യമാനമായി നിറഞ്ഞുവഴിയുന്നതാണ് ആ പ്രണവനിനദം. ഇരുളിമയുടെ ഒരു ചെറുപാടുപോലും അതിൽ തങ്ങിനില്ക്കുന്നില്ല. നാം അറിഞ്ഞതും അറിയാനിരിക്കുന്നതുമായ എല്ലാ ലോകാനുഭവങ്ങളും ഈ പീയൂഷവർഷാവലിയിൽ മുങ്ങിപ്പോകും. ഞാൻ ആനന്ദിക്കുന്നവൻ എന്നോ ഇതെല്ലാം എന്റെ പ്രിയവിഷയങ്ങൾ എന്നോ പറയാൻ അവിടെ നാവു പൊങ്ങുകയില്ല. അറിവ് പിരിഞ്ഞ് ത്രിപുടികളാകുന്ന ലീലാവിലാസവും ഒടുങ്ങും. ലോകാനുഭവങ്ങളിൽ മാത്രമേ ത്രിപുടികൾക്കു സ്ഥാനമുള്ളൂ. അലൗകികമായ നാദധാരയിൽ ത്രിപുടികൾക്കു സ്ഫൂർത്തി നല്കുന്ന സ്വനവും മന്ദ്രമധുരമായി ലയിച്ചുചേരും. ത്രിപുടികൾക്ക് കാരണമായ ശബ്ദം പ്രണവസാന്ദ്രമായ സംഗീതമായി മാറുകയാണിവിടെ. ആത്മാകാശം മുഴുവൻ സ്വയമേ വെട്ടിത്തിളങ്ങുന്നു. അകപുറങ്ങളില്ലാതെ. മൊഴിമാറാനാകാത്ത രഹസ്യം മാസ്മരികമായ ബിംബായോജനങ്ങളിലൂടെ, അന്യാദൃശമായ രചനാപാടവത്തോടെ ഗുരു ഈ ശ്ലോകത്തിൽ വിന്യസിച്ചിരിക്കുന്നു. യോഗിപ്രവരനായ ഗുരുവിന്റെ സർഗകുശലതയെ അമ്പരപ്പോടെയും ആശ്ചര്യപരതയോടെയും മാത്രമേ നോക്കിക്കാണാൻ കഴിയുകയുള്ളൂ. ■

# 53



**ഇതിലെഴുമാദിമശക്തിയിങ്ങു കാണു-**
**ന്നിതു സകലം പെറുമാദിബീജമാകും**
**മതിയതിലാക്കി മറന്നിടാതെ മായാ-**
**മതിയറുവാൻ മനനം തുടർന്നിടേണം.**

| | | |
|---|---|---|
| ഇതിലെഴും | - | സ്വയംപ്രകാശിതമായ ഈ അറിവിൽനിന്നും ആവിർഭവിക്കുന്ന |
| ആദിമശക്തി | - | ആദിമമായ ശക്തി |
| ഇങ്ങു കാണുന്ന | - | ഇവിടെ നാമരൂപാത്മകമായി കാണപ്പെടുന്ന |
| ഇതു സകലം | - | സമസ്ത ജഗത്തിനേയും |
| പെറും | - | പ്രസവിക്കുന്ന |
| ആദിബീജം ആകും | - | ആദിമമായ ബീജമാണ്. |
| മതി അതിലാക്കി | - | വിഷയബുദ്ധിയെ ആ ആദിമ-ബീജത്തിൽ ഉറപ്പിച്ചുനിർത്തി |
| മറന്നിടാതെ | - | ആത്മസ്വരൂപത്തെ മറക്കാതെ |
| മായാമതി അറുവാൻ | - | മായ കൊണ്ടുവന്ന ഭ്രമബുദ്ധി അവസാനിക്കുന്നതിനുവേണ്ടി |
| മനനം തുടർന്നിടേണം | - | തുടർച്ചയായി മനനം ചെയ്യണം. |

അറിവ് നിശ്ശേഷ്ടമല്ല. അതു സ്വയമേ പ്രകാശിച്ചുകൊണ്ടിരിക്കുന്നതാണ്. പ്രകാശിക്കുക എന്നാൽ ക്രിയാത്മകമാകുകയാണ്. ക്രിയ ചെയ്യണമെങ്കിൽ ശക്തി വേണം. അറിവിൽതന്നെ സഹജമായ ഒരു ശക്തിയിരിക്കുന്നുണ്ട്. ആ ശക്തിയുടെ ആവേഗം കൊണ്ടാണ് പ്രപഞ്ചത്തിലുള്ള എല്ലാം ചരിച്ചുകൊണ്ടിരിക്കുന്നത്. ഈ ആദിമശക്തിയെ പ്രപഞ്ചത്തിന്റെ ആദികാരണമായി ഭാരതീയ ഋഷിമാർ എണ്ണിപ്പോരുന്നു. ഇതു സകലത്തിനും അമ്മയാണ്. ഈ അമ്മയാണ് പ്രപഞ്ചത്തെ പ്രസവിക്കുന്നത്. സകലംപെറും ആദിബീജം എന്നാണ് ഗുരു ഇതിനെ പറയുന്നത്. ഈ ആദിമാതാവിൽ ബുദ്ധിയെ ഉറപ്പിക്കണം. അതൊരു

സമർപ്പണമാണ്. ശ്രീനാരായണഗുരുവിന്റെ ഭക്തിദർശനം ഇങ്ങനെയാണ്. അത് ആദിബീജാനുസന്ധാനമാണ്. നാമിവിടെ കാട്ടിക്കൂട്ടുന്നതുപോലെയുള്ള ഭക്തിയല്ല അത്. ആദിജനനിയെ ഒരു നിശ്വാസത്തിൽപോലും മറക്കാതെ ഓർത്തിരിക്കുന്ന ഭക്തിയാണത്. ഗുരുവിന്റെ ഭക്തിദർശനത്തിൽ നവവിധഭക്തിയിലെ സ്മരണത്തിന് പ്രഥമസ്ഥാനം കൈവരുന്നു. നാം ഓർക്കേണ്ടത് വിഷയത്തെയല്ല, വിഷയാധിഷ്ഠാനത്തെയാണ്. ഏതൊരു സ്രോതസ്സിൽനിന്നാണോ പ്രപഞ്ചത്തിന്റെ ഉല്പത്തിയും സ്ഥിതിയും ലയവും ഉണ്ടാകുന്നത് ആ ഉറവിടത്തിൽ മനസ്സിനെ ഉറപ്പിച്ചു നിറുത്തി വാസനാനാശം വരുവോളം മനനം തുടരണം.

മിക്കവാറും നമ്മിലൊക്കെ അബോധത്തിന്റെ അന്ധകാരത്തള്ളിച്ചയാൽ ആത്മവിസ്മരണത്തിന് ഇടവരാറുണ്ട്. വിസ്മരണത്തിനു കാരണം ലോകജീവിതത്തിലുള്ള കൊതിയും അതനുഭവിക്കാനുള്ള അനിയന്ത്രിതമായ ആസക്തിയുമാണ്. ആത്മാവിലുള്ള ശ്രദ്ധ തെറ്റുമ്പോഴൊക്കെ ബോധപൂർവം ആത്മസ്മൃതിയെ തിരികെ സ്ഥാപിക്കണം. ഉണർന്ന ബോധമുള്ളവന് ആത്മാവിലേക്ക് തിരിച്ചുവരുവാൻ എളുപ്പം കഴിയും. ധ്യാനാത്മകമായ ജീവിതം നയിക്കുന്നവർക്ക് ആത്മാവിൽനിന്ന് അകന്നുപോകുന്നത് വേദനാജനകമാണ്.

ജലാലുദ്ദീൻ റൂമി മസ്നാവിയിൽ പാടുന്നു: “തായ്ത്തണ്ടിൽനിന്നും അടർന്നുപോന്ന ഒരു പുല്ലാങ്കുഴലാണ് ഞാൻ. സ്രോതസ്സിലേക്കു തിരിച്ചുപോകാനുള്ള വിലാപമാണ് എന്റെ സംഗീതം. ഗൃഹത്തിൽനിന്ന് ദൂരേക്കുപോയവൻ തിരിച്ചു വീട്ടിലെത്തുന്ന ആ ദിവസത്തെ ഓർത്താണ് ജീവിതം പോക്കുന്നത്.”

ആത്മാവ് വീടുപോലെയാണ്. നാം അജ്ഞാനം നിമിത്തം ദൂരെ അലയുന്നവരും. നമ്മുടെ ബുദ്ധി മായാമോഹങ്ങൾക്ക് എളുപ്പം വശഗമാകുന്നതാണ്. എത്രമാത്രം നൈരന്തര്യത്തോടുകൂടി മനനം ചെയ്താലാണ് ബുദ്ധിയെ മെരുക്കി സകലംപെറും ആദിബീജത്തിൽ നിറുത്താൻ കഴിയുക. അതുകൊണ്ട് മതിയറുവാൻ മനനം തുടർന്നുകൊള്ളണം. ■

# 54



**ഉണരുമവസ്ഥയുറക്കിലില്ലുറക്കം**
**പുനരുണരുമ്പൊഴുതും സ്ഫുരിക്കുവീല**
**അനുദിനമിങ്ങനെ രണ്ടുമാദിമായാ-**
**വനിതയിൽനിന്നു പുറന്നു മാറിടുന്നു.**

| | | |
|---|---|---|
| ഉണരും അവസ്ഥ | - | ഉണർന്നിരിക്കുന്ന അവസ്ഥ |
| ഉറക്കിൽ ഇല്ല | - | ഉറക്കത്തിൽ ഇല്ല. |
| ഉറക്കം | - | ഉറങ്ങുന്ന അവസ്ഥ |
| പുനർ ഉണരുമ്പൊഴുതും | - | വീണ്ടും ഉണരുമ്പോഴും |
| സ്ഫുരിക്കുവീല | - | ഉണ്ടാകുന്നില്ല. |
| അനുദിനം | - | ഓരോദിവസവും |
| ഇങ്ങനെ രണ്ടും | - | ഈ രണ്ടവസ്ഥകളും |
| ആദിമായാവനിതയിൽനിന്ന് | - | ആദിമായ ആകുന്ന വനിതയിൽനിന്ന് |
| പുറന്നു | - | പിറന്ന് |
| മാറിടുന്നു | - | വൈരുദ്ധ്യമുള്ളതായി തീർന്നിടുന്നു. |

എന്താണ് ഉറക്കം? എന്താണ് ഉണർവ്? ആർക്കും പെട്ടെന്നൊരു നിർവചനം കൊടുക്കാൻ കഴിയുകയില്ല. ഇന്ദ്രിയങ്ങളും മനസ്സും വിഷയങ്ങളുമായി സന്നികർഷത്തിലാകുമ്പോൾ ഉണർവെന്നു വേണമെങ്കിൽ പറയാം. വിഷയേന്ദ്രിയമനസ്സുകളുടെ തിരോഭാവമാണ് സുഷുപ്തി എന്നും പറയാം. ഈ രണ്ട് അവസ്ഥകൾക്കിടയിലാണ് ഒരു സാധാരണ മനുഷ്യന്റെ ജീവിതം ആന്ദോളനം ചെയ്യുന്നത്. ഈ പ്രഹേളികയിലേക്ക് വ്യക്തമായ ഒരു ഉൾക്കാഴ്ച നൽകുകയാണ് ഈ ശ്ലോകത്തിലൂടെ ഗുരു ചെയ്യുന്നത്. നമ്മൾ ആരുംതന്നെ ഉറങ്ങാത്തവരായിട്ടില്ല. ഉറക്കത്തിൽ എന്താണ് അനുഭവം? ഒന്നും അറിയുന്നില്ല എന്നതാണ് അനുഭവം. ഒന്നും അറിയുന്നില്ലെങ്കിലും ഉറങ്ങുന്നവനിൽ സുഖമുണ്ട്. സുഖമില്ലെങ്കിൽ ആർക്കും ഉറങ്ങാൻ തോന്നുകയില്ല. ഉറക്കത്തിൽ ലോകാനുഭവങ്ങളുടെ അഭാവം ഉണ്ടെങ്കിലും ആത്മാവിന്റെ സ്വരൂ

പമായ ആനന്ദം ഉറക്കത്തിൽ പ്രസ്ഫുരിക്കുന്നുണ്ട്. "അഭാവപ്ര ത്യയാലംബനാവൃത്തിഃ നിദ്രാ" എന്നാണ് പതഞ്ജലി നിദ്രയെ നിർവചിച്ചത്. സുഷുപ്തിയിൽ അഹന്തയും ഇദന്തയും കാര ണശരീരമായ കറുത്ത മൂടുപടത്തിനുള്ളിൽ മറഞ്ഞുപോകുന്നു. വിഷയങ്ങളുടേയും മനസ്സിന്റേയും അഭാവമാണിത്. അതുകൊണ്ട് ഉണർന്നെണീക്കുന്നതുവരെ ഞാൻ ആത്മസുഖം അനുഭവി ക്കുന്നു എന്ന് എനിക്കറിയാനും കഴിയുന്നില്ല, പറയാനും കഴി യുന്നില്ല.

ഉണർന്നെണീറ്റാൽ ഇന്ദ്രിയവും മനസ്സും പ്രവർത്തനനിരതമാ വും. അപ്പോൾ ഉള്ളിലുണ്ടായിരുന്ന ഇരുളിമയെല്ലാം മാഞ്ഞുപോ കും. വസ്തുക്കളേയും വസ്തുതകളേയും സ്പർശിച്ചും ഘ്രാണി ച്ചും ചിന്തിച്ചുമൊക്കെ അറിയാൻ തുടങ്ങും. ഉണർന്നിരിക്കുമ്പോൾ ശരീരത്തിന്റെ വിശപ്പും ദാഹവും മനസ്സിന്റെ ജിജ്ഞാസയും ഒക്കെ ശമിപ്പിച്ചുകൊണ്ടിരിക്കണം. പ്രപഞ്ചാനുഭവം എന്നു പറയുന്നത് ഈ രണ്ടു ധ്രുവങ്ങൾക്കിടയിലാണ്. ഒരു കാൻവാസിൽ കറുപ്പിനും വെളുപ്പിനും ഇടയിൽ വരുന്ന പലപല വർണ്ണങ്ങളുടെ ചേരുവ കൾകൊണ്ട് ചിത്രകാരൻ മാസ്മരികമായ ഒരു ചിത്രത്തെ വരച്ചു വയ്ക്കുന്നതുപോലെയാണ് ഇരുട്ടിനും വെളിച്ചത്തിനും ഇടയി ൽ എണ്ണമറ്റ രൂപങ്ങളോടുകൂടിയ ഈ പ്രപഞ്ചം നമ്മിൽ അത്ഭു തങ്ങളോടെ അവിഷ്കൃതമാകുന്നത്.

ഈ രണ്ടവസ്ഥകളിലേക്ക് ബോധം വീണും ഉയർന്നും മാറി മറിഞ്ഞുകൊണ്ടിരിക്കുമ്പോൾ ജീവിതത്തിൽ സുഖവും ദുഃഖവും മറ്റെല്ലാ വൈകാരികതകളും ഒന്നിനു പിറകെ ഒന്നായി വന്നു കൊണ്ടിരിക്കും. ഒരു മായാവനിതയിൽനിന്നാണ് അനുദിനമെ ന്നോണം ഇരുളും വെളിച്ചവും, ഉറക്കവും ഉണർവും മാറിമാറി ജനിച്ചുകൊണ്ടിരിക്കുന്നത്. സകലംപെറും ആദിബീജത്തെയാണ് ഇവിടെ മായാവനിതയായി അവതരിപ്പിക്കുന്നത്. എന്നാൽ അറി വിന്റെ കേവലസ്വരൂപത്തിൽ നിന്നുകൊണ്ട് ഉറക്കത്തിനേയും ഉണർവിനേയും നോക്കിക്കാണാൻ കഴിയുന്ന ഒരു പൂർണജാഗ രിതം (total awakening) സംഭവിക്കുന്നതുവരെ നമ്മുടെ സത്യജി ജ്ഞാസയെ ഉപശമിപ്പിക്കാൻ പാടില്ല. ■

# 55



**നെടിയകിനാവിതു നിദ്രപോലെ നിത്യം**
**കെടുമിതുപോലെ കിനാവുമിപ്രകാരം**
**കെടുമതി കാണുകയില്ല കേവലത്തിൽ**
**പെടുവതിനാലനിശം ഭ്രമിച്ചിടുന്നു.**

| | | |
|---|---|---|
| നെടിയ കിനാവ് ഇത് | - | ജീവിതം ഒരു നീണ്ട സ്വപ്നമാണ്. |
| നിദ്രപോലെ | - | ഉറക്കത്തിലനുഭവിക്കുന്ന കിനാവു പോലെതന്നെ. |
| നിത്യം കെടും | - | ഉണർന്നെണീക്കുമ്പോൾ ആ കിനാവ് കെട്ടുപോകും. |
| ഇതുപോലെ | - | ഉറക്കത്തിലെ സ്വപ്നം പോലെതന്നെ |
| കിനാവും | - | ജീവിതമാകുന്ന നെടിയ കിനാവും കെട്ടുപോകും. |
| ഇപ്രകാരം | - | എന്നാൽ ഇത്തരത്തിൽ |
| കെടുമതി | - | വിഷയബുദ്ധിയുള്ളവൻ |
| കാണുകയില്ല | - | മനസ്സിലാക്കുന്നില്ല. |
| കേവലത്തിൽ | - | പ്രപഞ്ചം എന്ന ഈശ്വരന്റെ സ്വപ്നത്തിൽ |
| പെടുവതിനാൽ | - | എല്ലാവരും ഒരേപോലെ കുടുങ്ങിയിരിക്കുന്നതിനാൽ |
| അനിശം | - | എപ്പോഴും |
| ഭ്രമിച്ചിടുന്നു | - | നെടിയ കിനാവിനെ സത്യമെന്നതു പോലെ തെറ്റിദ്ധരിക്കുന്നു. |

ജീവിതമെന്നത് ഒരു നെടുനീളൻ സ്വപ്നമാണ്. ഒരായുഷ്ക്കാലം മുഴുവൻ ദൈർഘ്യമുള്ള സ്വപ്നമായതുകൊണ്ട് നാം ജീവിതത്തെ സ്വപ്നമെന്നു തിരിച്ചറിയാറില്ല. നമ്മുടെ ഉറക്കവും ഉറക്കത്തിൽ കാണുന്ന സ്വപ്നവും ഉണർന്നിരിക്കുമ്പോഴുള്ള ലോകാനുഭവങ്ങളും എല്ലാം ആ ദീർഘസ്വപ്നത്തിലെ വിവിധമായ അവസ്ഥകളാകുന്നു. നിദ്രയിൽ നാം കാണുന്ന സ്വപ്നം, നിദ്രവിട്ട് എഴുന്നേൽക്കുമ്പോൾ അയഥാർത്ഥമായി തോന്നാറുണ്ട്. സ്വപ്നത്തിൽ

നാം പേടിച്ചു നിലവിളിച്ചിരിക്കാം, ആനന്ദംകൊണ്ട് നൃത്തം ചെയ്തിരിക്കാം, ഹിമാലയസാനുക്കളിൽ വിഹരിച്ചിരിക്കാം, ഭീകരമായ ദുരന്തത്തിൽ മരിച്ചുപോയെന്നു വരാം. എന്നാൽ ഉണർന്നു കണ്ണുതുറന്നു നോക്കുമ്പോൾ അവയെല്ലാം സങ്കല്പങ്ങളായിരുന്നുവെന്ന് നാം തിരിച്ചറിയാറുണ്ട്. പക്ഷേ, അനുഭവിക്കുന്ന വേളയിൽ അവ സാങ്കല്പികങ്ങളല്ല, അവ യാഥാർത്ഥ്യങ്ങളാണ്.

ഈ ജീവിതത്തെ മുഴുവനും ഒരു സ്വപ്നത്തോടു തുലനം ചെയ്യുമ്പോൾ നമുക്കതിനെ സ്വീകരിക്കാൻ പ്രയാസം തോന്നും. ഈ നെടിയ സ്വപ്നത്തിൽനിന്നും ഉണർന്നെണീറ്റിട്ടാണ് ഗുരു നമ്മോടിതെല്ലാം പറഞ്ഞുതരുന്നത്. ചുറ്റുപാടുകൾ തീർത്ത വേദനകളിൽനിന്നും കെട്ടുപാടുകളിൽനിന്നും നമുക്കും മുക്തരാകാൻ കഴിയും. ലോകത്ത് എല്ലാവരും ജീവിതത്തെ പരമാർത്ഥമെന്നതുപോലെ നിനച്ച് ജീവിക്കുന്നതു കാണുമ്പോൾ നമ്മുടെ ഉള്ളിലും തോന്നും ഈ കാണപ്പെടുന്ന ലോകവും ജീവിതവും ആണ് പരമമായ സത്യമെന്ന്. അതിനെയാണ് കേവലത്തിൽപെട്ട് ഭ്രമിക്കുക എന്ന് ഗുരു പറയുന്നത്. ഭ്രമം കളയണം. അഹോ! നാടകം നിഖിലവും എന്നതാണ് ജ്ഞാനിയുടെ ലോകവീക്ഷണം.

ഈ ലോകജനത മുഴുവനും ആകാശത്ത് നീലിമയെ ദർശിച്ചാലും ഒരു ശാസ്ത്രജ്ഞനറിയാം അവിടെ നീലിമയില്ലെന്ന്. നമ്മുടെ കണ്ണിന്റെ പരിമിതിയാണ് ചക്രവാളങ്ങളെ സൃഷ്ടിക്കുന്നതെന്ന് ശാസ്ത്രജ്ഞനറിയാം. സാധാരണ ജീവിതത്തിലെ ഇത്തരം കാര്യങ്ങളിൽപോലും നമ്മൾ ഭ്രമിച്ചുപോകാറുണ്ട്. ഇതുപോലെതന്നെയാണ് ഒരു മുഴുവൻ ജീവിതത്തിലും ഉണ്ടാകുന്ന ഭ്രമാത്മകത. ഇനി ഉണരൽ ആവശ്യമാണ്. ആ ഉണരൽ ആത്മസൂര്യനിലേക്കാണ്. വെളിച്ചം.... വെളിച്ചം..... സർവത്ര വെളിച്ചം...... ഇരുട്ടിന്റെ ഒരു കണികപോലും കാണുന്നില്ലല്ലോ? എന്തൊരത്ഭുതം! ഇതാകുന്നു പൂർണ്ണബോധോദയം. ■

# 56



**കടലിലെഴും തിരപോലെ കായമോരോ-**
**ന്നുടനുടനേറിയുയർന്നമർന്നിടുന്നു**
**മുടിവിതിനെങ്ങിതു ഹന്ത!മൂലസംവിത്-**
**കടലിലജസ്രവുമുള്ള കർമ്മമത്രേ!**

| | | |
|---|---|---|
| കടലിലെഴും തിരപോലെ | - | കടലിൽ തിരകൾ ഉയരുകയും താഴുകയും ചെയ്യുന്നതുപോലെ |
| കായമോരോന്ന് | - | ഓരോരോ ശരീരം |
| ഉടനുടൻ | - | ഒന്നിനു പുറകെ ഒന്നായി |
| ഏറി ഉയർന്നമർന്നിടുന്നു | - | ഉണ്ടായി നിലനിന്ന് മറയുന്നു. |
| മുടിവിതിനെങ്ങ് | - | ഈ പ്രക്രിയക്ക് ഒരു അന്ത്യം എവിടെയാണ്? |
| ഇതു ഹന്ത! | - | ഇതൊരു ആശ്ചര്യംതന്നെ! |
| മൂലസംവിത്കടലിൽ | - | പ്രപഞ്ചത്തിനു മൂലകാരണമായ പ്രജ്ഞാസാഗരത്തിൽ |
| അജസ്രവും ഉള്ള | - | എന്നെന്നും സംഭവിച്ചുകൊണ്ടിരിക്കുന്ന |
| കർമ്മമത്രേ | - | സർഗ്ഗപ്രക്രിയയാണിത്. |

കടലിൽ തിരകൾ സ്വാഭാവികമാണ്. തിരയില്ലാത്ത കടൽ എന്നത് ഒരു വിരോധാഭാസംപോലെ തോന്നും. തിര എന്നു പറയുമ്പോൾ അതിൽ നുരയും പതയും ഓളങ്ങളും അലകളും മഹാതരംഗങ്ങളും എല്ലാം ഉൾപ്പെടും. കടലിൽ തിരയില്ലാതായി കഴിഞ്ഞാൽ പിന്നെ അത് കടലല്ലാതാകും. എങ്കിലും വിശാലമായ കടലിൽ ഒരു തിരയ്ക്കും ശാശ്വതമായ നിലനിൽപ്പില്ല. ജലം തിരയുടെ ആകാരംപൂണ്ട് കുറച്ചുനേരം നിലനിന്ന് പിന്നെ കടലിലേക്കുതന്നെ തിരിച്ചു ലയിക്കുന്നു. ഒരു പതിനായിരം വർഷങ്ങൾക്കുമുമ്പും കടലിൽ തിരകളുണ്ടായിരുന്നു. ഇപ്പോഴും നാം തിരകൾ കാണുന്നു. നാം പോയാലും കടലിൽ തിരകൾ ഉണ്ടാകും. ഈ പ്രക്രിയക്ക് ഒരു മുടിവും ഉണ്ടാവുന്നില്ല. അവിരാമമായി നടക്കുന്ന ഈ സർഗ്ഗപ്രക്രിയ ഒരു ആശ്ചര്യംതന്നെയാണ്.

ഇതുപോലെതന്നെയാണ് പ്രപഞ്ചസർജ്ജനപ്രക്രിയയും നടക്കുന്നത്. പ്രപഞ്ചദൃശ്യങ്ങളും തരംഗങ്ങളെപ്പോലെയാണ്. നിരവധിയായ രൂപങ്ങളിലൂടെ പ്രാപഞ്ചികപ്രതിഭാസങ്ങൾ നമ്മുടെ മുമ്പിൽ ഏറി ഉയർന്ന് അമരുന്നുണ്ട്. ഓരോ രൂപവും ഒരു ശരീരമാണ്. അണു മുതൽ മഹാപർവതങ്ങൾ വരെ സംവിത്സാഗരത്തിലെ ഓരോരോ കായങ്ങളാണ്. മൂലസംവിത്കടലിലാണ് പ്രാപഞ്ചികതരംഗങ്ങൾ രൂപംകൊള്ളുന്നത്. സംവിത് എന്നു പറഞ്ഞാൽ അറിവാണ്. അറിവിനേയും ആത്മാവിനേയും അഭേദമായി അറിയണം. ആത്മസാഗരത്തിലാണ് നിരന്തരമായി ലോകസർജ്ജനം നടന്നുകൊണ്ടിരിക്കുന്നത്. ഇത് അനന്തമായി നടന്നുകൊണ്ടിരിക്കുന്നു. ഇതൊരു മഹാത്ഭുതംതന്നെ.

പ്രപഞ്ചസൃഷ്ടിയെക്കുറിച്ച് ആധുനികശാസ്ത്രം മുന്നോട്ടുവയ്ക്കുന്ന പരിപ്രേക്ഷ്യവും ഗുരുവിന്റെ പ്രപഞ്ചദർശനവും വൈരുദ്ധ്യമില്ലാതെ ഇവിടെ ചേരുന്നു. പ്രപഞ്ചസൃഷ്ടി ഒരു തുടർച്ചയാണ്. അത് എന്നെങ്കിലും തുടങ്ങി അവസാനിക്കുന്നതല്ല. വിരാമമില്ലാതെ തുടരുന്നതാണ്. വ്യഷ്ടിതലത്തിലും സമഷ്ടിതലത്തിലും സൃഷ്ടിപ്രക്രിയ നടക്കുന്നുണ്ട്. സൃഷ്ടി, സ്ഥിതി, ലയം ഇവ മൂന്നും അനുക്രമമായി തുടരുകയാണ്. ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി എന്ന അവസ്ഥകളുടെ ചാക്രികതപോലെ ഭൗതികദേഹങ്ങളും ഉണ്ടായി നിലനിന്ന് പരിണമിച്ച് ക്ഷയിച്ച് നശിക്കുന്നു. നാശം ശാശ്വതമല്ല. പുതിയ ഒന്നിന്റെ ആവിർഭാവത്തിന് മുന്നോടിയായുള്ള തിരോഭാവമാണ്. ആവിർഭാവവും തിരോഭാവവും ഒരേ സംഭവത്തിന്റെ രണ്ടു പുറങ്ങളാണ്. മരണം തിരോഭാവം മാത്രമാണ്. ഈ സംസാരഗതിയിൽനിന്ന് പുറത്തുകടക്കാൻ ഓരോരുത്തരും അവരുടെ സ്വരൂപത്തെ അറിഞ്ഞാൽ മതി. സ്വരൂപത്തിന് ജനനമരണങ്ങളില്ല. സ്വരൂപം നിത്യമാണ്. അമർത്യമാണ്. കടലിന്റെ ആഴം നിശ്ചലമാണ്. ഉപരിതലമാണ് ചലനാത്മകം. ഉപരിതലം പ്രാപഞ്ചികവും ആഴം ആദ്ധ്യാത്മികവുമാണ്. ആദ്ധ്യാത്മികത്തിൽ ഉറച്ചിരുന്ന് ഉപരിതലത്തിലെ ചലനങ്ങൾ ഒരു കളിപോലെ കണ്ടു രസിക്കുക. ഇതാണു ജീവന്മുക്തി. ■

# 57



**അലയറുമാഴിയിലുണ്ടനന്തമായാ-**
**കലയിതു കല്യയനാദികാര്യമാകും**
**സലിലരസാദിശരീരമേന്തി നാനാ-**
**വുലകുരുവായുരുവായി നിന്നിടുന്നു.**

| | | |
|---|---|---|
| അലയറും ആഴിയിൽ | - | തിരയില്ലാത്ത കടലിൽ |
| അനന്തമായാകല ഉണ്ട് | - | അന്ത്യമില്ലാത്ത 'മായാകല' ഉണ്ട്. |
| ഇത് കല്യ | - | ഈ മായാകല സർജ്ജനപ്രക്രിയക്ക് സമർത്ഥമാണ്. |
| അനാദികാര്യമാകും | - | ഇത് അനാദികാര്യമായിരിക്കുന്ന |
| സലിലരസാദി | - | ജലം, അതിന്റെ ഗുണമായ രസം തുടങ്ങിയവയുടെ |
| ശരീരം ഏന്തി | - | ആകാരം കൈക്കൊണ്ട് |
| നാനാ ഉലക് | - | നാനാതരത്തിലുള്ള ലോകങ്ങളുടെ |
| ഉരുവായ് ഉരുവായ് | - | രൂപഭേദങ്ങളായി |
| നിന്നിടുന്നു | - | ഇവിടെ നിലനിൽക്കുന്നു. |

കടലിൽ പൂർണ്ണമായി തിരകൾ ഒഴിഞ്ഞുപോകുന്ന അവസ്ഥ സംജാതമാവുകയില്ലെന്ന് നാം കഴിഞ്ഞ ശ്ലോകത്തിൽ പറഞ്ഞു. എല്ലാ കാലത്തും തിരയും കടലും ഒന്നിച്ചുതന്നെയാണ് ഇരുന്നിട്ടുള്ളത്. തിരകൾക്ക് ചിലപ്പോഴൊക്കെ ശമനമുണ്ടാകാറുണ്ട്. ശമനം തിരകളുടെ പൂർണ്ണമായ നാശമല്ല. അത് വികൃതിയായ കുട്ടി ഉറങ്ങുമ്പോൾ അവന്റെ വികൃതി ഉറക്കത്തിൽ മറഞ്ഞുപോകുന്നതുപോലെയേ ഉള്ളൂ. അവൻ ഉണർന്നാൽ എല്ലാ വികൃതികളും പുറത്തു വരും. അതുപോലെ കടലിന്റെ ശാന്തതയും താത്കാലികമാണ്. കടലിന്റെ ആഴങ്ങളിൽതന്നെ വലിയ തിരക്കൂട്ടങ്ങൾ ഉണ്ടാക്കാനുള്ള മർദ്ദങ്ങൾ ഒളിഞ്ഞിരിക്കുന്നുണ്ട്. ആത്മസാഗരവും ഇതുപോലെയാണ്. പ്രപഞ്ചത്തിൽ കാണുന്ന എല്ലാം ആത്മസാഗരത്തിൽ സൂക്ഷ്മമായി മറഞ്ഞിരിക്കുന്നുണ്ട്.

വിത്തിന്നുള്ളിൽ വടവൃക്ഷം ശയിക്കുന്നതുപോലെ. ആത്മാവിൽ മറഞ്ഞിരിക്കുന്ന പ്രപഞ്ചസാധ്യതയെ 'മായാകല' എന്നാണ് ഗുരു പറയുന്നത്. സാധ്യത എന്നാൽ പുറത്തു വരുന്നതിനു മുമ്പുള്ള അവസ്ഥയാണ്. അമ്മയുടെ ഗർഭപാത്രത്തിൽ കുഞ്ഞ് ഭ്രൂണാവസ്ഥയിൽ വളരുമ്പോൾ അതിനെ കല എന്ന അർത്ഥമുള്ള കലലം എന്ന വാക്കാണ് ഉപനിഷത്തുകൾ ഉപയോഗിക്കുന്നത്. ഒരു സ്ത്രീ ഗർഭിണിയായിരിക്കുമ്പോൾ പുറത്തുനിന്നു നോക്കിയാൽ അവൾ കന്യകയാണെന്നു തോന്നും. എന്നാൽ അപ്പോൾതന്നെ അവൾ അമ്മയാണ്. മൂലസംവിത്കടലിൽ പ്രപഞ്ചഗർഭം സർജ്ജനത്തിനു തയ്യാറായിയിരിക്കുന്നതുകൊണ്ട് അറിവിനെ ജനനി എന്നും ഒന്നായ മാമതി എന്നും ഗുരു എഴുതിയിട്ടുണ്ട്.

കല എന്നാൽ ഒരടയാളമാണ് - ഒരു മുദ്ര. ഈ മുദ്രയിൽ പ്രപഞ്ചസ്മരണകളെ വാസനാരൂപത്തിൽ ഉള്ളടക്കിവച്ചിട്ടുണ്ട്. കമ്പ്യൂട്ടറിന്റെ ചിപ്പുകളിൽ വിവരങ്ങൾ അടക്കം ചെയ്തിരിക്കുന്നതുപോലെ. വളരെ സമർത്ഥമായ രീതിയിൽ സൃഷ്ടിജാലങ്ങളെ സർജ്ജനം ചെയ്യുവാൻ ഈ കലയ്ക്കു കഴിയും. അതുകൊണ്ടാണിതിനെ കല്യ എന്നു പറയുന്നത്. കല്യ എന്നാൽ പ്രസവസാമർത്ഥ്യമുള്ളവൾ എന്നാണ്. പ്രസവമാണ് സർജ്ജനം.

ഈ പ്രപഞ്ചം അഞ്ചു ഭൂതങ്ങളുടെ ചേരുവയാണ്. ഓരോ ഭൂതത്തിനും ഓരോ പ്രധാന ഗുണമുണ്ട്. ഭൂമിയുടെ ഗുണം ഗന്ധമാണ്. വെള്ളത്തിന്റെ ഗുണം രസമാണ്. അഗ്നിയുടെ ഗുണം രൂപവും വായുവിന്റേത് സ്പർശവുമാണ്. ആകാശത്തിന്റെ ഗുണം ശബ്ദമാണ്. പഞ്ചഭൂതങ്ങളും ഗുണങ്ങളും ചേർന്ന് നാനാകീർണ്ണമായ ലോകം ആവിർഭവിക്കുന്നു. മൂലപ്രകൃതി നാമരൂപാത്മകമാകുന്ന പ്രക്രിയ അനാദിയാണ്. അത് ആദ്യന്തരഹിതമായി നടന്നുകൊണ്ടിരിക്കുന്നു. ഇപ്പോഴും നടക്കുന്നു. പ്രപഞ്ചം പ്രളയാവസ്ഥയിൽ ലയിച്ചാലും അറിവിൽ അത് കല്യയായി മറഞ്ഞിരിക്കുന്നേയുള്ളൂ. നശിക്കുന്നില്ല. പ്രപഞ്ചത്തിന്റെ ചാക്രികതയും ആത്മാവിന്റെ അനശ്വരതയും ഈ ശ്ലോകത്തിലൂടെ ഗുരു വെളിവാക്കിത്തരുന്നു. ■

# 58



**നവനവമിന്നലെയിന്നു നാളെ മറ്റേ-**
**ദ്ദിവസമിതിങ്ങനെ ചിന്ത ചെയ്തിടാതെ**
**അവിരതമെണ്ണിയളന്നിടുന്നതെല്ലാം**
**ഭ്രമമൊരു ഭേദവുമില്ലറിഞ്ഞിടേണം.**

| | |
|---|---|
| നവനവം | - പുതിയത് പുതിയത് |
| ഇന്നലെ ഇന്ന് | - ഇന്നലെ, ഇന്ന് |
| നാളെ മറ്റേദിവസം | - നാളെ, മറ്റന്നാൾ |
| ഇതിങ്ങനെ | - ഇപ്രകാരം കാലത്തെ തുണ്ടമായിമുറിച്ചു മനസ്സിലാക്കുന്ന തരത്തിലുള്ള |
| ചിന്ത ചെയ്തിടാതെ | - ചിന്തയിൽ ഏർപ്പെടാതെ |
| അവിരതം | - എപ്പോഴും |
| എണ്ണി അളന്നിടുന്നതെല്ലാം | - എണ്ണിയും അളന്നും അറിയുന്നതെല്ലാം |
| ഭ്രമം | - ഭ്രമം മാത്രമാണ്. |
| ഒരു ഭേദവുമില്ല | - ആത്മാ ഏകവും അഭേദവുമാണ്. |
| അറിഞ്ഞിടേണം | - ഇത് ബോധ്യപ്പെടണം. |

പഴയത് കളഞ്ഞ് പുതിയത് കൈക്കൊള്ളാനാണ് ആളുകൾ കൊതിക്കുന്നത്. മനുഷ്യമനസ്സ് പഴയത് പെട്ടെന്ന് മടുക്കുന്നു. മനസ്സാണ് വസ്തുക്കളേയും വ്യക്തികളേയും പഴയതാക്കുന്നത്. ആത്മസ്പർശമേറ്റാൽ എല്ലാം നവീകരിക്കപ്പെടും. ആത്മാവിന് വാർദ്ധക്യം ബാധിക്കുകയില്ല. ആത്മാവ് നിർവികാരമായതുകൊണ്ട് കാലസ്വാധീനം ആത്മാവിൽ ഏല്ക്കുന്നില്ല. മനസ്സ് എപ്പോഴും പുതുമ തേടുന്ന സ്വഭാവത്തോടു കൂടിയതാണ്. മനസ്സ് കാലംതന്നെയാണ്. കാലം ചലനമാണ്. മനസ്സ് നിശ്ചലമാകുമ്പോൾ അനുഭവങ്ങൾ അമൃതാനുഭവങ്ങളാകുന്നു. അപ്പോൾ ആത്മാവ് സാക്ഷിചൈതന്യമായി പ്രകാശിക്കുന്നു. ഒരു വസ്തുവിനെ കാണുമ്പോൾ അതിനെ പുതിയതെന്നും പഴയതെന്നും വിവേചിച്ചറിയുന്നതാണ് മനസ്സ്. പഴയതിനെ നാം തള്ളിക്കളയും. പുതിയതിനെ കൈക്കൊള്ളും. നാം ഒരു വസ്തുവിനെ പുതിയതെന്നും

പഴയതെന്നും തരംതിരിക്കുന്നത് ഏതടിസ്ഥാനത്തിലാണ്? കാലബോധത്തിലാണ് എല്ലാ അനുഭവങ്ങളും സംഭവിക്കുന്നത്. ഇന്നലെ എന്നത് ഒരു കാലയളവാണ്. അതു സംഭവിച്ചുകഴിഞ്ഞ കാര്യമാണ്. സംഭവിച്ചതെല്ലാം ഭൂതമാണ്. സംഭവിച്ചതെല്ലാം എവിടെയാണ് ഇരിക്കുന്നത്? സ്മരണയിലാണ് ശയിക്കുന്നത്. ആ സ്മരണയുടെ അടിസ്ഥാനത്തിലാണ് ഇന്ന് എന്ന് നാം പറയുന്നത്. ഇന്ന് വർത്തമാനകാലമാണ്. ഇന്ന് ഇന്നലെയേക്കാൾ കൂടുതൽ യാഥാർത്ഥ്യമുള്ളതാണ്. ഇന്നിനെ വച്ചുകൊണ്ടാണ് വരാനിരിക്കുന്ന നാളെയെക്കുറിച്ച് ചിന്തിക്കുന്നത്. ഇന്ന്-ഇന്നലെ-നാളെ എന്ന് കാലത്തെ മുറിയ്ക്കുന്നതാണ് മനസ്സിന്റെ ജോലി. മനസ്സ് അതുകൊണ്ട് ഭ്രമാത്മകമാണ്.

പാശ്ചാത്യചിന്തകനായ ബർഗ്സൺ കേവലമായ കാലത്തെ pure duration എന്നാണ് പറയുന്നത്. ശ്രീനാരായണഗുരുവും ബർഗ്സണെപ്പോലെ ഏകമായ കാലധാരയെ ഖണ്ഡിക്കുന്നതിനെ ഭ്രമം എന്നാണ് വിളിച്ചത്. ഇന്നലെയെന്നും ഇന്നെന്നും നാളെയെന്നും ഉള്ള കല്പനകൾ ഭ്രമങ്ങളാണ്. കാലവിച്ഛിത്തികൾ മനസ്സിലുണ്ടാകുന്ന ചില പ്രതീതികൾ മാത്രമാണ്. കാലത്തിന്റെ അടിസ്ഥാനത്തിൽ പഴയതെന്നും പുതിയതെന്നും വ്യവച്ഛേദിക്കുന്ന അനുഭവങ്ങളും ഭ്രമങ്ങളാണ്. കാലത്തിന്റെ ഈ ഭ്രമചിന്തയിൽനിന്നും ജ്ഞാനത്തിന്റെ കേവലമഹിമാവിലേക്ക് മനസ്സിനെ ഉയർത്തിയെടുക്കണം. ഭേദങ്ങളില്ലാതെ ആദ്യന്തവിഹീനമായ അറിവിൽ അനുഭവങ്ങൾ കാലഗണനയിൽ പെടാതെ തന്നെ സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. ആത്മപ്രതിഷ്ഠിതമായ ഒരു ജ്ഞാനിക്ക് കാലത്തിന്റെ പരുക്കേൽക്കാതെ ജീവിക്കാനറിയാം. മരണമാണ് കാലമേല്പിക്കുന്ന ഏറ്റവും ഘോരമായ പരിക്ക്. താൻ അമൃതസ്വരുപനാണെന്നു സാക്ഷാത്ക്കരിച്ച ജ്ഞാനിക്ക് സ്ഥൂലശരീരനാശത്തിൽ മരണഭയമുണ്ടാകുന്നില്ല. അവന് എല്ലാറ്റിനേയും ഒന്നായി കാണാൻ കഴിയുന്നു. ■

# 59



**അറിവിനെ വിട്ടഥ ഞാനുമില്ലയെന്നെ-**
**പ്പിരിയുകിലില്ലറിവും, പ്രകാശമാത്രം**
**അറിവറിയുന്നവനെന്നു രണ്ടുമോർത്താ-**
**ലൊരുപൊരുളാമതിലില്ല വാദമേതും.**

| | | |
|---|---|---|
| അറിവിനെ വിട്ട് | - | അറിവിൽനിന്നും അന്യമായി |
| അഥ | - | പിന്നെ |
| ഞാനും ഇല്ല | - | 'ഞാൻ' എന്ന ബോധത്തിനും അസ്തിതയില്ല. |
| എന്നെ പിരിയുകിൽ | - | എന്നിൽനിന്നും അന്യമായി |
| അറിവും ഇല്ല | - | ഒരറിവും നിലനില്ക്കുന്നില്ല. |
| പ്രകാശമാത്രം | - | ഞാനും അറിവുംഒറ്റെ പ്രകാശ ത്തിന്റെ രണ്ടു വശങ്ങൾ മാത്രം. |
| അറിവ് | - | അറിവെന്നും |
| അറിയുന്നവൻ എന്നു | - | അറിയുന്നവനെന്നും ഉള്ള |
| രണ്ടും ഓർത്താൽ | - | രണ്ടും അന്വേഷിച്ചുനോക്കിയാൽ |
| ഒരു പൊരുളാം | - | ഒരേയൊരു പൊരുളാണ്. |
| ഇതിൽ | - | ജ്ഞാനിയ്ക്ക് ഇക്കാര്യത്തിൽ |
| ഇല്ല വാദമേതും | - | തർക്കം ഒന്നുമേയില്ല. |

വ്യവഹാരഭാഷയിൽ ഞാൻ അറിയുന്നു, എന്റെ അറിവ് എന്നൊക്കെ നാം പറയാറുണ്ട്. അങ്ങനെ പറയുമ്പോൾ വലിയൊരു തെറ്റിനെ നാം പിൻഗമിക്കുകയാണ്. 'ഞാൻ' അറിവു തന്നെയാണ്. ഞാനും അറിവും തമ്മിൽ ഒരു ഭേദവുമില്ല. 'ഞാൻ അറിയുന്നു' എന്ന പ്രക്രിയയിൽ അറിവ് നമ്മിൽനിന്നും അക ന്നിരിക്കുന്നതുപോലെ തോന്നും. എത്രയോ ആളുകൾ അറിവു കൾ ശേഖരിക്കാനായി പുസ്തകങ്ങൾ വായിച്ചുപഠിക്കുന്നത് നമ്മൾ കാണാറുണ്ട്. പുസ്തകത്തിലാണ് അറിവിരിക്കുന്നതെന്ന രൂഢമൂലമായ തോന്നലുകൊണ്ടാണ് നമ്മുടെ വിദ്യാഭ്യാസം പോലും ഗ്രന്ഥകേന്ദ്രീകൃതമായിരിക്കുന്നത്. മാത്രമല്ല, എന്റെ

അറിവ് എന്നു പറയുമ്പോൾ എന്റെ വീട്, എന്റെ കാർ എന്ന വിവക്ഷകളിൽ വരുന്നതുപോലെ അറിവും ഞാൻ സ്വായത്തമാക്കിയ എന്റെ ഒരു കൈവശവസ്തുവാണ്. അറിവിനെ മാത്രാപരമായി മനസ്സിലാക്കുമ്പോൾ അളവുകോലുകൾ ഉപയോഗിച്ച് അറിവിനെ അളക്കാൻ നാം ശ്രമിക്കും. വിദ്യാഭ്യാസപ്രക്രിയയിലെ പരീക്ഷകൾ എല്ലാം ആർജ്ജിതവിജ്ഞാനത്തെ അളക്കാനുള്ള മാനദണ്ഡങ്ങളാണ്.

അപ്പോൾ കൂടുതൽ അറിവുള്ളവൻ സമൂഹത്തിൽ അംഗീകൃതനാകുന്നു. അവൻ അറിവാകുന്ന സമ്പത്തുകൊണ്ട് അധികാരത്തെ കൈയാളുന്നു. അറിവിനെ ദുരുപയോഗം ചെയ്യാൻ ഇങ്ങനെയുള്ള ഈ തെറ്റുദ്ധാരണ ഇടയാക്കിയിട്ടുണ്ട്. ഫ്രാൻസിസ് ബേക്കന്റെ അറിവാണ് ശക്തി എന്ന ചൊല്ല് പ്രസിദ്ധമാണ്. വാസ്തവത്തിൽ ഞാനും അറിവും ഒരേയൊരു പ്രകാശം മാത്രമാണ്. ഒരു പൊരുൾതന്നെയാണ്. ഇക്കാര്യം സ്വാനുഭവമായിട്ടു വരണം. അപ്പോഴാണ് മൂല്യവത്തായി നമുക്കു ജീവിക്കാൻ കഴിയുക. ഗുരുവിന്റെ അനുഭവത്തിൽനിന്നാണ് അറിവിന്റെയും അറിയുന്നവന്റേയും ഏകതയെ ഗുരു ഊന്നിപ്പറയുന്നത്. ഇത് ലവലേശം സംശയമില്ലാത്ത സാക്ഷ്യമാണ്. അതുകൊണ്ട് വാദങ്ങളൊന്നുമില്ലാതെ ഞാനും അറിവും ഒന്നെന്നുള്ള അനുഭവൈക്യം നാം നേടിയെടുക്കുണം.

കാശ്മീരശൈവിസത്തിന്റെ മൂലഗ്രന്ഥമായ ശിവസൂത്രം തുടങ്ങുന്നത് "ചൈതന്യമാത്മാ" എന്നു പറഞ്ഞുകൊണ്ടാണ്. "ചൈതന്യാദാഗതം സ്ഥൂലസൂക്ഷ്മാത്മകമിദം ജഗത്" എന്നു പറഞ്ഞുകൊണ്ടാണ് ഗുരു അപവാദദർശനം തുടങ്ങുന്നത്. പ്രകാശം ചൈതന്യമാണ്. ആ ചൈതന്യമാണ് അറിയുന്നവനും അറിയപ്പെടുന്ന പ്രപഞ്ചാനുഭവങ്ങളുമായി വേർപ്പിരിഞ്ഞ് സോപാധികജ്ഞാനമായിത്തീരുന്നത്. അറിവിൽ ആദ്യമേ നടക്കുന്ന ഈ ദ്വന്ദ്വീകരണം കാരണമാണ് പിന്നീടുള്ള മുഴുവൻ അനുഭവങ്ങളും തലതിരിഞ്ഞുപോകുന്നത്. ജ്ഞാനംകൊണ്ട് ചൈതന്യമായ ആദിമസത്തയെ അറിഞ്ഞ് ഇപ്പോൾ ഇവിടെതന്നെ ജീവൻമുക്തിപദത്തെ പ്രാപിക്കണം. ■

# 60



**അറിവിനെയും മമതയ്ക്കധീനമാക്കി-**
**പ്പറയുമിതിൻ പരമാർത്ഥമോർത്തിടാതെ**
**പറകിലുമപ്പരതത്ത്വമെന്നപോലീ-**
**യറിവറിയുന്നവനന്യമാകുവീല.**

| | | |
|---|---|---|
| ഇതിൻ | - | ഇതിന്റെ |
| പരമാർത്ഥം | - | പരമാർത്ഥം |
| ഓർത്തിടാതെ | - | അന്വേഷിച്ചറിയാതെ |
| അറിവിനെയും | - | അറിവിനെപ്പോലും |
| മമതയ്ക്ക് അധീനമാക്കി | - | എന്റെ അറിവ് എന്ന തരത്തിൽ അറിവിനെ സ്വന്തമാക്കി |
| പറയും | - | ആളുകൾ പറയും. |
| പറകിലും | - | അങ്ങനെ പറഞ്ഞാലും |
| ആ പരതത്ത്വം എന്നപോൽ | - | ആ പരമാത്മതത്ത്വം അറിയുന്നവൻ അതുതന്നെയായിരിക്കുന്നതുപോലെ |
| ഈ അറിവ് | - | എന്റെ അറിവ് എന്ന തരത്തിൽ കരുതിപ്പോരുന്ന അറിവ് |
| അറിയുന്നവന് | - | ഇതറിയുന്നവന് അവനിൽനിന്നും |
| അന്യമാകുവീല | - | അന്യമായിരിക്കുന്നില്ല. |

ഇത് എന്റെ ഭൂമി, അതു നിന്റെ ഭൂമി, ഇത് എന്റെ പണം, അതു നിന്റെ പണം എന്നു പറയുന്നതുപോലെ അജ്ഞാനിയായ മനുഷ്യൻ എന്റെ അറിവെന്നു വ്യവഹരിക്കാറുണ്ട്. അറിവ് ചൈത ന്യമാണ്. അധിഷ്ഠാനസത്തകൂടിയാണത്. ഇവിടെ ഞാൻ ചെറുതും അറിവ് അനന്തവുമാണ്. അനന്തതയെ കൈക്കുമ്പിളിലൊതുക്കാൻ ശ്രമിക്കുന്ന ഒരു കുഞ്ഞിന്റെ ബാലിശതപോലെ മാത്രമേ ഈ വാക്യത്തെ കരുതാനാവുകയുള്ളൂ. പരമാർത്ഥത്തിൽ ഞാൻ അറി വുതന്നെയാണ്. അറിവ് എന്റേതല്ല. വലിയൊരർത്ഥത്തിൽ ഞാൻപോലും അറിവിന്റേതാണ്. സത്യത്തിൽ ഞാനും അറിവും രണ്ടല്ല. പക്ഷേ, എന്റെ അറിവ് എന്നു പറയുമ്പോൾ അറിവ്

എന്നിൽനിന്നും ബാഹ്യമായ എന്തോ ഒന്നാണെന്ന് കരുതുകയാണ്. അതുകൊണ്ട് അറിവ് സ്വായത്തമാക്കാൻവേണ്ടി മനുഷ്യൻ പ്രയത്നിക്കുന്നു. പണമുണ്ടാക്കാൻ പ്രയത്നിക്കുന്ന മനുഷ്യരെപ്പോലെതന്നെ. വിദ്യാലയങ്ങളിലും കോളേജുകളിലും വിദ്യാർത്ഥികൾ കുത്തിയിരുന്നു പഠിക്കുന്നതു കാണുമ്പോൾ അറിവ് ആർജ്ജിക്കാനുള്ള മനോഭാവമാണ് അവരിൽ പ്രവർത്തിക്കുന്നത്. അതിൽ ഹിംസയുണ്ട്. സോക്രട്ടീസ് പറഞ്ഞ വിശ്രുതവചനങ്ങളിലൊന്ന്, 'നീ നിന്നെത്തന്നെ അറിയുക' എന്നാണ്. നാം നമ്മെ അറിയുമ്പോൾ നാം അറിവായി മാറുന്നു. അറിയുന്നവനും അറിവും ഒന്നായിത്തീരുമ്പോൾ നിർവൃതി ജനിക്കുന്നു.

ഞാൻ പരമാത്മാവിനെ അറിയുന്നു എന്നു പറയുന്നതിൽ ഒരു തെറ്റുണ്ട്. അറിയുന്നവൻ പരമാത്മാവാണ് എന്ന കാര്യം അവൻ ഓർക്കാറില്ല. അതുപോലെ എന്റെ അറിവ് എന്നു പറയുമ്പോഴും അറിവ് എന്നിൽനിന്നും അന്യമായിപ്പോവുകയാണ്. ആ തോന്നൽ നമ്മിൽ നിരർത്ഥകത സൃഷ്ടിക്കും, അപകർഷബോധത്തെ സൃഷ്ടിക്കും. 'പ്രവാചകൻ' എന്ന കൃതിയിൽ ഖലീൽ ജിബ്രാൻ പറയുന്നു: 'എന്റെ ദൈവമേ, എന്നു വിളിക്കാൻ പാടില്ല. എന്തെന്നാൽ ഞാൻ ദൈവത്തിന്റേതാകുന്നു. ദൈവം എന്റേതല്ല.'

ദൈവം എന്റേതാണെങ്കിൽ എന്റെ ചൊല്പ്പടിക്ക് ദൈവം നില്ക്കണമായിരുന്നു. നമ്മൾ പറയുന്നതുപോലെ ദൈവം അനുസരിക്കണമായിരുന്നു. വാസ്തവത്തിൽ ദൈവത്തിന്റെ ഇച്ഛാനുസ്സാരികളാണ് നമ്മളെല്ലാം. ദൈവം എന്റെതാണെന്ന് വിചാരിക്കുന്ന ആ അഹന്തകൂടി നമ്മിൽനിന്നും പോകണം. നാം ദൈവത്തേക്കാൾ മുന്തിയവനാണെന്ന പ്രത്യക്ഷമല്ലാത്ത ഒരു അഹങ്കാരം നമ്മുടെ അബോധത്തിലെവിടെയോ ശയിക്കുന്നുണ്ട്. നമ്മുടെ മതങ്ങളും തത്ത്വചിന്തകളും ഈ ദൂഷിതബോധത്തിൽ നിന്നും ഉണ്ടായ ജാരസന്തതികളാണ്. അവിടെ ദ്വന്ദ്വാത്മകത പൂർണ്ണമായി വിട്ടുപോകുന്നില്ല. അറിവിന് നമ്മെ വിട്ടുകൊടുക്കണം. ദൈവത്തിനു നമ്മെ സമർപ്പിക്കണം. അപ്പോൾ അഹന്ത പോകും. പിന്നെ എന്ത് അവശേഷിക്കുന്നുവോ അതാണ് ആത്യന്തികമായ സത്യാനുഭവം. ■

# 61



**വെളിവിഷയം വിലസുന്നു വേറുവേറാ-**
**യളവിടുമിന്ദ്രിയമാർന്നു തന്റെ ധർമ്മം**
**ജളതയതിങ്ങു ദിഗംബരാദി നാമാ-**
**വലിയൊടുയർന്നറിവായി മാറിടുന്നു.**

| | | |
|---|---|---|
| വെളിവിഷയം | - | പുറംലോകത്തുള്ള വിഷയങ്ങൾ |
| വേറുവേറായ് | - | ഒന്ന് ഒന്നിൽനിന്ന് വേറെയായി |
| വിലസുന്നു | - | പ്രതീതമാകുന്നു. |
| ഇന്ദ്രിയം | - | ഓരോരോ ഇന്ദ്രിയം |
| തന്റെ ധർമ്മം ആർന്ന് | - | അതാതിന്റെ ധർമ്മത്തെ അവലംബിച്ചുകൊണ്ട് |
| അളവിടും | - | ഇന്ദ്രിയവിഷയങ്ങളെ അളന്നറിയുന്നു. |
| ജളത അത് | - | ഇന്ദ്രിയങ്ങൾ വെവ്വേറെയായി അളന്നറിയുന്നത് അജ്ഞാനം നിമിത്തമാണ്. |
| ഇങ്ങ് | - | ഇവിടെ പ്രത്യക്ഷത്തിൽ |
| ദിഗംബരാദി | - | ദിക്ക്, ആകാശം മുതലായ |
| നാമാവലിയൊട് | - | നാമസഞ്ചയത്തോടൊപ്പം |
| ഉയർന്ന് | - | നിരുപാധികമായി ഉയർന്ന് |
| അറിവായി മാറിടുന്നു | - | കേവലജ്ഞാനത്തെ പ്രാപിക്കുന്നു. |

വെളി എന്നാൽ പുറംലോകമാണ്. ആകാശത്തേയും വെളി എന്നു പറയും. ആകാശം സർവവ്യാപിയാണ്. ഏതൊരു വസ്തുവിനും സ്ഥിതി ചെയ്യുവാൻ ഇടം വേണം. അവകാശദാതാവാണ് ആകാശം. അവകാശം എന്നാൽ സ്ഥിതിചെയ്യാനുള്ള ഇടം എന്നാണർത്ഥം. എല്ലാ വസ്തുക്കളും ആകാശത്തിലാണ് ഇരിക്കുന്നത്. ആകാശത്തിൽ വസ്തു ഇരിക്കുക മാത്രമല്ല, വസ്തുവിൽ ആകാശവും ഇരിക്കുന്നുണ്ട്. ആകാശത്തിൽ കുടം ഇരിക്കുന്നതുപോലെതന്നെ കുടത്തിൽ ആകാശവും ഇരിക്കുന്നുണ്ട്. മഹാകാശത്തിലാണ് എണ്ണമറ്റ വിഷയങ്ങൾ സ്ഥിതി ചെയ്യുന്നത്. ഒരു വിഷയം വേറൊരു വിഷയത്തിൽനിന്നും വേറിട്ടാണ് സ്ഥിതി

ചെയ്യുന്നത്. ചക്കപോലെയല്ല മാങ്ങ. മാങ്ങപോലെയല്ല തേങ്ങ. മണംപോലെയല്ല സ്പർശം. രുചിപോലെയല്ല ശബ്ദം. ഇന്ദ്രിയങ്ങളുടെ ധർമ്മവ്യതിരിക്തതകൊണ്ടാണ് വിഷയങ്ങൾ വൈചിത്ര്യമുള്ളതാകുന്നത്. കണ്ണിനു രൂപത്തെ കാണാൻ കഴിയുന്നു. രൂപമാണ് കണ്ണിന്റെ ധർമ്മവിഷയം. കണ്ണിനു കാണുവാനുള്ള കഴിവേയുള്ളൂ. കേൾക്കുവാനുള്ള കഴിവില്ല. കേൾവി കാതിന്റെ ധർമ്മമാണ്. കാതിന്റെ വിഷയമായി വരുന്നത് ശബ്ദമാണ്. മൂക്കിന് ഗന്ധവും നാക്കിന് രുചിയും ത്വക്കിന് സ്പർശവും ധർമ്മവിഷയങ്ങളാണ്. ഇങ്ങനെ ഓരോ ഇന്ദ്രിയത്തിനും അതാതിന്റെ ധർമ്മവും ആ ധർമ്മത്തിനിണങ്ങുന്ന വിഷയവും പുറം ലോകത്തിൽ സ്ഥിതി ചെയ്യുന്നുണ്ട്.

അളവില്ലാത്ത വൈവിധ്യത്തോടുകൂടി ലോകത്തിൽ രൂപങ്ങൾ ഉള്ളതുപോലെ സ്പർശങ്ങളും ശബ്ദങ്ങളും ഗന്ധങ്ങളും രസങ്ങളും അനേകമാണ്. ഇന്ദ്രിയങ്ങൾ ഇവയെ അറിയുന്നത് അളന്നാണ്. എല്ലാ ഇന്ദ്രിയവിഷയങ്ങളേയും അളക്കാൻ കഴിയും. ആധുനികശാസ്ത്രം ലോകത്തെ മനസ്സിലാക്കുവാൻ അളവുകളെ മാനകങ്ങളാക്കുന്നു. ഗുരു ഖണ്ഡിതമായി പറയുന്നു: 'ഇതൊക്കെ ജളതയാണ്.' ജളതയെന്നു പറയാൻ കാരണം നാനാത്വത്തിൽ ശാശ്വതമൂല്യങ്ങളെ കാണാൻ ശ്രമിക്കുന്നതിനാണ്. പ്രാപഞ്ചിക പ്രതിഭാസങ്ങളെല്ലാം മാറിക്കൊണ്ടിരിക്കുന്നു. മാറ്റമില്ലാത്തതായി പ്രപഞ്ചത്തിൽ ഒന്നുംതന്നെ ഇല്ല. ഒരു വിഷയത്തിൽനിന്നു വേറൊരു വിഷയത്തിലേക്ക് പ്രിയത്തെ പറിച്ചുനടുന്നതുപോലെയല്ല വിഷയത്തിൽനിന്നും പ്രിയത്തെ അടർത്തിയെടുത്ത് ആത്മാവിൽ ഉറപ്പിച്ചു നിറുത്തുന്നത്. ആകാശം, ദിക്ക് തുടങ്ങി പാഞ്ചഭൗതികമായ ലോകം മുഴുവൻ നാമസഞ്ചയങ്ങളാണ്. എല്ലാ നാമങ്ങളും അനാമിയായ അറിവിൽ അടങ്ങണം. അറിവ് മാത്രമേ സ്ഥായിയായിട്ടുള്ളൂ. ഇതറിയുമ്പോൾ ജളത പോകും. അറിവുതന്നെയാണ് ഞാൻ – ആത്മാവ്. ഇതറിയുമ്പോൾ അകമേ ആനന്ദം അലതല്ലും. ■

# 62



**പരവശനായ് പരതത്ത്വമെന്റേതെന്നോർ-**
**ക്കരുതരുതെന്നു കഥിപ്പതൊന്നിനാലേ**
**വരുമറിവേതു വരാ കഥിപ്പതാലേ**
**പരമപദം പരിചിന്ത ചെയ്തിടേണം.**

| | | |
|---|---|---|
| പരവശനായ് | - | ലൗകികതയ്ക്ക് അടിപ്പെട്ട് |
| പരതത്ത്വം | - | പരമാത്മാവിനെ |
| എന്റേതെന്ന് | - | എന്റെ പരമാത്മാവെന്ന് |
| ഓർക്കരുത് | - | കരുതാൻ പാടില്ല. |
| അരുതെന്ന് | - | കരുതാൻ പാടില്ലെന്ന് |
| കഥിപ്പതൊന്നിനാലെ | - | പറഞ്ഞതുകൊണ്ടുമാത്രം |
| വരുമറിവേത്? | - | എന്തറിവുണ്ടാകാനാണ്? |
| വരാ കഥിപ്പതാലെ | - | വെറുതേ പറഞ്ഞതുകൊണ്ടുമാത്രം ജ്ഞാനം കൈവരികയില്ല. |
| പരമപദം | - | പരമാത്മാവിനെ |
| പരിചിന്ത ചെയ്തിടേണം | - | മനനധ്യാനത്തിലൂടെ അറിയണം. |

പരവശതയാണ് ഒരുവനെ തളർത്തുന്നത്. സത്യം വേറെ എവിടെയോ ആണെന്നു കരുതി അതിന്റെ ലാഭത്തിനായി പ്രയത്നിക്കുമ്പോഴാണ് പരവശനാകുന്നത്. തന്നിൽനിന്ന് അന്യമായ ഒരു വസ്തുവാണ് താൻ അന്വേഷിക്കുന്നത് എന്നു വിചാരിക്കുന്നവൻ ഒരിടത്തും എത്തിച്ചേരുകയില്ല. ഉത്തരേന്ത്യയിൽ ജീവിച്ചിരുന്ന ജ്ഞാനിയായ കബീർ പറയുന്നു: "ഈശ്വരൻ മന്ദിരത്തിലും മസ്ജിദിലുമല്ല. യാഗത്തിലും യോഗത്തിലുമല്ല. ഈശ്വരൻ നിന്റെ പ്രാണന്റെ പ്രാണനാകുന്നു." നാം നിത്യാനന്ദം തെരഞ്ഞുനടക്കാൻ തുടങ്ങിയിട്ട് ജന്മങ്ങൾ ഒത്തിരി കഴിഞ്ഞു. യാത്ര ഏറെ ചെയ്ത് ഭൂമി എന്ന ഈ സത്രത്തിൽ എത്തിച്ചേർന്നിട്ടുള്ള പഥികന്മാരാണ് നമ്മളെല്ലാവരും. നമ്മുടെ യാത്ര നമ്മുടെ യഥാർത്ഥ സത്തയെത്തേടിയുള്ളതാണെന്ന് അറിയുമ്പോൾ ഇതുവരെ ചെയ്ത യാത്രകളെല്ലാം വൃഥാവിലായിരുന്നു എന്നു

ബോധ്യപ്പെടും. ഏറ്റവും അടുത്ത ഒന്നിനെ അറിയാതെ അകലെയുള്ളതിലേക്കു തല നീട്ടുന്ന നമ്മുടെ ബുദ്ധി പാരവശ്യമാണ്. തലതിരിഞ്ഞ ആ ബുദ്ധികൊണ്ടാണ് വീണ്ടും നമ്മൾ പരമാത്മാവിനെ അറിയാൻ ശ്രമിക്കുന്നത്. പരമാത്മാവ് ഏതോ ഒരു വലിയ വസ്തുവിനെപ്പോലെ മാത്രമേ അങ്ങനെ അന്വേഷിക്കുന്നവന്റെ മനസ്സിൽ തോന്നുകയുള്ളൂ. എന്റെ പരമാത്മാവെന്ന് ചിന്തിക്കുന്നത് തെറ്റാണ്. കാരണം എല്ലാ എന്റേതുകളും ഞാനല്ലാത്തതാണ്. എന്റെ വീട് ഞാനല്ല. എന്റെ ഉടുപ്പ് ഞാനല്ല. എന്റെ കൈ ഞാനല്ല. എന്റെ ശരീരം ഞാനല്ല. എന്റെ മനസ്സ് ഞാനല്ല. അതുപോലെ എന്റെ ആത്മാവ് എന്ന് നാം പറഞ്ഞുപോകുമ്പോൾ ഓർക്കണം ഞാനും ആത്മാവും രണ്ടല്ല എന്ന്. പരതത്ത്വമായ ആത്മാവ് എന്റേതല്ല, ഞാനാണ്. ആത്മാവിനെ സാക്ഷാത്ക്കരിച്ചാൽ മുമ്പ് ഏന്റേതെന്ന് കരുതിയിരുന്നതെല്ലാം ആത്മാനുഭവത്തിൽ ഒന്നായിത്തീരും. നാനാത്വങ്ങൾ ആത്മജ്ഞാനത്തിൽ അസ്തമിക്കും.

പരമാത്മാവിനെ എന്റേതെന്നു ചിന്തിക്കരുതെന്നു പറഞ്ഞതുകൊണ്ടുമാത്രം നമുക്ക് പരമാത്മജ്ഞാനം കൈവരികയില്ല. ഉപനിഷത്തും ബൈബിളും ഖുർ-ആനും മനോഹരമായി ഉരുവിടുവാൻ കഴിയുന്ന പണ്ഡിതശിരോമണികളെ നമുക്കു പലയിടത്തും കണ്ടെത്താൻ കഴിയും. അവർ മണിമണിപോലെ വേദപുസ്തകങ്ങൾ ചൊല്ലിക്കേൾപ്പിച്ചുതരും. പക്ഷേ, ജീവൻ കൊരുത്തിട്ട കെണിയിൽ അവരും ഒരു പറവയെപ്പോലെ ചിറകിട്ടടിച്ചു നിലവിളിക്കുന്ന സന്ദർഭങ്ങൾ പലപ്പോഴും ഉണ്ടാകാം. ബന്ധനം ആഴത്തിലുള്ള കടുംകെട്ടാണ്. എന്റെ പരമാത്മാവേ, എന്റെ ദൈവമേ എന്ന് കാണാപ്പാഠം പഠിച്ച് പറഞ്ഞുനടന്നാൽ മുക്തി കൈവരില്ല. മുക്തി ഏറ്റുചൊല്ലി ഹൃദിസ്ഥമാക്കാവുന്നതുമല്ല. ആത്മാവിന്റെ അഗാധതയിലേക്ക് സ്വന്തം തപസ്സിനാൽ ആണ്ടിറങ്ങണം. മനനംകൊണ്ട് മനസ്സിനെ ഉല്ലംഘിക്കണം. ധ്യാനത്തിന്റെ സാഗരസ്വച്ഛത കൈവരുവോളം ഈ പരിചിന്ത തുടർന്നിടേണം. ■

# 63



**അറിവിലിരുന്നപരത്വമാർന്നിടാതീ-**
**യറിവിനെയിങ്ങറിയുന്നതെന്നിയേ താൻ**
**പരവശനായറിവീല പണ്ഡിതൻ തൻ-**
**പരമരഹസ്യമിതാരു പാർത്തിടുന്നു!**

| | | |
|---|---|---|
| അറിവിലിരുന്ന് | - | അറിവിൽനിന്ന് |
| അപരത്വമാർന്നിടാതെ | - | തന്നെ അന്യമാക്കാതെ |
| ഈ അറിവിനെ | - | ആത്മാവു തന്നെയായ അറിവിനെ |
| ഇങ്ങറിയുന്നതെന്നിയേ | - | ഇവിടെ അറിയാമെന്നല്ലാതെ |
| പരവശനായ് | - | തന്നിൽനിന്നും അന്യമാണ് ആത്മാവ് എന്നുകരുതി അന്വേഷിക്കുന്നതിലൂടെ |
| അറിവീല | - | ആത്മാനുഭവം സംഭവിക്കുകയില്ല. |
| പണ്ഡിതൻ തൻ | - | ആത്മജ്ഞാനിയുടെ |
| പരമരഹസ്യം | - | പരമരഹസ്യമായ ആന്തരികാനുഭവം |
| ഇതാരു പാർത്തിടുന്നു! | - | ആർക്കാണ് മനസ്സിലാവുന്നത്? |

ആത്മാന്വേഷണം നടത്തുന്ന സാധകരിൽ പൊതുവേ സംഭവിക്കാനിടയുള്ള ഒരു തെറ്റിനെ ഗുരു തിരുത്തിത്തരികയാണ് ചെയ്യുന്നത്. അറിവിനേയും അറിയുന്നവനേയും പൃഥക്കരിച്ചു കാണാൻ പാടില്ല. ആത്മാവിനെയാണ് സാക്ഷാത്കരിക്കേണ്ടത്. സാക്ഷാത്ക്കാരം സമദർശനമാണ്. സകലതിലും ആത്മാവിനെക്കാണുമ്പോഴാണ് ഒരാൾ സമദർശിയാകുന്നത്. എന്നാൽ ഒരാൾ സാധനകൾ ചെയ്യുമ്പോൾ ആത്മാവ് താനല്ലാത്ത വേറെ എവിടെയോ ഇരിക്കുന്ന ഒന്നാണെന്നു കരുതിയാണ് അനുഷ്ഠാനങ്ങൾ ചെയ്യുന്നത്. പ്രാർത്ഥിക്കുന്നവരും യോഗയും പ്രാണായാമവും ചെയ്യുന്നവരും മന്ത്രവും പൂജയും നടത്തുന്നവരും എല്ലാം അവരിൽനിന്ന് അന്യഥാകരിച്ച ഒരു സത്തയായി ആത്മാവിനെ കണ്ടുകൊണ്ടാണ് അന്വേഷണം നടത്തുന്നത്. ഒന്നായ സത്യത്തെ രണ്ടാക്കി വിഭജിച്ച് വീണ്ടും ഒന്നാക്കിച്ചേർക്കുവാൻവേണ്ടി മനുഷ്യൻ നടത്തുന്ന പെടാപ്പാടിനെ

ക്കുറിച്ചോർത്ത് വ്യസനസ്വരത്തിലാണ് ഈ ശ്ലോകത്തിന്റെ അവസാനപാദം ഗുരു ചമച്ചിരിക്കുന്നത്. പണ്ഡിതൻതൻ പരമരഹസ്യം ആർക്കും അറിയാൻ കഴിയുന്നില്ലല്ലോ!

ആരാണ് പണ്ഡിതൻ? ഗ്രന്ഥശാലയുടെ ഒഴിഞ്ഞ കോണിലിരുന്ന് മഹാഗ്രന്ഥങ്ങൾ വായിച്ചുകൂട്ടുകയും ദുർഗ്രഹമായ കാര്യങ്ങൾ പറയുകയും ചെയ്യുന്ന ഒരു ബുദ്ധിജീവിയെയാണ് പണ്ഡിതനെന്ന് സാമാന്യജനം കരുതുന്നത്. എന്നാൽ ഗുരു ഇത്തരക്കാരെ പരവശന്മാർ എന്നാണ് വിളിക്കുന്നത്. പണ്ഡിതൻ എന്നല്ല. കോളേജുകളിലും അക്കാദമികളിലും മിക്കവാറും ആശ്രമങ്ങളിലും ഈ പരവശന്മാർ അധ്വരവ്യായാമം ചെയ്യുന്നത് നമ്മൾ കാണാറുണ്ട്. പക്ഷേ, പണ്ഡിതൻ എന്ന വാക്കിന്റെ നേരായ അർത്ഥം അനുഭവസാകല്യമുള്ള ജ്ഞാനി എന്നാണ്. പരമമായ അറിവും ഞാനും രണ്ടല്ല എന്ന അനുഭവത്തെ പണ്ഡാ എന്നു പറയും. അല്പംപോലും വിഭാഗീയതയില്ലാത്ത ബോധമാണ് പണ്ഡാ. പണ്ഡാ ആത്മജ്ഞാനമാണ്. ഈ അനുഭവം വലിയ വലിയ പദാവലികളിൽ കോർത്തിണക്കി മൊഴിഞ്ഞുകൊടുക്കാൻ കഴിയുകയില്ല. മൗനത്തിന്റെ അഗാധമായ ഉൾവെളിച്ചമാണിത്. പരമരഹസ്യം എന്നു പറയാൻ കാരണമതാണ്. ഓരോ ജീവന്റെയും പരിണാമം ഈ പരമരഹസ്യത്തെ ഉള്ളറിയുന്നതിലേക്കാണ് വേണ്ടത്. എന്നാൽ ഇത് ആരും മനസ്സിലാക്കുന്നില്ലല്ലോ എന്ന അല്പം ഖേദം നിറഞ്ഞ ഒരു സ്വരവും ഈ ശ്ലോകത്തിൽ അടങ്ങിയിരിക്കുന്നുണ്ട്. അറിയേണ്ടതിനെ അറിയാതെ ആയുസ്സ് കളഞ്ഞുകുളിക്കുന്ന ജീവിതവൃത്തികളിൽ എർപ്പെട്ട് അതാണ് എല്ലാമെന്ന് തെറ്റിദ്ധരിച്ചു ജീവിയ്ക്കുന്നവരുടെ മണ്ടയ്ക്കുള്ള ഒരു മേട് കൂടിയാണ് ഈ ശ്ലോകം. ■

# 64



**പ്രതിവിഷയം പ്രതിബന്ധമേറി മേവു-**
**ന്നിതിനെ നിജസ്മൃതിയെ നിരാകരിക്കൂ**
**അതിവിശദസ്മൃതിയാലതീത വിദ്യാ-**
**നിധി തെളിയുന്നിതിനില്ല നീതിഹാനി.**

| | | |
|---|---|---|
| പ്രതിവിഷയം | - | ഓരോ വിഷയവും |
| പ്രതിബന്ധമേറി മേവുന്നു | - | ആത്മസാക്ഷാത്കാരത്തിനു തടസ്സമായി വർത്തിക്കുന്നു. |
| ഇതിനെ | - | ഈ തടസ്സത്തെ |
| നിജസ്മൃതിയെ | - | ആത്മസ്മൃതികൊണ്ട് |
| നിരാകരിക്കൂ | - | തള്ളിക്കളയണം. |
| അതിവിശദസ്മൃതിയാൽ | - | ആത്മാവിന്റെ സീമയറ്റ ഓർമ്മയാൽ |
| അതീതവിദ്യാനിധി | - | എല്ലാ ഉപാധികൾക്കും അതീതമായ ആനന്ദഘനാനുഭൂതി |
| തെളിയുന്നു | - | ഉള്ളിൽ തെളിയുന്നു. |
| ഇതിന് ഇല്ല നീതിഹാനി | - | ഇതിൽ അയുക്തമായി ഒന്നുമില്ല. |

വസ്തുവും വിഷയവും തമ്മിൽ അന്തരമുണ്ട്. വസ്തു മനസ്സിന്റെ പ്രിയാപ്രിയങ്ങളുമായി കലരുമ്പോൾ അതു വിഷയമായി. വിഷയം വിഷംപോലെയാണെന്നാണ് അഷ്ടാവക്രമുനി പറയുന്നത്. "മുക്തിമിച്ഛിക്കിൽ വർജ്ജിക്കൂ വിഷംപോൽ വിഷയങ്ങളെ." അങ്ങനെ പറയാൻ കാരണം, വിഷയം നമ്മുടെ വാസനയെ മുഴുവൻ ഉണർത്തി നമ്മെ കർമ്മോത്സുകരാക്കും. വിഷയങ്ങളുമായി ഇടപഴകുമ്പോൾ രാഗദ്വേഷങ്ങൾകൊണ്ട് പ്രതികരണങ്ങൾ പ്രതിബന്ധങ്ങൾ സൃഷ്ടിക്കാറുണ്ട്. കർമ്മം എന്നു പറയുന്നത്, കാമ്യവിഷയത്തിനുവേണ്ടിയുള്ള നിരന്തരമായ പ്രവർത്തനമാണ്. ഒരു വിഷയം നമ്മുടെ അനുഭവത്തിലേക്കു കടന്നുവരുമ്പോൾ ആ വിഷയത്തോട് അനുബന്ധമായി വേറെയും അനേകം വിഷയങ്ങൾ കൂട്ടംകൂട്ടമായി മനോമുകുരത്തിലേക്ക്

തള്ളിക്കയറി വരും. ഓരോ വിഷയചിന്തയും "എനിക്കാദ്യം പൂർത്തീകരണം നൽകൂ" എന്നു പറയുന്നതുപോലെയാണ് കാമ്യ വിഷയത്തിലേക്കു പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ ഒരു ജീവിതം മുഴുവൻ വിഷയചിന്തയോടുചേർന്ന പ്രവർത്തനങ്ങളുമായി നമ്മൾ കഴിച്ചുകൂട്ടുമ്പോൾ ജീവിതത്തിന്റെ ആത്യന്തികമായ ലക്ഷ്യം മറന്നുപോകുന്നു.

രണ്ടു തരത്തിലുള്ള സ്മൃതികൾ (memory) നമ്മിൽ പ്രവർത്തിക്കുന്നുണ്ട്. ഒരർത്ഥത്തിൽ ഒരേയൊരു സ്മൃതി തന്നെയാണ് രണ്ടു മുഖങ്ങളിലേക്കു തിരിഞ്ഞുനിന്ന് പ്രവർത്തിക്കുന്നത്. ഒന്ന് വിഷയസ്മൃതിയും, വേറൊന്ന് ആത്മസ്മൃതിയും. ആത്മസ്മൃതിയിലൂടെ മാത്രമേ വിഷയസ്മൃതിയെ ഇല്ലാതാക്കാൻ കഴിയുകയുള്ളൂ. വിഷയസ്മൃതി ബന്ധനത്തിനു കാരണമാകുന്നു. ആത്മസ്മൃതി മുക്തിസന്ദായകമാണ്. ആത്മാവിന്റെ സ്മൃതിയെയാണ് അതിവിശദസ്മൃതി എന്ന് ഗുരു വിശേഷിപ്പിച്ചിരിക്കുന്നത്. ആത്മാവിന്റെ സ്വരൂപവിവരണം ഒരു സദ്ഗുരുവിൽനിന്നും കേൾക്കണം. എല്ലാ സ്മരണകളുടേയും മൂലകന്ദമാണ് ആത്മസത്ത. ആ ആത്മസത്തയിൽ പ്രാപഞ്ചികജീവിതത്തിന്റെ മുഴുവൻ ഓർമ്മകളേയും സൂക്ഷ്മമായി കോറിയിട്ടിട്ടുണ്ട്.

ഇവിടെ ഈശ്വരന്റെ മസ്തിഷ്കത്തിലാണ് പ്രാപഞ്ചികരേഖകളെല്ലാം ശേഖരിച്ചിരിക്കുന്നതെന്ന് പറയേണ്ടിവരും. ആത്മസ്മൃതിയിലൂടെയാണ് നാം അതിരുകളില്ലാത്ത ജ്ഞാനത്തെ ആത്മാനന്ദമായി അനുഭവിച്ചറിയുന്നത്. തെളിമയുള്ള ഒരു ജീവിതത്തിലേക്ക് വേറെ ഒരു എളുപ്പവഴിയുമില്ല. നാം ആത്മനിഷ്ഠമായ സാധന അനുഷ്ഠിക്കണം. എന്തിനാണ് അമാന്തിക്കുന്നത്? വിഷയങ്ങളുടെ തടസ്സം വിഷയചിന്ത ഉള്ളിടത്തോളം മാത്രമേ ഉള്ളൂ. എനിക്കും ആത്മാവിനും ഇടയിൽ ഒരു മധ്യവർത്തി ഇല്ല. ഇതു തർക്കമില്ലാത്ത സംഗതിയാണ്. നിജസ്മൃതിയെ ഉണർത്തി ജ്വലിപ്പിച്ചുനിർത്തണം. ആനന്ദത്തിലേക്ക് പിന്നെ ദൂരമേയില്ല. അതീതവിദ്യാനിധി ആത്മാനുഭൂതിയാണ്. ■

# 65



**ഒരു കുറി നാമറിയാത്തതൊന്നുമിങ്ങി-**
**ല്ലുരുമറവാലറിവീലുണർന്നിതെല്ലാം**
**അറിവവരില്ലതിരറ്റതാകയാലീ-**
**യരുമയെയാരറിയുന്നഹോ! വിചിത്രം!**

| | | |
|---|---|---|
| ഒരു കുറി | - | ഒരു വശത്തുനിന്നും നോക്കിയാൽ |
| നാം അറിയാത്തത് | - | നമുക്ക് അറിയാൻ കഴിയാത്ത |
| ഒന്നും ഇങ്ങ് ഇല്ല | - | ഒന്നുംതന്നെ ലോകത്തിൽ ഇല്ല. |
| ഉരു മറവാൽ | - | രൂപങ്ങളുടെ മറ കാരണം |
| ഇതെല്ലാം | - | ഈ ലോകവിഷയങ്ങളെയെല്ലാം |
| ഉണർന്ന് അറിവീല | - | ആത്മബോധത്താൽ ഉണർന്ന് നാം അറിയുന്നില്ല |
| അതിരറ്റതാകയാൽ | - | അനന്തവിശാലമായതിനാൽ |
| ഈ അരുമയെ | - | പ്രേമസ്വരൂപിയായ ഈ ആത്മാവിനെ |
| അറിവവരില്ല | - | അറിയുന്നവർ ആരും ഇല്ലതന്നെ. |
| ആരറിയുന്നു | - | അല്ലെങ്കിൽ ഇതൊക്കെ ആരറിയുന്നു? |
| അഹോ! വിചിത്രം! | - | ആശ്ചര്യകരമായ ഈ അനുഭവം എത്ര വിചിത്രമാണ്! |

ബർട്രാന്റ് റസ്സലിനെപ്പോലെയുള്ള ചിന്തകന്മാർ ദൈവത്തിൽ വിശ്വസിക്കുന്നില്ലെങ്കിലും അറിവിന്റെ ശക്തിയിൽ വിശ്വസിക്കുന്നുണ്ട്. ഇവരുടെ ചിന്തയെ ലോജിക്കൽ പോസിറ്റീവിസം (logical positivism) എന്നാണ് വിളിക്കുന്നത്. ഈ ചിന്താപദ്ധതി പ്രകാരം ഈ ലോകത്തിലുള്ള എല്ലാ അറിവുകളും ഒരിക്കൽ നമുക്ക് പൂർണ്ണമായും അറിഞ്ഞുതീർക്കാൻ കഴിയും. പ്രപഞ്ചത്തിന്റെ അതിർത്തികൾ എവിടെയാണ്? പ്രപഞ്ചം എന്തിൽനിന്നാണ് ഉണ്ടായത്? പ്രപഞ്ചസൃഷ്ടിക്കു പിന്നിൽ എന്തെങ്കിലും ഉദ്ദേശ്യമുണ്ടോ? ഇങ്ങനെയുള്ള ചോദ്യങ്ങൾക്കെല്ലാം ഓരോരോ ഉത്തരങ്ങൾ പരീക്ഷണങ്ങളിലൂടേയും നിരീക്ഷണങ്ങളിലൂടേയും കണ്ടെത്തിയിട്ട് അതെല്ലാം ചേർത്തുവച്ചു ചിന്തിക്കുമ്പോൾ

ലോകത്തെ സംബന്ധിക്കുന്ന സുനിശ്ചിതമായ ഒരു ഉത്തരം കിട്ടുമെന്നുതന്നെയാണ് ലോജിക്കൽ പോസിറ്റീവിസുകളുടെ വിശ്വാസം. ശ്രീനാരായണഗുരു ഇതിനെ ഒരു വിശ്വാസമായിട്ടല്ല കാണുന്നത്. ഇതിനെ ഒരു സാധ്യതയായിട്ടാണ് മനസ്സിലാക്കുന്നത്.

ഒരു മൺതരിയെ നമുക്ക് അറിയാമെങ്കിൽ ഭൂമിയെ മുഴുവൻ അറിയാൻ കഴിയും എന്നുള്ളത് ഒരു സാധ്യതയാണ്. അതു വിചാരിച്ച് ആരാണ് ഭൂമിയിലുള്ള മൺതരികളെല്ലാം എണ്ണിപ്പെറുക്കിതിട്ടപ്പെടുത്താൻ പോകുന്നത്? അങ്ങനെ ആരെങ്കിലും ശ്രമിക്കുന്നുണ്ടെങ്കിൽ അതിനെ മുഴുത്ത ഭ്രാന്തെന്നേ പറയാനൊക്കൂ. ഒരു കുറി നാം അറിയാത്തതൊന്നുമിങ്ങില്ല. ഇങ്ങനെ ഒരു വീക്ഷണകോണിൽനിന്നും നോക്കുമ്പോൾ നമുക്കറിയാനാകാത്തതായി ഈ ലോകത്തിൽ ഒന്നുംതന്നെ ഇല്ല. പക്ഷേ, ഈ അറിവിൽ ഒരു തകരാറുണ്ട്. ഒന്നിനെ വേറൊന്നിൽനിന്നും വ്യതിരിക്തമാക്കിയാണ് നാം അറിയുന്നത്. അതിനു കാരണം ഒരു വസ്തുവിനെ നാം അറിയുമ്പോൾ അതിന് ഒരു രൂപം ഉണ്ടെന്നുള്ളതാണ്. ലോകം എന്നു പറയുന്നത് ബഹുസഹസ്രം രൂപങ്ങൾതന്നെയാണ്. ആ രൂപങ്ങൾക്കെല്ലാം നാമങ്ങൾ കൊടുക്കുമ്പോഴാണ് ലോകവുമായി നമുക്ക് വ്യവഹരിക്കാൻ കഴിയുന്നത്. എല്ലാ നാമരൂപങ്ങളേയും സമന്വയിച്ചറിയുന്ന ഒരു സമാനാധികരണതയുണ്ട്. രൂപങ്ങളുടെ മറ കാരണം ഈ സമാനാധികരണതയിലേക്ക് മനസ്സിനെ ഉണർത്തിയെടുക്കാൻ നമുക്ക് കഴിയാറില്ല. ഈ സമാനാധികരണത ജീവിതത്തിന്റെ പരമമായ അർത്ഥമാണ്.

നിരതിശയമായ ആനന്ദവും പ്രേമവും വഴിഞ്ഞൊഴുകുന്ന അരുമയായ ഈ അറിവിനെ ആരാണറിയുന്നത്? അത്രയും ജ്ഞാനപിപാസയും സത്യാന്വേഷണപരതയുമുള്ള ഒരാൾക്ക് ഈ അരുമയുടെ അമരസല്ലാപം ഗാനപീയൂഷമായി അനുഭവിക്കാൻ കഴിയും. യോഗികളുടെ ചിത്തത്തിൽ ലഹരി പകരുന്ന ഈ അനുഭവം എത്ര വിചിത്രമാണ്! എല്ലാ അത്ഭുതങ്ങളിലേക്കുംവച്ച് മഹാത്ഭുതമായിരിക്കുന്ന ആത്മനിർവൃതി. അഹോ! വിചിത്രം! ■

# 66



**ഇര മുതലായവയെന്നുമിപ്രകാരം**
**വരുമിനിയും, വരവറ്റുനില്പതേകം**
**അറിവതു, നാമതുതന്നെ മറ്റുമെല്ലാ-**
**വരുമതുതൻ വടിവാർന്നു നിന്നിടുന്നു.**

| | | |
|---|---|---|
| ഇര മുതലായവ | - | സുഖദുഃഖസമ്മിശ്രമായ വിഷയങ്ങൾ |
| എന്നും | - | എല്ലായ്പ്പോഴും |
| ഇപ്രകാരം | - | ഇപ്പോഴത്തെപോലെതന്നെ |
| വരുമിനിയും | - | ഇനിയും വന്നുകൊണ്ടിരിക്കും. |
| വരവറ്റ് നില്പത് | - | നിശ്ചലമായി നിൽക്കുന്നത് |
| ഏകം | - | ഒന്നു മാത്രമാണ്. |
| അറിവ് അത് | - | അത് ഏകമായ അറിവാണ്. |
| നാം അതുതന്നെ | - | നാം ആ അറിവുതന്നെയാണ്. |
| മറ്റു എല്ലാവരും | - | മറ്റുള്ള എല്ലാവരും |
| അതുതൻ | - | ആ ഏകമായ അറിവിന്റെ |
| വടിവാർന്ന് | - | സ്വരൂപം കൈക്കൊണ്ട് |
| നിന്നിടുന്നു | - | നിലനിൽക്കുന്നു. |

എല്ലാ ജീവികളും ജനിക്കുന്നത് വിശപ്പോടുകൂടിയാണ്. വിശപ്പ് ഒരു കാമമാണ്. വിശപ്പ് അഗ്നിപോലെയാണ് കത്തിക്കാളിക്കൊണ്ടിരിക്കുന്നത്. ജ്വലിച്ചുകൊണ്ടിരിക്കുന്ന അഗ്നികുണ്ഡത്തിലേക്ക് വിറകുകൾ ഇട്ടുകൊടുത്താൽ അവ കത്തിച്ചാമ്പലാകുന്നതുപോലെ വിശപ്പാകുന്ന അഗ്നിയെ ശമിപ്പിക്കുന്നതിന് ആഹാരമാകുന്ന വിറകുകൾ വേണം. ഇന്ദ്രിയങ്ങൾ ആർത്തി പൂണ്ട വിശപ്പാളികളാണ്. വിഷയങ്ങളെയാണ് ഇന്ദ്രിയങ്ങൾ ആഹരിക്കുന്നത്. ഗുരു ഇന്ദ്രിയവിഷയങ്ങളെ ഇരകളായാണ് വിശേഷിപ്പിച്ചിരിക്കുന്നത്. പലതരത്തിലുള്ള ഇരകളാണ് ഇന്ദ്രിയങ്ങൾക്ക് വേണ്ടത്. പഞ്ചവിഷയങ്ങളും അവയുടെ പല അനുപാതത്തിലുള്ള ചേരുവകളും ഇരകളുടെ വിപുലമായ പ്രപഞ്ചത്തെയാണ്

നമുക്ക് മുമ്പിൽ തീർത്തിരിക്കുന്നത്. ഈ വിഷയപ്രപഞ്ചമെല്ലാം നമ്മുടെ കാമനകളുടെ ഉപശമനത്തിനായുള്ള ഇരകളാണ്. ശബ്ദ സ്പർശരൂപരസഗന്ധാദികളായ ഇരകളെ തിന്നാണ് ജീവൻ കൂത്താടുന്നത്. തിന്നാലും തിന്നാലും വിഷയങ്ങൾ തീരില്ല. വീണ്ടും വീണ്ടും വിഷയങ്ങൾ വന്നുകൊണ്ടിരിക്കും. വരികമാത്രമല്ല, അവ വന്നുപോവുകയാണ് ചെയ്യുന്നത്. എന്നാൽ പോക്കറ്റുനില്ക്കുന്ന സത്യം ഒന്നേയുള്ളൂ. അത് ആത്മാവാണ്. അത് അറിവാണ്. ആ അറിവാണ് ഞാൻ.

ജീവനെന്ന വേട്ടക്കാരനും വിഷങ്ങളാകുന്ന ഇരകളും തമ്മിലുള്ള ഉഭയബന്ധം ഒരു ജൈവികപ്രക്രിയയാണ്. എന്നാൽ ഈ ജൈവികപ്രക്രിയക്കപ്പുറത്ത് ഒരു ദൈവികപ്രക്രിയ ചില വ്യക്തികളിൽ ധ്യാനാത്മകമായ പരിവർത്തനം വരുത്താറുണ്ട്. അപ്പോൾ ഇരകളിലുള്ള പ്രിയത ജീവന് കുറയുന്നു. നിശ്ചലമായി നിൽക്കുന്ന സാക്ഷിസ്വരൂപനായ അറിവിനോടുള്ള ആഭിമുഖ്യം ജീവന് ജനിക്കുമ്പോഴാണ് ഇരകളോടുള്ള ആസക്തിയും ആർത്തിയും ലഘൂകരിക്കപ്പെടുന്നത്. ആത്മജ്ഞാനത്തിന്റെ മുന്നോടിയായി നിർവേദാവസ്ഥയെ പ്രാപിക്കേണ്ടതുണ്ട്. ആത്മജ്ഞാനം വന്നുംപോയും ഇരിക്കുന്ന തരത്തിലുള്ളതല്ല. അത് ഏകമാണ്. ആ ഏകം അനേകതകൾക്കെല്ലാം കാരണവും അധിഷ്ഠാനവുമാണ്. ഞാൻ ആരാണ്? എന്ന ചോദ്യത്തിന് ഞാൻ ഏകമായ അറിവുതന്നെയാണ് എന്ന ഉത്തരമാണ് ലഭിക്കുന്നത്. ഈ മഹത്തായ അറിവിന്റെ പ്രസ്ഫുരണങ്ങളാണ് സകല നാമരൂപപ്രപഞ്ചവും. ആത്മജ്ഞാനി തന്നിൽനിന്നും അന്യമായി പ്രപഞ്ചത്തെ കാണുന്നില്ല. അന്യത്വം അജ്ഞാനദശയിലാണ്. വടിവ് എന്നാൽ ആകൃതി എന്നാണ് അർത്ഥം. ജലത്തിന്റെ വടിവാണ് തിര. തിരയുടെ ഉള്ളടക്കം ജലമാണ്. അറിവിന്റെ വടിവുകളാണ് ദൃശ്യപ്രപഞ്ചം. ദൃശ്യപ്രപഞ്ചത്തിന്റെ ഉള്ളടക്കം അറിവു മാത്രമാണ്. ■

# 67



**ഗണനയിൽനിന്നു കവിഞ്ഞതൊന്നു സാധാ-**
**രണമിവ രണ്ടുമൊഴിഞ്ഞൊരന്യരൂപം**
**നിനവിലുമില്ലതു നിദ്രയിങ്കലും മേ-**
**ലിനനഗരത്തിലുമെങ്ങുമില്ല നൂനം.**

| | | |
|---|---|---|
| ഗണനയിൽ നിന്ന് | - | ഇന്ദ്രിയത്തിന്റേയും മനസ്സിന്റേയും കണക്കുകൂട്ടലുകൾക്ക് |
| കവിഞ്ഞത് ഒന്ന് | - | അപ്പുറത്തുള്ള ഒന്ന്, |
| സാധാരണം | - | ഇന്ദ്രിയങ്ങൾകൊണ്ടും മനസ്സു കൊണ്ടും ഗണിച്ചറിയാവുന്ന ഒന്ന്. |
| ഇവ രണ്ടും ഒഴിഞ്ഞ | - | ഇവ രണ്ടും കൂടാതെ |
| ഒരു അന്യരൂപം | - | വേറെ എന്തെങ്കിലും തരത്തിലുള്ള ഒരു അറിവ് |
| നിനവിലും ഇല്ല | - | ഉണർവിലും ഇല്ല, |
| ഇതു നിദ്രയിങ്കലും | - | ഉറക്കത്തിലും ഇല്ല, |
| മേൽ ഇനനഗരത്തിലും | - | സ്വപ്നത്തിലും ഇല്ല. |
| എങ്ങും ഇല്ല | - | എവിടെയും ഇല്ല. |
| നൂനം | - | ഇതു തീർച്ചയാണ്. |

അറിവിന്റെ മേഖലകളെ രണ്ടായി പകുത്തുവച്ച് മനസ്സിലാക്കുന്നത് ശാസ്ത്രീയമായ ഒരു രീതിയാണ്. ഗണനയിലുള്ളതും ഗണനയിൽനിന്നു കവിഞ്ഞതും ചില ആളുകൾ സംസാരിക്കുമ്പോൾ ഈ രണ്ടു വശങ്ങളേയും കൂട്ടിക്കുഴച്ചു സംസാരിക്കും. അവർ ചിന്തിക്കുന്നതും ആശയക്കുഴപ്പമുണ്ടാക്കുന്ന തരത്തിലാണ്. അങ്ങനെയുള്ളവരുടെ ചിന്തയ്ക്ക് ഒരു അടുക്കും മുറയും ഉണ്ടാക്കിക്കൊടുക്കേണ്ടത് ഗുരുവിന്റെ ധർമ്മമാണ്. ഗുരു പറയുന്ന ഈ വിഭജനം പാശ്ചാത്യചിന്തകരും അംഗീകരിക്കുന്നതാണ്. ഒന്ന് സോപാധികജ്ഞാനം (relative knowledge). മറ്റേത് നിരുപാധികജ്ഞാനം (absolute knowledge). ഗണന എന്ന വാക്കു കേൾക്കുമ്പോൾ അത് വെറും കണക്കുകൂട്ടൽ മാത്രമല്ല, പരിഗണനകൂടിയാണത്. എല്ലാ ഇന്ദ്രിയാനുഭവങ്ങളും അതുപോലെ ബോധ-

അബോധ-അർധബോധപ്രക്രിയകളും ഇവിടെ പറയുന്ന ഗണന യുടെ പരിഗണനയിൽ വരുന്നതാണ്. ഗണനയിൽപെടുന്ന അറിവ് സാധാരണമാണ്. ഗണന ഐന്ദ്രിയഗണനയാണ്. ശബ്ദസ്പർശ രൂപരസഗന്ധങ്ങളാണ് സാധാരണ അറിവിന്റെ വിഷങ്ങൾ. സാധാ രണ അറിവ് അനേകമാണ്.

ഗണനയിൽനിന്ന് കവിഞ്ഞത് ശാസ്ത്രത്തിന്റെ പരിഗണയിൽ വരുന്നതല്ല. അത് അന്തർജ്ഞാനപരമാണ്. യോഗാനുഭൂതിയിൽ കൈവരുന്ന തെളിവുറ്റ ഉള്ളമാണ്. ബുദ്ധികൊണ്ട് ചിന്തിച്ചോ ഇന്ദ്രി യങ്ങൾകൊണ്ട് ഗണിച്ചോ അറിയാവുന്ന ഗണത്തിൽ പെട്ടതല്ല ഈ അറിവ്. ഇത് എല്ലാ അറിവിലും കവിഞ്ഞ അറിവാണ്. കാന്റ് പറയുന്ന transcendental knowledge - അതീതജ്ഞാനം ഏറെക്കു റെയൊക്കെ ഗണനയിൽനിന്ന് കവിഞ്ഞതാണ്. പൗരസ്ത്യർക്ക് ഈ ഭാഷ പെട്ടെന്നു മനസ്സിലാകും. പാശ്ചാത്യമനസ്സുള്ളവർക്ക് പ്രത്യക്ഷപ്രമാണത്തിനപ്പുറത്തേക്ക് തലതിരിച്ചുനോക്കുവാൻ രൂഢ മൂലമായ ഒരു വൈക്ലബ്യമുണ്ട്. ഈ രണ്ടു ഗണനയിൽ പെടാത്ത തായി മൂന്നാമതൊരു തരത്തിലുള്ള അറിവുമില്ല.

ചില മതഗ്രന്ഥങ്ങളിൽ പെരുപ്പിച്ചു പറയുന്ന വ്യക്തികളിലെ വിഭ്രാമകമായ (hallucinatory) അനുഭവങ്ങളെപ്പോലും സാധാരണ അറിവിന്റെ ഗണത്തിലേ ഗുരു പെടുത്തിയിട്ടുള്ളൂ. മഞ്ഞപ്പട്ടുടയാ ടയും മയിൽപ്പീലിയും ചൂടിയ ഉണ്ണിക്കണ്ണനേയും കൈയിൽ കുഞ്ഞാടുമായി മരുഭൂമിയിലൂടെ നടന്നുനീങ്ങുന്ന യേശുദേവനേയും ചിലർക്ക് സ്വാനുഭവത്തിൽ തെളിയുമ്പോൾ അതെല്ലാം കാല്പനി കമായ മനസ്സിന്റെ വിരുതുകൾ മാത്രമായാണ് ഗുരു എണ്ണുന്നത്. ഇനനഗരം സൂര്യമണ്ഡലമാണ്. മുഴുവൻ സാങ്കല്പിക ലോകാനു ഭവങ്ങളും ഈ ഗണനയിൽ വരുന്നു. അത് സ്വപ്നത്തിന്റെ ലോ കവുമാണ്. മനസ്സ് എത്ര സങ്കല്പിച്ചാലും അവയെല്ലാം സാധാ രണ അറിവു മാത്രമാണ്. ഗണനയിൽനിന്നും ഗണനാതീതമായി ബോധത്തെ ഉയർത്തിയെടുത്ത് നിരുപാധികമായ ജ്ഞാനനിഷ്ഠ യിൽ ജീവിക്കുന്നവന് ലോകം ബന്ധനമല്ല. വിഷാദത്തിനോ നിരാ ശയ്ക്കോ വശംവദനാകേണ്ട കാര്യവുമില്ല. നിസ്സംഗനായി ആനന്ദ ത്തോടെ ജീവിക്കാൻ അവനു കഴിയും. ■

# 68



**അരവവടാകൃതിപോലഹന്ത രണ്ടാ-**
**യറിവിലുമംഗിയിലും കടക്കയാലേ**
**ഒരു കുറിയാര്യയിതിങ്ങനാര്യയാകു-**
**ന്നൊരുകുറിയെന്നുണരേണമൂഹശാലി.**

| | | |
|---|---|---|
| അരവവടാകൃതിപോൽ | - | കയറിന്റെ ആകാരത്തെ പാമ്പായി തെറ്റിദ്ധരിക്കുന്നതുപോലെ |
| അഹന്ത | - | ജീവൻ |
| രണ്ടായ് | - | രണ്ടു ധാരയായി |
| അറിവിലും | - | ആത്മസത്തയിലേക്കും |
| അംഗിയിലും | - | അനാത്മസത്തയിലേക്കും |
| കടക്കയാലേ | - | ഒരേപോലെ പ്രവേശിക്കുന്നതുകൊണ്ട് |
| ഒരു കുറി | - | ആത്മവശത്തുനിന്നും നോക്കുമ്പോൾ |
| ആര്യ | - | മുക്തിയിലേക്കു നയിക്കുന്ന അറിവായും |
| ഒരു കുറി | - | അനാത്മവശത്തുനിന്നും നോക്കുമ്പോൾ |
| ഇത് ഇങ്ങ് | - | ഇത് ഇവിടെ |
| അനാര്യയാകുന്നു | - | ബന്ധകാരണമായും തീരുന്നു. |
| എന്ന് | - | എന്നകാര്യം |
| ഊഹശാലി | - | മനനശീലൻ |
| ഉണരേണം | - | അനാത്മാവിൽനിന്നും ആത്മാവിലേക്കു ഉണർന്നു മനസ്സിലാക്കണം. |

ഓരോ കുഞ്ഞും ഇവിടെ ജനിക്കുമ്പോൾ രണ്ടു തരത്തിലുള്ള സാധ്യതകൾ അവനിൽ അന്തർഭവിച്ചിട്ടുണ്ട്. ഒന്നുകിൽ അവൻ തെറ്റായ അറിവിന്റെ മോഹവലയത്തിൽ കുരുങ്ങി കഷ്ട നഷ്ടങ്ങളുടെ കണക്കുകൾ പറഞ്ഞ് ജീവിക്കുന്ന സാമാന്യജന ങ്ങളിൽ ഒരുവനായിത്തീരും. അല്ലെങ്കിൽ അവൻ പരമപുരുഷാർ ത്ഥമായ മുക്തിയിലേക്കു നയിക്കുന്ന നിരുപാധിജ്ഞാനത്തെ സ്വീകരിച്ച് ആ മാർഗ്ഗത്തിലൂടെ ചരിച്ച് പൂർണ്ണപ്രജ്ഞനും സ്വത

ന്ത്രനുമായിത്തീരും. ഈ രണ്ടു വഴികളും നമ്മുടെ മുമ്പിൽ ലഭ്യ മാണെങ്കിലും ഏതു തിരഞ്ഞെടുക്കണമെന്ന നിശ്ചയം വരു ത്തുന്നത് നമ്മുടെ അതുവരെയുള്ള സംസ്കാരത്തിനും ഈശ്വ രാനുഗ്രഹത്തിനും അനുസരിച്ചായിരിക്കും.

ഓരോ കുഞ്ഞും ജനിക്കുന്നത് പൂർവജന്മസ്മരണകളുമാ യാണ്. ആ സ്മരണകൾ സാധാരണ ഓർമ്മകൾപോലെയല്ല നമ്മിൽ പ്രകാശിക്കുന്നത്. അവ്യക്തതലത്തിൽ പ്രവർത്തിക്കുന്ന പ്രേരണകളാണ് അവ. അവയെ വാസനകൾ എന്നാണ് വേദാ ന്തശാസ്ത്രത്തിൽ വിളിക്കുന്നത്. വാസനകളുടെകൂടെ നമ്മുടെ ഓരോ നിമിഷത്തേയും അനുഭവങ്ങളുടെ സംസ്ക്കാരത്തെകൂടി ചേർക്കപ്പെടും. അപ്പോൾ വാസനയും സംസ്കാരവും ഒരു വ്യക്തിയിൽ വർത്തമാനജീവിതത്തെ സ്വാധീനിക്കുന്നു. അങ്ങ നെ അനുഗൃഹീതനായ വ്യക്തി പരമമായ അറിവിലേക്ക് തിരിഞ്ഞ് അധിഷ്ഠാനസത്യത്തെ അറിയാൻ തുടങ്ങുന്നത് ആര്യ യാണ്. ആര്യ എന്നാൽ അറിവിന്റെ ശ്രേഷ്ഠമായ മാർഗ്ഗമാണ്.

എന്നാൽ പ്രിയാപ്രിയങ്ങളുടെ കർതൃത്വം തെറ്റായി ഏറ്റെടു ത്ത അംഗിയിലാണ് വ്യക്തി വർത്തിക്കുന്നതെങ്കിൽ അത് അനാ ര്യയായ അറിവാണ്. ഇതു ബോധിപ്പിച്ചുതരുവാൻ വേണ്ടി വേദാ ന്തികൾ ഉപയോഗിക്കാറുള്ള ഒരു ദൃഷ്ടാന്തത്തെയാണ് ഗുരു ഇവിടെ മാതൃകയായി എടുത്തിട്ടുള്ളത്. ചിലർ വെളിച്ചക്കുറവു കൊണ്ട് ചുരുണ്ടുകിടക്കുന്ന കയറു കാണുമ്പോൾ അതു പാമ്പാ ണെന്നു നിനച്ചു ഭയവിഹ്വലരാകാറുണ്ട്. കയറിൽ പാമ്പിനെ കാ ണുന്നത് അറിവു തന്നെയാണ്. എന്നാൽ അത് ഇവിടത്തെ സന്ദർഭ ത്തിൽ അനാര്യയാണ്. നാം പ്രാപഞ്ചികദൃശ്യങ്ങളിൽ സത്യത്തെ ദർശിക്കുമ്പോൾ ആ അറിവ് അനാത്മകമാണ്. എന്നാൽ കയ റിൽ പാമ്പിനെ കണ്ട ആ ആൾതന്നെ വെളിച്ചം വരുമ്പോൾ കയ റിൽ കണ്ട പാമ്പിനെ നിരാകരിച്ച് കയർ എന്ന സത്യത്തെ തിരി ച്ചറിയുന്നു. ഇത് ആര്യയാണ്. നമുക്കും പ്രപഞ്ചദൃശ്യങ്ങളെ നിരാ കരിച്ച് അധിഷ്ഠാനമായ ആത്മസത്തയെ സാക്ഷാത്കരിക്കാനാ കും. അധിഷ്ഠാനത്തെ അറിയുമ്പോഴാണ് ജീവിതത്തിന്റെ അർത്ഥം പൂർണ്ണമാകുന്നത്. ■

# 69



**ശ്രുതി മുതലാം തുരഗം തൊടുത്തൊരാത്മ-**
**പ്രതിമയെഴും കരണപ്രവീണനാളും**
**രതിരഥമേറിയഹന്ത രമ്യരൂപം**
**പ്രതി പുറമേ പെരുമാറിടുന്നജസ്രം.**

| | | |
|---|---|---|
| ശ്രുതി മുതലാം | - | ചെവി മുതലായ ഇന്ദ്രിയങ്ങളാകുന്ന |
| തുരഗം തൊടുത്ത് | - | കുതിരകളെ പൂട്ടി |
| ഒരു ആത്മപ്രതിമയെഴും | - | ആത്മാവിന്റെ പ്രതിമ എഴുന്നള്ളുന്ന |
| കരണപ്രവീണൻ ആളും | - | മനസ്സെന്ന സാരഥി നിയന്ത്രി ക്കുന്നതുമായ |
| രതിരഥമേറി | - | രതിയാകുന്ന രഥത്തിൽ കയറി |
| അഹന്ത | - | അഹന്ത |
| പുറമേ | - | പുറത്തുള്ള |
| രമ്യരൂപം പ്രതി | - | സുഖവിഷയങ്ങൾക്കൊപ്പം |
| അജസ്രം | - | വീണ്ടും വീണ്ടും |
| പെരുമാറിടുന്നു | - | ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കുന്നു. |

ജീവിതം ഒരു യാത്രയാണ്. നാം ഓരോരുത്തരും ഈ യാത്രയിൽ പങ്കാളികളാണ്. ഈ യാത്ര തുടങ്ങിയത് എന്നാണ്? യാത്രയുടെ തുടക്കം കാലത്തിന്റെയും തുടക്കമാണ്. പ്രപഞ്ചത്തിന്റെ തുടക്കവുമാണ്. ജീവന്റെ തുടക്കവുമാണ്. ചരിത്രം ഇതു മുതൽക്കാണ് തുടങ്ങുന്നത്. സൃഷ്ടിയിൽതന്നെ അന്തർനിഹിതമായ അജ്ഞാനമാണ് ആത്മാവിൽനിന്നും എന്നെ അടർത്തി മാറ്റിയത്. ആത്മാവിൽനിന്നും അടർത്തുന്നതും അകറ്റുന്നതും ആത്മാവിന്റെ ഒരു ക്രീഡയാണ്. അകലുമ്പോൾ ഞാൻ ആരെന്നു മറന്നുപോകുന്നു. എന്റെ സ്വരൂപത്തെ വിസ്മരിക്കുന്നു. എത്ര ഓർമ്മിച്ചിട്ടും എവിടെയാണ് എന്റെ ഉറവിടം എന്നറിയാൻ കഴിയുന്നില്ല. ആ അറില്ലായ്മയിൽനിന്നാണ് നാം യാത്ര ആരംഭിച്ചത്. ജീവിതമാകുന്ന ആ യാത്രയുടെ രമണീയമായ ഒരു ചിത്രണ

മാണ് ഈ ശ്ലോകം. യാത്ര ചെയ്യാൻ നാമൊരു വാഹനത്തെ ആശ്രയിക്കുന്നുണ്ട്. രതിരഥം എന്നാണ് ആ വാഹനത്തിന്റെ പേര്. രതി എന്നാൽ അഭിരമനവാഞ്ഛയാണ്. രതിയില്ലെങ്കിൽ ജീവിതം അരതിയായി മാറും. അരതി മടുപ്പാണ്. ലോകജീവിതത്തിൽ രതി കണ്ടെത്തുന്നതാണ് സാധാരണജീവിതം. ആത്മാവിൽ രതി കണ്ടെത്തുന്നതാണ് അദ്ധ്യാത്മജീവിതം. വിഷയങ്ങളിൽ ദീർഘകാലം രമിക്കാൻ കഴിയില്ല. വിഷയങ്ങൾ പെട്ടെന്നു മടുക്കും. അതുകൊണ്ടാണ് വിഷയങ്ങൾ മാറിമാറി അനുഭവിക്കാൻ മനുഷ്യൻ ആഗ്രഹിക്കുന്നത്. എന്നാൽ ആത്മാവിലുള്ള രതി ശാശ്വതമാണ്. ആത്മാവിനെ മടുക്കുകയില്ല. ആത്മാവ് നിത്യമാണ്. നാശമുള്ളതല്ല.

രതിരഥത്തിലാണ് ജീവിതയാത്ര. അതിലെ സഞ്ചാരിയായ ഞാൻ പ്രതിമ കണക്കെയാണ് ഇരിക്കുന്നത്. പ്രതിമ ജീവനാണ്. ആത്മാവിന്റെ പ്രതിബിംബരൂപമാണ് ജീവൻ. ഞാൻ പ്രതിമയായിടത്തുനിന്നാണ് എനിക്ക് യാത്ര ചെയ്യേണ്ടിവന്നത്. എന്റെ രഥത്തിനു അഞ്ചു കുതിരകളുണ്ട്. ജ്ഞാനേന്ദ്രിയങ്ങളാകുന്ന അഞ്ച് കുതിരകൾ. ഏറെ പ്രവീണനായ മനസ്സെന്ന കരണമാണ് കുതിരകളുടെ കടിഞ്ഞാൺ പിടിച്ചിരിക്കുന്നത്. പക്ഷേ കുതിരകൾക്കാകട്ടെ സുഖവിഷയങ്ങളിലേക്ക് കുതിച്ചുപായാനാണ് വ്യഗ്രത. സുന്ദരരൂപങ്ങളും മൃദുസ്പർശങ്ങളും ഹൃദ്യമായ രുചികളും വാസനകളും കർണ്ണാനന്ദകരമായ ശബ്ദങ്ങളും ഇന്ദ്രിയങ്ങളെ രമിപ്പിച്ചുകൊണ്ടേയിരിക്കുന്നു. എന്നാണ് ഈ യാത്രക്ക് ഒരറുതിയുള്ളത്? ഞാൻ എന്നിലെ ആത്മാവായ എന്നെ അറിയണം. ഞാൻ വേറെ എവിടെയുമല്ല. ഞാൻ എന്നിലാണെന്ന് അറിയണം. അപ്പോൾ യാത്ര അവസാനിച്ചു. ആത്മാവിൽ ഞാൻ നിശ്ചലനാകും. എന്നിലെ കാമനകളുടെ തീ അണയും. കുതിരകളും തേരാളിയും രഥചക്രങ്ങളും മൂടൽമഞ്ഞിൽ സൂര്യകിരണങ്ങൾ ഏല്ക്കുമ്പോൾ അലിഞ്ഞുപോകുന്നതുപോലെ തിരോഭവിക്കും. രഥവും കുതിരകളും ആത്മാവിൽ അദ്ധ്യസ്തമായ സ്വപ്നസന്നിഭമായ അനുഭവങ്ങളായിരുന്നു എന്നു ബോധ്യപ്പെടും. ■

# 70



**ഒരു രതി തന്നെയഹന്തയിന്ദ്രിയാന്തഃ**
**കരണകളേബരമൊന്നിതൊക്കെയായി**
**വിരിയുമിതിന്നു വിരാമമെങ്ങു വേറാ-**
**മറിവവനെന്നറിവോളമോർത്തിടേണം.**

| | | |
|---|---|---|
| ഒരു രതിതന്നെ | - | ഒരേയൊരു ആനന്ദം തന്നെയാണ് |
| അഹന്ത | - | അഹന്തയായും |
| ഇന്ദ്രിയ | - | ഇന്ദ്രിയങ്ങളും |
| അന്തഃകരണ | - | അന്തക്കരണങ്ങളും |
| കളേബരം | - | ശരീരവും |
| എന്നിതൊക്കെയായി | - | എന്നിവയെല്ലാമായി |
| വിരിയും | - | വേറെവേറെയായിത്തീരുന്നത്. |
| വേറാം അറിവവൻ | - | അറിയുന്നവനായ ഞാൻ വേറെ |
| എന്നറിവോളം | - | എന്നു തെറ്റിദ്ധരിച്ചിരിക്കുന്നിടത്തോളം |
| ഇതിന്നു | - | ഈ വിഷയരതിയ്ക്ക് |
| വിരാമമെങ്ങ്? | - | വിരാമമെങ്ങനെ ഉണ്ടാകാനാണ്? |
| ഓർത്തിടേണം | - | ഇക്കാര്യം നല്ല ഓർമ്മ വേണം. |

ആനന്ദം ഒന്നേയുള്ളൂ. അത് ആത്മാനന്ദമാണ്. ആത്മാവിനെ മാത്രമേ ആനന്ദത്തിന്റെ സ്രോതസ്സായി അറിയാൻ പാടുള്ളൂ. വേറെ എല്ലാം കപടസ്രോതസ്സുകളാണ്. മിഥ്യാത്വംകൊണ്ടാണ് നമ്മൾ അങ്ങോട്ട് ഒലിച്ചുപോകുന്നത്. വ്യക്തിശരീരത്തിന് ഉപാധികളിലൂടെ മാത്രമേ രമിക്കാൻ കഴിയുകയുള്ളൂ. അഹന്ത, അന്തക്കരണം, ഇന്ദ്രിയങ്ങൾ, ശരീരം ഇതെല്ലാം വ്യക്തിഗതമായ ഉപാധികളാണ്. ഓരോ മനുഷ്യനിലും ഈ ഉപാധികളുടെ സ്വഭാവത്തിന് വ്യത്യാസമുണ്ടായിരിക്കും. ചില ആളുകളുടെ കണ്ണുകൾക്ക് നല്ല കാഴ്ചശക്തിയാണ്. എന്നാൽ വേറൊരാൾക്ക് വർണ്ണങ്ങളെ തിരിച്ചറിയാനാവുകയില്ല. ചിലർക്ക് എല്ലാം ആഴത്തിൽ ചിന്തിച്ചറിയാനാകും. മറ്റു ചിലർക്കാകട്ടെ എത്ര കേട്ടാലും മനസ്സിലാവുകയില്ല. ഇത് ആത്മാവിന്റെ ദോഷംകൊണ്ടല്ല. ആത്മാവിനെ മറച്ചുവച്ചിരി

ക്കുന്ന ഉപാധികളുടെ ദോഷംകൊണ്ടാണ്. ഉപാധികൾക്ക് ഈ ദോഷം കൈവന്നിരിക്കുന്നത് വികലമായ കർമ്മസംസ്കാരങ്ങൾകൊണ്ടാണ്. കർമ്മത്തെ ശുദ്ധീകരിച്ചാൽ സംസ്കാരത്തെ സാത്വികമാക്കാൻ കഴിയും. അന്തക്കരണം ശുദ്ധമാകുമ്പോൾ ഉപാധിദോഷം പരിഹൃതമായി ആത്മസ്വരൂപത്തെ സ്വച്ഛതയോടെ കാണാനാകും.

ഒരേയൊരു ആനന്ദം മാത്രമേ ഉള്ളൂ. ആത്മാവ് ഏകമായതയുകൊണ്ട് ആനന്ദവും പലതാകാൻ തരമില്ല. ഉപാധിഭേദം കൊണ്ടുമാത്രമാണ് വിഷയനാനാത്വം പ്രതീതമാകുന്നതും വിഷയഭോഗത്വര പെരുകുകയും ചെയ്യുന്നത്. ഗുരു വെളിപ്പെടുത്തുന്നത്, വിഷയവും അനുഭോക്താവും വേറെവേറെയെന്ന തോന്നലുള്ളിടത്തോളം രതി നാനാവിഷയങ്ങളിൽ വിരിഞ്ഞുകൊണ്ടിരിക്കും. ആത്മാനന്ദത്തിൽ ഈ വേറ്റുമകളില്ല. വിഷയഭോഗങ്ങളിലാണ് ഭേദം വരുന്നത്. അതുകൊണ്ട് എല്ലാ ഭോഗങ്ങൾക്കും ഒരു അറുതി വരുത്തണമെങ്കിൽ ആത്മരതി ഒന്നു മാത്രമാണ് സത്യമായിട്ടുള്ളൂ എന്ന അനുഭവനിഷ്ഠ ആർജ്ജിക്കുകയാണ് വേണ്ടത്. ഒരു രതി പരമപ്രേമമാണ്. നാരദമഹർഷി ഭക്തിയായി നിർവചിക്കുന്നത് പരമപ്രേമത്തെയാണ്. ആനന്ദിക്കുവാനുള്ള അഭിലാഷം ജീവികളിൽ സ്വാഭാവികമാണ്. ആനന്ദമാണ് ജീവിതത്തിന്റെ അർത്ഥം. ആദ്ധ്യാത്മികജീവിതം ആനന്ദത്തെ നിഷേധിക്കുന്നതല്ല. ആനന്ദത്തെ പൂർണ്ണതയും തികവുമുള്ളതാക്കുന്നതാണ്. സാധാരണ ആളുകൾ ലൈംഗികസുഖത്തെയാണ് രതി എന്നു പറയുന്നത്. ലൈംഗികസുഖം രതിയുടെ ബാഹ്യതലം മാത്രമാണ്. ആ രതിയെ ആത്മതലത്തിൽ ആനുഭൂതികമായി അനുഭവിക്കാൻ പറ്റുമ്പോഴാണ് ഹതാശനാകാതെ ജീവിക്കാൻ കഴിയുന്നത്. അറിയുന്നവനും അറിവും ഒന്നെന്നറിയുന്നതാണ് രതിയുടെ പാരമ്യം. ■

# 71



**സവനമൊഴിഞ്ഞു സമത്വമാർന്നു നില്പീ-**
**ലവനിയിലാരുമനാദി ലീലയത്രേ**
**അവിരളമാകുമിതാകവേയറിഞ്ഞാ-**
**ലവനതിരറ്റ സുഖം ഭവിച്ചിടുന്നു.**

| | | |
|---|---|---|
| സവനമൊഴിഞ്ഞ് | - | സൃഷ്ടിയും ലയവുമില്ലാതെ |
| അവനിയിൽ | - | ലോകത്തിൽ |
| ആരും | - | ആരുംതന്നെ |
| സമത്വമാർന്നു | - | നിശ്ചലമായ നിലയിൽ |
| നില്പീല | - | നിൽക്കുന്നില്ല. |
| അനാദിലീലയത്രേ | - | ജനനവും മരണവും വാഴ്വും ആദിയില്ലാത്ത ലീലയാണ്. |
| അവിരളമാകും | - | മുടക്കമില്ലാതെ നടക്കുന്ന |
| ഇത് ആകവേ | - | ഈ പ്രക്രിയകളെ പൂർണ്ണമായും |
| അറിഞ്ഞാൽ | - | ആനുഭൂതികമായി അറിഞ്ഞാൽ |
| അവന് | - | ആ ജ്ഞാനിക്ക് |
| അതിരറ്റ | - | അതിരുകളില്ലാത്ത |
| സുഖം | - | പരമാനന്ദം |
| ഭവിച്ചിടുന്നു | - | ലഭിക്കുന്നു. |

ഭഗവതഭക്തന്മാർ പ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങളെ ഭഗവാന്റെ ലീലയായാണ് ദർശിക്കുന്നത്. ചിത്രകാരനായ ഭഗവാൻ ഒരു കൊച്ചുകുഞ്ഞിനെപ്പോലെ പ്രപഞ്ചരചന നടത്തി കളിക്കുകയാണ്. ഭഗവാന്റെ ചായക്കൂട്ടുകളിൽനിന്നും ഉരുവം കൊള്ളുന്ന നാം ജീവിതത്തെ കരുപ്പിടിപ്പിച്ചുവരുമ്പോഴേക്കും പുതിയ ചായങ്ങൾ തേച്ച് ഭഗവാൻ നമ്മെ മായ്ച്ചുകളയും. പിന്നെ അവിടെ വേറൊരു ചിത്രം വരയ്ക്കും. പ്രപഞ്ചസൃഷ്ടിക്ക് ഒരു സോദ്ദേശ്യതയുണ്ടെന്ന് പറയുകയും അതെന്താണെന്ന് കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്ന തത്ത്വചിന്തകളുണ്ട്. എന്നാൽ അങ്ങനെ ഒരു ലക്ഷ്യവും ഇല്ലെന്നു വാദിക്കുന്നവരുമുണ്ട്. ഈ രണ്ടു ഗണത്തിലും ശ്രീനാരായണഗുരു പറയുന്ന

അനാദിലീലയെ ഉൾപ്പെടുത്താൻ കഴിയുകയില്ല. നമ്മെ സംബ ന്ധിച്ചിടത്തോളം അനാദിലീലയിൽ പൂർണ്ണമായും നാം പങ്കാളി കളായിട്ടില്ല. ആ ലീലയിൽ പങ്കുചേരുക എന്നുള്ളതാണ് നമ്മുടെ സുനിശ്ചിതമായ ഉദ്ദേശ്യം. പ്രപഞ്ചലീലയിൽ ഉൾച്ചേരുന്നതിന് തടസ്സം നിൽക്കുന്ന വ്യക്തിഗതമായ അഹന്തയെ നിർമ്മാർജ്ജ നം ചെയ്യാനുള്ള ശ്രമം നാം നടത്തേണ്ടതുണ്ട്. പ്രസവിക്കുന്ന തിനെയാണ് സവനം എന്ന് പറയുന്നത്. ഈ പ്രകരണത്തിൽ ആത്മാവിലാണ് പ്രസവങ്ങൾ നടക്കുന്നത്. പ്രസവിക്കുക മാത്രമല്ല, പ്രതിപ്രസവിക്കുകയും ചെയ്യുന്നുണ്ട്. ഏതൊരു ഗർഭത്തിൽനിന്നും ഒന്ന് ജാതമായോ ആ ഗർഭാശയത്തിലേക്കുതന്നെ അതിനെ തിരി ച്ചെടുക്കുന്നതിനെയാണ് പ്രതിപ്രസവം എന്നു പറയുന്നത്. പ്രസ വവും പ്രതിപ്രസവവും എന്നെന്നും ആത്മാവിൽ നടന്നുകൊണ്ടേ യിരിക്കുന്നു. അതിന് ഒരു മുടിവുമില്ല.

പി.ഡി ഔസ്പെൻസ്കി എന്ന തത്ത്വചിന്തകന്റെ പ്രസിദ്ധ മായ ഒരു ഗ്രന്ഥമാണ് Tertium Organum. അദ്ദേഹം റഷ്യൻ മിസ്റ്റി ക്കായ ഗുർജിഫിന്റെ ശിഷ്യനാണ്. ഔസ്പെൻസ്കി പൂർണ്ണത്തേ യും (whole) അംശത്തേയും (part) സംബന്ധിക്കുന്ന ഒരു തത്ത്വവി ചാരം നടത്തുന്നുണ്ട്. പൂർണ്ണത്തിൽ അനേകം അംശങ്ങൾ ഉണ്ടാ കാം. എന്നാൽ എല്ലാ അംശങ്ങൾ ചേർന്നാലും പൂർണ്ണമാകണമെ ന്നില്ല. ഒരു രൂപ നൂറു പൈസയാണ്. നൂറു പൈസ ചേർന്നാൽ ഒരു രൂപയാകും. ഇത് നമ്മുടെ സാധാരണ ഗണനയാണ്.

എന്നാൽ ആത്മാവിനെ സംബന്ധിച്ചിടത്തോളം ഈ ഗണന വിലപ്പോകുന്നില്ല. എണ്ണമറ്റ നാമരൂപങ്ങളാണ് പ്രപഞ്ചം. അത് അനേകമാണ്. ഏകമായ ആത്മാവാണ് ഈ നാമരൂപങ്ങൾക്ക് അധിഷ്ഠാനം. എന്നാൽ എല്ലാ നാമരൂപങ്ങളേയും കൂട്ടിവച്ചാലും ആത്മാവിന്റെ പൂർണ്ണത കിട്ടുകയില്ല. നാമരൂപങ്ങളെ നിരാക രിച്ച് പൂർണ്ണമായ ആത്മാവിനെ ഒന്നായി അറിയണം. അതാണ് അന്തർജ്ഞാനം. ശ്രീനാരായണഗുരു അതുകൊണ്ടാണ് അവിര ളമാകുന്ന ഈ സവനപ്രക്രിയകളെ ആകവേ അറിയണം എന്നു പറയുന്നത്. അപ്പോൾ അവൻ പരമാനന്ദത്തിന്റെ സീമയറ്റ വ്യോമ ത്തിൽ മതിമറന്നാനന്ദിക്കുന്നു. ■

# 72



**ക്രിയയൊരു കൂറിതവിദ്യ; കേവലം ചി-**
**ന്മയി മറുകൂറിതു വിദ്യ; മായയാലേ**
**നിയതമിതിങ്ങനെ നില്ക്കിലും പിരിഞ്ഞ-**
**ദ്വയപരഭാവന തുര്യമേകിടുന്നു.**

| | | |
|---|---|---|
| ക്രിയ ഒരു കൂറ് | - | ഒരു വശത്തുനിന്നും നോക്കുമ്പോൾ ക്രിയകൾ നടക്കുന്നു. |
| ഇത് അവിദ്യ | - | ഇത് അവിദ്യയാണ്. |
| മറു കൂറ് | - | ഇതിന്റെ എതിർവശത്തുനിന്നും നോക്കിയാൽ |
| കേവലം ചിന്മയി | - | ഏകമായ അറിവിന്റെ നിറവു മാത്രം. |
| ഇത് വിദ്യ | - | ഇത് വിദ്യയാണ്. |
| മായയാലേ | - | മായ കാരണം |
| ഇത് ഇങ്ങനെ | - | വിദ്യയും അവിദ്യയും ഇങ്ങനെ |
| നിയതം | - | എപ്പോഴും |
| പിരിഞ്ഞുനില്ക്കിലും | - | വേറിട്ടു നിൽക്കുമെങ്കിലും |
| അദ്വയപരഭാവന | - | അദ്വയവും പരവുമായതിനെ ധ്യാനിക്കുന്നതിലൂടെ |
| തുര്യമേകിടുന്നു | - | തുരീയാനുഭൂതി ഉണ്ടാകുന്നു. |

മനുഷ്യൻ എന്തെല്ലാം വൈവിധ്യമുള്ള കർമ്മങ്ങളാണ് ദിവസവും ചെയ്തുകൊണ്ടിരിക്കുന്നത്. ഒരു മൃഗത്തിന് മനുഷ്യനോളം സങ്കീർണ്ണതകൾ കാണുന്നില്ല. മനുഷ്യൻ ക്രിയകൾ ചെയ്യുന്നത് ഫലോദ്ദേശ്യത്തോടുകൂടിയാണ്. കുറച്ചു സുഖത്തിൽനിന്ന് കൂടുതൽ സുഖമാണ് എല്ലാ കർമ്മങ്ങളുടേയും ലക്ഷ്യം. അസംസ്കൃതവസ്തുക്കളെ സംസ്കരിക്കണമെങ്കിൽ അതിൽ മനുഷ്യൻ അവന്റെ അദ്ധ്വാനത്തെ ചെലുത്തേണ്ടതുണ്ട്. അങ്ങനെയാണ് ശാസ്ത്രം ഓരോരോ കണ്ടുപിടിത്തങ്ങൾ നടത്തു ന്നത്. കാലുകൊണ്ടു നടക്കാവുന്ന മനുഷ്യൻ കാറും വിമാനവും കണ്ടുപിടിച്ചതും നിർമ്മിച്ചെടുത്തതും ക്രിയകളിലൂടെയാണ്. ശാരീ

രികമാനസികസുഖത്തിനുവേണ്ടി ക്രിയകൾ ചെയ്യുന്നത് അവിദ്യ കാരണമാണ്. സുഖം ക്രിയകളുടെ സ്വഭാവമല്ല. ആത്മാവിന്റെ സ്വഭാവമാണ്. ആത്മാവിന്റെ സ്വഭാവമായ സുഖത്തിനുവേണ്ടി കണക്കില്ലാതെ ക്രിയകൾ ചെയ്തുകൂട്ടിയതുകൊണ്ട് എന്തു പ്രയോജനം?

അതുകൊണ്ട് യാഗങ്ങളും യജ്ഞങ്ങളും അനുഷ്ഠാനങ്ങളും ആത്മസാക്ഷാത്കാരത്തിന് പ്രോത്സാഹനീയങ്ങളല്ല. കർമ്മങ്ങൾ ചിത്തശുദ്ധീകരണത്തിന് സഹായകമാണ്. പുണ്യകർമ്മങ്ങൾ പാപസങ്കുലമായ മനസ്സിനെ വിമലീകരിക്കുന്നു. എന്നാൽ പുണ്യകർമ്മം മോക്ഷദായകമല്ല. ശങ്കരാചാര്യർ ജ്ഞാനത്തെയാണ് കർമ്മത്തിന്റെ സ്ഥാനത്ത് മോക്ഷഹേതുകമായി കരുതുന്നത്. ജ്ഞാനലബ്ധിക്കുവേണ്ടി കർമ്മം ചെയ്യുന്നതിലൂടെ ജ്ഞാനകർമ്മസമുച്ചയദോഷം സംഭവിക്കുമെന്ന് ശങ്കാരാചാര്യർ പറയുന്നു. കർമ്മങ്ങളെ പൊതുവേ വൈദികകർമ്മങ്ങളെന്നും ലൗകികകർമ്മങ്ങളെന്നും രണ്ടായി തരംതിരിക്കാം. ലൗകികകർമ്മം ഇഹലോകഭോഗങ്ങൾക്കും യാഗാദികർമ്മങ്ങൾ സ്വർഗ്ഗപ്രാപ്തിയ്ക്കും വേണ്ടിയാണ്. രണ്ടിലും കാമം കലർന്നിരിക്കുന്നതുകൊണ്ട് അവിശുദ്ധമാണ്. നിഷ്കാമകർമ്മമാണ് ചിത്തശുദ്ധിക്ക് കാരണമാകുന്നത്. അതിനെ കർമ്മയോഗമെന്ന് പറയും.

കർമ്മങ്ങളുടെ മറുപുറം വിദ്യയാണ്. ചിന്മയിയായ ആത്മാവിനെ ഭാവനചെയ്യുന്നതാണ് വിദ്യ. അവിദ്യയെ നിരാകരിക്കാൻ വിദ്യയുടെ സഹായം ആവശ്യമുണ്ട്. ഒരു മുള്ളു തറച്ചാൽ വേറൊരു മുള്ളുകൊണ്ട് അതിനെ എടുത്തു കളയുന്നതുപോലെ അവിദ്യയെ വിദ്യകൊണ്ട് നിർവീര്യമാക്കാം. വിദ്യ ആന്തരികമായി പ്രകാശിക്കേണ്ടതാണ്. അതിനു കർമ്മത്തിന്റെ ആവശ്യമില്ല. വിദ്യയും അവിദ്യയും രണ്ടായി പിരിഞ്ഞുതന്നെ എപ്പോഴും നിൽക്കുന്നു. ഇവ രണ്ടും മായയുടെ അധീനതയിൽ വരുന്നതാണ്. ജീവന്റെ സംതുലനാവസ്ഥക്ക് വിദ്യയും അവിദ്യയും പരസ്പരം സഹായകമായി വർത്തിക്കുമെങ്കിലും ആത്മാനുഭവത്തിന് ഈ ദ്വന്ദ്വത്തേയും ഉല്ലംഘിക്കണം. അങ്ങനെ അദ്വയവും പരവുമായ ആത്മാവിനെ ധ്യാനിക്കുമ്പോൾ തുരീയാനുഭൂതി കൈവരും. ■

# 73



**ഒരു പൊരുളിങ്കലനേകമുണ്ടനേകം**
**പൊരുളിലൊരർത്ഥവുമെന്ന ബുദ്ധിയാലേ**
**അറിവിലടങ്ങുമഭേദമായിതെല്ലാ-**
**വരുമറിവീലതിഗോപനീയമാകും.**

| | | |
|---|---|---|
| ഒരു പൊരുളിങ്കൽ | - | ഒരു സത്തയിൽ |
| അനേകമുണ്ട് | - | അനേകം രൂപഭേദങ്ങളുണ്ട്. |
| അനേകം പൊരുളിൽ | - | അനേകം രൂപഭേദങ്ങളിൽ |
| ഒരു അർത്ഥവും | - | ഏകമായ അർത്ഥവുമുണ്ട്. |
| എന്ന ബുദ്ധിയാലേ | - | ഈ ജ്ഞാനമുണ്ടായാൽ |
| അഭേദമായി | - | രൂപഭേദങ്ങളെല്ലാം പോയി |
| അറിവിലടങ്ങും | - | അറിവിന്റെ ഏകാത്മകതയിൽ എല്ലാം ഉള്ളടങ്ങിനില്ക്കും. |
| ഇത് | - | ഈ ദർശനം |
| എല്ലാവരും അറിവീല | - | എല്ലാവർക്കും ബോധ്യപ്പെടുന്നില്ല. |
| അതിഗോപനീയമാകും | - | ഇതു തീർത്തും രഹസ്യമായ ജ്ഞാനമാണ്. |

ഭൗതികശാസ്ത്രം പ്രപഞ്ചത്തിന്റെ ആദിമസത്തയെ അന്വേഷിച്ചു ചെന്നപ്പോൾ അതു പദാർത്ഥം (matter) ആണെന്നു കണ്ടെത്തി. ഒരേയൊരു പദാർത്ഥം പ്രപഞ്ചത്തിലെ വൈവിദ്ധ്യങ്ങളെ പിന്നെ എങ്ങനെയാണ് ജനിപ്പിച്ചത്? ബഹുവിധമായ ജൈവവൈവിദ്ധ്യങ്ങളിലെല്ലാം അന്തരസ്ഥമായത് ഒരേയൊരു പദാർത്ഥമാണെന്നു പറയുമ്പോൾ നാം തർക്കം പറയാറില്ല. എന്നാൽ ലോകത്തിലെ മതങ്ങൾ പ്രപഞ്ചത്തിന്റെ സ്രഷ്ടാവായി അദൃശ്യമായ ഒരേയൊരു ഈശ്വരനെ പ്രകീർത്തിക്കുമ്പോൾ ചിലർ അതിനെ അവിശ്വസിക്കുകയും വേറെ ചിലർ അമിതമായി വിശ്വസിക്കുകയും ചെയ്യുന്നു.

ഈശാവാസ്യോപനിഷത്ത് തുടങ്ങുന്നതുതന്നെ ജഗത്തിലെല്ലാം ഈശൻ ആവസിക്കുന്നുണ്ടെന്നു പറഞ്ഞുകൊണ്ടാണ്.

ഈശനാണ് അനേകം പൊരുളിലെ ഒരർത്ഥം. പഞ്ചഭൂതാത്മക മായ പ്രപഞ്ചവും ആ പ്രപഞ്ചത്തിലെ എണ്ണമറ്റ നാമരൂപങ്ങളും അനേകം പൊരുളുകളായി എണ്ണാവുന്നതാണ്. ഈശ്വരനെ മത ങ്ങളുടെ സൃഷ്ടിയായി തെറ്റിദ്ധരിക്കുന്നവരുണ്ട്. അവരെ സംബ ന്ധിച്ചിടത്തോളം ഈ ദാർശനികപ്രഹേളികയെ തീർക്കാൻ കഴി യുന്നത്, പരമമായ കാരണത്തിൽ നിന്നാണ് ഈ ലോകം ജാത മായതെന്നും എണ്ണമറ്റ സൃഷ്ടിജാലങ്ങളിൽ ആ പരമകാരണം അർത്ഥമായി ഇരിക്കുന്നുണ്ടെന്നും അറിയുന്നതിലൂടെയാണ്. ഇതിലൂടെ അവർക്ക് ഒരു സമന്വയബുദ്ധി കൈവരിക്കാനാകും. പ്രപഞ്ചത്തിലെ നാനാത്വങ്ങൾക്ക് പരമാർത്ഥസത്തയെ ആശ്ര യിക്കാതെ നിലനില്ക്കാനാവുകയില്ല. പരമാർത്ഥസത്തയ്ക്ക് പ്രപ ഞ്ചരൂപം കൈവരിക്കാതെ സ്ഥിതിചെയ്യാനുമാവുകയില്ല. ഏകം അനേകം എന്നുള്ള ചിന്തപോലും അവസാനം അറിവിൽ അട ങ്ങും. ഭേദങ്ങളില്ലാതെ ഒന്നാകും.

അറിവു മാത്രമേ എല്ലാ അസ്തിതകൾക്കും ഉറവിടമായിരി ക്കുന്നുള്ളൂ. എല്ലാവർക്കും ഈ തത്ത്വം അറിയാൻ കഴിയാത്തത് എന്തുകൊണ്ടാണ്? ഗുരു പറയുന്നു, ഇത് ഗോപ്യമാണെന്ന്. ഈ അവബോധത്തിലൊരു രഹസ്യസ്വഭാവമുണ്ട്. വിഷയവാസന കളുടെ ശക്തിയായ തള്ളിച്ചമൂലം ആത്മബുദ്ധി തെളിഞ്ഞുകി ട്ടാൻ വളരെ പ്രയാസമായതുകൊണ്ടാണ് ഗുരു ഇത് ഗോപനീ യമെന്നു പറയുന്നത്. പറഞ്ഞുകൊടുത്താലും ബുദ്ധികൊണ്ട് മന സ്സിലാക്കാമെന്നല്ലാതെ അനുഭൂതിയുടെ തലത്തിൽ വരണമെ ങ്കിൽ വാസനാക്ഷയം ഉണ്ടായി ആത്മചേതനയിൽ മനസ്സ് നിഷ്പ ന്ദമാകണം. ■

# 74



**പൊടിയൊരുഭൂവിലസംഖ്യമപ്പൊടിക്കുൾ-**
**പ്പെടുമൊരു ഭൂവിതിനില്ല ഭിന്നഭാവം;**
**ജഡമമരുന്നതുപോലെ ചിത്തിലും ചി-**
**ത്തുടലിലുമിങ്ങിതിനാലിതോർക്കിലേകം.**

| | | |
|---|---|---|
| പൊടി | - | പൊടി |
| ഒരു ഭൂവിൽ | - | ഈ ഭൂമിയിൽ |
| അസംഖ്യം | - | എണ്ണമറ്റതാണ്. |
| ആ പൊടിക്ക് ഉൾപ്പെടും | - | ആ പൊടിയുടെയെല്ലാം ഉള്ളായിരിക്കുന്നത് |
| ഒരു ഭൂവ് | - | ഒരേയൊരു ഭൂമിയാണ്. |
| ഇതിനില്ല ഭിന്നഭാവം | - | ഭൂമിയിൽനിന്നുവേറിട്ട് പൊടിക്കോ പൊടിയിൽനിന്നു വേറിട്ട് ഭൂമിക്കോ നിലയില്ല. |
| അതുപോലെ | - | അതുപോലെ |
| ജഡം ചിത്തിലും | - | ജഡപ്രകൃതി അറിവിലും |
| ചിത്ത് ഉടലിലും | - | അറിവ് ജഡവസ്തുക്കളിലും |
| അമരുന്നു | - | ഉള്ളലിയുന്നു. |
| ഇങ്ങ് ഇതിനാൽ | - | ഇതുകൊണ്ടുതന്നെ ഇവിടെ |
| ഓർക്കിൽ | - | മനനം ചെയ്തു നോക്കിയാൽ |
| ഇത് | - | ചിത്തും ജഡവും |
| ഏകം | - | ഒന്നാണ്. |

ഈ ഭൂമി മുഴുവനും പൊടികൊണ്ട് തിങ്ങിനിറഞ്ഞിരിക്കുകയാണ്. പൊടി എന്നാൽ സൂക്ഷ്മമായ തരികളാണ്. എന്തെല്ലാം തരത്തിലുള്ള പൊടികൾ? ആധുനികശാസ്ത്രം പറയുന്നത് പരമരേണുക്കൾകൊണ്ടാണ് പ്രപഞ്ചം നിർമ്മിതമായിട്ടുള്ളത് എന്നാണ്. ഇലക്ട്രോണും പ്രോട്ടോണും ന്യൂട്രോണുമാണ് ഒരു ആറ്റത്തിന്റെ ഉൾഘടകങ്ങൾ. ഇങ്ങനെയുള്ള എണ്ണമറ്റ പരമാണുക്കൾ പ്രപഞ്ചനിർമ്മിതിയിൽ പങ്കുചേർന്നിരിക്കുന്നുണ്ട്. ഗുരു ഇവിടെ

ഭൂമിയിലെ പൊടിയെയാണ് ഉദാഹരണത്തിനെടുക്കുന്നത്. ഗുരുവിന്റെ ഈ ദാർശനികവിചാരം വിശദമായ അർത്ഥത്തിലാണ് നാം മനസ്സിലാക്കേണ്ടത്. കുശവൻ ഒരു കുടം ഉണ്ടാക്കിയാൽ അതിനുപയോഗിച്ച കളിമണ്ണ് പൊടിയാണ്. ആ കുടം മുഴുവൻ പൊടിയാണ്. ആ പൊടികളിലെല്ലാം കുടമിരിക്കുന്നുണ്ടെന്നു പറയുന്നത് അതിശയോക്തിയല്ല. കുടത്തിന് ആകാരം നൽകുന്നത് പൊടികളാണ്. പൊടികളെ വിട്ട് കുടത്തിനോ കുടത്തെവിട്ട് പൊടിക്കോ സ്ഥിതിചെയ്യാൻ കഴിയുകയില്ല. അങ്ങോട്ടും ഇങ്ങോട്ടും ഉൾച്ചേർന്നിരിക്കുന്ന ഈ അവസ്ഥ തന്നെയാണ് നമ്മുടെ അസ്തിതയിലും ഉള്ളത്.

നാം മനസ്സിനേയും ശരീരത്തേയും ചിലപ്പോഴൊക്കെ രണ്ടായി പകുത്തുവച്ച് മനസ്സിലാക്കിപ്പോരാറുണ്ട്. റെനെ ഡെക്കാർട്ട് എന്ന പാശ്ചാത്യചിന്തകനാണ് മനസ്സിനേയും ശരീരത്തേയും പിരിച്ചുവച്ച് ചിന്തയ്ക്കൊരു രൂപഭദ്രത കൊണ്ടുവരുവാൻ ശ്രമിച്ചത്. എന്നാൽ ഡെക്കാർട്ടിന്റെ ചിന്ത രോഗാതുരമായ ഒരു വ്യക്തിത്വത്തിലേക്കാണ് മനുഷ്യനെ നയിച്ചത്. മനസ്സും ശരീരവും രണ്ടെന്നു ധരിക്കുന്നതിലൂടെ ജീവിതത്തിന്റെ അസംതുലിതാവസ്ഥ തുടങ്ങുകയായി. ഗുരു മനസ്സിനേയും ശരീരത്തേയും ജഡമായാണ് കണ്ടത്. ചിത്ത് അറിവാണ്. ചിത്താണ് മനസ്സിനേയും ശരീരത്തേയും പ്രകാശിപ്പിക്കുന്നത്. മനസ്സും ശരീരവും ചിത്തിന് വിധേയമാണ്. തസ്യ ഭാസാ സർവമിദം വിഭാതി-അതിന്റെ പ്രകാശംകൊണ്ടാണ് ഇവിടെ സർവവും പ്രകാശിക്കുന്നത് എന്ന ഉപനിഷദ്വാക്യത്തെ ഗുരു ഈ ശ്ലോകത്തിൽ സ്വാംശീകരിക്കുന്നു. പാശ്ചാത്യതത്ത്വചിന്തയ്ക്കുപോലും ഭദ്രത നല്കുന്ന തരത്തിലാണ് ഗുരു സമന്വയത്തെ അവതരിപ്പിക്കുന്നത്. ചിത്തും ജഡവും എന്നുള്ള വിഭജനം ഒരിക്കലും സംഭവിച്ചിട്ടില്ല എന്നും ജഡത്തിൽ ചിത്ത് അമർന്നിരിക്കുകയും ചിത്തിൽ ജഡം അമർന്നിരിക്കുകയും ചെയ്യുന്നുണ്ടെന്ന് ഗുരു വെളിപ്പെടുത്തി. കാല്പനികമായി മനുഷ്യൻ സൃഷ്ടിച്ച ഭേദബുദ്ധികളെ ഗുരു സമഗ്രമായി സമന്വയിപ്പിക്കുകയാണ് ചെയ്യുന്നത്. ■

# 75



**പ്രകൃതി ജലം തനു ഫേനമാഴിയാത്മാ-**
**വഹമഹമെന്നലയുന്നതൂർമ്മിജാലം**
**അകമലരാർന്നറിവൊക്കെ മുത്തുതാൻ താൻ**
**നുകരുവതാമമൃതായതിങ്ങു നൂനം.**

| | | |
|---|---|---|
| പ്രകൃതി ജലം | - | പ്രകൃതി ജലസമാനമാണ്. |
| തനു ഫേനം | - | ശരീരങ്ങൾ വെള്ളക്കുമിളകൾ പോലെയാണ്. |
| ആഴി ആത്മാ | - | ആത്മാവിനു സാഗരത്തിന്റെ സ്വഭാവമാണ്. |
| അഹം അഹം എന്ന് | - | ഞാൻ ഞാൻ എന്ന് |
| അലയുന്നത് | - | ലക്ഷ്യമില്ലാതെ അലയുന്നത് |
| ഊർമ്മിജാലം | - | തരംഗനിരകളാണ്. |
| അകമലരാർന്ന | - | ആത്മസൂനമായി വിരിയുന്ന |
| അറിവൊക്കെ | - | അറിവുകളെല്ലാം |
| മുത്തുതാൻ | - | പരമാനന്ദമാകുന്ന മുത്തുകളാണ്. |
| താൻ അമൃതായതിങ്ങ് | - | ഒരുവൻ അവയെ അമൃതബിന്ദുക്കളായി ഇവിടെ |
| നുകരുവതാം നൂനം | - | തീർച്ചയായും നുകരുന്നു. |

ഉപമകളിലൂടേയും ബിംബങ്ങളിലൂടേയും പ്രതീകങ്ങളിലൂടേയും സംസാരിക്കുന്നത് ലോകത്ത് എവിടെയുമുള്ള പൗരാണികമായ ആദ്ധ്യാത്മികസാഹിതികളുടെ പ്രത്യേകതയാണ്. ആ പൗരാണികസംസ്കൃതിയുടെ കണ്ണി മുറിയാത്ത ശൃംഖലയെ പ്രതിനിധാനംചെയ്യുന്ന ശ്രീനാരായണഗുരുവും ഉപമകളിലൂടെതന്നെയാണ് ആത്മാന്വേഷകനിൽ അമൃതവർഷം ചൊരിയുന്നത്. ആത്മാവ് ആഴിപോലെയാണ്. ആഴി ഒരേസമയം ആഴമുള്ളതും അനന്തവുമാണ്. ഈ അവനിയിൽ ആഴിയേക്കാൾ ശ്രേഷ്ഠമായ ഒരു ഉപമയെ ആത്മാവിനെക്കുറിച്ച് പറയാൻ വേറെ ഒരു വസ്തുവിലും ദർശിക്കാനാവുകയില്ല. ആ

ആഴിയിലെ ജലംപോലെയാണ് പ്രകൃതി. ജലമാണ് ആഴിക്ക് സത്തയായിരിക്കുന്നത്. ആഴിയുടെ ഉള്ളടക്കം ജലമാണ്. ആഴി സൂക്ഷ്മാർത്ഥത്തിൽ അഗോചരമാണ്. ആത്മാവ് അഗോചരമായിരിക്കുന്നതുപോലെ. എന്നാൽ ജലം ഗോചരമാണ്. പ്രകൃതി പോലെ. ആ ജലം കുമിളകൾക്ക് രൂപം കൊടുക്കുമ്പോൾ അതിനെ പ്രകൃതിയിൽ കാണുന്ന വൈവിധ്യമാർന്ന ശരീരങ്ങളായി കാണണം. ജലത്തിന്റെ വടിവുകളാണ് ഫേനങ്ങൾ. പ്രകൃതിയുടെ പരിണാമങ്ങളാണ് അണു മുതൽ ആനവരെയുള്ള എല്ലാ ജീവശരീരങ്ങളും.

നിരനിരയായി അലഞ്ഞുകൊണ്ടിരിക്കുന്ന തരംഗജാലങ്ങൾ അഹന്തയാണ്. തരംഗനിരകൾ എന്താണ് അന്വേഷിക്കുന്നത്? അവ കരയിലേക്ക് ഓടിയണഞ്ഞ് സ്വയം തല്ലിത്തകർന്ന് കടലിൽതന്നെ തിരിച്ചുലയിക്കുന്നു. അതുപോലെയാണ് 'അഹം' വിഷയങ്ങൾക്കു പിന്നാലെ അലഞ്ഞുതിരിഞ്ഞ് സ്വയം ഭഗ്നാശനായി ആത്മാവിൽതന്നെ വന്നുവിലയിക്കുന്നത്. ഗുരുവിന്റെ കൃതികളിൽ മുഴുവൻ കടലിന്റെ ചിത്രം വീണ്ടുംവീണ്ടും പ്രത്യക്ഷപ്പെട്ടു കാണാറുണ്ട്. ഗുരു അത്രമാത്രം കടലിനെ അടുത്തറിഞ്ഞിരിക്കണം. ആ കടലിനടിയിൽ മുത്തുകൾ ഒളിഞ്ഞിരിക്കുന്നത് ഉപരിതലത്തിൽനിന്നും നോക്കിയാൽ കാണില്ല. ആഴത്തിലേക്കു പോകണം. ആഴത്തിലാണ് ആനന്ദം. ആത്മാനന്ദവും മുത്തും ഒന്നുതന്നെ. ആഴത്തിൽ മുങ്ങാങ്കുഴിയിട്ടാൽ മുത്തുകളുടെ കണ്ണഞ്ചിക്കുന്ന കലവറയിൽ നാം എത്തിച്ചേരും. അതുപോലെ ആത്മാവിന്റെ ആഴങ്ങളിലേക്ക് ധ്യാനാത്മകമായി ആണ്ടുപോയാൽ ആനന്ദാത്മകമായ അറിവ് ഉണർന്നുവരും. ആ അറിവുകൾ മുത്തിനേക്കാൾ മൂല്യമുള്ള ആത്മസൂനങ്ങളായിരിക്കും. അമൃതനിഷ്യന്ദിയായ ഈ അറിവുകൾ ഒരു ജ്ഞാനിയുടെ ഐഹികജീവിതത്തിന്റെ സൗന്ദര്യാത്മകതയെ വ്യക്തമാക്കുന്നു. ■

# 76



**മണലളവറ്റു ചൊരിഞ്ഞ വാപിയിന്മേ-**
**ലണിയണിയായല വീശിടുന്നവണ്ണം**
**അനൃതപരമ്പര വീശിയന്തരാത്മാ-**
**വിനെയകമേ ബഹുരൂപമാക്കിടുന്നു.**

| | | |
|---|---|---|
| മണൽ അളവറ്റ് | - | അമിതമായി മണൽ |
| ചൊരിഞ്ഞ | - | വീണുകൊണ്ടിരിക്കുന്ന |
| വാപിയിന്മേൽ | - | കുളത്തിൽ |
| അണി അണിയായ് | - | ഒന്നിനു പിറകെ ഒന്നായി |
| അല വീശിടുന്ന വണ്ണം | - | അലമാലകൾ ഉണ്ടാകുന്നതുപോലെ |
| അനൃതപരമ്പര വീശി | - | ഒന്നൊന്നായി വരുന്ന അസത്യാനുഭവങ്ങളുടെ കാറ്റു വീശി |
| അന്തരാത്മാവിനെ | - | ശാന്തമായ ആന്തരികബോധത്തെ |
| അകമേ | - | ഉള്ളിൽവച്ചുതന്നെ |
| ബഹുരൂപമാക്കിടുന്നു | - | പലരൂപങ്ങളാക്കി തോന്നിപ്പിക്കുന്നു. |

ആത്മാവ് സ്വച്ഛവും നിശ്ചലവുമായ ഒരു ജലരാശിപോലെയാണ്. ഒരു കുളത്തിലെ ജലത്തിനോടാണ് ആത്മാവിനെ ഗുരു ഉപമിച്ചിരിക്കുന്നത്. ആ കുളത്തിലേക്ക് നിരന്തരമായി മണൽ വീണുകൊണ്ടിരിക്കുകയാണ്. അറ്റ വേനലിൽ കാറ്റടിക്കുമ്പോൾ കുളങ്ങളിൽ മണൽവന്നു ചൊരിയുന്ന ദൃശ്യം ഗ്രാമീണജീവിതത്തിന്റെ രമണീയമായ മുഖമുദ്രയാണ്. മണലിന്റെ പതനാഘാതത്താൽ ജലരാശിയുടെ ശാന്തി ഭഞ്ജിക്കപ്പെടുന്നു. കുളം മുഴുവൻ അലമാലകളാൽ ചഞ്ചലമാകുന്നു.  ഇതുപോലെയാണ് അന്തരാത്മാവിന്റെയും സ്വഭാവം. പൊതുവേ സ്വച്ഛമായിരിക്കുന്ന ആത്മാവിൽ വാസനകളുടെ കാറ്റു മൂലം ബാഹ്യവിഷയങ്ങൾ വന്നുവീണ് അന്തരംഗം കാറും കോളുംകൊണ്ട കടൽപോലെയാകുന്നു. സൗമ്യമായ ആത്മശാന്തിയും ഐക്യബോധവും വാസനയുടെ മണൽക്കാറ്റടിക്കുമ്പോൾ പൊയ്പ്പോകുന്നു. ചിത്തവൃത്തികൾ നാനാത്വഭ്രമം ഉളവാക്കുന്നു. പ്രപഞ്ചത്തിൽ വെറുപ്പും ആസക്തിയും

മാറിമാറി ജനിക്കുന്നു. ജീവിതത്തിലെ എല്ലാവിധ വൈകാരിക പ്രക്ഷുബ്ധതകളും സംഭവിക്കുന്നത് ഇത്തരത്തിലാണ്. വാസന കളെ വിമലീകരിക്കുകയാണ് വാസനയുടെ മണൽക്കാറ്റടി കുറ യ്ക്കുവാൻ ഒരേയൊരു പോംവഴി. മനസ്സ് സാത്വികമാകുമ്പോൾ വിഷയവൃത്തികൾ സൃഷ്ടിക്കുന്ന ആഘാതം കുറയുന്നു. പത ഞ്ജലി മഹർഷിയുടെ യോഗസൂത്രത്തിൽ അവിദ്യ, അസ്മിത, രാഗം, ദ്വേഷം, അഭിനിവേശം എന്നിവയാണ് ക്ലേശങ്ങളായി പറ ഞ്ഞിരിക്കുന്നത്. അനൃതപരമ്പരയ്ക്ക് മൂലകാരണം അവിദ്യയാ ണ്. അവിദ്യയിൽനിന്നാണ് മറ്റു നാലു ക്ലേശങ്ങളും ജനിക്കുന്ന ത്. അസ്മിത അഹംഭാവമാണ്. അഹംഭാവം രാഗദ്വേഷത്തോടെ മാത്രമേ പെരുമാറുകയുള്ളൂ. രാഗദ്വേഷങ്ങൾ മൂലമാണ് ജീവി താസക്തിയും മരണഭയവും നിലനില്ക്കുന്നത്. അതാണ് ബന്ധ നം. ചിത്തവൃത്തികളെ നിരോധിക്കണമെങ്കിൽ ക്ലേശങ്ങളെ തനൂ കരിക്കണം. ചിത്തത്തിന് ഏകാഗ്രത ലഭിക്കുമ്പോൾ സമാധി അനുഭവപ്പെട്ടു തുടങ്ങും.

ടോൾസ്റ്റോയിയുടെ അന്നാകരിനീന എന്ന വിശ്വോത്തരകൃ തിയിൽ അന്നയുടേയും കരീനിന്റെയും സമാധാനപൂർണ്ണമായ ജീവിതത്തിലേക്ക് തടാകത്തിന്റെ നിശ്ചലതയെ ഭഞ്ജിച്ചുകൊണ്ട് മണൽ വീഴുന്നതുപോലെയാണ് വ്രോൺസ്കി എന്ന അന്നയുടെ കാമുകൻ കടന്നുവന്നത്. വ്രോൺസ്കിയുടെ രംഗപ്രവേശം അതു വരെ നിലനിന്നിരുന്ന അവരുടെ ശാന്തസുന്ദരമായ ജീവിതത്തെ ഇളക്കിമറിച്ചു. കുടുംബബന്ധങ്ങൾ ആടിയുലഞ്ഞു. സ്നേഹത്തിനു വേണ്ടിയുള്ള മിഥ്യയായ പരക്കംപാച്ചിലിൽ കാലിന്നടിയിലെ ഉറച്ച നിലം നഷ്ടപ്പെട്ട് പിടിച്ചുനിൽക്കാനാവാതെ അന്ന റെയിൽ പ്പാളത്തിൽ ചാടി ആത്മഹത്യ ചെയ്തു. ടോൾസ്റ്റോയിയുടെ ഈ നോവൽപ്രമേയത്തിന്റെ തനിയാവർത്തനങ്ങൾതന്നെയാണ് നമ്മുടെ ജീവിതത്തിലെ പല സംഭവങ്ങളും. വിഷയങ്ങളെ ആത്മാ വിന്റെ സ്വച്ഛമാർന്ന ജലരാശിയിലേക്ക് കടത്തിവിടാതെ നോക്ക ണം. ആത്മാവിനെ അതിന്റെ സ്വാഭാവികതയിൽ ശാന്തമായിരി ക്കാൻ മാത്രം അനുവദിക്കുക. ■

# 77



**പരമൊരു വിണ്ണു, പരന്ന ശക്തി കാറ്റാ-**
**മറിവനലൻ, ജലമക്ഷ, മിന്ദ്രിയാർത്ഥം**
**ധരണിയിതിങ്ങനെയഞ്ചുതത്ത്വമായ് നി-**
**ന്നെരിയുമിതിന്റെ രഹസ്യമേകമാകും.**

| | | |
|---|---|---|
| പരമൊരു വിണ്ണ് | - | പരമമായ ആത്മാവാണ് ആകാശം. |
| പരന്ന ശക്തി കാറ്റാം | - | സർവവ്യാപിയായ മായാശക്തി യാണ് കാറ്റായിരിക്കുന്നത്. |
| അറിവ് അനലൻ | - | അന്തക്കരണം അഗ്നിയാണ്. |
| ജലം അക്ഷം | - | ഇന്ദ്രിയങ്ങൾ ജലമാണ്. |
| ഇന്ദ്രിയാർത്ഥം ധരണി | - | ഇന്ദ്രിയവിഷയങ്ങളാണ് ഭൂമി. |
| ഇതിങ്ങനെ | - | ഏകമായ സത്യം ചിജ്ജഡങ്ങളായി ഒരു വ്യവസ്ഥയിൽ |
| അഞ്ചു തത്ത്വമായ് | - | അഞ്ചു തത്ത്വമായി |
| നിന്നെരിയും | - | നിലയ്ക്കാത ജ്വലിക്കുന്നു. |
| ഇതിന്റെ രഹസ്യം | - | അഞ്ചു ഭൂതങ്ങളും അറിവിന്റെ അഞ്ചു ഭാവങ്ങളും ചേർന്നെരിയുന്ന തത്ത്വരഹസ്യം |
| ഏകമാകും | - | ഏകമാണ്. |

പ്രപഞ്ചം ഒരു വ്യവസ്ഥയാണ് (system). ആ വ്യവസ്ഥ നിയതമായ ചില നിയമങ്ങളിലൂടെയാണ് നടപ്പിലായിക്കൊണ്ടിരിക്കുന്നത്. ബാഹ്യലോകത്ത് പ്രപഞ്ചത്തിനൊരു വ്യവസ്ഥയുള്ളതുപോലതന്നെ ആന്തരകലോകത്തും ഒരു വ്യവസ്ഥയുണ്ട്. ഈ രണ്ടു വ്യവസ്ഥകളും ഒന്നിക്കുന്നതാണ് ജീവിതത്തിന്റെ യോഗാത്മകത. വ്യഷ്ടിയും സമഷ്ടിയും ജീവിതത്തിലാണ് സമന്വയത്തിന്റെ സംഗീതം കണ്ടെത്തേണ്ടത്. സമസ്തതയേയും വൈരുദ്ധ്യങ്ങളില്ലാതെ ഉൾക്കൊള്ളുന്ന ഒരു ചിന്താസംവിധാനത്തെപ്പറ്റി ഫ്രിജോഫ് കാപ്ര 'ജീവന്റെ മാറാല' (Web of Life) എന്ന ഗ്രന്ഥത്തിൽ സവിസ്തരം ചർച്ചചെയ്യുന്നുണ്ട്. അകം പുറം എന്ന ഭേദ

മില്ലാതെ സമഗ്രമായി ചിന്തിക്കുന്ന ഒരു ഘടനയെ (structure) അദ്ദേഹം മുമ്പോട്ടുവയ്ക്കുന്നു. systems thinking, network thinking, holistic thinking, organismic thinking എന്നൊക്കെയാണ് അദ്ദേഹം ആ ചിന്താരീതിക്കു പേരുകൊടുത്തിരിക്കുന്നത്.

ശ്രീനാരായണഗുരുവാകട്ടെ പ്രപഞ്ച-ഇന്ദ്രിയ-അന്തക്കരണങ്ങളെ മുമ്പേതന്നെ വളരെ അടുക്കും മുറയോടുംകൂടി അറിയുന്ന വിധം പറഞ്ഞുതന്നിരിക്കുകയാണ്. ഒരു വശത്ത് ആകാശം, വായു, അഗ്നി, ജലം, പൃഥിവി ഇവയൊക്കെച്ചേർന്ന ബാഹ്യപ്രപഞ്ചം. ഇനി ആന്തരപ്രപഞ്ചത്തിൽ തത്തുല്യമായി പരമമായ ബോധം, പരന്നടിക്കുന്ന മായാശക്തി, അന്തക്കരണത്തിൽ പ്രസ്ഫുരിക്കുന്ന അറിവുകൾ, ഇന്ദ്രിയങ്ങൾ, ഇന്ദ്രിയാർത്ഥങ്ങൾ ഇവ അഞ്ചിനേയും പഞ്ചഭൂതങ്ങളുമായി തട്ടിച്ചറിയണം. ആകാശം നമുക്ക് പരിചിതമാണ്. എന്നാൽ പരമമായ ആത്മാകാശം നമുക്ക് പരിചിതമല്ല. അതുകൊണ്ടാണ് ആകാശത്തിന്റെ അനന്തതയും ഔന്നത്യവും സൂക്ഷ്മതയും സർവവ്യാപകതയും എല്ലാം കണക്കിലെടുത്തുകൊണ്ട് പരമമായ ബോധത്തെ ആകാശവുമായി ചേർത്തുമനസ്സിലാക്കുന്നത്.

വായുവിന്റെ ശക്തി അപ്രതിഹതമാണ്. എല്ലായിടത്തും പരന്നടിച്ചുകൊണ്ടിരിക്കുന്ന കാറ്റിനോടാണ് മായാശക്തിയെ ബന്ധപ്പെടുത്തുന്നത്. ചെറിയ അണു മുതൽ ആകാശംവരെ സർവത്തിലും മായാശക്തി ഒളിഞ്ഞും തെളിഞ്ഞും വീശുന്നുണ്ട്. അന്തക്കരണത്തിൽ അങ്കുരിക്കുന്ന എല്ലാ അറിവുകളും അഗ്നിതത്ത്വമാണ്. ഇന്ദ്രിയങ്ങളാകട്ടെ ജലതത്ത്വത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. ധരണിയെ ഇന്ദ്രിയവിഷയങ്ങളുമായി യോജിപ്പിച്ചറിയണം. അപ്പോൾ നാം ചിന്തിച്ച് ഒരിക്കലും കാടുകയറി പോവുകയില്ല. കേവലബോധത്തിൽ ഇവയെല്ലാം ഒരു വ്യവസ്ഥയോടുകൂടി പെരുമാറുന്നത് സാക്ഷിയെപ്പോലെ നോക്കിക്കാണാൻ കഴിവുണ്ടാകും. ഈ രഹസ്യജ്ഞാനം സിദ്ധിച്ച യോഗികൾ അപൂർവജീവിതത്തിന്റെ അവകാശികളാണ്. വിഷയങ്ങളെ അറിയുന്നത് അനേകം മുഖങ്ങളോടുകൂടിയാണ്. ആത്മജ്ഞാനം ഏകമാണ്. അതറിഞ്ഞാൽ പിന്നെ ഒന്നും അറിയേണ്ടതായിട്ടില്ല. ■

# 78



**മരണവുമില്ല പുറപ്പുമില്ല വാഴ്‌വും**
**നരസുരരാദിയുമില്ല നാമരൂപം**
**മരുവിലമർന്ന മരീചി നീരുപോൽ നി-**
**ല്പൊരുപൊരുളാം പൊരുളല്ലിതോർത്തിടേണം.**

| | | |
|---|---|---|
| മരണവും ഇല്ല | - | മരണവും ഇല്ല. |
| പുറപ്പും ഇല്ല | - | ജനനവും ഇല്ല. |
| വാഴ്‌വും | - | അതിനിടയിലുള്ള ജീവിതവും ഇല്ല. |
| നരസുരരാദിയും ഇല്ല | - | മനുഷ്യൻ, ദേവന്മാർ തുടങ്ങിയവരുമില്ല. |
| നാമരൂപം | - | ഇവയെല്ലാം പ്രതീതിമാത്രങ്ങളായ നാമങ്ങളും രൂപങ്ങളും മാത്രമാണ്. |
| മരുവിൽ അമർന്ന | - | മരുഭൂമിയിൽ കാണാറുള്ള |
| മരീചി നീരുപോൽ | - | ജലപ്രതീതിപോലെ |
| നില്പൊരു പൊരുളാം | - | നിലനിൽക്കുന്ന ഒന്നാണിത്. |
| ഇത് പൊരുളല്ല | - | നാമരൂപങ്ങൾ പരമമായ സത്യമല്ല. |
| ഓർത്തിടേണം | - | ഇത് എപ്പോഴും സ്മരിക്കണം. |

മരണമാണ് മനുഷ്യനെ വല്ലാതെ ഭയപ്പെടുത്തുന്നത്. മരിക്കുമ്പോൾ നമുക്ക് പലതും നഷ്ടമാകുന്നതുപോലെ തോന്നും. ഈ ലോകത്തിലെ സുഖങ്ങൾ പിന്നെ അനുഭവിക്കുവാൻ കഴിയുകയില്ല. മരണമുള്ളതുകൊണ്ട് മാത്രമാണ് മനുഷ്യൻ സത്യത്തെ അന്വേഷിക്കുന്നതുപോലും. കഠോപനിഷത്തിൽ അഭിശപ്തനായ നചികേതസ്സ് മൃത്യുവക്ത്രത്തിലേക്ക് ധീരതയോടെ നടന്നുചെന്ന് ചോദിക്കുന്ന ചോദ്യം, മൃത്യുവിനെ എങ്ങനെ അതിലംഘിക്കാൻ കഴിയും എന്നാണ്. സിദ്ധാർത്ഥരാജകുമാരൻ മരണത്തിന്റെ ബീഭത്സമുഖം കണ്ട് ഭയന്നും ദുഃഖിച്ചും ആണ് കൊട്ടാരം വിട്ട് ഇറങ്ങിപ്പോയത്, മരണത്തിനൊരു പരിഹാരമില്ലേ എന്നറിയാൻ വേണ്ടി.

ഗുരു പറയുന്നു: മരണവുമില്ല പുറപ്പുമില്ല. ഞാൻ മരിക്കുന്നില്ല. കാരണം ഞാൻ ജനിച്ചിട്ടില്ല. ഗുരു ആത്മസ്വരൂപനാണ്. ജനിച്ചിട്ടില്ലാത്ത ഗുരുവിനെക്കുറിച്ചാണ് നാം തർക്കിക്കുന്നത്. ജനിച്ചിട്ടില്ലാത്ത

ഒരു ഗുരുവിന്റെ പേരിലാണ് നാം സംഘടനകളൊക്കെ ഉണ്ടാക്കി അണിനിരക്കുന്നത്. ഗുരു വീണ്ടും പറയുന്നു: ജീവിതവും ഇല്ല. ആത്മോപദേശശതകത്തിന്റെ രഹസ്യം ബോധ്യപ്പെടണമെങ്കിൽ ലൗകികബുദ്ധിയോടുകൂടി ചിന്തിക്കാൻ പാടില്ല. ആത്മബുദ്ധി തെളിഞ്ഞുവരണം. ഞാൻ ആത്മാവാണെന്നറിയുമ്പോൾ ശാരീരികമായ അസ്തിതയിൽനിന്നെല്ലാം വിമുക്തനാകും. ആത്മാവാകട്ടെ ജനനമരണങ്ങളില്ലാതെ എന്നും നിലനിൽക്കുന്ന ഉണ്മയാണ്.

ശരീരമാണ് ജനിക്കുന്നതും നിലനിൽക്കുന്നതും മരിക്കുന്നതും. ഞാൻ ശരീരമാണെന്നു കരുതുന്നവർ മരിക്കുന്നു. ശരീരത്തിനെന്തെങ്കിലും ക്ഷതം പറ്റിയാൽ ദുഃഖിക്കുന്നു. ജീവിതത്തിലുടനീളം ഇവർ പരാതികളും കുറ്റപ്പെടുത്തലുകളുമായി ജീവിച്ചുപോരുന്നു. എന്നാൽ ഗുരു നമ്മളെ ആത്മാവിലേക്ക് ക്ഷണിക്കുകയാണ്. ആത്മാവിൽ ഞാൻ മനുഷ്യൻ പോലുമല്ല. കേവലം പ്രകാശം മാത്രമാകുന്നു. ആത്മാവിൽ ദേവന്മാരോ അസുരന്മാരോ ഇല്ല. ആത്മബോധം ഉണർന്നവന് ഇവയെല്ലാം നാമങ്ങളും രൂപങ്ങളും മാത്രമാണ്. ചുട്ടുപൊള്ളുന്ന വെയിലത്ത് മരുഭൂമിയിലൂടെ ദാഹജലത്തിനുവേണ്ടി അലയുമ്പോൾ അകലെ ജലാശയം കാണുന്നു. വെള്ളം കെട്ടിക്കിടക്കുന്ന പ്രതീതി. പക്ഷേ, എത്ര നടന്നിട്ടും ആ ജലാശയത്തിലേക്ക് നമുക്ക് എത്താൻ കഴിയുന്നില്ല. ജലാശയം അകന്നുപോയ്ക്കൊണ്ടേയിരിക്കുന്നു. അതു കാനൽ ജലമാണ്. കാനൽ എന്നാൽ തോന്നൽ എന്നാണർത്ഥം. കാനൽജലംകൊണ്ട് ദാഹം തീരുകയില്ല. കാനൽജലത്തിനു യാഥാതഥ്യമായ നിലനിൽപ്പില്ല.

അതുപോലെ ജനനവും മരണവും നിലനിൽപ്പും എല്ലാം ആത്മസ്ഥിതനായ ഒരുവനിൽ മരുഭൂമിയിൽ കാണുന്ന ജലപ്രതീതി പോലെയാണ്. വെയിൽ കുറയുമ്പോൾ പ്രതീതിയും നഷ്ടമാകുന്നു. ഇതുപോലെയാണ് ജീവിതവും. നെടിയ കിനാവാണ് ജീവിതം എന്നു പറഞ്ഞ ഗുരുവിന് അതേ സ്വരത്തിൽത്തന്നെ പറയാം, മരണവുമില്ല പുറപ്പുമില്ല എന്ന്. ■

# 79



**ജനിസമയം സ്ഥിതിയില്ല ജന്മിയന്യ-**
**ക്ഷണമതിലില്ലിതിരിപ്പതെപ്രകാരം?**
**ഹനനവുമിങ്ങനെതന്നെയാകയാലേ**
**ജനനവുമില്ലിതു ചിദ്പ്രഭാവമെല്ലാം.**

| | | |
|---|---|---|
| ജനിസമയം | - | ജനിക്കുന്ന വേളയിൽ |
| സ്ഥിതിയില്ല | - | ജന്മിയ്ക്ക് നിശ്ചലത ഇല്ല. |
| ജന്മി | - | ജനിക്കുന്നവൻ |
| അന്യക്ഷണമതിൽ | - | ജനിച്ചതിനുശേഷം |
| ഇല്ല | - | നിലനില്ക്കുന്നില്ല. |
| ഇത് ഇരിപ്പത് എപ്രകാരം | - | ഒരേസമയം ജന്മിയും ജനിച്ചവനും ഒന്നിച്ചിരിക്കുന്നത് എങ്ങനെയാണ്? |
| ഹനനവും ഇങ്ങനെ തന്നെ | - | ജനനത്തെപ്പോലെതന്നെ മരണവും ഇങ്ങനെതന്നെയാണ്. |
| ആകയാലേ | - | അതുകൊണ്ട് |
| ജനനവുമില്ല | - | ജനനവുമില്ല (മരണവുമില്ല) |
| ഇത് എല്ലാം | - | ഇവിടെ കാണുന്നതെല്ലാം |
| ചിദ്പ്രഭാവം | - | അറിവിന്റെ അത്ഭുതകരമായ ശക്തിപ്രകടനം മാത്രം. |

ജനിക്കുക എന്നതൊരു ക്രിയയാണ്. ക്രിയ എന്നാൽ ചലനമാണ്. ചലിക്കുന്ന ഒന്നിനു നിശ്ചലതയില്ല. ജനിയ്ക്കുന്നവനാരോ അവനാണ് ജന്മി. ജനനത്തിന്റെ ഉടമ അവനാണ്. നടനമാടുമ്പോഴാണ് ഒരുവൻ നർത്തകനാകുന്നത്. നടനം കഴിഞ്ഞാൽ അവൻ നർത്തകനല്ല. പാടുന്ന വേളയിൽ അവൻ നർത്തകനല്ല, ഗായകനാണ്. ക്രിയചെയ്യുന്ന സമയത്താണ് ക്രിയയ്ക്ക് കർത്താവുള്ളത്. ജന്മിയ്ക്ക് ജനനവേളയിൽ സ്ഥിതിയില്ല. നിശ്ചലതയെയാണ് സ്ഥിതി എന്നു പറയുന്നത്. ക്രിയാകാലത്തിൽ കർത്താവിന് അതുകൊണ്ട് സ്ഥിതിയില്ല. ജനനം എന്ന ക്രിയ നടക്കുന്ന വേളയിൽ ജന്മിക്ക് അതിൽ സ്ഥിതിചെയ്യാൻ കഴിയുകയില്ല. ജനിയ്ക്കുക

എന്ന ക്രിയയിൽ ജന്മി എന്ന നാമം ഒരേസമയം വർത്തിയ്ക്കുന്നത് ഒരു വൈരുദ്ധ്യമാണ്. ജന്മി സൈ്ഥതികമായ ഒരു നിലയാണ്. അതൊരു പ്രക്രിയയല്ല. ഈ പ്രഹേളികാജന്യമായ വാഴ്വിന്റെ രഹസ്യത്തിലേക്ക് വെളിച്ചം വീശുന്ന ഈ ശ്ലോകം ധ്യാനാത്മകമായി ഇഴപിരിച്ചെടുക്കേണ്ട ഒന്നാണ്. ജനിക്കുന്ന സമയത്ത് ജന്മിയ്ക്ക് സ്ഥിതി ഇല്ലാതിരിക്കുകയും ജനനം കഴിഞ്ഞാൽ പിന്നെ ജന്മി എന്നു വിളിക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്നു. ജനനം എന്ന പ്രക്രിയയിൽനിന്നും വേറൊരു പ്രക്രിയയിലേക്കു കടക്കുമ്പോൾ അവിടേയും ജന്മിക്കു സ്ഥാനമില്ലാതെ പോകുന്നു.

ഈ ലോകം ചിജ്ജഡസംഘാതമാണ്. ചലനവും നിശ്ചലതയും കൂടിക്കലർന്നതാണ്. ബോധം നിശ്ചലമാണ്. ലോകം ചലിച്ചുകൊണ്ടിരിക്കുന്നതാണ്. ഒരു ഉദാഹരണം പറയുകയാണെങ്കിൽ കടലിന്റെ ആഴത്തിൽ നിശ്ചലതയുണ്ടായിരിക്കവേതന്നെ മുകൾപ്പരപ്പ് പ്രക്ഷുബ്ധമായിരിക്കും. വേറൊരു ഉദാഹരണം എടുക്കുകയാണെങ്കിൽ ചുഴലിക്കാറ്റിന്റെ നാഭി നിശ്ചലമായ ഒരു കേന്ദ്രമാണ്. ഈ ശ്ലോകം ഊന്നൽ കൊടുക്കുന്നത് എല്ലാ ക്രിയകളും അറിവിൽ നടക്കുന്ന അത്ഭുതകരമായ പ്രഭാവങ്ങൾ മാത്രമാണെന്നു പറയാനാണ്. അറിവ് ജ്ഞാതാവ് എന്ന നലയിൽ നിശ്ചലവും ക്രിയ എന്ന നിലയിൽ ചലനാത്മകവുമാണ്. പ്രപഞ്ചം ഉണ്ടായി നിലനിന് മറഞ്ഞുപോകുന്നു എന്നത് അറിവിൽ നടക്കുന്ന ഒരു ഭ്രമകല്പനയാണ്. ഒരു യാഥാർത്ഥ്യമല്ല. ജനനവും മരണവുമെല്ലാം ആ മഹാപ്രഭാവത്തിൽ സംഭവിക്കുന്ന തോന്നലുകളാണ്. ആത്മബോധം തെളിയുമ്പോൾ ഈ പ്രഭാവത്തിന്റെ കാന്തികതയിൽനിന്നും നാം മുക്തരാകും. ■

# 80



**സ്ഥിതിഗതിപോലെ വിരോധിയായ സൃഷ്ടി-**
**സ്ഥിതിലയമെങ്ങൊരു ദിക്കിലൊത്തു വാഴും?**
**ഗതിയിവ മൂന്നിനുമെങ്ങുമില്ലിതോർത്താൽ**
**ക്ഷിതി മുതലായവ ഗീരു മാത്രമാകും.**

| | | |
|---|---|---|
| സ്ഥിതിഗതിപോലെ | - | ഒരു വസ്തു സ്ഥിതി ചെയ്യുമ്പോൾ ചലിക്കുന്നില്ല. ചലിക്കുമ്പോൾ ആ വസ്തു സ്ഥിതി ചെയ്യുന്നുമില്ല. |
| വിരോധിയായ | - | ഇങ്ങനെ സ്ഥിതിയും ഗതിയും ഒരേ സമയം ചേരാത്തതുപോലെ |
| സൃഷ്ടിസ്ഥിതി ലയം | - | സൃഷ്ടി, സ്ഥിതി, ലയം എന്നീ പ്രക്രിയകൾ |
| എങ്ങൊരു ദിക്കിൽ | - | എങ്ങനെയാണ് ഒരേയിടത്ത് |
| ഒത്തു വാഴും | - | ഒന്നിച്ചിരിക്കുന്നത്? |
| ഇവ മൂന്നിനും | - | സൃഷ്ടി, സ്ഥിതി, ലയം ഇവ മൂന്നിനും |
| ഗതി എങ്ങും ഇല്ല | - | സ്വതന്ത്രമായ ഒരു അസ്തിതയില്ല. |
| ഇതോർത്താൽ | - | ഇങ്ങനെ വിചിന്തനം ചെയ്താൽ |
| ക്ഷിതി മുതലായവ | - | ഭൂമി മുതലായ എല്ലാ ഭൂതങ്ങളും |
| ഗീരു മാത്രമാകും | - | വെറും വാക്കുകൾ മാത്രമാണെന്നു ബോധ്യമാകും. |

പ്രപഞ്ചത്തിൽ കണ്ടുപോരുന്ന പല സംഭവങ്ങളിലും ഒളിഞ്ഞിരിക്കുന്ന വൈരുദ്ധ്യങ്ങളെ സൂക്ഷ്മതയോടെ വിചിന്തനം ചെയ്യാതെയാണ് നാം കടന്നുപോന്നിട്ടുള്ളത്. കാണുന്നതിനെ കാണുന്നതുപോലെ സ്വീകരിച്ച് വാസ്തവമെന്ന് എണ്ണുകയാണ് നാം ചെയ്യുന്നത്. ഒരു വസ്തു ഒരിടത്ത് സ്ഥിതി ചെയ്യുന്നു എന്നു പറഞ്ഞാൽ ആ വസ്തു നിശ്ചലാവസ്ഥയിലാണ് എന്നറിയണം. പിന്നെ അതിന് എങ്ങനെയാണ് ചലനം ഉണ്ടാവുക? വസ്തു ഒന്നേയുള്ളു എങ്കിൽ അത് പിന്നെ എവിടെനിന്ന് എങ്ങോട്ട് ചലിക്കും?

ചലിക്കുന്നത് ഒരിടത്തുനിന്ന് വേറൊരിടത്തേക്കാണ്. ചലനം തുടങ്ങാൻ ഒരിടം വേണം. അവസാനിക്കാൻ ഒരിടം വേണം. അതിനിടയിലുള്ള അന്തരാളവും വേണം. ആത്മാവിനു ജന്മമുണ്ടെന്നു പറയുകയാണെങ്കിൽ അതിനു നാശവും ഉണ്ടായിരിക്കും. ജനിപ്പിക്കണമെങ്കിൽ വേറെ ഒന്ന് ഉണ്ടായിരിക്കണം. അപ്പോൾ രണ്ട് ഉണ്മ ഉണ്ടാകുന്നു. രണ്ട് ഉണ്മകൾക്ക് ഒരേയിടത്ത് ഒരേസമയം ഇരിക്കാൻ കഴിയുകയില്ല. ഒരു മേശ വച്ചിരിക്കുന്ന ഇടത്ത് ഒരു കസേരക്കു സ്ഥിതി ചെയ്യാൻ കഴിയുകയില്ല. അതുകൊണ്ട് ആത്മസത്ത ഏകമായിരിക്കുന്നതിനാൽ ആത്മസത്തയിൽ ചലനമില്ല. ചലനമില്ലാത്ത ഒന്നിന് നിശ്ചലമായി നിൽക്കേണ്ട ആവശ്യവുമില്ല. ചനലമില്ലാത്തത് നിശ്ചലമാകണമെന്ന് പറയുന്നത് ഒരു വൈരുദ്ധ്യമാണ്. പ്രപഞ്ചപ്രതിഭാസത്തിന്റെ വൈരുദ്ധ്യത്തെയാണ് ഈ ശ്ലോകം എടുത്തു കാണിക്കുന്നത്.

സൃഷ്ടി എന്നത് ഒരു ചലനമാണ്. ലയം അല്ലെങ്കിൽ നാശം എന്നു പറയുന്നത് വേറൊരു ചലനമാണ്. അതിനിടയിലുള്ള നിലനിൽപ്പിനെയാണ് സ്ഥിതി എന്നു പറയുന്നത്. ഇതൊക്കെ ആത്മസത്തയുടെ ഏകതയെ ധ്യാനിച്ചുറച്ചവന് വെറും വാക്കുകൾ മാത്രമായിത്തീരും. നാം വ്യവഹാരലോകത്തിൽ അനുഭവിക്കുന്ന എല്ലാ അനുഭവങ്ങളിലും വാക്കുകളാൽ നിർമ്മിക്കപ്പെട്ട പ്രാപഞ്ചികബോധമാണ് നമ്മെ നിയന്ത്രിക്കുന്നത്. ആത്മബോധത്തിൽനിന്നും വാക്കിന്റെ പ്രസക്തികളെ അടർത്തിമാറ്റിയാൽ സൃഷ്ടി എന്നും സ്ഥിതി എന്നും ലയം എന്നും നാം പറഞ്ഞുപോരുന്ന പ്രക്രിയകളും അവസാനിക്കും. ആത്മാവ് നിശ്ചലമാണ്. ആത്മാവ് അപരിണാമിയാണ്. "വാചാരംഭണം വികാരോ നാമധേയം മൃത്തികേത്യേവ സത്യം" എന്ന ഛാന്ദോഗ്യോപനിഷത്തിലെ വാക്യപ്രകാരം വികാരങ്ങളെല്ലാം വെറും വാക്കുകൾ മാത്രമാണ്. ചട്ടിയിലും കലത്തിലും കുടത്തിലും മണ്ണ് മാത്രമേ സത്യമായിട്ടുള്ളു. ചട്ടിയും കലവും കുടവുമെല്ലാം വെറും വാക്കുകൾ മാത്രമാണ്. ■

# 81



**പ്രകൃതി പിരിഞ്ഞൊരു കൂറു ഭോക്തൃരൂപം**
**സകലവുമായ് വെളിയേ സമുല്ലസിക്കും**
**ഇഹപരമാമൊരു കൂറിദന്തയാലേ**
**വികസിതമാമിതു ഭോഗ്യവിശ്വമാകും.**

| | | |
|---|---|---|
| പ്രകൃതി പിരിഞ്ഞ് | - | ആത്മശക്തിയായ പ്രകൃതി പിരിഞ്ഞ് |
| ഒരു കൂറ് | - | ഒരു ഭാഗത്ത് |
| ഭോക്തൃരൂപം | - | ഭോക്താവായി നിൽക്കുന്നു. |
| ഒരു കൂറ് | - | മറുഭാഗത്ത് |
| ഇദന്തയാലേ | - | ഇദന്ത കാരണം |
| ഇഹപരമാം | - | ഇഹപരങ്ങളായ |
| സകലവുമായി | - | എല്ലാമായി |
| വെളിയേ സമുല്ലസിക്കും | - | ബാഹ്യലോകം പ്രതിഭാസിക്കുന്നു. |
| ഇത് | - | ഇതാണ് |
| വികസിതമാം | - | വികസിച്ചു നിൽക്കുന്ന |
| ഭോഗ്യവിശ്വമാകും | - | ഭോഗ്യവിശ്വമായിരിക്കുന്നത്. |

സുഖത്തിലേക്ക് ചായുന്നത് ജീവികളുടെ സഹജമായ വാസനയാണ്. ലോകവിഷയങ്ങളിലാണ് സുഖമിരിക്കുന്നതെന്ന അബദ്ധധാരണ അജ്ഞാനത്തിന്റെ കൂടെപ്പിറപ്പാണ്. അത് മനുഷ്യരെപ്പോലെ മറ്റു ജീവികളേയും ബാധിച്ചിട്ടുണ്ട്. നല്ല കാലാവസ്ഥയുള്ള ഇടത്തേക്ക് പക്ഷിമൃഗാദികൾ സഞ്ചരിക്കുന്നതുപോലെ ആളുകളും പോകാറുണ്ട്. സമ്പത്താണ് സുഖത്തിന്റെ പ്രഭവം എന്നു കരുതിയാണ് അതുള്ള ഇടങ്ങളിലേക്ക് ആളുകൾ പോകുന്നത്. സുഖത്തെ തിരഞ്ഞുകൊണ്ടാണ് മനുഷ്യൻ ഓരോ നിമിഷവും ജീവിക്കുന്നത്. വിഷയങ്ങളിൽ സുഖം തിരയുമ്പോഴും സുഖത്തിന്റെ യഥാർത്ഥ ഉറവിടം വിചാരം ചെയ്തു മനസ്സിലാക്കുവാൻ സാധാരണക്കാർക്കു കഴിയാറില്ല. ആരാണ് സുഖത്തെ അനുഭവിക്കുന്നത്? അനുഭവിക്കുന്നവൻ ഭോഗിയാണ്. ഭോഗി അഹന്തയാണ്. ആത്മാവ് തന്നെയാണ് ഭോഗിയായി രൂപാന്തരം

പ്രാപിച്ചിരിക്കുന്നത്. ആത്മാവിനെ ആവരണം ചെയ്തിരിക്കുന്ന പ്രകൃതി രണ്ട് കൂറുകളായി പിരിഞ്ഞ് ഒരു വശത്ത് ഭോക്താവും മറുവശത്ത് ഭോഗ്യവിശ്വവുമായി വിലസുന്നു. ആത്മാവിന്റെ ശക്തിയാണ് പ്രകൃതി. ലോകത്തെ ഭുജിക്കുവാനുള്ള തയ്യാറെടുപ്പാണിത്. വിഷയത്തെ ഭുജിക്കണമെങ്കിൽ ആത്മാവിന് ഭോക്താവിന്റെ മൂടുപടമണിയണം. രസാസ്വാദനമാണ് ഭോക്താവിന്റെ വേല. രസമുള്ള വിഷയങ്ങളുടെ പറുദീസയാണ് ഭോഗ്യവിശ്വം. രസവസ്തുക്കൾ മാത്രമേ ഭോക്താവിനു പ്രിയത ഉണ്ടാക്കുന്നുള്ളൂ. അപ്രിയം ഉളവാക്കുന്ന വസ്തുക്കളെ തള്ളിക്കളയുമ്പോഴും ഭോക്താവിൽ രസം ജനിക്കും. ഭോക്താവ് അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ ലോകം രണ്ടു തരത്തിലുള്ള സുഖം പ്രദാനം ചെയ്യുന്നുണ്ട്. ചില ഭോഗ്യങ്ങൾ അനുഭവവേളയിൽതന്നെ സുഖം നൽകുന്നു. അവ ഐഹികങ്ങളാണ്. ചിലത് കുറേ കഴിഞ്ഞാണ് ഫലം നൽകുന്നത്. അവ പരങ്ങളാണ്.

നമ്മുടെ വായിലേക്ക് ഒരു മധുരപലഹാരം ഇട്ടുതരികയാണെങ്കിൽ അപ്പോൾത്തന്നെ നമുക്കതിന്റെ രസമറിയാം. സുഖം അനുഭവിക്കുകയും ചെയ്യാം. എന്നാൽ ഒരു വാഴ വച്ചാൽ കുറേ കഴിഞ്ഞാണ് നമുക്കതിന്റെ ഫലം ലഭിക്കുന്നത്. കർമ്മങ്ങളുടെ ഫലം ഇങ്ങനെ പിരിഞ്ഞു നിൽക്കുന്നതിനെ അടിസ്ഥാനമാക്കിയാണ് ഇഹം-പരം എന്ന വിവക്ഷ ഗുരു ചേർത്തിരിക്കുന്നത്. ഭോക്താവിനു മേഞ്ഞുനടക്കുവാനുള്ള ഇടമാണ് ഭോഗ്യവിശ്വം. അത് പ്രകൃതിയുടെ ഒരു വശമാണ്. ഭോക്താവെന്ന പുറവും ഭോഗ്യവിശ്വമെന്ന മറുപുറവും ചേർന്ന് വ്യവഹാരജീവിതം വികസിതമാകുന്നു. ഇദന്തയാണ് ഭോഗ്യവിശ്വത്തെ സംരചിക്കുന്നത്. അഹന്തയുടെ പ്രതിദ്വന്ദമാണ് ഇദന്ത. പ്രകൃതി മനുഷ്യനെ വട്ടം കറക്കുന്നത് ഫലേച്ഛയോടുകൂടി കർമ്മത്തിൽ ഏർപ്പെടുമ്പോഴാണ്. ഭോക്താവായ ജീവന് ഫലേച്ഛയില്ലാതെ കർമ്മം ചെയ്യാനാവുകയില്ല. ഞാൻ ഭോക്താവല്ല, കർമ്മസാക്ഷിയായ ആത്മാവാണെന്ന് തെളിയുന്നതാണ് മോചനമാർഗ്ഗം. ആത്മസ്വരൂപം എപ്പോഴും വികാരരഹിതമായാണ് നിലകൊള്ളുന്നത്. നാം ആ ആത്മസ്വരുപം തന്നെയാണ്. ■

# 82



**അരണികടഞ്ഞെഴുമഗ്നിപോലെയാരാ-**
**യ്‌വവരിലിരുന്നതിരറ്റെഴും വിവേകം**
**പരമചിദംബരമാർന്ന ഭാനുവായ് നി-**
**ന്നെരിയുമതിന്നിരയായിടുന്നു സർവം.**

| | | |
|---|---|---|
| അരണി കടഞ്ഞെഴും | - | അരണി കടയുമ്പോൾ അതിൽ നിന്നും ജ്വലിച്ചുയരുന്ന |
| അഗ്നിപോലെ | - | തീ പോലെ |
| ആരായ്‌വവരിൽ ഇരുന്ന് | - | ജ്ഞാനത്തെ അന്വേഷി ക്കുന്നവരിൽനിന്ന് |
| അതിരറ്റെഴും വിവേകം | - | അതിരുകളില്ലാതെ ഉദിച്ചുയുരുന്ന ജ്ഞാനപ്രകാശം |
| പരമചിദംബരമാർന്ന | - | പരമമായ ചിദാകാശത്തിൽ നിറഞ്ഞു നിൽക്കുന്ന |
| ഭാനുവായ് നിന്നെരിയും | - | ജ്ഞാഞ്ഞാനസൂര്യനായി എരിഞ്ഞു കൊണ്ടിരിക്കും |
| അതിന്ന് | - | ആ ജ്ഞാനാഗ്നിയിൽ |
| ഇരയായിടുന്നു സർവം | - | എല്ലാം കത്തിയെരിയുന്നു. |

ആത്മാന്വേഷണം ഒരു തപസ്സാണ്. തപസ്സ് ഊഷ്മാവിനെ വികിരണം ചെയ്യുന്നതാണ്. ജീവൻ ആത്മാവിലേക്ക് വളരുമ്പോൾ അജ്ഞാനത്തിന്റെ പുറംതോടുകൾ ഉരുകിവീഴും. തപനക്രിയ നടക്കുന്നത് രണ്ട് അരണികൾ കടയുന്നതുപോലെയാണ്. യജ്ഞകുണ്ഡം ജ്വലിപ്പിക്കുന്നത് അരണികടഞ്ഞാണ്. എളുപ്പത്തിൽ കത്തുപിടിക്കാൻ സാധ്യതയുള്ള രണ്ടു മരക്കഷണങ്ങളാണ് അരണികൾ. ഇവ തമ്മിൽ കടഞ്ഞാണ് തീ ഉണ്ടാക്കുന്നത്. താഴെ വച്ചിരിക്കുന്ന അരണിയെ അധരാരണി എന്നും മുകളിൽ കടഞ്ഞുകൊണ്ടിരിക്കുന്ന അരണിയെ ഉത്തരാരണി എന്നുമാണ് വിളിക്കുന്നത്. കടച്ചിലിലൂടെ ചൂട് വർദ്ധിക്കുകയും മരക്കഷണങ്ങൾക്ക് തീ പിടിക്കുകയും ചെയ്യുന്നു. അരണികളിൽ

തന്നെ അഗ്നി മറഞ്ഞിരിക്കുന്നുണ്ടായിരുന്നു. സംശുദ്ധമായ അഗ്നിയായി ഇതിനെ കരുതപ്പെടുന്നു. അരണി കടയുന്നത് പ്രതീകാത്മകമായ ഒരു ഭാഷ കൂടിയാണ്. സ്ത്രീപുരുഷന്മാർ മൈഥുനപ്രക്രിയയിൽ ഏർപ്പെടുമ്പോൾ നടക്കുന്നതും ഒരു മഥനമാണ്. അഗ്നിയുടെ സ്ഥാനത്ത് അവിടെ ജ്വലിച്ചുയരുന്നത് ആനന്ദമൂർച്ഛയാണ്.

ഇവിടെ ജീവിതമാകുന്ന തപനപ്രക്രിയയിൽ ഭോക്താവായ അഹന്തയും ഭോഗ്യമായ പ്രപഞ്ചവും തമ്മിലാണ് പരമസാക്ഷാത്കാരത്തിനുവേണ്ടി സംഘർഷണത്തിലേർപ്പെട്ടിരിക്കുന്നത്. ഭോക്താവും ഭോഗ്യവിശ്വവും ഒരു പ്രത്യേക അനുരണനാത്മകതയിൽ എത്തിച്ചേരുമ്പോൾ ആത്മാനുഭവം പ്രളയാഗ്നിപോലെ അഹന്തയേയും ലൗകികതയേയും വിഴുങ്ങിക്കളയുന്നു. ദ്വൈതങ്ങളറ്റ ഉൾവെളിവ് തേജസ്സിയന്ന ഒരു സൂര്യനായി കത്തിജ്വലിക്കുന്നു. സൂര്യൻ വിവേകത്തിന്റെ ബിംബമാണ്. വെളിച്ചത്തിന്റെ സ്രോതസ്സാണ്. വെളിച്ചം ഇരുട്ടിനെ അകറ്റാനുള്ളതാണ്. അതോടെ ജീവിതത്തിന്റെ ഇരുണ്ട ശക്തികളിൽനിന്ന് നമുക്കു പുറത്തുകടക്കാൻ കഴിയുന്നു. കാമം, ക്രോധം, അസൂയ ഇവയെല്ലാം ജ്ഞാനാഗ്നിയിൽ കത്തിച്ചാമ്പലാകുന്നു. "യഥൈധാംസി സമിദ്ധോഗ്നിഃ ഭസ്മസാത് കുരുതേർജ്ജുന ജ്ഞാനാഗ്നിഃ സർവകർമ്മാണി ഭസ്മസാത് കുരുതേ തഥാ." - അല്ലയോ അർജ്ജുനാ, നല്ലവണ്ണം ജ്വലിച്ചുകൊണ്ടിരിക്കുന്ന അഗ്നി വിറകുകളെ എങ്ങനെ കത്തിച്ചു ഭസ്മമാക്കുന്നുവോ അതുപോലെ ജ്ഞാനമാകുന്ന അഗ്നി സർവ കർമ്മങ്ങളേയും ഭസ്മമാക്കുന്നു എന്ന് ഗീതാകാരൻ പറയുന്നു. കർമ്മനാശമുണ്ടയാൽ ആത്മസ്വരൂപത്തിൽ പ്രതിഷ്ഠ ലഭിക്കുന്നു. ഈസാക്ഷാത്ക്കാരമാണ് ആത്മോപദേശശതകം നമുക്കുണ്ടാക്കിത്തരുന്നത്. ജീവിതത്തിന്റെ പരമപുരുഷാർത്ഥമായ ചിദംബരത്തിലേക്ക് നമ്മെ കൈപിടിച്ചുയർത്തുന്നു. സ്വയം പ്രകാശിക്കുന്ന ഭാനുമാന്റേതുപോലെയാണ് ആത്മജ്ഞാനിയുടെ ജീവിതം. സർവവും ആ പ്രകാശത്തിൽ പൊലിഞ്ഞുപോകും. ചിദംബരം നിരുപാധികജ്ഞാനത്തിന്റെ ആകാശമാണ്. ഇതാണ് പരമമായ സുഖം. ■

# 83



**ഉടയുമിരിക്കുമുദിക്കുമൊന്നു മാറി-**
**ത്തുടരുമിതിങ്ങുടലിൻ സ്വഭാവമാകും**
**മുടിയിലിരുന്നറിയുന്നു മൂന്നുമാത്മാ-**
**വിടരറുമൊന്നിതു നിർവികാരമാകും.**

| | | |
|---|---|---|
| ഉടയും | - | നശിക്കും |
| ഇരിക്കും | - | സ്ഥിതി ചെയ്യും |
| ഉദിക്കും | - | ജനിക്കും |
| ഒന്നുമാറിത്തുടരും | - | ഒരു രൂപം മാറി വേറൊരു രൂപത്തിൽ തുടരും |
| ഇത് | - | ഈ പരിണാമം |
| ഇങ്ങ് ഉടലിൻ | - | ഇവിടെ ശരീരത്തിന്റെ തലത്തിൽ |
| സ്വഭാവമാകും | - | സ്വാഭാവികമായി സംഭവിച്ചുകൊണ്ടിരിക്കും |
| മുടിയിലിരുന്ന് | - | സർവാതീതമായി വർത്തിച്ച് |
| ആത്മാ | - | ബോധം |
| മൂന്നും അറിയുന്നു | - | സൃഷ്ടിസ്ഥിതിലയങ്ങളെ അറിയുന്നു. |
| ഇടരറും | - | ദുഃഖം അറ്റുപോയ |
| ഒന്നിത് | - | ഈ ആത്മാവ് ഏകമാണ്. |
| നിർവികാരമാകും | - | ഈ ആത്മാവ് മാറ്റമില്ലാത്തതുമാണ്. |

ശ്രീബുദ്ധനാണ് ബാഹ്യജീവിതത്തിന്റെ ക്ഷണികതയെക്കുറിച്ച് ദാർശനികമായ ഒരു പരിപ്രേക്ഷ്യം (perspective) ആദ്യം വിലയിരുത്തിയത്. പ്രപഞ്ചവസ്തുക്കളുടെ ജനനവും നിലനിൽപ്പും മരണവുമെല്ലാം ശാശ്വതമായ ആനന്ദത്തെ പ്രദാനം ചെയ്യുന്നില്ലെന്ന് അദ്ദേഹം നമ്മെ ബോധ്യപ്പെടുത്തി. ബുദ്ധൻ പറയുന്നു: "ലോകജീവിതം ശരൽക്കാലമേഘങ്ങളെപ്പോലെയാണ്. ഒരു നൃത്തത്തിന്റെ ചലനങ്ങൾ മാറിമാറി വരുന്നതുപോലെയാണ് ജനനവും മരണവും സംഭവിച്ചുകൊണ്ടിരിക്കുന്നത്. കരിമേഘങ്ങൾക്കു കുറുകേ ഒളിമിന്നുന്ന വിദ്യുല്ലത കണക്കെയാണ് ആയുസ്സ് കടന്നുപോകുന്നത്. എത്ര ദ്രുതഗതിയാണതിന്. ചെങ്കു

ത്തായ ഒരു മലയിൽനിന്നും ഊക്കോടെ താഴേക്കു പ്രവഹിക്കുന്ന ജലപാതം പോലെയാണത്." മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് നാം ജീവിതാസക്തി കൊണ്ടുനടന്നാൽ തുടർച്ചയായി ഹതാശ രാകേണ്ടിവരും. അതുകൊണ്ടാണ് ബുദ്ധൻ ലോകജീവിതത്തെ ദുഃഖമായി കണ്ടത്.

എന്നാൽ ശ്രീനാരായണഗുരു അങ്ങനെയൊരു വിഷാദാത്മ കതയെ പറ്റിയല്ല പറയുന്നത്. ഒന്നുണ്ടാവുകയും നിലനിൽക്കു കയും നശിക്കുകയും ചെയ്യുന്നത് ശരീരത്തിന്റെ സ്വഭാവമാണ്. സ്വഭാവം എന്നാൽ മാറ്റമില്ലാത്ത നിയമം. പ്രപഞ്ചത്തിലെ ഈ ജൈവപരിണാമങ്ങളെയെല്ലാം നമുക്കു തടുക്കാൻ കഴിയുകയി ല്ല. തടുത്താൽ മാനസികതലത്തിലും ശാരീരികതലത്തിലും ആ സർഗ്ഗപ്രവാഹം അനാരോഗ്യകരമായ ഒരു വിഷമസന്ധിയെ സൃഷ്ടിക്കും. എന്നാൽ ഇവിടെ വേറൊരു പോംവഴി ഗുരു പറ യുന്നു: ആത്മാവ് സൃഷ്ടിസ്ഥിതിലയങ്ങൾക്ക് അതീതമായ ഉണ്മ യാണ്. അതീതം എന്നു പറഞ്ഞാൽ സൃഷ്ടിസ്ഥിതിലയങ്ങൾക്ക് പുറത്ത് എന്നല്ല. ഈ മൂന്ന് പ്രക്രിയകളും ആത്മാവിനു പുറത്തല്ല നടക്കുന്നത്. ആത്മാവിൽതന്നെയാണ്. എന്നാൽ ഈ മൂന്ന് പ്രക്രി യകളാലും ആത്മാവിന് ഒരു ഭാവഭേദവും സംഭവിക്കുന്നില്ല. ആത്മാവ് മുടിയിലിരുന്ന് സാക്ഷിയായി അറിയുന്നു.

എബ്രഹാം മാസ്‌ലോവിനെപ്പോലെയുള്ള മനഃശാസ്ത്ര ജ്ഞർ ഉത്തുംഗാനുഭൂതി (peak experience) എന്നു പറയുന്നത് മുടിയിലിരുന്ന് അനുഭവിക്കുന്നതിനെയാണ്. മുടി എന്നാൽ ബോധത്തിന്റെ ഉത്തുംഗമായ നിലയാണ്. ഭാവാതീതതലം. ആത്മാവ് ഒരു തരത്തിലുള്ള വികാരത്തിനും അടിപ്പെടുന്നില്ല. ഒരു തരത്തിലുള്ള ദുഃഖവും ആത്മാവിനെ പിടികൂടുന്നുമില്ല. അത് എപ്പോഴും ഉണ്മയുള്ളതാണ് എന്ന അർത്ഥത്തിൽ സത്താണ്. അത് എപ്പോഴും അറിഞ്ഞുകൊണ്ടിരിക്കുന്നു എന്ന അർത്ഥത്തിൽ ചിത്താ ണ്. അതെപ്പോഴും സുഖിച്ചുകൊണ്ടിരിക്കുന്നു എന്ന അർത്ഥത്തിൽ ആനന്ദമാണ്. ■

# 84



**അറിവതിനാലവനീവികാരമുണ്ടെ-**
**ന്നരുളുമിതോർക്കിലസത്യമുള്ളതുർവീ**
**നിരവധിയായ് നിലയറ്റു നില്പതെല്ലാ-**
**മറിവിലെഴും പ്രകൃതിസ്വരൂപമാകും.**

| | | |
|---|---|---|
| അറിവതിനാൽ | - | അറിയുന്നതുകൊണ്ട് |
| അവനീ വികാരം | - | മണ്ണിന്റെ രൂപാന്തരങ്ങളായ കലം, കുടം മുതലായവ |
| ഉണ്ടെന്ന് | - | ഉള്ളതാണെന്ന് |
| അരുളും | - | നാം പറയാറുണ്ട്. |
| ഉള്ളത് ഉർവീ | - | സത്യത്തിൽ മണ്ണു മാത്രമേയുള്ളൂ. |
| ഇതോർക്കിൽ അസത്യം | - | ഇതറിഞ്ഞാൽ കലം, ചട്ടി എന്നീ വികാരങ്ങളെല്ലാം അസത്യമാണ്. |
| നിരവധിയായ് | - | എണ്ണമറ്റ തരത്തിൽ കാണ-പ്പെടുന്നതെല്ലാം |
| നിലയറ്റു നില്പതെല്ലാം | - | സ്വന്തമായി അസ്തിതയില്ലാത്ത നാമരൂപങ്ങളാണ് |
| അറിവിലെഴും | - | അറിവിൽനിന്നും എഴുന്നു വരുന്ന |
| പ്രകൃതി സ്വരൂപമാകും | - | പ്രകൃതിയുടെ വികാരമാണിതെല്ലാം. |

ഏതൊരു വസ്തു നിർമ്മിക്കുന്നതിനും ഒരു പദാർത്ഥം ആവശ്യമാണ്. ആ പദാർത്ഥമാണ് ആ വസ്തുവിന്റെ യഥാർത്ഥ സത്തയായിരിക്കുന്നത്. സ്പിനോസ എന്ന പാശ്ചാത്യചിന്തകൻ ഈ സത്തയെ substance എന്നാണ് വിളിച്ചത്. ഒരു കുലാലൻ കളിമണ്ണ് അരച്ചുകുഴച്ച് അതിനെ കുലാലദണ്ഡും ചക്രവും ഉപയോഗിച്ച് പരുവപ്പെടുത്തി പാത്രങ്ങൾ ഉണ്ടാക്കുന്നു. ചട്ടി, കലം, പാന, കൂജ, കുടം ഇവയെല്ലാം ആ കളിമണ്ണിൽനിന്ന് കുലാലൻ ഉണ്ടാക്കിയെടുക്കുന്നാതാണ്. കളിമണ്ണിൽ നിർമ്മിച്ച ഓരോ രൂപത്തേയും നോക്കി നിങ്ങളോട് ചോദിക്കുകയാണ്: “ഇതെന്താണ്?” നിങ്ങൾ പറയും: “ഇതു ചട്ടിയാണ്, ഇതു കലമാണ്,

ഇതു കൂജയാണ്." അപ്പോൾ കളിമണ്ണെവിടെപ്പോയി? കലം എന്ന നാമത്തിന്റെയും രൂപത്തിന്റെയും മറവിൽ കളിമണ്ണെന്ന പദാർത്ഥം മറഞ്ഞുപോയി. നാമത്തിനും രൂപത്തിനും അമിതമായ പ്രസക്തിയും പ്രാധാന്യവും നാം അറിയാതെ നമ്മുടെ മനസ്സ് കൊടുത്തുപോകുന്നു. അതിനാൽ സത്തയെ മറന്നുപോകുന്നു. ഈ പ്രപഞ്ചത്തിൽ നിരവധി രൂപങ്ങളും നിരവധി നാമങ്ങളും ചേർന്ന് പ്രപഞ്ചത്തിന്റെ സത്തയായ ബ്രഹ്മത്തെ മറച്ചുവയ്ക്കുന്നു. നാമരൂപങ്ങളുടെ മോഹവലയത്തിൽ ജീവനും കുടുങ്ങിപ്പോകുന്നു.

മനസ്സ് നാമങ്ങളുടെ സ്വാധീനത്തിൽ പെട്ടിരിക്കുകയാണ്. ആ മനസ്സിൽതന്നെ രൂപങ്ങൾ പ്രതിഭകളായി പ്രകാശിക്കുന്നുണ്ട്. രൂപത്തിന് ഇന്ദ്രിയഗോചരമായ ഒരു അസ്തിതയും മനോഗോചരമായ വേറൊരു അസ്തിതയുമുണ്ട്. ഇന്ദ്രിയഗോചരമായ രൂപം വ്യാവഹാരികമാണ്. ഇന്ദ്രിയഗോചരമായ വെള്ളം കുടിച്ചാലേ നമ്മുടെ ദാഹം മാറുകയുള്ളൂ. എന്നാൽ വെള്ളത്തിന് മനോഗോചരമായ ഒരു പ്രതിഭയുമുണ്ട്. മനസ്സിലടങ്ങിയിരിക്കുന്ന വെള്ളത്തിന്റെ പ്രതിഭ നമ്മുടെ ദാഹം മാറ്റുകയില്ല. ഇവിടെ പറയപ്പെടുന്ന രൂപാത്മകതയും നാമാത്മകതയും നിരവധിയാണ്. അവയ്ക്ക് സ്വന്തമായി നിലനില്പില്ല. പാരമാർത്ഥികജ്ഞാനത്തിൽ പ്രതീതിമാത്രമായാണ് അവ സ്ഥിതി ചെയ്യുന്നത്. ഒരുവൻ തന്റെ ശരിയായ ഉണ്മയെ കണ്ടെത്തുമ്പോൾ മനസ്സ് സൃഷ്ടിക്കുന്ന മൗഢ്യത്തിൽനിന്നും പുറത്തു കടക്കും. അറിവിന്റെ ശക്തിയായ പ്രകൃതിയുടെ വികൃതി മാത്രമാണ് കാണപ്പെടുന്ന പ്രപഞ്ചം. കലവും ചട്ടിയും അസത്യമായിരിക്കുന്നതുപോലെ പ്രപഞ്ചാനുഭവങ്ങളും അസത്യമാണ്. ആകാശത്തിൽ നീലനിറം തോന്നിക്കുന്നതുപോലെ ആത്മാവിൽ പ്രപഞ്ചം തോന്നിക്കുക മാത്രമാണ് ചെയ്യുന്നത്. ഉള്ളത് അറിവ് മാത്രം. അറിവിലിരിക്കുന്നതാണ് സ്വാതന്ത്ര്യം. ■

# 85



**നിഴലൊരു ബിംബമപേക്ഷിയാതെ നില്പീ-**
**ലെഴുമുലകെങ്ങുമബിംബമാകയാലേ**
**നിഴലുമതല്ലിതു നേരുമല്ല വിദ്വാ-**
**നെഴുതിയിടും ഫണിപോലെ കാണുമെല്ലാം.**

| | | |
|---|---|---|
| നിഴൽ | - | നിഴൽ |
| ഒരു ബിംബം | - | ഒരു ബിംബത്തെ |
| അപേക്ഷിയാതെ | - | ആശ്രയിച്ചല്ലാതെ |
| നില്പീല | - | നിലനിൽക്കുന്നില്ല. |
| എഴും ഉലക് എങ്ങും | - | എല്ലായിടത്തും പ്രതീതമായിക്കാണുന്ന ലോകം |
| അബിംബമാകയാലേ | - | ഒരു ബിംബത്തെ ആശ്രയിച്ചു നിഴലിക്കുന്നതല്ല. |
| നിഴലുമതല്ല | - | അതിനാൽ പ്രപഞ്ചം നിഴലുമല്ല. |
| ഇതു നേരുമല്ല | - | സ്വയം സത്ത ഉള്ളതുമല്ല. |
| വിദ്വാൻ | - | ചതുരനായ ഒരു കലാകാരൻ |
| എഴുതിയിടും | - | വരച്ച |
| ഫണിപോലെ | - | പാമ്പിനെപ്പോലെ |
| കാണുമെല്ലാം | - | എല്ലാം കാണപ്പെടുകയാണ്. |

ഒരു ജലാശയത്തിന്റെ കരയിൽ നിൽക്കുമ്പോൾ നമ്മുടെ രൂപം സ്ഫടികസങ്കാശമായ ജലാശയത്തിൽ പ്രതിഫലിക്കുന്നു. നമ്മുടെ രുപം പ്രതിഫലിക്കുമ്പോൾ കാണപ്പെടുന്നത് പ്രതിബിംബമാണ്. ബിംബം യഥാർത്ഥ രൂപമാണ്. ജലത്തിൽ പ്രതിബിംബം കാണപ്പെടുന്നത് ദേഹം ബിംബമായതുകൊണ്ടാണ്. പ്രപഞ്ചം നിഴലാണെന്ന് ചില ദാർശനികർ പറയാറുണ്ട്. എന്നാൽ പ്രപഞ്ചം ഒരു നിഴലാണെന്നു വിചാരിക്കാൻ ഒരു ന്യായവും കാണുന്നില്ല. പ്രപഞ്ചം പ്രതിബിംബമാണെങ്കിൽ പ്രപഞ്ചത്തിനു കാരണമായ ബിംബം ഉണ്ടായിരിക്കണം. ആത്മാവ് ഏകമാണ്. അദ്വയമാണ്. അതൊരിക്കലും നാനാത്വത്തോടുകൂടി പ്രതിഫലിക്കുകയില്ല. അതുകൊണ്ട് ആത്മാവിന്റെ പ്രതിബിംബമാണ്

പ്രപഞ്ചം എന്നു പറയാനൊക്കുകയില്ല. പ്രപഞ്ചത്തിനാകട്ടെ സ്വയമേ ഒരു അസ്തിതയുമില്ല. നിർവചിക്കാൻ കഴിയാത്ത രീതി യിലാണ് പ്രപഞ്ചത്തിന്റെ നില. പ്രപഞ്ചം ഉണ്ടെന്നും ഇല്ലെന്നും ഒരേസമയം പറയാവുന്ന വിധത്തിൽ നമുക്ക് അനുഭവപ്പെടുന്ന താണ്. ഇന്ദ്രിയങ്ങൾക്ക് ഗോചരമായതുകൊണ്ട് പൂർണ്ണമായി ഇല്ലെന്നു പറയാൻ സാധിക്കുകയില്ല. എന്നാൽ ഇഴ പിരിച്ചു പരി ശോധിച്ചാൽ ആത്മാവ് മാത്രമേ സത്യമായിട്ടുള്ളൂ എന്നു ബോധ്യ പ്പെടും.

ആൽബർട്ട് ഐൻസ്റ്റീൻ പ്രപഞ്ചം കാലത്തിന്റെയും ദേശ ത്തിന്റെയും സമ്മിശ്രമാണെന്നാണ് നിർവചിച്ചത്. എന്നാൽ ഹൈ സൻ ബർഗിനെപ്പോലുള്ളവർ പ്രപഞ്ചത്തിന്റെ സൂക്ഷ്മകണങ്ങ ളുടെ പഠനത്തിനായി തുനിഞ്ഞപ്പോൾ പരമാണുക്കൾ ഉണ്ടെന്നും ഇല്ലെന്നും പറയാൻ കഴിയാത്ത സ്ഥിതിയിൽ അവരെ കുഴയ്ക്കു കയാണുണ്ടായത്. അങ്ങനെയാണ് ഹൈസൻ ബർഗിന്റെ പ്രപ ഞ്ചസിദ്ധാന്തം uncertainty principle ആയി മാറിയത്. വേദാന്തവും പ്രപഞ്ചത്തെ ഉണ്ടാക്കിക്കാണിക്കുന്ന മായയെ "അനിർവചനീയ" എന്നാണ് വിളിക്കുന്നത്. അതീവനിപുണനായ ഒരു കലാകാ രൻ ചിത്രം വരച്ചാൽ ആ ചിത്രം ജീവസ്സുറ്റതായി തോന്നാറുണ്ട്. ഒരു പാമ്പിനെയാണ് വരയ്ക്കുന്നതെങ്കിൽ ആ ചിത്രം കണ്ടാ ൽ നാം ഭയന്നു നിലവിളിക്കും. അത്രയ്ക്കും യഥാതഥമായി ചതുര നായ ഒരു കലാകാരന് വരയ്ക്കാൻ കഴിയും. അതുപോലെയാണ് ആത്മാവിലും പ്രപഞ്ചരചന നടക്കുന്നത്. ആത്മാവിൽ തന്നെ യിരിക്കുന്ന പ്രകൃതിശക്തിയാണ് തൂലിക പിടിക്കുന്നത്. ഇതു നിർവചിച്ചു മനസ്സിലാക്കുന്നതിനേക്കാൾ ആശ്ചര്യപരതയോടെ ആസ്വദിക്കുന്നതാണ് ലഹരിദായകം. ■

# 86



**തനു മുതലായതു സർവമൊന്നിലൊന്നി-**
**ല്ലനൃതവുമായതിനാലെയന്യഭാഗം**
**അനുദിനമസ്തമിയാതിരിക്കയാലേ**
**പുനരൃതരൂപവുമായ്പ്പൊലിഞ്ഞിടുന്നു.**

| | | |
|---|---|---|
| തനു മുതലായതു | - | ശരീരം മുതലായ ദൃശ്യങ്ങൾ |
| സർവം | - | എല്ലാം |
| ഒന്നിൽ ഒന്നില്ല | - | ഒരു ശരീരത്തിൽ വേറൊരു ശരീരമില്ല, (ഒന്ന് ഒന്നിൽനിന്ന് ഭിന്നമാണ്). |
| അതിനാലെ | - | അതുകൊണ്ട് |
| അനൃതവുമായി | - | അവ അസത്യമാണ്. |
| അന്യഭാഗം | - | മറുഭാഗമായ ദൃക്ക് |
| അനുദിനം | - | ദിനം തോറും |
| അസ്തമിയാതിരിക്കയാലേ | - | അസ്തമിക്കാതിരിക്കുന്നതുകൊണ്ട് |
| പുനഃ | - | പിന്നീടും |
| ഋതരൂപവുമായ് | - | സത്യസ്വരൂപമായ് |
| പൊലിഞ്ഞിടുന്നു | - | പ്രകാശിച്ചുകൊണ്ടിരിക്കുന്നു. |

തനു എന്നാൽ ശരീരമാണ്. മനുഷ്യശരീരം മാത്രമല്ല. രൂപം പൂണ്ടതെല്ലാം ശരീരമാണ്. ചേതനമെന്നോ അചേതനമെന്നോ ഉള്ള വേർതിരിവുകൾ ശരീരത്തിന്റെ തലത്തിൽ ആവശ്യമില്ല. ഏതൊരു ശരീരത്തിനും സ്ഥിതി ചെയ്യാൻ സ്ഥലം വേണം. ഒരു ശരീരം പ്രത്യേക ഇടത്തിൽ സ്ഥിതി ചെയ്യുന്നതുപോലെതന്നെ അതിനു സ്ഥിതിചെയ്യാൻ ഒരു കാലവും വേണം. എന്നു പറഞ്ഞാൽ ഏതൊരു ശരീരത്തിനും കാലത്തിലും ദേശത്തിലും മാത്രമേ സ്ഥിതി ചെയ്യാനൊക്കുകയുള്ളൂ. എന്റെ മേശപ്പുറത്തെ പൂപ്പാത്രത്തിൽ ഇന്നൊരു റോസാപുഷ്പം ഇരിക്കുന്നുണ്ടെങ്കിൽ വേറൊരു പുഷ്പത്തിനോ വസ്തുവിനോ ആ പൂപ്പാത്രത്തിൽ ഇരിക്കാൻ കഴിയില്ല. ഒരു പൂവിനു മാത്രമേ അതിൽ സ്ഥിതി ചെയ്യാൻ ഇടമുള്ളൂ. അപ്പോൾ ആ പൂപ്പാത്രത്തിൽ ഇരി

ക്കാൻ കഴിയാതെ പോകുന്ന അനേകം പൂക്കളുണ്ട്. പൂപ്പാത്രത്തെ സംബന്ധിച്ചിടത്തോളം അവയെല്ലാം പൂപ്പാത്രത്തിൽ ഇല്ലാത്ത വയാണ്. ദൃശ്യങ്ങളുടെ ഈ പരസ്പരനിരാകരണത്തെ അന്യോന്യാഭാവം എന്നാണ് പറയുക. എന്നാൽ ഒരു ദൃശ്യത്തിന് എന്നെന്നും ഒരിടത്ത് സ്ഥിതി ചെയ്യുവാൻ കഴിയുകയില്ല. ദൃശ്യം കാലക്രമത്തിൽ നശിക്കും. ദൃശ്യം അനൃതമാണ്. അതിന് നിത്യത്വമില്ല. ശരീരങ്ങളുടെ വ്യതിരിക്തതപോലെയല്ല ദൃക്കിന്റെ നില. ദൃശ്യത്തിന്റെ മറുപുറമായ ദൃക്ക് നിത്യമാണ്. താല്ക്കാലികമോ അല്പമോ അല്ല. അത് ഋതമാണ്. ദൃശ്യം അനൃതമാണ്.

ശരീരങ്ങളുടെ തലത്തിൽ ഒന്നിൽ വേറൊന്നിനു സ്ഥിതി ചെയ്യാൻ കഴിയുകയില്ല. യേശുക്രിസ്തുവിൽ ശ്രീബുദ്ധന് സ്ഥിതി ചെയ്യാൻ കഴിയുകയില്ല. കൃഷ്ണനിൽ നബിക്ക് സ്ഥിതി ചെയ്യാൻ കഴിയുകയില്ല. കസേരയിൽ മേശക്കും മേശയിൽ കസേരക്കും സ്ഥിതി ചെയ്യാൻ കഴിയുകയില്ല. ഒന്നിൽ വേറൊന്നിന്റെ അഭാവത്തെ നാം കാണുന്നുണ്ട്. ഒന്നിന് വേറൊന്ന് അന്യയാണ്. പൊലിയുമിതന്യ എന്ന് ഗുരുതന്നെ പറഞ്ഞിട്ടുണ്ട്. ഇതെല്ലാം ദാർശനികമായ കുഴമറിച്ചിലുകളാണ്. എന്നാൽ വളരെ അനായാസം ഗുരു ഈ പ്രഹേളികയെ സമീകരിക്കുന്നത് ഇങ്ങനെയാണ്: എന്നാൽ ഒരു സത്യം അല്പംപോലും മങ്ങലേൽക്കാതെ ഈ ശരീരങ്ങൾക്കെല്ലാം ആധാരമായി സ്ഥിതിചെയ്യുന്നുണ്ട്. അത് ആത്മസത്തയാണ്. അത് ഉദയാസ്തമയങ്ങളില്ലാത്തതാണ്. എന്തെല്ലാം ഇവിടെ ഉരുവേന്തി സ്ഥിതിചെയ്യുന്നുണ്ടോ അവയെല്ലാം ആത്മസത്തയുടെ ഉരുവങ്ങളാണ്. ക്രിസ്തുവിനും കൃഷ്ണനും ആത്മാവായ ആധാരത്തിലാണ് ഒന്നിയ്ക്കാവുന്നത്. അതുകൊണ്ട് ദൃക്കിനെ ഉപനിഷത്തിൽ പറയുന്നത് ഋതം എന്നാണ്. ഋതം എന്നാൽ നശിക്കാത്തത് എന്നേ അർത്ഥമുള്ളൂ. അറിവ് തന്നെയാണ് ഋതം. ദൃക്ക് നാശമില്ലാതെ പ്രകാശിക്കുകയും ദൃശ്യം നശിച്ചുപോവുകയും ചെയ്യുന്നു. അനൃതത്തിൽ സംഗംവച്ചു പുലർത്താതെ ഋതത്തിൽ അമർന്ന് അതു മാത്രമായിടേണം. ഈ നിലയാണ് ശാശ്വതമായ ജീവിതത്തെ പ്രദാനം ചെയ്യുന്നത്. ■

# 87



**തനിയെയിതൊക്കെയുമുണ്ടു തമ്മിലോരോ-**
**രിനമിതരങ്ങളിലില്ല,യിപ്രകാരം**
**തനു മുതലായതു സത്തുമല്ലയോർത്താ-**
**ലനൃതവുമല്ലതവാച്യമായിടുന്നു.**

| | | |
|---|---|---|
| തനിയെ | - | വസ്തുക്കളെ ഒറ്റയ്ക്കൊറ്റക്ക് എടുത്ത് പരിശോധിച്ചു നോക്കിയാൽ |
| ഇതൊക്കയുമുണ്ട് | - | ഇവയ്ക്കെല്ലാം ഉണ്മയുണ്ട്. |
| തമ്മിൽ ഓരോരോ ഇനം | - | തമ്മിൽ ഓരോ ഓരോ ഇനം |
| ഇതരങ്ങളിലില്ല | - | മറ്റിനങ്ങളിൽ ഇല്ല |
| ഇപ്രകാരം | - | ഇതുപോലെ |
| തനു മുതലായത് | - | ശരീരം മുതലായവ |
| സത്തുമല്ല | - | സത്യവുമല്ല, |
| ഓർത്താൽ | - | പരിശോധിച്ചു നോക്കിയാൽ |
| അനൃതവുമല്ല | - | അസത്യവുമല്ല, |
| അത് അവാച്യമായിടുന്നു | - | അത് വചിക്കാനാവത്തതാണ്. |

ഓരോരോ വസ്തുവിനെ നോക്കിയാൽ ഓരോന്നിനും സ്വതന്ത്രമായ അസ്തിതയുണ്ട്. ഓരോ വസ്തുവും നാമരൂപങ്ങളിലൂടെ അതിന്റെ ഉണ്മ വെളിപ്പെടുത്തുന്നുണ്ട്. രാമനുണ്ട്, സീതയുണ്ട്, തേങ്ങയുണ്ട്, മാങ്ങയുണ്ട്, പശുവുണ്ട്, നായയുണ്ട്, മഴയുണ്ട്, വെയിലുണ്ട്. ഇവയിൽ "ഉണ്ട്" എന്ന ക്രിയാപദം ഓരോന്നിന്റേയും അസ്തിതയെ വെളിപ്പെടുത്തുന്നതാണ്. വെയിൽ ഇല്ല എന്നു പറയുവാൻ കഴിയുകയില്ല. മാങ്ങ ഇല്ല എന്നു പറയുവാൻ കഴിയുകയില്ല. മാങ്ങ ഇല്ല എന്ന നിഷേധം ഉണ്മയുടെ ആകെ നിഷേധമാണ്. ഞങ്ങളുടെ മാവിൽ ഇപ്പോൾ മാങ്ങയില്ല എന്നു പറയാം. ഈ സമയത്ത് മാങ്ങയില്ലെങ്കിൽ വേറൊരു സമയത്ത് മാങ്ങ ഉണ്ടാകാം. ഭാവാഭാവങ്ങൾ താത്ക്കാലികമാണ്. പശുവിൽ കുതിരയില്ല. കുതിരയിൽ പശുവുമില്ല. ഇത് അന്യോ

ന്യാഭാവമാണ്. പശു ഒരു ഇനമാണ്. കുതിര വേറൊരു ഇനമാണ്. ഒന്നിൽ വേറൊന്നിന്റെ ഇല്ലായ്മ വരുന്നതുകൊണ്ട് ശരീരം സത്യമല്ല. സത്താണെങ്കിൽ എവിടെയും എല്ലായ്പ്പോഴും ഉണ്ടായിരിക്കണം. സത്തക്ക് ഇല്ലായ്മയില്ല. സത്തക്ക് ഇനമില്ല. സത്ത സമാനാധികരണമാണ്. എന്നാൽ മാറിക്കൊണ്ടിരിക്കുന്ന ശരീരങ്ങൾ ഇല്ലായ്മക്ക് വഴങ്ങിക്കൊടുക്കുന്നതിനാൽ, നശിച്ചുപോകുന്നതിനാൽ അവയ്ക്കു സ്വയം ഉണ്മയില്ല എന്നു പറയാൻ കഴിയും. ഇന്ദ്രിയഗോചരമായതുകൊണ്ട് ശരീരത്തിന്റെ ഉണ്മയെ പൂർണ്ണമായും തള്ളാനാകുകയില്ല. വ്യവഹാരത്തിൽ കാണപ്പെടുന്ന ലോകം നശിക്കും. പരമാർത്ഥജ്ഞാനത്തിൽ മാത്രമേ വേറെ വേറെയുള്ള അസ്തിതകൾ ഇല്ലാതാവുകയുള്ളൂ. എന്നാൽ വ്യവഹാരത്തിൽ അവയെ പൂർണ്ണമായും ഇല്ലെന്നു പറയാനുമാവുകയില്ല.

നല്ല തണുപ്പുള്ള രാത്രിയിൽ കമ്പിളിപ്പുതപ്പുകൊണ്ടു പുതയ്ക്കുമ്പോൾ തണുപ്പ് അകന്നു പോകുന്നുണ്ട്. ചൂടു കിട്ടുകയും ചെയ്യുന്നു. കമ്പിളി ഇല്ല എന്നു പറയുവാൻ കഴിയുന്നില്ല. കമ്പിളിക്ക് വ്യാവഹാരികമായ അസ്തിതയുണ്ട്. അതുകൊണ്ട് അത് അനൃതവുമല്ല. ശരീരങ്ങളുടെ ലോകത്തിൽ ഒരുതരം അനിർവചനീയതയാണ് അവശേഷിക്കുന്നത്. എന്തെടുത്താലും ഉണ്ടെന്നും ഇല്ലെന്നും ഒരേസമയം പറയാൻ കഴിയും. ഉണ്ടെന്നും ഇല്ലെന്നും ഒരുമിച്ചു പറയുന്നത് ഒരു വൈരുദ്ധ്യമാണ്. നമുക്കൊരു ശരിയായ വീക്ഷണകോൺ ഇല്ലാത്തതുകൊണ്ടാണ് ഈ വൈരുദ്ധ്യം ജനിക്കുന്നത്. ആത്മസ്ഥിതനായ ജ്ഞാനിയ്ക്ക് ഈ വൈരുദ്ധ്യങ്ങളില്ല. ഉണ്മയും ഇല്ലായ്മയും വലിയൊരു സത്യമായ ആത്മാവിൽ നടക്കുന്ന പ്രകൃതിയുടെ ഏറിമാറിത്തിരിയലാണ്. അതു തിരിച്ചറിയണം. അവാച്യമായ ഒന്നാണ് ലോകം. ■

# 88



**സകലവുമുള്ളതുതന്നെ തത്ത്വചിന്താ-**
**ഗ്രഹനിതു സർവവുമേകമായ് ഗ്രഹിക്കും**
**അകമുഖമായറിയായ്കിൽ മായയാം വൻ-**
**പക പലതും ഭ്രമമേകിടുന്നു പാരം.**

| | | |
|---|---|---|
| സകലവും ഉള്ളതുതന്നെ | - | എല്ലാം ഉണ്മയുള്ളതുതന്നെയാണ്. |
| തത്ത്വചിന്താഗ്രഹൻ | - | തത്ത്വത്തെ മനനംചെയ്തു മനസ്സിലാക്കുന്നവൻ |
| ഇതു സർവവും | - | നാമരൂപാത്മകമായ മുഴുവൻ ലോകത്തേയും |
| ഏകമായ് ഗ്രഹിക്കും | - | ഒരേയൊരു ഉണ്മയായി ഉള്ളറിയും. |
| അകമുഖമായ് | - | ആത്മാഭിമുഖമായി |
| അറിയായ്കിൽ | - | അറിയാഞ്ഞാൽ |
| മായയാം വൻപക | - | മായയാകുന്ന വലിയ ശത്രു |
| പലതും | - | നാനാത്വബുദ്ധിയെ ഉണർത്തി |
| ഭ്രമമേകിടുന്നു പാരം | - | വലിയ ഭ്രമം ഉണ്ടാക്കുന്നു. |

ലോകം മിഥ്യയാണെന്നു പറയുന്ന ദർശനത്തെ ആളുകൾ കൊള്ളരുതാത്തതും ബുദ്ധിശൂന്യവുമായി കരുതുന്നു. ശങ്കരാചാര്യർ “ബ്രഹ്മസത്യം, ജഗന്മിഥ്യ” എന്നു പറഞ്ഞപ്പോൾ ലോകാരാമികൾ പരമപുച്ഛത്തോടെ അതിനെ അധിക്ഷേപിച്ചു. ബ്രഹ്മം മാത്രമേ സത്യമായിട്ടുള്ളൂ, ജഗത്ത് മിഥ്യയാണ്. ആചാര്യർ “ജീവോ ബ്രഹ്മൈവ നാപരാ” എന്നുകൂടി ചേർത്തു പറഞ്ഞിട്ടുണ്ട്. ജീവൻ ബ്രഹ്മംതന്നെയാണ്. വേറെ രണ്ടാമതൊന്നല്ല. മിഥ്യ എന്നാൽ ഇല്ലാത്തതെന്നല്ല. സ്വന്തമായി ഉണ്മ ഇല്ലാത്തതും മാറ്റത്തിനു വിധേയമായതും എന്നാണ് ആ വാക്കിന്റെ അർത്ഥം. നാമരൂപാത്മകമായ പ്രപഞ്ചം അജ്ഞാനജന്യമായ തോന്നലാണ്. ആ തോന്നൽ ആത്മസാക്ഷാത്കാരത്തോടെ മാഞ്ഞുപോകുന്നു. പ്രപഞ്ചം സത്യമാണെന്നു വരികിൽ ആരും പരമമായതിനെ അന്വേഷിക്കുകയില്ല. പ്രപഞ്ചം സത്യമായിരിക്കുകയും

ദുഃഖം നിലനില്ക്കുകയും ചെയ്യുമ്പോൾ മനുഷ്യൻ ആത്മഹത്യയെ പ്രശ്നപരിഹാരമായി എണ്ണുന്നു. ജിജ്ഞാസുവിന് പുറത്തുകടക്കാനുള്ള ഒരു ഉപായമായാണ് പ്രപഞ്ചത്തിന്റെ മിഥ്യാത്വം ആചാര്യർ പറയുന്നത്. ആത്മസാക്ഷാത്കൃതന് എല്ലാം ഒരേയൊരു സത്യം മാത്രം. ആ അർത്ഥത്തിലാണ് ഗുരു സകലവും ഉള്ളതു തന്നെ എന്നു ഉറപ്പിച്ചുപറയുന്നത്.

കാണപ്പെടുന്നതെല്ലാം ഉള്ളതുതന്നെ. ഇവയെല്ലാം ഇല്ലാത്തതല്ല. എല്ലാറ്റിനുംകൂടി ഒറ്റ ഉണ്മയേ ഉള്ളൂ. അങ്ങനെ സർവത്തിന്റെയും ഉണ്മ ഒന്നാണെന്നു അനുഭവിച്ചറിയുന്ന ആളെയാണ് തത്ത്വചിന്താഗ്രഹൻ എന്നു വിളിക്കുന്നത്. നാം തത്ത്വചിന്താഗ്രഹനായതിനുശേഷം ലോകത്തിൽ ജീവിയ്ക്കുമ്പോൾ സകല അനുഭവങ്ങളും അമൃതാനുഭവമായി മാറുന്നു. അവന് ബന്ധനം ഉണ്ടാവുകയില്ല. ഒന്നായി അറിയാതെ സകലവും ഉള്ളതുതന്നെ എന്നു വിചാരിച്ച് ലോകഭോജ്യങ്ങളെ ഉണ്ണാൻ പോയാൽ വിഷയങ്ങൾ ഭോക്താവിനെ കെണിയിൽ വീഴ്ത്തും. ഈ കെണി ഒരുക്കിവച്ചിരിക്കുന്നത് മായയാകുന്ന വൻപകയാണ്. നിങ്ങളിൽ ഒരു ശത്രു നിങ്ങൾക്കെതിരെ പ്രവർത്തിക്കുന്നുണ്ട്. നിങ്ങൾ ചെയ്ത ഏതോ ഒരു തെറ്റിന് പക വീട്ടാനുള്ള ശ്രമത്തിലാണ് അത് നിഷേധാത്മകമായ രീതിയിൽ നിങ്ങളുടെ കർമ്മങ്ങൾക്ക് തിരിച്ചടി നല്കുന്നത്. വേദാന്തത്തിൽ മാത്രമല്ല മായയുള്ളത്. ലോകത്തെ എല്ലാ മതങ്ങളിലും ദർശനങ്ങളിലും മായാസമാനമായ ഒരു തത്ത്വം കാണും. സാത്താനായും ഇബിലീസായും ഒക്കെ.

ഹെഗേൽ എന്ന ചിന്തകൻ ഇതിനെ negativity എന്നാണ് വിളിച്ചത്. ഈ നിഷേധാത്മകമായ മായ വന്നാൽ നാനാത്വബുദ്ധിയാണ് പിന്നെ പ്രവർത്തിക്കുക. പലപല രസങ്ങളും പലപല താത്പര്യങ്ങളും ആസക്തിയും വെറുപ്പും എല്ലാം കൂടിക്കലർന്ന് മനുഷ്യജീവിതം താറുമാറാകും. അതുകൊണ്ടാണ് ആത്മാവിനെ അകമുഖമായ് അറിയേണ്ടിവരുന്നത്. ബർഗ്സന്റെ തത്ത്വചിന്തയിലെ intuition നും അകമുഖമായി അറിയുന്നതും ഒരേ അറിവുതന്നെയാണ്. ഏകത്വഗ്രഹണബുദ്ധിയിലൂടെയാണ് intuition സംഭവിക്കുന്നത്. എല്ലാം ഒന്നായി അറിയുക. ഒന്നായി ആനന്ദിക്കുക. ■

# 89



**അറിവിലിരുന്നസദസ്തിയെന്നസംഖ്യം**
**പൊരിയിളകിഭുവനം സ്ഫുരിക്കയാലേ**
**അറിവിനെ വിട്ടൊരു വസ്തുവന്യമില്ലെ-**
**ന്നറിയണമീയറിവൈകരൂപ്യമേകും.**

| | | |
|---|---|---|
| അറിവിലിരുന്ന് | - | കേവലമായ അറിവിലിരുന്ന് |
| അസദ് അസ്തി എന്ന് | - | ഇല്ല—ഉണ്ട് എന്ന് ഒരേസമയം തോന്നത്തക്ക വിധത്തിൽ |
| അസംഖ്യം | - | എണ്ണമറ്റ |
| പൊരി ഇളകി | - | തീപ്പൊരികൾ ഇളകിത്തെറിച്ച് |
| ഭുവനം | - | പ്രപഞ്ചം |
| സ്ഫുരിക്കയാലേ | - | പ്രതീതമാകുന്നതുകൊണ്ട് |
| അറിവിനെ വിട്ട് | - | അറിവിൽനിന്നും വേറിട്ട |
| ഒരു വസ്തു അന്യമില്ലെന്ന് | - | വേറൊരു സത്ത ഇല്ലെന്ന് |
| അറിയണം | - | ബോധ്യപ്പെടണം. |
| ഈ അറിവ് | - | ഇങ്ങനെയുള്ള ജ്ഞാനം |
| ഐകരൂപ്യമേകും | - | സർവാത്മജ്ഞാനം നൽകും |

ഒരേ തത്ത്വം തന്നെയാണ് പലവിധ ദൃഷ്ടാന്തങ്ങളിലൂടെ ഗുരു സാധകഹൃദയത്തിൽ പതിയത്തക്കവിധം ആവിഷ്കരിക്കുന്നത്. എന്നാൽ ഒരു ശ്ലോകം വേറൊരു ശ്ലോകത്തിനു പകരം വയ്ക്കാനും ആവുന്നതല്ല. അതിന്റെ രീതിവിധാനത്തിനും (methodology) വീക്ഷണകോണിനും വ്യത്യാസമുണ്ട്. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അറിവ് എന്ന വാക്ക് കേൾക്കുമ്പോൾ മനസ്സിൽ പതിഞ്ഞുപോയ കുറേ രൂഢ്യർത്ഥങ്ങളാണ് പൊന്തിവരിക. എന്നാൽ ഇതുവരെ നാം മനസ്സിലാക്കിയ അർത്ഥത്തിലൊന്നുമല്ല ഗുരു അറിവെന്ന് പ്രയോഗിക്കുന്നത്. ഇംഗ്ലീഷു ഭാഷയിൽ consciousness എന്ന് ഏതാണ്ടൊക്കെ അടുത്തുവരാവുന്ന ഒരു സംജ്ഞ കൊണ്ടാണ് അറിവിനെ മൊഴിമാറുന്നത്. പാശ്ചാത്യർക്ക് ഈ വാക്ക് അവരുടേതായ അർത്ഥകല്പനകളിലൂടെ മാത്രമേ

മനസ്സിലാക്കാൻ കഴിയുകയുള്ളൂ. സംസ്കൃതത്തിൽ ബോധം, ചിത്, സംവിത്, പ്രജ്ഞ എന്ന സംജ്ഞകൾ അറിവിന് പകരം വയ്ക്കാറുണ്ട്. അറിവ് എന്ന പച്ച മലയാളത്തിന്റെ മാധുര്യം വേറെ ഒരു പദത്തിനും കിട്ടുകയില്ല. അതുകൊണ്ടാണ് ഇത്രമാത്രം വിശദീകരണവും വിപുലനവും അറിവിന് നൽകേണ്ടിവരുന്നത്.

അഗ്നികുണ്ഡം കണ്ടിട്ടില്ലേ? അതിൽനിന്നും തീപ്പൊരികൾ ചിതറിത്തെറിക്കുന്നതുപോലെയാണ് അറിവ് അനുഭവങ്ങളിലൂടെ പ്രതീതമാകുന്നത്. ആ പ്രതീതികളാകട്ടെ ക്ഷണനേരം മാത്രമേ നിലനിലനിൽക്കുന്നുള്ളൂ. ഒരു തീപ്പൊരി കുറച്ചുനേരം വായുവിൽ തങ്ങിനിന്ന് ചാരമായിത്തീരുന്നു. അതുകൊണ്ടാണ് അസദ് -അസ്തി, ഇല്ല-ഉണ്ട് എന്ന ഭാവാഭാവാനുഭവങ്ങളിൽ അസംഖ്യം തീപ്പൊരികൾ ഇളകിത്തെറിച്ച് ഭുവനം സ്ഫുരിക്കുന്നത് എന്നു ഗുരു പറഞ്ഞിരിക്കുന്നത്. ഒരേസമയംതന്നെ സദ്ഭാവവും അസദ്ഭാവവും ലോകത്തിന്റെ പ്രത്യേകതയാണ്. എന്നാൽ അറിവ് സത്തും ചിത്തും ആനന്ദവുമാണ്. അതിന് അഭാവമില്ല. ആ അറിവിൽനിന്നാണ് സത്തും അസത്തും കൂടിക്കലർന്ന ഭുവനം ജ്വലിക്കുന്നത്. മഴയുണ്ട്-മഴയില്ല എന്ന രണ്ട് അനുഭവങ്ങൾപോലെ സകല ഇന്ദ്രിയവസ്തുക്കളുടെ കാര്യത്തിലും ഭാവാഭാവങ്ങൾ പ്രസക്തമാണ്. ഇതിന് കാരണമായിരിക്കുന്നത് മായയാണ്. മായ അറിവിൽ നിഹിതമാണ്. എന്നാൽ അറിവ് മായയാൽ അബാധിതമാണ്. മായയെ ഉല്ലംഘിച്ചുതന്നെ അറിവിന് നിലനിൽക്കുവാൻ കഴിയും.

ജീവനിലെ അവിദ്യയാണ് ലോകം ഉണ്ടെന്നും ഇല്ലെന്നും മുറമാറി പ്രകടമാക്കുന്നത്. വിശ്വാസവും അവിശ്വാസവും, ഓർമ്മയും മറവിയും, ഉണർവും ഉറക്കവും എല്ലാം മായയുടെ വരുതിയിൽ വരുന്നതാണ്. എന്നാൽ അറിവിന്റെ കേവലസ്വരൂപത്തിൽ ഈ ദ്വന്ദ്വാനുഭവങ്ങളിൽ നിന്നൊക്കെ വിമുക്തിയുണ്ട്. അറിവിനെ വിട്ടൊരു വസ്തുഅന്യമില്ലെന്ന് അറിയണം. എന്നാൽ മാത്രമേ നാനാ വസ്തുക്കളിലും ജീവികളിലും ഐക്യത്തിന്റെ പ്രകാശധാരയെ വിളക്കിയെടുക്കുവാൻ കഴിയുകയുള്ളൂ. തന്റെതന്നെ ആത്മാവിനെ എല്ലാറ്റിലും കാണുന്ന അനുഭവമാണത്. ■

# 90



**അനൃതമൊരസ്തിതയേ മറയ്ക്കുകില്ലെ-**
**ന്നനുഭവമുണ്ടു സദസ്തിയെന്നിവണ്ണം**
**അനുപദമസ്തിതയാലിതാവൃതം സദ്-**
**ഘനമതിനാലെ കളേബരാദികാര്യം.**

| | |
|---|---|
| അനൃതം - | അസത്യം |
| ഒരസ്തിതയെ മറയ്ക്കുകില്ല - | സത്യത്തെ മറയ്ക്കുകയില്ല. |
| സദ് അസ്തി എന്നിവണ്ണം - | ഉണ്ട് ഉണ്ട് എന്ന തരത്തിലുള്ള |
| എന്ന അനുഭവം ഉണ്ട് - | അനുഭവം ഏവർക്കുമുള്ളതാണ്. |
| അനുപദം - | ഓരോ അനുഭവവും |
| അസ്തിതയാൽ - | ഉണ്മയാൽ |
| ഇതാവൃതം - | നിറവുള്ളതാണ്. |
| അതിനാലെ - | അതുകൊണ്ട് |
| കളേബരാദി കാര്യം - | ശരീരം തുടങ്ങിയ കാര്യപ്രപഞ്ചം |
| സദ്ഘനം - | സത്തിനാൽ വ്യാപ്തമാണ്. |

ഒരു കള്ളം പറഞ്ഞാൽ ആ കള്ളം പൊളിയാതിരിക്കണമെങ്കിൽ നിരന്തരം നുണകൾ പറഞ്ഞുകൊണ്ടിരിക്കണം. എന്നാലും സത്യം എന്നെങ്കിലും തല നീട്ടി പുറത്തുവരാതിരിക്കില്ല. സത്യം എത്ര മറച്ചുവച്ചാലും മറഞ്ഞേ ഇരിക്കുന്നുള്ളൂ, ഇല്ലാതായിത്തീരുന്നില്ല. നമ്മുടെ സാമൂഹികതയും മതവും വിദ്യാഭ്യാസവും മാമൂലുകളും എല്ലാം ഏറെക്കുറെയൊക്കെ കള്ളനാണയങ്ങളാണ്. ഈ വ്യാജജീവിതത്തിന്റെ പരിരംഭണത്തിൽപ്പെട്ടിരിക്കുന്ന സാധാരണ മനുഷ്യന് എപ്പോഴെങ്കിലും സത്യത്തിന്റെ ഒരു നേർത്ത അനുഭവം ഉണ്ടാകാതിരിക്കുകയില്ല. അതോടെ അദ്ദേഹം സത്യത്തെ പൂർണ്ണതയോടെ അറിയാൻ വേണ്ടിയുള്ള ശ്രമം ആരംഭിക്കും.

ഇരുളടഞ്ഞ ഗർത്തങ്ങളിലൂടെ നടന്നുനീങ്ങുന്ന ജനാവലിയെ നോക്കി യേശു പറഞ്ഞു: "നിങ്ങൾ ലോകത്തിന്റെ വെളിച്ചമാണ്. മലമുകളിൽ പണിത ഒരു നഗരത്തെ ഒന്നുകൊണ്ടും മറച്ചുവയ്ക്കുവാൻ കഴിയുകയില്ല." നാം എത്ര നിഷേധിച്ചാലും

നമ്മിൽ മറഞ്ഞിരിക്കുന്ന സത്യത്തെ എങ്ങനെയാണ് ഇല്ലാതാക്കാൻ കഴിയുക? "ഞാൻ ഇല്ല, ഞാൻ ഇല്ല" എന്നൊരാൾ വിളിച്ചുപറഞ്ഞാൽ അയാൾ ഇല്ലാതാകുമോ? "ഞാൻ അജ്ഞാനിയാണ്, ഞാൻ അജ്ഞാനിയാണ്" എന്നു പറഞ്ഞാൽ അയാൾ അജ്ഞാനിയാകുമോ? ജ്ഞാനംകൊണ്ടല്ലേ അയാളത് പറയുന്നത്? ജ്ഞാനമില്ലാഞ്ഞാൽ എങ്ങനെയാണ് അയാൾ അജ്ഞാനിയാണെന്ന് അറിയുക? അതുകൊണ്ട് സത്തയെ ഒരിക്കലും അസത്യംകൊണ്ടു മറയ്ക്കുവാൻ കഴിയുകയില്ല. സത്യം ശാശ്വതമാണ്. അനൃതം അശാശ്വതമാണ്. നമ്മുടെ ഓരോ അനുഭവത്തിലും നിറഞ്ഞിരിക്കുന്ന ഉണ്മതന്നെയാണ് എല്ലാ പ്രാപഞ്ചികവസ്തുക്കളിലും നിറഞ്ഞിരിക്കുന്നത്. അതിനെയാണ് സദ്ഘനം എന്നു പറയുന്നത്. മനുഷ്യനും ഉരഗങ്ങളും പക്ഷികളും മൃഗങ്ങളും മാമലകളും മണ്ണും വിണ്ണും എല്ലാം സദ്ഘനമാണ്. സദ്ഘനമായി അറിയുമ്പോഴാണ് അനേകതകൾ തിരോഭവിക്കുന്നത്.

പ്രപഞ്ചത്തിലെ ഓരോ വസ്തുവിലും ആത്മാവിന്റെ ഉണ്മ വെളിപ്പെടുന്നുണ്ട്. ആത്മാവിന്റെ സ്വരൂപലക്ഷണമാണ് സത്തും ചിത്തും ആനന്ദവും. വ്യവഹാരത്തിൽ അസ്തി, ഭാതി, പ്രിയമായാണ് സച്ചിദാനന്ദം പ്രകാശിക്കുന്നത്. പുസ്തകമുണ്ട് എന്ന വാക്യത്തിൽ ഉണ്ട് എന്നത് പുസ്തകത്തിന്റെ അസ്തിതയെയാണ് വെളിപ്പെടുത്തുന്നത്. പുസ്തകത്തെ കാണുന്നു എന്ന വാക്യത്തിൽ ചിത്ത് ഭാനം ചെയ്യുകയാണ്. പുസ്തകത്തെ ഇഷ്ടപ്പെടുന്നു എന്ന സന്ദർഭത്തിൽ ആനന്ദം പ്രിയാപ്രിയങ്ങളായി അനുഭൂതമാകുന്നു. നാമരൂപങ്ങളിൽ ബ്രഹ്മത്തിന്റെ സ്വരൂപം ഭാഗികമായി പ്രകാശിക്കുന്നുണ്ട്. നാമരൂപങ്ങൾ അനൃതങ്ങളാണെങ്കിലും അസ്തിതയെ പൂർണ്ണമായി വ്യവഹാരത്തിൽപോലും മറയ്ക്കാൻ സാധിക്കുകയില്ല എന്ന അനുഭവം നമുക്കേവർക്കുമുണ്ട്. ശരീരം മുതൽ സകല പ്രാപഞ്ചികവസ്തുക്കളും വിചാരം ചെയ്താൽ സദ്ഘനമാണെന്നു ബോധ്യപ്പെടും. ■

# 91



**പ്രിയവിഷയം പ്രതി ചെയ്തിടും പ്രയത്നം**
**നിയതവുമങ്ങനെ തന്നെ നില്ക്കയാലേ**
**പ്രിയമജമവ്യയമപ്രമേയമേകാ-**
**ദ്വയമിതുതാൻ സുഖമാർന്നു നിന്നിടുന്നു.**

| | |
|---|---|
| പ്രിയവിഷയം പ്രതി - | സുഖമുണ്ടാക്കുന്ന വിഷയം നേടാനായി |
| ചെയ്തിടും പ്രയത്നം - | നാം പ്രയത്നം ചെയ്യുന്നു. |
| നിയതവും - | എപ്പോഴും |
| അങ്ങനെതന്നെ - | സുഖംതേടുന്ന വ്യഗ്രത |
| നിൽക്കയാലേ - | നിലനിൽക്കും. |
| പ്രിയം - | പ്രിയം |
| അജം - | അത് ജനിക്കാത്തതാണ്. |
| അവ്യയം - | അത് നാശമില്ലാത്തതാണ്. |
| അപ്രമേയം - | അത് അറിവിന് വിഷയമാവാത്തതാണ്. |
| ഏകാദ്വയം - | അത് ഏകവും അദ്വയവുമാണ്. |
| ഇതുതാൻ - | ഈ പ്രിയം തന്നെയാണ് |
| സുഖമാർന്നു നിന്നിടുന്നു - | ആനന്ദസ്വരൂപമായി നിൽക്കുന്നത്. |

മനുഷ്യൻ സ്വതവേ ഒരു സുഖാന്വേഷിയാണ്. സുഖത്തിന്റെ കുറവാണ് സത്യത്തെ അറിയാൻപോലും അവനെ പ്രേരിപ്പിക്കുന്നത്. സുഖം ബാഹ്യവിഷയങ്ങളിലാണെന്നാണ് ഓരോരുത്തരും പൊതുവേ ധരിച്ചുവച്ചിരിക്കുന്നത്. ഇത് സ്ഥൂലദൃക്കുകളുടെ പ്രത്യേകതയാണ്. കുറച്ചുകൂടി സൂക്ഷ്മതയിലേക്ക് തിരഞ്ഞുപോയവർക്ക് മാനസികതലത്തിൽ സുഖം കണ്ടെത്താൻ കഴിയാറുണ്ട്. രണ്ടു പ്രകൃതക്കാരും തെറ്റായ വഴിയിലൂടെയാണ് സുഖം തേടി അലയുന്നത്. ലോകവിഷയങ്ങൾക്ക് നാശമുള്ളതുപോലെ മാനസികവ്യാപാരങ്ങൾക്കും ച്യുതി വരാം. നാശവസ്തുക്കളിൽ ശാശ്വതസുഖം തിരയുന്നതാണ് മനുഷ്യന്റെ ഏറ്റവും വലിയ ബുദ്ധിവിപര്യയം. നാം അന്വേഷിക്കുന്ന വിഷയത്തിൽ

നിന്നും ശാശ്വതസുഖം ലഭിക്കുന്നില്ലെങ്കിൽ നാം നിരാശരും ഹതാശരുമാകും. സുഖാന്വേഷണം ദുഃഖത്തിൽ കലാശിക്കുന്നത് അങ്ങനെയാണ്.

വിശപ്പ് ഒരു ദുഃഖമാണ്. പോഷണത്തിന്റെ അഭാവമാണ് വിശപ്പ്. ആ ദുഃഖത്തെ നിവാരണം ചെയ്യുവാനാണ് അന്നം തിരയുന്നത്. വിശപ്പടങ്ങിയാൽ സുഖമുണ്ടായി. അപ്പോൾ അവൻ കരുതും അന്നത്തിലാണ് സുഖം ഇരിക്കുന്നതെന്ന്. കൂടുതൽ അന്നം കഴിച്ചാൽ അങ്ങനെയാണെങ്കിൽ കൂടുതൽ സുഖം കിട്ടേണ്ടതല്ലേ? അതൊരിക്കലും സംഭവിക്കുന്നില്ല. ഒരാളുടെ ഇഷ്ടവസ്തുവായ പാൽപായസം പത്തു ഗ്ലാസ്സെങ്കിലും നിർബന്ധിച്ചു കുടിപ്പിച്ചാൽ അയാൾക്ക് അതിനോട് ചെടിപ്പ് വരും. പായസം സുഖവസ്തുവായിരിക്കുന്നെങ്കിൽ എങ്ങനെയാണ് അത് ചെടിപ്പായി പരിണമിക്കുന്നത്? നാം വിഷയങ്ങളിലിരിക്കുന്ന നമ്മുടെ പ്രിയതയെ ധ്യാനാത്മകമായി മൂല്യവിവേചനം നടത്തി നോക്കിയാൽ പ്രിയത്തിന്റെ സ്രോതസ്സ് വിഷയങ്ങളല്ലെന്ന് ബോധ്യപ്പെടും. ആത്മാവാണ് പ്രിയത്തിന്റെ യഥാർത്ഥ സ്രോതസ്സ്.

ആർക്കാണ് സുഖം വേണ്ടാത്തത്? എന്നാൽ ക്ഷണിക സുഖത്തെ ശാശ്വതസുഖത്തിനുവേണ്ടി വിവേകികളായവർ ത്യജിക്കാറുണ്ട്. ത്യജിക്കുമ്പോഴും സുഖാന്വേഷണം നിയതമായി തുടരുന്നു. പ്രിയവസ്തു നിത്യമായ ആനന്ദത്തെ പ്രദാനം ചെയ്യാത്തിടത്തോളം അന്വേഷണത്തിന്റെ പൂർത്തീകരണം നീണ്ടുനീണ്ടു പോകുന്നു. ആത്മാവിൽ മാത്രമേ നിത്യാനന്ദമുള്ളൂ. ആത്മാനന്ദം അജമാണ്. അത് എന്നെങ്കിലും ഉണ്ടായതല്ല. ഉണ്ടാകാത്തത് നശിക്കുന്ന പ്രശ്നമില്ല. ജനനവും വിനാശവും കൂടാതെ ആനന്ദം പ്രകാശിക്കുന്നു. മധുരമുള്ള പായസം കുടിക്കുന്നതുപോലെയല്ല ആത്മാനന്ദം. പായസം ഒരു വിഷയമാണ്. രസനയിലൂടെയാണ് അതറിയുന്നത്. ആത്മാനന്ദം ഒരു വിഷയമല്ലാത്തതിനാൽ അപ്രമേയമാണ്. ഇന്ദ്രിയമനസ്സുകൾകൊണ്ട് അറിയാൻ കഴിയുകയില്ല. വിഷയസുഖങ്ങൾ അനേകമാണെങ്കിലും ആത്മസുഖം ഏകവും അദ്വയവുമാണ്. ഈ ആനന്ദസ്വരൂപമേന്തി നാം നമ്മുടെ ജീവിതത്തെ സംഫുല്ലമാക്കേണ്ടതുണ്ട്. ■

# 92



**വ്യയമണയാതെ വെളിക്കു വേല ചെയ്യും**
**നിയമമിരിപ്പതുകൊണ്ടു നിത്യമാകും**
**പ്രിയമകമേ പിരിയാതെയുണ്ടിതിന്നീ**
**ക്രിയയൊരു കേവലബാഹ്യലിംഗമാകും.**

| | | |
|---|---|---|
| വ്യയമണയാതെ | - | വിരാമമില്ലാതെ |
| വെളിക്കു വേല ചെയ്യും | - | ബാഹ്യമായി കർമ്മം ചെയ്തു കൊണ്ടേയിരിക്കുക |
| നിയമം | - | എന്ന നിയമം |
| ഇരിപ്പതുകൊണ്ട് | - | ഉള്ളതുകാരണം |
| നിത്യമാകും പ്രിയം | - | നിത്യമായ ആനന്ദം |
| അകമേ പിരിയാതെയുണ്ട് | - | നമ്മിൽതന്നെ അന്തരസ്ഥമായി ഇരിക്കുന്നുണ്ട്. |
| ഇതിന്ന് | - | ഈ ആത്മാനന്ദത്തിന് |
| ഈ ക്രിയ | - | ബാഹ്യമായി ചെയ്യുന്ന ക്രിയകൾ |
| ഒരു ബാഹ്യലിംഗമാകും | - | ബാഹ്യമായ അടയാളങ്ങൾ മാത്രമാകും |

ഇതുവരെ നാം പേറിനടന്നിരുന്ന എല്ലാ മുൻധാരണകളേയും തകിടം മറിയ്ക്കുന്ന വെളിപ്പെടുത്തലാണ് "പ്രിയം അകമേ പിരിയാതെയുണ്ട്" എന്നുള്ളത്. പ്രിയം എന്നാൽ ആനന്ദം. ഈ സത്യം ബോധ്യപ്പെട്ടാൽ ദുഃഖത്തെക്കുറിച്ച് കവിത എഴുതിയ വർക്കും കഥകൾ കഥിച്ചവർക്കും ദർശനങ്ങൾ കരുപ്പിടിപ്പിച്ച വർക്കും നിൽക്കക്കള്ളിയില്ലാതെ നട്ടം തിരിയേണ്ടി വരും. നാം ആനന്ദമാണ്, ദുഃഖമല്ല. "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ" എന്നാണ് യേശു പറഞ്ഞത്. ഗുരു സൗമ്യമായി അത് തിരുത്തു ന്നു: ആത്മാവിനു ദാരിദ്ര്യമില്ല. ആത്മാവ് മഹാസമ്പന്നമാണ്. ധന്യ തയും കൃതാർത്ഥതയും ആത്മാവാണ്. ദാരിദ്ര്യത്തെ ഒരു ഭാഗ്യ മായി കരുതുന്നത് പ്രതിലോമകരമായ ദർശനമാണ്. പ്രകൃതി മുഴുവൻ വസന്തസമീരണനിൽ പൂവണിയുമ്പോൾ പൂത്തുമ്പി കൾ തുള്ളിക്കളിക്കുകയും മധുമക്ഷികകൾ മൂളിപ്പാട്ടു പാടുകയും

കോകിലങ്ങൾ കാകളി പാടുകയും ചെയ്യുമ്പോൾ ആത്മദാരിദ്ര്യമുള്ളവർ ഗദ്ഗദം പൊഴിക്കുന്നത് ഉത്തമമായ ദർശനമായിരിക്കില്ല. എല്ലാ സൃഷ്ടികളും ആനന്ദത്തിൽനിന്നാണ് പ്രഭവിക്കുന്നത്. സ്ത്രീപുരുഷസംയോഗം ആനന്ദമൂർച്ഛയിലാണ് കലാശിക്കുന്നത്. ദുഃഖം ഒഴിവാക്കാനുള്ള കർമ്മപ്രേരണകൾപോലും വിരൽ ചൂണ്ടുന്നത് ദുഃഖം നമ്മുടെ സഹജപ്രകൃതിയല്ല എന്നാണ്. "ആനന്ദമേവ ധ്യായന്തി സർവേ ദുഃഖം ന കശ്ചന." - ആനന്ദമാണ് സകലരും ധ്യാനിക്കുന്നത്, ദുഃഖത്തെ ആരും ധ്യാനിക്കുന്നില്ല എന്ന് ഗുരു അപവാദദർനത്തിൽ സ്പഷ്ടമാക്കിയിട്ടുണ്ട്. മനുഷ്യരുടെ കാര്യത്തിൽ മാത്രമല്ല, ജീവജാലങ്ങളിലും സുഖത്തിനുവേണ്ടിയുള്ള വ്യയമണയാത്ത കർമ്മവ്യാപാരങ്ങൾ കാണാം.

ഒരു നർത്തകി നൃത്തമാടുമ്പോൾ അഴകാർന്ന അംഗചലനങ്ങളിൽനിന്നും അവളുടെ നയനങ്ങളിലും മുഖത്തും പരിശോഭിതമായ പ്രസാദാത്മകതയിൽനിന്നും ഒക്കെ നാം മനസ്സിലാക്കുന്നത്, ഉള്ളിലിരിക്കുന്ന ആനന്ദമാണ് പുറത്തെ തുള്ളിത്തുളുമ്പലുകളായി മാറുന്നതെന്നാണ്. അകമേ പിരയാതെയുള്ള ആനന്ദത്തിൽനിന്ന് ജീവിതം വഴിഞ്ഞൊഴുകുമ്പോൾ സമ്പൂർണ്ണ കലയായി ജീവിതം മാറിമറിയുന്നു.

എല്ലാവരുടേയും ഉള്ളിൽ നിത്യമായ ആനന്ദം ആത്മസത്തയിൽനിന്നും പിരിയാതെ ഇരിക്കുന്നുണ്ട്. നാം ചെയ്യുന്ന ക്രിയകളെല്ലാം അതിന്റെ ബാഹ്യമായ ആവിഷ്കാരങ്ങൾ മാത്രമാണ്. ചിത്രകാരൻ ചിത്രം വരക്കുന്നതും കർഷകൻ വയലിൽ വിത്തിറക്കുന്നതും ശില്പി മരത്തിൽ കൊത്തുന്നതും എഴുത്തുകാരൻ സാഹിത്യങ്ങൾ കുറിച്ചിടുന്നതും എല്ലാം ആനന്ദത്തിന്റെ ബാഹ്യലിംഗങ്ങളാണ്. "സർവം ഹി സച്ചിദാനന്ദം നേഹ നാനാസ്തി കിഞ്ചന." എല്ലാം സച്ചിദാനന്ദം മാത്രം. വേറെ ഒന്നും ഇവിടെയില്ല. ഇതാണ് ഗുരുവിന്റെ ദർശനം. ■

# 93



**ചലമുടലറ്റ തനിക്കു തന്റെയാത്മാ-**
**വിലുമധികം പ്രിയവസ്തുവില്ലയന്യം**
**വിലസിടുമാത്മഗതം പ്രിയം വിടാതീ**
**നിലയിലിരിപ്പതുകൊണ്ടു നിത്യമാത്മാ.**

| | | |
|---|---|---|
| ചലം ഉടൽ അറ്റ | - | മാറ്റത്തിനു വിധേയമാകുന്ന ശരീരത്തോടു താദാത്മ്യം വിട്ട |
| തനിക്ക് | - | ഒരുവന് |
| തന്റെ ആത്മാവിലും | - | തന്റെ ആത്മാവിനേക്കാൾ |
| അധികം പ്രിയവസ്തു | - | അധികം പ്രിയപ്പെട്ട വസ്തു |
| അന്യം ഇല്ല | - | മറ്റെവിടെയും ഇല്ല. |
| വിലസിടും | - | സ്പഷ്ടമായി അനുഭവപ്പെടുന്ന |
| ആത്മഗതപ്രിയം | - | ആത്മാവിനോടുള്ള പ്രിയം |
| വിടാതെ | - | വിട്ടുപോകാതെ |
| ഈ നിലയിൽ | - | ഇതേ നിലയിൽതന്നെ |
| ഇരിപ്പതുകൊണ്ട് | - | തുടരുന്നതുകൊണ്ട് |
| ആത്മാ നിത്യം | - | ആത്മാവ് നിത്യമാണ്. |

ശരീരം മാറ്റത്തിനു വിധേയമാണ്. ഒരു ശിശുവായിരിക്കുമ്പോൾ ശരീരം നന്നേ മൃദുവും ദുർബലവുമായിരിക്കും. എന്നാൽ ആ ഉടൽതന്നെയാണ് ബാല്യത്തിലൂടെയും കൗമാരത്തിലൂടെയും യൗവനത്തിലൂടെയും വാർദ്ധക്യത്തിലൂടെയും പരിണമിക്കുന്നത്. ശരീരത്തിന്റെ മാറ്റങ്ങളുമായി താദാത്മ്യപ്പെട്ടാൽ സുഖദുഃഖങ്ങൾ മാറിമാറി വന്നുകൊണ്ടിരിക്കും.

ശ്രീബുദ്ധന്റെ അടുത്ത് ഒരു യുവതി തന്റെ കുഞ്ഞിന്റെ ശവ ശരീരവുമായി എത്തി. അവൾ കേണുകരഞ്ഞുകൊണ്ട് ശ്രീബുദ്ധ നോട് അപേക്ഷിച്ചു: “എന്റെ ഒരേയൊരു കുഞ്ഞ് മരിച്ചുപോയി. എനിക്കിനി ആരുമില്ല. അങ്ങേക്കു മാത്രമേ എന്റെ കുഞ്ഞിന് പുനർജന്മം നൽകാനാവൂ.” ശ്രീബുദ്ധൻ യുവതിയെ നോക്കി. അവ ളുടെ ദൈന്യതയിൽ അലിവു തോന്നിയ ബുദ്ധഭഗവാൻ പറഞ്ഞു:

"ഞാൻ നിന്നെ സഹായിക്കാം. അതിനായി ഒരു കടുകുമണി വാങ്ങിക്കൊണ്ടു വരണം. ആരും മരിക്കാത്ത വീട്ടിൽനിന്നായിരിക്കണം അത് കൊണ്ടുവരുവാൻ."

കൃശഗൗതമി എന്നാണ് ആ യുവതിയുടെ പേര്. അവൾ കുഞ്ഞിനെ ബുദ്ധന്റെ പാദങ്ങളിൽ കിടത്തി. കടുകുമണി കൊണ്ടുവരാനായി ഓടി. ആദ്യം കണ്ട വീട്ടിൽ കയറി. അവിടെ കടുകുണ്ട്. പക്ഷേ, ആ ഗൃഹനാഥന്റെ അച്ഛൻ കുറച്ചുനാളുകൾക്കുമുമ്പാണ് മരിച്ചത്. സന്ധ്യയാകുവോളം വീടുകൾതോറും കയറിയിറങ്ങിയിട്ടും ആരും മരിക്കാത്ത വീട്ടിൽനിന്നും ഗൗതമിക്ക് കടുകുമണി കിട്ടിയില്ല. അവൾക്കു മനസ്സിലായി എല്ലാ വീടുകളിലും ഉറ്റവർ ആരെങ്കിലും മരിച്ചിട്ടുണ്ടെന്ന്; തന്റെ കുഞ്ഞ് മാത്രമല്ല മരിച്ചതെന്ന്. അവളുടെ ഉള്ളിൽ വിവേകത്തിന്റെ തിളക്കം അനുഭവപ്പെട്ടു. സ്വാഭാവികമായ ഒരു പ്രശാന്തി ഊറിക്കൂടി. അവൾ തിരിച്ചുവന്ന് ബുദ്ധന്റെ കാൽക്കൽ കിടത്തിയിരുന്ന കുഞ്ഞിനെ എടുത്തുകൊണ്ടുപോയി സംസ്കരിച്ചു. പിന്നീട് ശ്രീബുദ്ധന്റെ ശിഷ്യയായി.

ഉടലിനോടുള്ള പ്രിയം ഏറിയതുകൊണ്ടാണ് അവൾക്ക് ദുഃഖം ഉണ്ടായത്. അതിനുപരി ഒരു സത്യം ഉണ്ടെന്ന് അവൾക്ക് ബോധ്യപ്പെട്ടു. ആത്മാവിൽ പ്രിയം ജനിച്ചാൽ മാത്രമേ ഉടലിനോടുള്ള രാഗം അറ്റുപോവുകയുള്ളൂ. വിരാഗത അടിച്ചേൽപ്പിക്കാതെതന്നെ ആത്മാവിലുള്ള പ്രിയം വികസിപ്പിക്കണം. ആത്മാവ് പ്രിയത്തിന്റെ ഇരിപ്പിടമാണ്. ബൃഹദാരണ്യകോപനിഷത്തിൽ യാജ്ഞവല്ക്യൻ മൈത്രേയിയോടു പറയുന്നു: "ഭാര്യ ഭർത്താവിനെ സ്നേഹിക്കുന്നതും ഭർത്താവ് ഭാര്യയെ സ്നേഹിക്കുന്നതും ആത്മാവിലുള്ള പ്രിയംകൊണ്ടാണ്." ആത്മാവിൽ പ്രിയം ജനിച്ചാൽ ഒന്നിനോടും വെറുപ്പു തോന്നുകയില്ല.

യേശു പറഞ്ഞു: "നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക." അയൽക്കാരൻ എന്റെ ആത്മാവായി വരണം. ഞാൻ എന്നെ സ്നേഹിക്കുന്നതുപോലെ അയൽക്കാരനെ സ്നേഹിക്കണം. ആത്മാവിലുള്ള പ്രിയം ഉണർന്നാലേ ആ സ്നേഹം പൂർണ്ണമാകൂ. ദൈവം സ്നേഹമാണെന്ന് യേശു പറയുന്നു. എന്നാൽ ഗുരു ആത്മാവിലിരിക്കുന്ന പ്രിയം തന്നെയാണ് ദൈവാനുഭൂതി എന്നു വ്യക്തമാക്കുന്നു. ■

# 94



**ഉലകവുമുള്ളതുമായ്ക്കലർന്നു നില്ക്കും**
**നില വലുതായൊരു നീതികേടിതത്രേ,**
**അറുതിയിടാനരുതാതവാങ്മനോഗോ-**
**ചരമിതിലെങ്ങു ചരിച്ചിടും പ്രമാണം?**

| | | |
|---|---|---|
| ഉലകവും | - | നാമരൂപാത്മകമായ ലോകവും |
| ഉള്ളതുമായി | - | പരമസത്യവുമായി |
| കലർന്നുനില്ക്കും നില | - | ഒന്നിച്ചു കലർന്നിരിക്കുന്ന സ്ഥിതി |
| വലുതായ | - | വളരെ വലിയ |
| ഒരു നീതികേടിതത്രേ | - | ഒരു നീതികേടാണ്, വൈരുദ്ധ്യമാണ്. |
| അറുതിയിടാൻ അരുതാത | - | ആദ്യന്തനിശ്ചയം വരുത്താനാകാത്ത, |
| അവാങ്മനോഗോചരം | - | വാക്കുകൊണ്ടു വിവരിക്കാനോ മനസ്സു കൊണ്ടു ഗ്രഹിക്കാനോ കഴിയാത്ത |
| ഇതിൽ | - | ഈ ആത്മാവിൽ |
| എങ്ങു ചരിച്ചിടും പ്രമാണം? | - | എങ്ങനെ പ്രമാണങ്ങൾ പ്രവർത്തിക്കും? |

വെളിച്ചമുള്ളിടത്ത് ഇരുട്ടിനു നിൽക്കാൻ കഴിയുകയില്ല. ഇതു തർക്കമറ്റ സംഗതിയാണ്. എന്നാൽ വെളിച്ചവും ഇരുട്ടും ഒന്നിച്ചിരിക്കുന്നതാണ് പ്രപഞ്ചപ്രതീതി. ഒരു വസ്തുവിന് ബാഹ്യ രൂപം നല്കുന്നത് വെളിച്ചം മാത്രമല്ല, ഇരുട്ടും കൂടി കലർന്നാണ്. ഏതു രൂപമെടുത്താലും അതിൽ ഇരുട്ടും വെളിച്ചവുമുണ്ട്. വെളിച്ചത്തിന്റെ അഭാവമാണ് ഇരുട്ടെന്നു പറയുന്നത്. ബാഹ്യലോകത്ത് വെളിച്ചത്തിൽ ഇരുട്ട് ഉൾച്ചേർന്നിരിക്കുന്നുണ്ട്. ഇതൊരു വലിയ വൈരുദ്ധ്യമാണ്. ഇരുട്ട് ഒരു സത്തയല്ല, വെളിച്ചത്തിന്റെ അഭാവമാണ്. അതുപോലെയാണ് നാമരൂപാത്മകമായ ലോകവും അസത്യമായിരിക്കുന്നത്. ലോകം ആത്യന്തികമായ സത്യവുമായി ഒന്നിച്ചിരിക്കുന്നത് ദാർശനികതയിൽ വരുന്ന ഒരു വൈരുദ്ധ്യമാണ്. അതിനെയാണ് ഗുരു നീതികേടെന്നു പറയുന്നത്. ഈ നീതികേടിനെ തീർക്കുവാൻ വേണ്ടിയാണ് എല്ലാ തത്ത്വ

ചിന്തകളും ദർശനശാസ്ത്രങ്ങളും ഒന്നല്ലെങ്കിൽ വേറെ തരത്തിൽ ശ്രമിക്കുന്നത്. ഇന്നും ഈ പ്രശ്നം പരിഹൃതമായിട്ടില്ല. പ്രശ്നം വ്യക്തിഗതമാണ്.

പ്രശ്നം എന്താണ്? ഉണ്മയും ഇല്ലായ്മയും ഒന്നിച്ചിരിക്കുന്നു എന്നതാണ് പ്രശ്നം. വാസ്തവത്തിൽ സത്യത്തിന് വൈരുദ്ധ്യമില്ല. വൈരുദ്ധ്യം നമ്മിലാണ് ഇരിക്കുന്നത്. നമ്മുടെ വൈരുദ്ധ്യമാണ് നാം സത്യത്തിൽ ആരോപിക്കുന്നത്. തത്ത്വചിന്താഗ്രഹന് വൈരുദ്ധ്യമില്ലെന്ന് ഗുരുതന്നെ പറഞ്ഞിട്ടുണ്ട്. വാക്കുകൊണ്ടോ മനസ്സുകൊണ്ടോ പറയുവാനോ വിചാരംചെയ്യുവാനോ കഴിയാത്തതാണ് ആത്മസത്യത്തിന്റെ നില. ഇങ്ങനെ വാക്കും മനസ്സും പ്രവേശിക്കാത്ത ഒന്നിനെക്കുറിച്ച് എങ്ങനെ ചിന്തിക്കാനും പറയാനും കഴിയും?

എന്നാൽ ഈ പ്രഹേളികയെക്കുറിച്ച് വർഷങ്ങളായി നാം ചർവിതചർവണം നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നിട്ടും എവിടേയും എത്തിയിട്ടില്ല. പ്രമാണങ്ങൾ പ്രവേശിക്കാത്തിടത്ത് ആശയവിനിമയസാദ്ധ്യതപോലും അസ്തമിച്ചിരിക്കയാണ്. ഓരോ തത്ത്വശാസ്ത്രത്തിനും അതിന്റേതായ പ്രമാണങ്ങളുണ്ട്. ചാർവാകനും എപ്പിക്ക്യൂറസ്സും പ്രത്യക്ഷത്തെ മാത്രമേ സത്യമായി എണ്ണുന്നുള്ളൂ. അവർ പ്രത്യക്ഷവാദികളാണ്. ചിലർ അനുമാനത്തേയും അതിന്റെകൂടെ കൂട്ടും. അപ്പോൾ കണ്ടതിന്റെ അടിസ്ഥാനത്തിൽ അനുമാനം നടത്തി അതിലൂടെയും സത്യം കണ്ടെത്താൻ ശ്രമിക്കും. മനസ്സ് ചരിക്കാത്തിടത്ത് അനുമാനത്തിന് എന്ത് സാംഗത്യമാണുള്ളത്? ഉപമാനം, ശബ്ദം, അർത്ഥാപത്തി, അനുപലബ്ധി എന്നീ പ്രമാണങ്ങൾ കൂടുതലായി വേദാന്തികൾ ഉപയോഗിച്ചുപോരാറുണ്ട്. എന്നാൽ അവയെല്ലാം വെറും നേരമ്പോക്കുകൾ മാത്രം. ആത്മസത്തയും ലോകവും ഒന്നിച്ചിരിക്കുന്ന നില ഒരു അത്ഭുതപ്രതിഭാസമാണ്. ആ പ്രതിഭാസത്തെ ആശ്ചര്യഭരിതനായ ഒരു ശിശുവിനെപ്പോലെ കണ്ടിരിക്കാൻ മാത്രമേ ഒക്കുകയുള്ളൂ. നിർവചിക്കാൻ കഴിയില്ല. കണ്ടിരിക്കണമെങ്കിൽ മനസ്സു കണ്ണാടി പോലെയാകണം. അതിന് അദ്വൈതാനുഭവം ഉണ്ടാകണം. ■

# 95



**വിപുലതയാർന്ന വിനോദവിദ്യ മായാ-**
**വ്യവഹിതയായ് വിലസുന്ന വിശ്വവീര്യം**
**ഇവളിവളിങ്ങവതീർണ്ണയായിടും ത-**
**ന്നവയവമണ്ഡകടാഹകോടിയാകും.**

| | | |
|---|---|---|
| വിപുലതയാർന്ന | - | അതിരുകളില്ലാത്ത |
| വിനോദവിദ്യ | - | ആനന്ദോത്സവമാണ് പ്രപഞ്ചപ്രതിഭാസം |
| മായാവ്യവഹിതയായ് | - | മായയാൽ ആവൃതമായി |
| വിലസുന്ന | - | പ്രകടമാകുന്ന |
| വിശ്വവീര്യം | - | വിശ്വബീജമാണ് |
| ഇവൾ | - | ഇവൾ. |
| ഇവൾ ഇങ്ങ് | - | ഈ വിശ്വബീജം ഇവിടെ പ്രപഞ്ചരൂപത്തിൽ |
| അവതീർണ്ണയായിടും | - | പ്രകടമായിത്തീരുന്നു. |
| തൻ അവയവം | - | വിശ്വവീര്യയായ മായയുടെ അവയവങ്ങളാണ് |
| അണ്ഡകടാഹകോടിയാകും | - | എണ്ണമറ്റ ക്ഷീരപഥങ്ങൾ. |

ഗാരി സുഖാവ് എന്ന ശാസ്ത്രജ്ഞൻ Dancing Wuli Masters എന്നൊരു ഗ്രന്ഥമെഴുതിയിട്ടുണ്ട്. ഈ ഗ്രന്ഥത്തിൽ അദ്ദേഹം പ്രപഞ്ചത്തെ ഊർജ്ജരേണുക്കളുടെ സംഘനൃത്തമായിട്ടാണ് വർണ്ണിക്കുന്നത്. സംഘടിത ഊർജ്ജപടലത്തെയാണ് wuli എന്ന ചൈനീസ് പദംകൊണ്ട് അർത്ഥമാക്കുന്നത്. ഫ്രിജോഫ് കാപ്രയും ഊർജ്ജനടനമായി പ്രപഞ്ചത്തെ വ്യാഖ്യാനിച്ചിട്ടുണ്ട്. ഉപനിഷത്തിന്റെ ജ്ഞാനപശ്ചാത്തലത്തിൽനിന്നാണ് ഇവരെല്ലാം പ്രപഞ്ചത്തിന്റെ ലീലാവിലാസത്തെ സ്വാംശീകരിച്ചത്. ഊർജ്ജകണങ്ങൾ നൃത്തം ചെയ്യുന്നതാണ് പ്രപഞ്ചം എന്ന് ആധുനികശാസ്ത്രജ്ഞരും പറയുമ്പോൾ അവർ പ്രപഞ്ചത്തിന്റെ അവ്യാഖ്യായതയെ മാനിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. ശ്രീനാരായണ ഗുരു വിശ്വതന്ത്രത്തെ ഒരു വിനോദവിദ്യയായാണ് എണ്ണുന്നത്.

ആ വിനോദവിദ്യക്ക് മാനങ്ങളില്ല (dimensionless). അത് വിപുലതയാർന്നതാണ്. ആൽബർട്ട് ഐൻസ്റ്റീൻ വ്യാഖ്യാനിച്ചുതന്ന വിശ്വചിത്രത്തിന് നാല് മാനങ്ങളാണുള്ളത്. നീളം, വീതി, ഉയരം, ചലനം എന്നിവയാണ് ആ നാലു മാനങ്ങൾ. എന്നാൽ അതിരുകളില്ലാത്ത നടരാജന്റെ ആനന്ദോത്സവം ഭാരതത്തിന്റെ പുരാവൃത്തങ്ങളിൽ വെറുതേ പറഞ്ഞുപോരുന്ന കാല്പനികതയല്ല. ചെറിയ അണുവിലും ബൃഹത്തായ ആകാശത്തിലും വിശ്വവീര്യത്തിന്റെ ചൈതന്യസ്ഫുരണമുണ്ട്. വിശ്വവീര്യത്തിന്റെ തള്ളിച്ചകൊണ്ടാണ് പ്രപഞ്ചവിലാസം സംഭവിക്കുന്നത്.

വിശ്വവീര്യത്തെ ഇവൾ എന്നാണ് ഗുരു പറയുന്നത്. ഇവൾ എന്നത് സ്ത്രൈണമായ പരാമർശമാണ്. ഇവൾ ഇവന്റെ ശക്തിയാണ്. ഇവൾ ഇവനിൽനിന്നും അനന്യയാണ്. മായാശക്തിയാണ് ഇവൾ. ശക്തി ശിവന്റെ വാമഭാഗമാണെന്ന് ഭാരതത്തിന്റെ പൗരാണികർ കാവ്യസ്പർശം നല്കി അവതരിപ്പിക്കാറുണ്ട്. ശക്തി ചൈനക്കാർക്ക് 'യിൻ' ആണ്. 'യാങ്ങി'ൽനിന്നും വേറിട്ടതല്ല യിൻ. ഈ ശക്തിയെതന്നെയാണ് ബർഗ്സൺ elan vital എന്ന പദംകൊണ്ട് ഉദ്ദേശിച്ചത്. ശ്രീരാമകൃഷ്ണപരമഹംസർ ബ്രഹ്മത്തെ ദേവിയായിട്ടാണ് ദർശിക്കുന്നത്. അതുകൊണ്ടാണ് ഗുരു വിശ്വവീര്യത്തെ ഇവൾ എന്നു വിളിക്കുന്നത്. ഈ കാണാവുന്ന പ്രപഞ്ചവും അതിനപ്പുറത്തുള്ളതും ഈ ദേവിയുടെ അംഗവിക്ഷേപങ്ങൾ മാത്രമാണ്. മായ വിക്ഷേപശക്തികൊണ്ടാണ് ലോകത്തെ ഉണ്ടാക്കിക്കാണിക്കുന്നത്. മായാശക്തിയുടെ അവയവങ്ങളാണ് അണ്ഡകടാഹങ്ങളെല്ലാം. മായ ഒരു ദേവതയല്ല. ഒരു തത്ത്വമാണ്. കവികളുടെ ഭാഷയിൽ അവൾ അവൻ എന്നെല്ലാമുള്ള സ്ത്രൈണപൗരുഷപരാമർശങ്ങളെല്ലാം ആനുഷംഗികമായി കടന്നു വരുമ്പോഴും ഗുരുവിന്റെ സുനിശ്ചിതമായ അന്തർഗതം നാം മനസ്സിലാക്കിയാൽ മതി. ■

# 96



**അണുവുമഖണ്ഡവുമസ്തി നാസ്തിയെന്നി-**
**ങ്ങനെ വിലസുന്നിരുഭാഗമായി രണ്ടും**
**അണയുമനന്തരമസ്തി നാസ്തിയെന്നീ-**
**യനുഭവവും നിലയറ്റു നിന്നുപോകും.**

| | | |
|---|---|---|
| അണുവും | - | ചെറുതിൽ ചെറുതും |
| അഖണ്ഡവും | - | വലുതിൽ വലുതും |
| അസ്തി നാസ്തി | - | ഉണ്മയും ഇല്ലായ്മയും |
| എന്നിങ്ങനെ | - | എന്നതരത്തിലുള്ള ദ്വന്ദ്വങ്ങൾ |
| ഇരുഭാഗമായി | - | രണ്ടു വശങ്ങളിലായി |
| വിലസുന്നു | - | പ്രതീതമാകുന്നു. |
| രണ്ടും അണയും | - | ആത്മാനുഭവത്തിൽ ദ്വന്ദ്വങ്ങൾ നശിക്കും. |
| അനന്തരം | - | അതിനുശേഷം |
| അസ്തി നാസ്തി | - | ഉണ്ടെന്നും ഇല്ലെന്നും |
| എന്നീ അനുഭവവും | - | എന്നുള്ള അനുഭവങ്ങളും |
| നിലയറ്റു നിന്നുപോകും | - | നിലനിൽക്കാനാകാതെ അപ്രത്യക്ഷമാകും. |

ഏറ്റവും ചെറിയ കണത്തെയാണ് അണു എന്നു പറയുന്നത്. ഏറ്റവും വലുതിനെയാണ് അഖണ്ഡം എന്നു പറയുന്നത്. അണുവിനെ പിളർത്താൻ കഴിയുകയില്ല. അഖണ്ഡത്തിന് അപ്പുറം വേറെ ഒന്നുമില്ല. അനേകം അണുക്കൾ ചേർന്നാണ് പ്രപഞ്ചത്തിലെ ഓരോ വസ്തുവും ഉണ്ടായിട്ടുള്ളത്. സമസ്ത വസ്തുക്കളും ഒന്നിക്കുമ്പോൾ അത് അഖണ്ഡമായി. ആത്മ സത്യം ഒരേസമയം ചെറുതിലും ചെറുതും, വലുതിലും വലുതു മാണ്. "അണോരണീയാൻ മഹതോമഹീയാൻ." ആത്മാവ് സൂക്ഷ്മത്തിലും സൂക്ഷ്മമാണ് സ്ഥൂലത്തിലും സ്ഥൂലമാണ് എന്ന് കഠോപനിഷത്ത് വിളംബരം ചെയ്യുന്നു. അത് അഹന്തയുടെ രൂപ മെടുത്ത് സങ്കുചിതമായി പെരുമാറാറുണ്ട്. അഹന്ത അണുത്വം

കൈവരിക്കുമ്പോഴാണ് സങ്കുചിതത്വം ഉണ്ടാകുന്നത്. തന്റെ വ്യക്തിഗതമായ സുഖത്തിനുവേണ്ടി മാത്രം ജീവിക്കുന്നിടത്ത് ഓരോ മനുഷ്യനും നികൃഷ്ടമായ ഒരു വ്യക്തിത്വത്തിലേക്ക് താഴുകയാണ് ചെയ്യുന്നത്. എന്നാൽ സങ്കുചിതമായ മനസ്സിനെ കളഞ്ഞ് വിശ്വത്തെ മുഴുവൻ സ്നേഹിക്കാൻ കഴിയുന്ന അഖണ്ഡബോധമായിത്തീരുവാനും നമുക്കു കഴിയും.

പ്രപഞ്ചം കടുകുമണിയോളം ചുരുങ്ങിയ അവസ്ഥയിൽ നിന്നാണ് മഹാവിസ്ഫോടനം ഉണ്ടായത്. പൊട്ടിത്തെറിച്ച പ്രപഞ്ചമാണ് ഇപ്പോൾ അനന്തതയിലേക്ക് വികസിച്ചുകൊണ്ടിരിക്കുന്നത്. വികാസം-സങ്കോചം എന്നിവ പ്രപഞ്ചത്തിനും ജീവനും ഒരേപോലെ സംഭവിക്കുന്നുണ്ടെന്ന് ആധുനികശാസ്ത്രങ്ങളും സ്വീകരിച്ച നിലപാടാണ്. ഉള്ളിന്റെയുള്ളിൽ ചുരുങ്ങിപ്പോകുമ്പോൾ നമ്മളും പൊട്ടിത്തെറിക്കാറുണ്ട്. നമ്മളുടെ പൊട്ടിത്തെറി ക്രോധാവേശത്തിലാണ് പരിണമിക്കുക. അതേപോലെതന്നെയാണ് മനസ്സ് ഉണ്മയുടേയും ഇല്ലായ്മയുടേയും ധ്രുവങ്ങളിൽ തട്ടി ഉലയുന്നത്. ഉണ്മ പ്രത്യാശാജനകമാണ്. ഇല്ലായ്മ നിരാശാജനകമാണ്. ഇല്ലായ്മ അഭാവമാണെങ്കിൽ ഉണ്മ ഭാവമാണ്. ദ്വന്ദ്വങ്ങൾ മനസ്സിന്റെ സൃഷ്ടിയാണ്. ജ്ഞാനം കൈവരുമ്പോൾ ദ്വന്ദ്വങ്ങൾ മുരടറ്റുപോകുകയും ആധാരസത്യം പ്രകാശിക്കുകയും ചെയ്യും. അതാണ് നിർവാണം.

അണുവും-അഖണ്ഡവും, അസ്തിയും-നാസ്തിയും തോന്നലുകൾ മാത്രമാണ്. ഇവ കെട്ടുപോകും. കത്തിക്കാളുന്ന തീ കെടുന്നതുപോലെ. അങ്ങനെ കെട്ടുപോകുന്നതിനെയാണ് നിർവാണം എന്ന് ബുദ്ധൻ പറഞ്ഞത്. അപ്പോൾ മനസ്സിന്റെ ധ്രുവങ്ങൾക്കിടയിലുള്ള ആന്ദോളനം നിലയ്ക്കുന്നു. കാമനകൾ ഒടുങ്ങുന്നു. നിർവാണം ഉണ്മയോ ഇല്ലായ്മയോ അല്ല. അതു ചെറുതോ വലുതോ അല്ല. അതു വാഗതീതമായ അനുഭവമാണ്. പ്രപഞ്ചപ്രതീതികളെല്ലാം നിലയില്ലാതെ നിന്നുപോകുന്ന ഈ അനുഭവ സാകല്യത്തെ എടുത്തുകാണിക്കാനാണ് ഈ ശ്ലോകത്തിലൂടെ ഗുരു ശ്രമിക്കുന്നത്. ■

# 97



**അണുവറിവിൻ മഹിമാവിലംഗമില്ലാ-**
**തണയുമഖണ്ഡവുമന്നു പൂർണ്ണമാകും**
**അനുഭവിയാതറിവീലഖണ്ഡമാം ചിദ്-**
**ഘനമിതു മൗനഘനാമൃതാബ്ധിയാകും**

| | | |
|---|---|---|
| അണു | - | ജീവൻ |
| അറിവിൻ | - | കേവലമായ അറിവിന്റെ |
| മഹിമാവിൽ | - | മഹത്വത്തിൽ |
| അംഗമില്ലാതെ | - | ശാരീരികത അറ്റുപോയി |
| അണയും | - | വിലയം പ്രാപിക്കും. |
| അഖണ്ഡവും അന്ന് | - | അഖണ്ഡസത്യം അപ്പോൾ |
| പൂർണ്ണമാകും | - | പൂർണ്ണതയെ പ്രാപിക്കും. |
| അനുഭവിയാതെ അറിവീല | - | സ്വാനുഭൂതി വരാതെ ഇതറിയില്ല. |
| അഖണ്ഡമാം | - | അഖണ്ഡമായ |
| ചിദ്ഘനമിത് | - | ചിദ്ഘനമാണ് ഈ അനുഭവം. |
| മൗനഘനാമൃതാബ്ധിയാകും | - | മൗനം ഘനീഭൂതമായ അമൃത സാഗരമാണ് ഈ അനുഭവം. |

കടൽക്കരയിലെ പുൽക്കൊടിയിൽ തങ്ങിനിന്നിരുന്ന ജലകണം കടലിൽ വീണു. അത് കടലായി മാറി. ജലകണത്തിനു കടലാകുവാൻ ഒരു നൊടി മതി. പക്ഷേ, ഒരുപാട് കാത്തിരുന്നിട്ടുവേണം കടലണയുവാൻ. അണുവായ ജീവൻ എത്രയെത്ര സഞ്ചരിച്ചാണ് ആത്മാവിന്റെ തീരത്തെത്തിയിരിക്കുന്നത്. ആ മഹിതവിശാലതയെ കണ്ടപ്പോൾ ജീവന്റെ ഉള്ളിന്റെയുള്ളിൽനിന്ന് ഒരു സ്വരം വന്നു. നിന്റെ ഉറവിടമാണ് ഈ അനന്തത. ഈ അനന്തതയിൽ അലിയാനാണ് നീ ജനിച്ചത്. അതാണ് നിന്റെ സായുജ്യം. ജീവന്റെ ജീവത്വം അറിവിന്റെ മഹത്വവുമായി കലർന്നുരുകി ഒന്നായിത്തീരലാണ്. ഖണ്ഡിതമല്ലാത്തൊരു ബോധമാണ് നീ. അണുവിന്റെ പ്രതിദ്വന്ദ്വമായ അഖണ്ഡത അറിവിൽ അണഞ്ഞ് പുനരാവൃത്തിയില്ലാത്ത അനുഭൂതിയായി നിലനില്ക്കും. അനുഭവത്തിന്റെ പൂർണ്ണിമയാണത്. തേൻ കുടിച്ചിട്ടി

ല്ലാത്ത ഒരാളോട് തേനിന്റെ മധുരിമയെക്കുറിച്ച് എങ്ങനെ മൊഴിയാനാണ്? മൊഴിഞ്ഞാലും മൊഴിഞ്ഞാലും അയാൾക്ക് മനസ്സിലാവുകയില്ല. അന്തരാത്മാവിന്റെ തേനിമ്പം സ്വാനുഭൂതികൊണ്ടുതന്നെ നുണയണം. പിന്നെ ഒന്നും മിണ്ടാൻ കഴിയുകയില്ല. മൗനം ചിന്തകളുടെ ശമനമാണ്. വാസനകളുടെ നാശമാണ്. മൗനം ബോധത്തിന്റെ നിരുപാധികനിലയാണ്. ആ നിലയിരുന്ന് മൗനമുണ്ണുന്ന യോഗികൾ നിർവൃതിയുടെ പാരമ്യത്തിലാണ് വിരാജിക്കുന്നത്. മനസ്പർശമേല്ക്കാത്ത നിർവൃതി. ഘനീഭൂതമായ ജ്ഞാനം. ആ യോഗിയുടെ ദിവ്യസാന്നിദ്ധ്യത്തിലേക്ക് മൗനമുണ്ണാൻ തേൻതുമ്പികളെപ്പോലെ സത്യാന്വേഷികൾ ഇറങ്ങിത്തിരിക്കും. അവർ സ്ഥാനമാനങ്ങൾ ഉപേക്ഷിച്ച് വൈരാഗ്യത്തിന്റെ കവചം ധരിച്ച് അന്തരാത്മാവിലേക്കുള്ള പ്രയാണം സുഗമമാക്കുവാൻ ആ യോഗിസത്തമന്റെ പാദാന്തികത്തിൽ അഭയം കണ്ടെത്തും. ലോകത്തിലെ ഏറ്റവും വലിയ മഹാത്ഭുതം അവർക്കിടയിൽ സംഭവിക്കും. ഒരു വിളക്കിൽനിന്ന് സ്വയം പ്രഭ നഷ്ടപ്പെടാതെ അനേകം വിളക്കുകൾ കത്തിക്കുന്ന മഹാകാരുണ്യമായി ആ മുനി മാറും. ലോകത്തിന്റെ ശാന്തി ഹൃദയത്തിൽ ശാന്തി കണ്ടെത്തുന്നവരിൽ നിന്നാണ് പ്രസരിക്കുന്നതെന്ന് യോഗികളുടെ തോരാത്തനിര ഭാരതത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആത്മശാന്തിയുടെ അഗാധതയിൽ അവരുടെ മൗനമാണ് സംസ്ക്കാരത്തിന്റെ ഈടുവെപ്പുകളായി തിടം വച്ചു നില്ക്കുന്നത്. പരമാനന്ദം ഘനീഭൂതമായ മൗനമാണ്. ചിന്താശൂന്യനായ യോഗിയുടെ മൗനഭൂമികയിലാണ് സജ്ജനങ്ങൾ സാഷ്ടാംഗം പ്രണമിക്കുന്നത്. തണ്ടാരിൽ വീണ് മധുവുണ്ട് ആരമിക്കും ഒരു വണ്ടാണ് സൂരി സുകൃതി എന്ന് ഗുരു പാടിയ ആ സൂരി ഗുരു തന്നെയാണ്. ആത്മോപദേശത്തിന്റെ അഗാധമായ അമൃതവീചികളാണ് ഗുരുവിന്റെ ഈ മൗനവിനിമയം. അമൃതത്വത്തിന്റെ സ്വച്ഛസാഗരം. ■

# 98



**ഇതുവരെ നാമൊരു വസ്തുവിങ്ങറിഞ്ഞീ-**
**ലതിസുഖമെന്നനിശം കഥിക്കയാലേ**
**മതി മുതലായവ മാറിയാലുമാത്മ-**
**സ്വതയഴിയാതറിവെന്നു ചൊല്ലിടേണം.**

| | | |
|---|---|---|
| അതിസുഖമെന്ന് | - | ഇനിയും സുഖം വേണമെന്ന് |
| അനിശം | - | എപ്പോഴും |
| കഥിക്കയാലേ | - | പറയുന്നതുകാരണം |
| ഇതുവരെ | - | ഇത്രയും സാധനകൾ ചെയ്തിട്ടും |
| നാം | - | സത്യജിജ്ഞാസുക്കൾ |
| ഒരു വസ്തു | - | ഏകമായ ആത്മവസ്തു |
| ഇങ്ങറിഞ്ഞീല | - | ഇവിടെ അറിഞ്ഞതേയില്ല. |
| മതി മുതലായവ | - | നാനാത്വഭ്രമത്തിന് ഇട വരുത്തുന്ന അന്തക്കരണവൃത്തികൾ |
| മാറിയാലും | - | ഇല്ലാതായാലും |
| ആത്മസ്വത അഴിയാത | - | എന്റെ ആത്മാവ് എന്ന ഭേദമില്ലാത്ത |
| അറിവെന്ന് | - | കേവലജ്ഞാനമാണ് സാക്ഷാത്കാരം |
| ചൊല്ലിടേണം | - | എന്ന് അറിഞ്ഞിടേണം |

സുഖവിഷയങ്ങൾക്കു പിന്നാലെ പരക്കം പായുന്ന മനുഷ്യൻ ആത്മശാന്തി എന്തെന്ന് അറിയുന്നില്ല. സുഖവിഷയങ്ങളെ പുഷ്ടിപ്പെടുത്തുന്ന ശാസ്ത്രവും സാങ്കേതികവിദ്യയും ഒട്ടേറെ വികസിച്ചു കഴിഞ്ഞു. ഓരോ രാഷ്ട്രവും അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ ശാസ്ത്രസാങ്കേതികവിദ്യകളെ ഉപയോഗപ്പെടുത്തുകയാണ്. ആഡംബരസമൃദ്ധമായ വീടുകൾ, സുഖകരമായി യാത്ര ചെയ്യാവുന്ന കാറുകൾ, പകിട്ടേറിയ വസ്ത്രങ്ങൾ, രുചികരമായ ഭക്ഷണങ്ങൾ ഇവയൊക്കെ സുഖാന്വേഷണത്തിന്റെ പാതയിലുള്ള പുതിയ കണ്ടെത്തലുകളാണ്. "ഒരു സുഖത്തിൽനിന്ന് അതിലും മെച്ചമുള്ള വേറൊരു സുഖത്തിലേക്ക്" അതാണ് നമ്മുടെ മുദ്രാവാക്യം. അതുകൊണ്ട് ദിനം

പ്രതി ഫാഷനും പാഷനും മാറുകയാണ്. അഭിരുചികൾ മാറുകയാണ്. ബന്ധങ്ങൾ ഉടച്ചുവാർക്കപ്പെടുകയാണ്.

അതിസുഖമെന്ന് അനിശം കഥിക്കയാലേ. സുഖം വേണം സുഖം വേണം എന്നാണ് നമ്മുടെ വായ്ത്താരി. സുഖം വിഷയങ്ങളിൽ തിരയുമ്പോൾ പിന്നെ എവിടെയാണ് നമുക്ക് നമ്മെ അറിയുവാൻ നേരം? നാം നമ്മുടെ പ്രശാന്തിയുടെ തീരത്ത് ഇത്തിരിനേരമെങ്കിലും ഇരുന്നിട്ടുണ്ടോ? നമ്മുടെ ആത്മാവിന്റെ പ്രണവമർമ്മരങ്ങളെ ഇനിമയോടെ ആസ്വദിച്ചിട്ടുണ്ടോ? നാം നമ്മുടെ ആത്മാവിന്റെ ആഴമേറിയ വിഹായസ്സിൽ ഭേദങ്ങളില്ലാതെ ഒരിക്കലെങ്കിലും വിലയിച്ചിട്ടുണ്ടോ? ഇല്ലെന്നു പറയേണ്ടി വരും. നാം ഒന്നും അറിഞ്ഞിട്ടില്ല. എന്നാൽ അറിയാൻ വേണ്ടിയായിരുന്നു വിദ്യാലയങ്ങളിൽ പോയി പഠിച്ചത്. വിദ്യാലയങ്ങൾ മതിവർദ്ധിനികളാണ്. മതി എന്നാൽ ബുദ്ധിയാണ്. വിഷയങ്ങളെ വ്യവച്ഛേദിക്കുന്ന ബുദ്ധി. മതി വർദ്ധിക്കുമ്പോൾ അഹമ്മതിയും വർദ്ധിക്കും. അഹമ്മതിയിൽനിന്നും പടുത്തുയർത്തപ്പെട്ട ജീവിതം പളുങ്കുകൊട്ടാരം പോലെയാണ്. ചെറിയൊരാഘാതം മതി. തകർന്നു തരിപ്പണമാകും.

എന്തെല്ലാം പ്രയാസങ്ങളാണ് മനുഷ്യൻ അനുഭവിക്കുന്നത്? ഏകാന്തതയും നിരാശയും ഉത്കണ്ഠയും ഭീതിയുമെല്ലാം ഒരുവന്റെ വ്യക്തിത്വത്തെ കാർന്നുതിന്നുകൊണ്ടിരിക്കുകയാണ്. എന്നാലും നാം അറിവാളന്മാരെപ്പോലെ സംസാരിക്കും. എനിക്കെന്നെ അറിയാമെന്നു വമ്പു പറയും. എന്നാൽ ആത്മസ്വാതന്ത്ര്യം ആനുഭൂതികമാണ്. അതു പ്രശാന്തിയുടെ ലഹരിയാണ്. വിഷാദച്ഛവിയില്ലാത്ത ചിദാകാശമാണ്. എന്റെ ആത്മാവ് ഭേദബുദ്ധി അവസാനിയ്ക്കണം. അപ്പോഴാണ് ആത്മസ്വതയഴിയാത അറിവാകുന്നത്. ഒരിക്കലും നശിച്ചുപോകാത്ത ഈ ജ്ഞാനം ആത്മാവിൽനിന്നും അന്യമാകാതെ അറിയണം. ഞാൻ എന്നും എന്റേത് എന്നും ഉള്ള വിടവ് ആത്മജ്ഞാനത്തെ തടസ്സപ്പെടുത്തുന്നതാണ്. ■

# 99



**അറിവഹമെന്നതുരണ്ടുമേകമാമാ-**
**വരണമൊഴിഞ്ഞവനന്യനുണ്ടു വാദം**
**അറിവിനെ വിട്ടഹമന്യമാകുമെന്നാ-**
**ലറിവിനെയിങ്ങറിയാനുമാരുമില്ല.**

| | | |
|---|---|---|
| അറിവ് | - | കേവലമായ അറിവ് |
| അഹം എന്നതു രണ്ടും | - | ഞാൻ എന്നുള്ള രണ്ടും |
| ആവരണം ഒഴിഞ്ഞവന് | - | മായാമറ മാറിയവന് |
| ഏകമാം | - | ഏകമാണ്. |
| അന്യന് | - | ആവരണം ഒഴിയാത്തവന് |
| വാദമുണ്ട് | - | ഇക്കാര്യത്തിൽ തർക്കമുണ്ട്. |
| അറിവിനെ വിട്ട് | - | പരമമായ അറിവിൽനിന്ന് |
| അഹം | - | ഞാൻ |
| അന്യമാകും എന്നാൽ | - | വേറെയാണെന്നു വന്നാൽ |
| അറിവിനെ | - | ഈ അറിവിനെ |
| ഇങ്ങ് അറിയാനും | - | ഇവിടെ അറിയാനും |
| ആരുമില്ല | - | ആരും ഉണ്ടായിരിക്കുകയില്ല. |

ആത്മോപദേശശതകത്തിന്റെ മംഗളം പാടുന്നതിനു മുമ്പായി അതിന്റെ സിദ്ധാന്തം ഒരിക്കൽക്കൂടി അരക്കിട്ട് ഉറപ്പിക്കുന്നു. ആ സിദ്ധാന്തം ഇതാണ്. അറിവും ഞാനും രണ്ടല്ല. ഏകമാണ്. പക്ഷേ, ഈ ഏകത്വം അറിയാത്തവരെക്കുറിച്ചുള്ള പരിഗണനയും ഗുരു വിട്ടുകളയുന്നില്ല. അതുകൊണ്ടാണ് ആവരണമൊഴിഞ്ഞവർക്കു മാത്രമാണ് അറിവിന്റേയും അഹത്തിന്റേയും ഏകാത്മകത ഉണ്മയായി തെളിയുന്നുള്ളൂ. ശ്രീനാരായണഗുരു ആ ഏകാത്മകതയുടെ ജീവിക്കുന്ന സാക്ഷ്യമായിരുന്നു. സർവത്തിലും തന്നെയും, തന്നെ സർവത്തിലും കണ്ടറിയുന്നവർ കാരുണ്യശാലികളാണ്. അറേബ്യൻ മണലാരണ്യത്തിൽ കൊണ്ടുപിടിച്ച ഹിംസകൾക്കിടയിലും പ്രവാചകനായ മുഹമ്മദുനബി കാരുണ്യത്തിന്റെ പൂർത്തീകരണമായ ജീവിതം ലോകത്തിനു കാണി

ച്ചുകൊടുത്തു. ജറുസലേമിലും ജോർദാൻ നദീതടങ്ങളിലും യേശു വിളംബരം ചെയ്ത സ്നേഹസന്ദേശം അദ്വൈതബോധത്തിൽനിന്ന് ഉറവകൊണ്ടതായിരുന്നു. ഞാനും എന്റെ പിതാവും രണ്ടല്ല എന്നു പറഞ്ഞ യേശു ധിക്കാരിയല്ല. എളിയവനിൽ എളിയവന്റെ സ്വരമാണ് ആ വാക്കുകളിൽ ധ്വനിക്കുന്നത്. അദ്വൈതത്തിന്റെ ലാളിത്യത്തിൽ ധിക്കാരത്തിന്റെ സ്വരം കേൾക്കുന്നത് അജ്ഞാനംകൊണ്ടാണ്. “അറിവഹമെന്നതുരണ്ടുമേകമാം.” എത്ര സാന്ത്വനമേകുന്ന പ്രഖ്യാപനമാണിത്! എന്നാൽ ഇറാഖിൽവച്ച് ഒരു സൂഫിവര്യൻ ഇതേ സത്യം ലോകത്തിനോടു തൊണ്ടയിടറികൊണ്ട് വിളിച്ചു പറഞ്ഞിരുന്നു. അനൽ ഹഖ് - ഞാനാണ് സത്യം എന്ന്. അപ്പോൾ അദ്ദേഹത്തെ ഗളച്ഛേദംചെയ്തു. ഈ അസഹിഷ്ണുത പ്രോത്സാഹനീയമല്ല.

“അനൽഹഖ്” എന്ന് മൺസൂർ അൽഹജ്ജ് എന്ന സൂഫി സന്ന്യാസി മൊഴിഞ്ഞതിന്റെ അർത്ഥം സാമ്പ്രദായികവാദികൾക്ക് ഹൃദയകഠോരമായിത്തീർന്നത് എങ്ങനെയാണ്? ജ്ഞാനത്തിന്റെ തെളിമയില്ലാത്ത വിശ്വാസത്തിന്റെ ഗർത്തങ്ങളിൽ വളർത്തിയെടുത്ത മതബോധനം കൊണ്ടാണത്. ഞാനും സത്യവും രണ്ടല്ല എന്നാണ് അതിന്റെ അർത്ഥം. സ്വാഭാവികമായ അദ്വൈതജ്ഞാനത്തിൽ രണ്ടെന്ന ബോധമില്ല. പക്ഷേ, ദൈവത്തിനും മനുഷ്യനും ഇടയിൽ അജ്ഞാനത്തിന്റെ വലിയൊരു പടുത വീണുകിടക്കുന്നുണ്ട്. ആ പടുത മായാമറയാണ്. അതു പോയാൽ മനുഷ്യൻ പുതിയൊരു വസന്താരാമത്തിലേക്കു പ്രവേശിക്കും. ലോകം ഒന്നായി കാണാൻ ആഗ്രഹിക്കുന്ന സത്തുക്കളുടെ തിരിച്ചറിവിനുവേണ്ടിയാണ് ഗുരു ഈ വരികൾ കുറിച്ചത്. അറിവിനെവിട്ട് “ഞാൻ” അന്യമാണെന്നു വരികയാണെങ്കിൽ ഈ അറിവിനെ അറിയാൻ ഒരാളും കാണുകയില്ല. ഈ വിശ്വം മുഴുവനും ഒരേയൊരു ഉണ്മയാണ്. അതിന്റെ താളഭദ്രത നമ്മൾ അനുനിമിഷം അനുഭവിച്ചുപോരുന്നുമുണ്ട്. അതുകൊണ്ട് ഞാനും അറിവും ഒന്നാണ്. എന്നെവിട്ട് അറിവും ഇല്ല. അറിവിനെവിട്ട് ഞാനുമില്ല. മന്ദ്രമധുരമായ ഒരു സംഗീതമാണ് ഉണ്മയുടെ ഏകാത്മകത. ■

# 100



**അതുമിതുമല്ല സദർത്ഥമല്ലഹം സ-**
**ച്ചിദമൃതമെന്നു തെളിഞ്ഞു ധീരനായി**
**സദസദിതി പ്രതിപത്തിയറ്റു സത്തോം-**
**മിതി മൃദുവായ് മൃദുവായ് അമർന്നിടേണം.**

| | | |
|---|---|---|
| അഹം | - | ഞാൻ |
| അതും ഇതും അല്ല | - | അതെന്നും ഇതെന്നും പറയാവുന്ന ഒന്നുംതന്നെയല്ല. |
| അസദർത്ഥം അല്ല | - | ഞാൻ മിഥ്യാസങ്കല്പവുമല്ല, |
| സച്ചിദമൃതം | - | സത് ചിത് ആനന്ദമാണ് ഞാൻ |
| എന്നു തെളിഞ്ഞ് | - | എന്ന തെളിഞ്ഞ അനുഭൂതിയുണ്ടായി |
| ധീരനായി | - | സ്ഥിതപ്രജ്ഞനായി |
| സദ് അസദ് ഇതി | - | ഉള്ളത് ഇല്ലാത്തത് എന്ന |
| പ്രതിപത്തിയറ്റ് | - | പ്രതിപത്തികൾ ഇല്ലാതായി |
| സദ് ഓം ഇതി | - | പ്രപഞ്ചം പ്രണവമെന്നറിഞ്ഞ് |
| മൃദുവായ് മൃദുവായ് | - | മൃദുവായി മൃദുവായി |
| അമർന്നിടേണം | - | ഒന്നായിത്തീരണം. |

ഇതുവരെ നാം നമ്മുടെ ഉണ്മയെ മറ്റു പലതുമായി തട്ടിച്ചു മനസ്സിലാക്കുകയായിരുന്നു. ഞാൻ ശുദ്ധമായ ബോധമാണ് എന്നത് ഒരു സിദ്ധാന്തമല്ല. സ്വന്തം അനുഭൂതിയായി വരണം. അതുകൊണ്ടാണ് ആദ്യമേതന്നെ ഞാൻ അതുമല്ല ഇതുമല്ല എന്ന രണ്ടു നിഷേധങ്ങളിലൂടെ സംസിദ്ധമാക്കുന്നത്. ദൂരസ്ഥമായതിനേയും സമീപസ്ഥമായതിനേയും ഞാനുമായി താദാത്മ്യപ്പെടുത്തിയ അജ്ഞാനത്തെ ആദ്യമേ നിഷേധിക്കുകയാണ്. എന്നിൽ അധ്യസ്തമായിരുന്ന എല്ലാം ഞാൻ തള്ളിക്കളയുന്നു. ദൈവരാജ്യം ആ മലയിലോ ഈ മലയിലോ അല്ല എന്നു യേശു തറപ്പിച്ചു പറയാൻ കാരണം, അങ്ങനെയൊരു താദാത്മ്യബുദ്ധി ജനങ്ങളിൽ ഇരിക്കുന്നതുകൊണ്ടാണ്. എന്നിട്ടു ഹൃദയത്തിലേക്കു

ചൂണ്ടി അനുഭവത്തെ ഉറപ്പിക്കാനായി അതു നിന്റെ ഹൃദയത്തിലാണ് എന്നു പറഞ്ഞു. ആത്മവസ്തു അസദർത്ഥമല്ല. വാക്കുകളിൽ മാത്രം ഒതുങ്ങി നില്ക്കുന്ന മിഥ്യാകല്പനയുമല്ല ഞാൻ. ഞാൻ സത്തും ചിത്തും അമൃതവും കലർന്ന രസാനുഭൂതിയാണ്, സ്വാതന്ത്ര്യമാണ്. മുക്തിയാണ്. പുനരാവൃത്തിയില്ലാത്ത നിലയാണ്.

കേവലം ആത്മാവായി വർത്തിക്കുമ്പോൾ എനിക്ക് ഭയം തോന്നുന്നില്ല. കാരണം ഞാൻ എന്നെയല്ലാതെ വേറെ ആരേയും കാണുന്നില്ല. എന്നെ ഞാൻ എന്തിനു ഭയക്കണം? ഞാൻ എന്നെ തീവ്രമായി സ്നേഹിക്കുന്നു. സ്നേഹത്തിന് അന്യത്വമില്ല. സ്വന്തമാക്കാനുള്ള വ്യഗ്രതയുമില്ല. ഞാനല്ലാതെ വേറെ ആരേയും പ്രപഞ്ചത്തിൽ കാണുന്നുമില്ല. വേറെ എന്നു പറയപ്പെടുന്നതെല്ലാം ഞാൻതന്നെയാണ്. അതിരുകളില്ലാത്തതിനാൽ ഞാൻ അനന്തനാണ്. എല്ലാം തെളിമയായി ഞാൻ കാണുന്നു. അനുഭവിക്കുന്നു എന്നതാണ് കൂടുതൽ ശരി. ഒരു വസ്തുവിനോടും പ്രത്യേകിച്ച് ആസക്തി തോന്നുന്നില്ല. ഉള്ളതെന്നോ ഇല്ലാത്തതെന്നോ വ്യവച്ഛേദിക്കാൻ കഴിയാത്ത ഉണ്മയുടെ നിറവാണ് ഞാൻ. ഞാൻ അസംഗനാണ്. എന്റെ സത്ത കാരുണ്യസാഗരംപോലെ മൃദുലമാണ്. സുഗന്ധമേറിയ ഒരു പൂവുപോലെയാണ് ഞാൻ. ഞാൻ പരിമളം പ്രസരിപ്പിച്ചുകൊണ്ടിരിക്കുന്നു. എന്നിൽതന്നെ ആ പരിമളം നിറഞ്ഞുകവിയുന്നു. എന്നിലെ ഏകാത്മകതയിൽ എല്ലാം മൃദുവായി മൃദുവായി വിലയിച്ച് വിലയിച്ച് ഒന്നായി മാറുന്നു. ആഴമേറിയ മൗനം! ഓംകാരത്തിന്റെ സൗമ്യമായ നാദം! പരമാഹ്ലാദകരമായ ഈ നിമിഷത്തിന്റെ ധന്യത! എത്തിച്ചേരാൻ ഒരു ഇടമില്ല. നിർവൃതിയുടെ ആനന്ദോത്സവം. അത് മൊഴിയാനാവുന്നില്ല.......... ■

# ഉപസംഹാരം

ആത്മോപദേശശതകത്തിന് നിരവധി വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും എഴുതപ്പെട്ടിട്ടുണ്ട്. അക്കൂട്ടത്തിൽ ഒരു വ്യാഖ്യാനം എന്ന നിലയ്ക്കല്ല ഇതെഴുതിയിട്ടുള്ളത്. ഇത് നമുക്കു കൊണ്ടുനടക്കാവുന്ന ഒരു പുസ്തകമാണ്. ജീവിതത്തിന്റെ വിഷമസന്ധികളിൽ ധ്യാനപൂർവം ഇതിലെ ഒരു പേജ് തുറന്ന് വായിക്കുക. അപ്പോൾ പ്രശ്നങ്ങൾക്കുള്ള പരിഹാരമായി നിങ്ങൾക്കുള്ളിൽ ഗുരുകൃപയുടെ വെളിച്ചം വഴികാണിച്ചുതരും.

ഇതിൽ പദച്ഛേദം ചെയ്തിരിക്കുന്നതും അർത്ഥം പറഞ്ഞിരിക്കുന്നതും ഗുരുവിന്റെ ദർശനത്തെ ആകവേ ആധാരമാക്കിക്കൊണ്ടാണ്. അതുകൊണ്ട് വാക്കുകൾക്ക് അർത്ഥം പറയുമ്പോൾ നിഘണ്ടുവിൽനിന്നും നേരെ അർത്ഥമെടുത്തു പറയുകയല്ല ചെയ്തിരിക്കുന്നത്. അങ്ങനെ ചെയ്തിരുന്നെങ്കിൽ കുറെ വാക്കുകൾ ഇണക്കമില്ലാതെ കൂട്ടിവച്ചതുപോലെയേ തോന്നുകയുള്ളൂ. വാച്യാർത്ഥത്തിനുപരിയായി വാക്കുകൾക്ക് ഒരു ലക്ഷ്യം ഗുരുവും കുറിക്കുന്നുണ്ട്. ഗുരുവിന്റെ ഭാഷയിലുള്ള നൈപുണി വിളിച്ചോതുന്നതാണ് അത്.

ആത്മോപദേശശതകം ഒരു മഹാദർശനമാണെന്നും അത് അനുഭൂതിപ്രധാനമാണെന്നും മനസ്സിലാക്കുവാൻ ഈ വ്യാഖ്യാനം ധാരാളം മതിയാകും. സ്വാനുഭൂതിക്ക് ഒരു പുസ്തകവും പകരം നില്ക്കില്ല. ഗുരുതന്നെ ഈ സത്യം വെളിപ്പെടുത്തിയിട്ടുള്ളതാണല്ലോ. "അറുതിയിടാനരുതാത അവാങ്മനോഗോചരം ഇതിലെങ്ങു ചരിച്ചിടും പ്രമാണം?" ആദ്ധ്യാത്മികഗ്രന്ഥങ്ങൾ മനുഷ്യന് ആത്മോന്മുഖത (self-orientation) മാത്രമേ ഉണ്ടാക്കിത്തരുന്നുള്ളൂ. സത്യാന്വേഷണവും ഗുരുകൃപയും സന്ധിക്കുന്നിടത്തുനിന്നും ആനന്ദമായി സ്വാനുഭൂതി ഉറന്നുവരണം. ഗുരുവിന്റെ കാരുണ്യം നമ്മളിലെല്ലാം അമൃതവർഷം ചൊരിയട്ടെ.

# പദസൂചി


| | |
|---|---|
| അഖണ്ഡവിവേകം | 93 |
| അംഗി | 155 |
| അതിവിശദസ്മൃതി | 147 |
| അതീതവിദ്യാനിധി | 147 |
| അദ്വൈതദീപിക | 83 |
| അനൽ-ഹഖ് | 217 |
| അനാദിലീല | 163 |
| അനുഭവം | 80 |
| അനുഭൂതി | 84 |
| അന്യ | 90,92 |
| അന്തക്കരണം | 23 |
| അണുകുടുംബം | 65 |
| അണു-അഖണ്ഡം | 210 |
| അപവാദദർശനം | 137,203 |
| അരണി | 182 |
| അരിസ്റ്റോട്ടിൽ | 18 |
| അരുമ | 149 |
| അവയവി | 70 |
| അഷ്ടാവക്രമുനി | 146 |
| അസ്തിത | 193 |
| അഹങ്കാരം | 113 |
| അഹന്ത | 120 |
| അഹംപൊരുൾ | 41 |
| അഹംബോധം | 41 |
| ആകാശം | 140 |
| ആത്മാനന്ദം | 201 |
| ആത്മപ്രിയം | 61 |
| ആത്മബോധം | 74 |
| ആത്മരതി | 159 |
| ആത്മസാക്ഷാത്ക്കാരം | 75 |
| ആത്മസ്വരൂപം | 43 |
| ആത്മവിരോധി | 69 |
| ആദിബീജം | 124 |
| ആദിമസത്ത | 57 |
| ആര്യ | 155 |
| ആൽബർട്ട് ഐൻസ്റ്റീൻ | 49,209 |
| ആവരണം | 36,52 |
| ആവി | 71 |
| ആശയവാദം | 18 |
| ആറ്റം | 166 |
| ഇദന്ത | 121 |
| ഇര | 150 |
| ഈശാവാസ്യോപനിഷത്ത് | 164 |
| ഇസ (ഹൈക്കുകവി) | 115 |
| ഇഹം-പരം | 181 |
| ഈശ്വരൻ | 44 |
| ഈശ്വരാനുഭവം | 45 |
| ഉത്തുംഗാനുഭൂതി | 185 |
| ഉപാധി | 158 |
| ഉള്ളടക്കുക | 21 |
| ഋതം | 191 |
| എപ്പിക്യൂറസ്സ് | 207 |
| എബ്രഹാം മാസ്ലോവ് | 185 |
| ഒപ്റ്റിക്കൽ ഇല്ലൂഷൻ | 85 |
| ഔസ്പെൻസ്കി പി.ഡി | 161 |
| കപടയതി | 47 |
| കബീർ | 142 |
| കരു | 15,20 |
| കർമ്മം | 146 |
| കല | 133 |
| കലലം | 133 |
| കല്യ | 133 |
| കഠോപനിഷത്ത് | 174 |
| കാനൽജലം | 175 |
| കാന്റ് | 153 |
| കാമന | 45 |
| കാലം | 48 |
| കാലചക്രം | 87 |
| കാശ്മീർ ശൈവിസം | 137 |
| കുരിശുയുദ്ധം | 111 |
| കൃശഗൗതമി | 205 |
| കൃപണത | 64 |
| കൃപാലു | 64 |
| കെടുമതി | 128 |

ഖലീൽ ജിബ്രാൻ 139
ഗണന 152
ഗാരി സുഖാവ് 208
ഗീതാകാരൻ 183
ഗോപനീയം 165
ചാർവാകൻ 207
ചിത്തവൃത്തി 53
ചിത്തശുദ്ധീകരണം 163
ചിത്തും ജഡവും 167
ചിത്രഭാഷ 36
ചൈതന്യം 79
ഛാന്ദോഗ്യോപനിഷത്ത് 179
ജഗന്മിഥ്യ 194
ജന്മി 177
ജലാലുദ്ദീൻ റൂമി 125
ജളത 141
ജാഗ്രദവസ്ഥ 46
ജീവന്റെ മാറാല 172
ജീവന്മുക്തി 131
ജോൺസൺ, ഡോ. 18
ജ്ഞാനചക്ഷുസ്സ് 51
ജ്ഞാനശാസ്ത്രം 13
ജ്ഞാനാഗ്നി 183
ജ്ഞാനേന്ദ്രിയങ്ങൾ 22
ടോൾസ്റ്റോയ് 171
തനു 190
തനുത 115
തപസ്സ് 37
തിരുവിളയാട്ടം 87
തുരീയം 74
ത്രിഗുണാത്മിക 44
ത്രിപുടി 26
ദർശനമാലാ 55
ദൃക്ക് 191
ദൃശ്യം 191
ധർമ്മി 81
ധർമ്മം 83
ധ്വനി 123
നരകം 37
നാദം 50
നാഗസേനൻ 83
നാനാത്വം 59
നാരദമഹർഷി 159
നിജസ്വരൂപം 84
നിദിധ്യാസനം 40
നിദ്രാ 127
നിരുപാധികജ്ഞാനം 152
നീതികേട് 206
നെഗറ്റീവ് മൈൻഡ് 91
പതഞ്ജലി 93
പദാർത്ഥം 164,186
പഞ്ചഭൂതങ്ങൾ 22
പഞ്ചവിഷയങ്ങൾ 34
പണ്ഡിതൻ 145
പരമരേണു 166
പരവശത 142
പരിചിന്ത 143
പൂർണജാഗരിതം 127
പോസിറ്റീവ് മൈൻഡ് 91
പ്രജ്ഞാപരിണാമം 119
പ്രതിഭ 81
പ്രതിപ്രസവം 161
പ്രണവം 33
പ്രപഞ്ചം 23
പ്രമാണം 207
പ്രയോജനമൂല്യം 59
പ്രാതിഭാസികം 121
പ്രിയം 60
പ്ലേറ്റോ 18
ഫ്രാൻസിസ് ബേക്കൺ 137
ഫ്രിജോഫ് കാപ്ര 172,208
ബർക്കിലി 18
ബർഗ്സൺ 79,135
ബർട്രാന്റ് റസ്സൽ 148
ബൃഹദാരണ്യകോപനിഷത്ത് 205
ബ്രഹ്മവിദ്യ 14
ഭജഗോവിന്ദം 47
ഭക്തിദർശനം 125
ഭഗവദ്ഗീത 63
ഭാനവൃത്തി 99
ഭോഗി 180
ഭോഗ്യവിശ്വം 181
ഭൗതികവാദം 18
ഭ്രമം 61

മതം 106
മതി 215
മതസംഘർഷം 113
മതവാദി 113
മനനം 40
മന്ത്രജപം 77
മൺസൂർ-അൽഹജ്ജ് 217
മരണം 49
മസ്നാവി 125
മായാകല 133
മായാമരം 121
മായാവനിത 127
മിളിന്ദരാജാവ് 83
മുണ്ഡകോപനിഷത്ത് 33,57
മുഹമ്മദുനബി 216
മൂല്യശാസ്ത്രം 13
മൈത്രേയി 205
മൗനം 213
യാജ്ഞവൽക്യൻ 205
യിൻ-യാങ് 209
യേശു 202
രതി 157
രതിരഥം 157
രഥചക്രം 87
രമണമഹർഷി 39
രീതീവിധാനം 121,196
രൂഢ്യർത്ഥം 196
ലിബിഡോ 31
ലോജിക്കിൽ പോസിറ്റീവിസം 148
ലൗകികകർമ്മം 163
വൻപക 195
വടിവ് 83
വരം 43
വലിയൊരഹന്ത 43
വാസന 53
വികല്പം 31
വികൃതി 105
വിക്ഷേപം 36,52
വിദ്യ 163
വിനോദവിദ്യ 209
വിവർത്തം 25
വിശപ്പ് 150
വിശേഷം 96
വിഷയവിരോധിനി 93
വിശ്ലേഷണം 95
വെളിവുരു 35
വൈദികകർമ്മം 163
വ്യവഹാരം 121
ശങ്കരാചാര്യർ 163
ശിവസൂത്രം 137
ശ്രദ്ധ 50
ശ്രവണം 40
ശ്രീബുദ്ധൻ 184,204
ശ്രീരാമകൃഷ്ണപരമഹംസർ 209
സത്ത 193
സത്താശാസ്ത്രം 13
സദ്ഗതി 103
സമ 91,92
സമദർശി 144
സമാനാധികരണം 97
സർവനാമം 100
സവനം 161
സാധന 77
സാധ്യത 149
സാക്ഷിചൈതന്യം 29
സാമാന്യം 96
സിദ്ധാന്തം 216
സിദ്ധാർത്ഥരാജകുമാരൻ 174
സുഷുപ്തി 46
സോക്രട്ടീസ് 139
സോപാധികജ്ഞാനം 152
സ്ഥൈതികം 85
സംഘടിതമതം 111
സംശ്ലേഷണം 95
സ്വപ്നം 46
സ്വാനുഭവഗീതി 89
സ്പിനോസ 186
സ്ഥൂലദൃക്ക് 200
സ്മൃതി 147
ഹെഗേൽ 195
ഹോളിസ്റ്റിക് തിങ്കിങ് 173
റെനെ ഡെക്കാർട്ട് 167